KOTTAYAM PUBLIC LIBRARY

Call No. M200 DAN-M Acc. No. 14018

Author ഡോ. ചന്ദ്രിനിഷോസ്ചുൻ

Title മനസാക്ഷിക ചൂരി

909

ഈ. മ. യ.

14018

# മനസ്സാക്ഷികച്ചേരി

ഒരു വിവൎത്തനം

ഗ്രന്ഥകൎത്താവ്

ക. നി. മൂ. സ. ബ. ദൊനീസിയോസച്ചൻ

St. Joseph's Press,

MANNANAM

1951.

NATIONAL BOOK STALL * BR. KOTTAYAM * SPCS LTD.

## പരിശോധകന്മാർ.

1) ക. നി. മൂ. സ. പെ. ബ. ജരാർദച്ചൻ.

2) ക. നി. മൂ. സ. പെ. ബ. ഫബിയാനോസച്ചൻ

**Imprimi Potest**

പെ. ബ. യോഹന്നാനച്ചൻ,

പ്രിയോർ ജനറാൾ,

20-11-19

---

**Reimprimatur.**

Mgr. Jacob Kallarakal

Vicar Capitular.

*Changanacherry*
*22—11—'50.*

# പ്രസ്താവന.

ംന്യരേ,

എല്ലാ വ്യവസ്ഥാപിത രാജ്യങ്ങളിലും സമാധാനപാലനത്തിനും ഭരണസൗകൎയ്യത്തിനും ആവശ്യമായ നിയമങ്ങളും ഭരണീയരുടെ അവലാതികൾ കേട്ടുതീരുമാനിക്കുന്നതിനുവേണ്ടിയുള്ള കച്ചേരികളും ഉണ്ടല്ലോ. അപ്രകാരംതന്നെ ദൈവരാജ്യമാകുന്ന കത്തോലിക്കാ തിരുസ്സഭയിലും അതിൻെറ ഭരണസൗകൎയ്യത്തിന് ആവശ്യമായ നിയമാവലികളും കേസ്സുകൾകേട്ടു തീരുമാനിക്കുന്നതിനു വേണ്ടുന്ന കച്ചേരികളും ഉണ്ട്. അവയെ ബാഹ്യവും ആന്തരികവും ഇങ്ങനെ രണ്ടായി തിരിക്കാം. എന്നാൽ അവയിൽ ആന്തരികകച്ചേരിക്കു് മനസ്സാക്ഷികച്ചേരി എന്നുകൂടെ ഒരു നാമമുണ്ട്. ആകയാലാണ് ഈ പുസ്തകത്തിന് "മനസ്സാക്ഷികച്ചേരി" എന്ന പേരു് കൊടുത്തിരിക്കുന്നതു്. ഈ കച്ചേരി ദൈവസ്ഥാപിതമാണെന്നുള്ളതിന് വേദപുസ്തകംതന്നെയും തക്ക സാക്ഷ്യംവഹിക്കുന്നു. "നിങ്ങൾ ആരുടെ എങ്കിലും പാപങ്ങൾ മോചിച്ചാൽ അവ മോചിക്കപ്പെടും. എന്നാൽ ആരുടെതു് എങ്കിലും നിങ്ങൾ ബന്ധിച്ചാൽ അവ ബന്ധിക്കപ്പെട്ടവയായിരിക്കും."(യോഹ. അ. 20- വ. 23.)

മിശിഹാതമ്പുരാൻ സ്ഥാപിച്ച ആദ്ധ്യാത്മികരാജ്യത്തിൽ നിവസിക്കുന്ന പ്രജകളുടെ ആദ്ധ്യാത്മികജീവിതത്തെ പരിപോഷിപ്പിച്ച് അഭിവൃദ്ധിപ്പെടുത്തിക്കൊണ്ടുപോകുന്നതിന് വരപ്രസാദത്തിൻെറ ഓലി ഉറവകളാകുന്ന ഏഴുകൂദാശകളെ അദ്ദേഹം സ്ഥാപിക്കുകയും അവയെ വിശ്വാസികൾക്ക് നൽകുവാൻ ആവശ്യമായ അധികാരം തിരുസ്സഭയുടെ പുരോഹിതഗണത്തിനു് കൊടുക്കുകയും ചെയ്തു. മതത്തെ സജീവമാക്കുന്നതു് ഈ കൂദാശകളാകുന്നു, അവ കൂടാതെ-ഇരുന്നാൽ മനുഷ്യഹൃദയത്തിൽ ദൈവസ്നേഹാഗ്നികത്തിച്ച് ഉജ്വലമാക്കുന്നതിനോ, ദൈവപ്രമാണങ്ങളെ സ്വതന്ത്രമനസ്സാലെ സ്വീകരിച്ച് അവയ്ക്കനുരൂപമായി ജീവിതം നയിക്കുവാൻ മനുഷ്യനെ പ്രേരിപ്പിക്കുന്നതിനോ മതത്തിനു യാതൊരു ശക്തിയും ഉണ്ടാകുന്നതല്ല.

അപ്രകാരംതന്നെ മനുഷ്യന്റെ വ്യക്തിപരമോ സാമുദായികമോ ആയ ജീവിതത്തെ ആക്ഷേപരഹിതമായി നയിച്ചുകൊണ്ടുപോകുന്നതിന് അവൻ ദൈവപ്രമാണങ്ങൾ ഏവയെന്ന് അറിയുകയും അവയെ തക്കവിധം കാത്തനുസരിക്കുന്നതിന് വിശുദ്ധക്രൂദാശകളുടെ സ്വീകരണത്താൽ ലഭ്യമാകുന്ന പ്രസാദവരങ്ങളെ ഉപയോഗിക്കുകയും വേണം. മാമ്മോദിസാ സ്വീകരിച്ചശേഷം നാം ചെയ്യുന്ന പാപങ്ങൾക്ക് വിമോചനം നമുക്ക് ലഭ്യമാകുന്നത് കുമ്പസാരമെന്നക്രൂദാശയുടെ സ്വീകരണത്താൽ മാത്രമാണ്, ആകയാൽ ഈ ക്രൂദാശയെപ്പററി ദൃഢമൂലമായ ഒരു ജ്ഞാനം നാം സമ്പാദിച്ചേ തീരൂ. ഇക്കാരണത്താലാണ് പ്രസ്തുത ക്രൂദാശയെ നമ്മുടെ പരിചിന്തനവിഷയമായി ഇവിടെ എടുത്തിരിക്കുന്നത്.

ഈ പുസ്തകത്തിൽ കുമ്പസാരമെന്നക്രൂദാശ സംബന്ധിച്ചു വേദപുസ്തകത്തെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതല്ലാതെ നവമായ യാതൊരു സിദ്ധാന്തവും ചേർത്തിട്ടില്ല. ഗണിതശാസ്ത്രത്തിൽ രണ്ടും രണ്ടും നാല് എന്നുള്ളത് യാതൊരു വ്യതിയാനത്തിനും അധീനമല്ലല്ലോ. അപ്രകാരം തന്നെ ദൈവപ്രമാണങ്ങൾക്കും യാതൊരു മാററവും വരുന്നതല്ല. എന്നാൽ അവയുടെ സൂക്ഷ്മമായ ആചരണം നമ്മിൽ സാക്ഷാത്തായ സമാധാനത്തിന്റെയും സ്നേഹത്തിന്റെയും മാധുര്യത്തെ നിലനിർത്തുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്നതായിരിക്കും എന്നുമാത്രം പ്രസ്താവിച്ചുകൊണ്ടു ഈ പുസ്തകം ബഹുജനസമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

എന്ന്,

ക. നി. മൂ. സ. ഡൊനീസിയോസ് പട്ടക്കാരൻ.

# ആമുഖം

വെറും പൊതു തത്വങ്ങളെ ശരിയായി പ്രയോഗിക്കുന്നതിന്, അവയുടെ പ്രയോഗത്തിൽ അവക്ക് അർത്ഥമോ, വിലയോ നൽകുന്ന മൌലിക തത്വങ്ങളെ യഥാവിധി ഗ്രഹിച്ചെ മതിയാവു.

ഐഹിക ജീവിതത്തിൽ വ്യാപാരസംബന്ധമൊ, യന്ത്രശാസ്ത്രസംബന്ധമൊ ആയ പ്രശ്നങ്ങളെ സുവ്യക്തമാക്കിത്തീർക്കുന്നതിന് വസ്തുക്കളുടെ അളവിൻെറയും തൂക്കത്തിൻെറയൊ പട്ടികകളും പണ ഇടപാടുകൾ സംബന്ധിച്ചുള്ള സകല സംഗതികളും ഏറക്കുറെ അറിഞ്ഞെ മതിയാവു- അംഗഗണിതത്തിൻെറയൊ ക്ഷേത്രഗണിതത്തിൻെറയോ, ബീജഗണിതത്തിൻെറയൊ വെറും പൊതു തത്വങ്ങളെ പ്രസ്തുത ഘടകങ്ങളോട് സംഘടിപ്പിച്ച് ഉപയോഗിക്കുന്നതിന് സംകലിത വ്യാപകലനങ്ങളും അവയുടെ ഗുണനവും ഹരണവും അറിഞ്ഞിരിക്കേണ്ടത് അവശ്യാവശ്യമാകുന്നു.

ഗണിതശാസ്ത്രത്തിൽ രണ്ടു ഫലങ്ങൾ മാത്രമാണുള്ളത്:- അവ സംകലനവും വ്യപകലനവുമാകുന്നു. അവയിൽ ആദ്യത്തെതു് രണ്ടു സംഖ്യകൾ തമ്മിൽ കൂട്ടുന്നതുമൂലവും രണ്ടാമത്തെതു് ഒരു സംഖ്യയിൽനിന്ന് മറെറാന്നു കുറക്കുന്നതുകൊണ്ടുമാണ് പ്രസ്തുത ഫലങ്ങൾ ലഭിക്കുന്നതു്.

ഈ ചെറിയ പുസ്തകത്തിൽ പറയപ്പെട്ടിരിക്കുന്ന അദ്ധ്യാത്മിയ ജീവിതത്തിൻെറ സകല പ്രശ്നങ്ങൾക്കും ഗണിത ശാസ്ത്രത്തിലെ പ്രസ്തുത തത്വങ്ങളെ ഉപയോഗിക്കാവുന്നതാണ്. മനുഷ്യൻെറ സന്മാർഗ്ഗ ജീവിതത്തിലെ ഓരോ പ്രവൃത്തിയും തഴക്കവും ഒന്നുകിൽ നന്മയെ അല്ലെങ്കിൽ തിന്മയെ ഉല്പാദിപ്പിക്കുന്നു. അവരിൽ ഒന്നാമനായ നന്മയുണ്ടാകുന്നതു് ദൈവതിരുമനസ്സിന് കീഴ്വഴങ്ങുന്ന നമ്മുടെ പ്രവൎത്തിയിൽനിന്നും രണ്ടാമതായ തിന്മയുണ്ടാകുന്നതു് ദൈവഹിതത്തോടു മറുതലിച്ച് അനുസരണക്കേടായി വൎത്തിക്കുന്നതിൽനിന്നുമാകുന്നു. ആകയാൽ മനു

ഷ്യന്റെ എല്ലാ പ്രവൃത്തികളും കീഴെ പറയുന്ന തത്വം അനുസരിച്ച് നന്മയൊ അല്ലെങ്കിൽ തിന്മയൊ ആയി ഭവിയ്ക്കും.

മനുഷ്യന്റെ ഈലോകജീവിതത്തിലെ നന്മ അല്ലെങ്കിൽ തിന്മ അടങ്ങിയിരിയ്ക്കുന്നതു് ദൈവഹിതത്തെ നമുക്ക് അറിയിച്ചു തരുന്ന ദൈവപ്രമാണങ്ങളെ അനുസരിയ്ക്കുന്നതിലൊ അല്ലെങ്കിൽ അവയെ ലംഘിക്കുന്നതിലൊ ആണ്.

ദൈവഹിതത്തെ നമുക്ക് അറിയിച്ചു തരുന്നവയായ പ്രസ്തുത പ്രമാണങ്ങൾ പത്താകുന്നു. അവയെ ക്രമശഃ ചുവടെചേർത്തുകൊള്ളുന്നു.

1) നിന്റെ ദൈവം തമ്പുരാൻ ഞാനാകുന്നു. ഞാൻ അല്ലാതെ മറെറാരു തമ്പുരാൻ നിനക്കുണ്ടാകരുതു്.

2) നിന്റെ ദൈവമായ കർത്താവിന്റെ നാമംകൊണ്ടു വ്യാജമായി സത്യം ചെയ്യരുതു്. (ദൈവത്തിന്റെ നാമം ബലാൽ പ്രയോഗിക്കരുതു്.)

3) നിന്റെ ശാബത ദിവസത്തെ (കടപ്പെട്ട ദിവസത്തെ) ശുദ്ധമായി ആചരിക്കണം.

4) നീ നല്ലപ്രായത്തോളം ഈ ഭൂമിയിൽ ഇരിപ്പാനായി നിന്റെ അപ്പനേയും അമ്മയേയും ബഹുമാനിയ്ക്കുക.

5) നീ കൊല്ലരുതു്.

6) നീ വ്യഭിചരിയ്ക്കരുതു്.

7) നീ മോഷ്ടിയ്ക്കരുതു്.

8) നീ കള്ളസാക്ഷി പറയരുതു്.

9) നീ അന്യന്റെ ഭാര്യയെ ആഗ്രഹിയ്ക്കരുതു്.

10) നീ അന്യന്റെ വസ്തുക്കളെ ആഗ്രഹിയ്ക്കരുതു്.

പ്രസ്തുത പത്തു പ്രമാണങ്ങളിൽ ആദ്യത്തെ മൂന്നെണ്ണം ദൈവത്തെ മാത്രവും ബാക്കിക്കുള്ള ഏഴു പ്രമാണങ്ങളും നമ്മുടെ അയൽക്കാരെയും സംബന്ധിയ്ക്കുന്നവയാകുന്നു. എന്നാൽ മ്ശിഹാതമ്പുരാൻ മേൽ കാണിച്ചിരിയ്ക്കുന്ന പത്തുപ്രമാണങ്ങളും സംഗ്രഹിച്ച് "എല്ലാ വസ്തുക്കളെക്കാൾ ഉടയതമ്പുരാനെ സ്നേഹിയ്ക്കാ" യെന്നും നിന്നെപ്പോലെ നിന്റെ അയൽക്കാരെ സ്നേഹിയ്ക്കാ"യെന്നും ഉള്ള ഈ രണ്ടു പ്രമാണങ്ങളിൽ ആക്കി, നമ്മുടെ ആചരണത്തിനായി ഉപദേശിച്ചു നൽകിയിരിയ്ക്കുന്നു. ആകയാൽ മ്ശിഹാതമ്പുരാൻ നമുക്കു ഉപദേശിച്ചു തന്നിരിയ്ക്കുന്ന പ്രസ്തുത രണ്ടുപ്രമാണങ്ങളേയും നാം സാധാരണയായി സുവിശേഷ പ്രമാണങ്ങൾ

എന്നാണ് നാമകരണം ചെയ്തു പോരാറുള്ളത്. മേൽകാണിച്ചിരിക്കുന്ന തത്വങ്ങൾ വെച്ചുനോക്കിക്കൊണ്ടാണ് നമ്മുടെ പ്രവൃത്തികളുടെയോ, നടപടികളുടെയൊ നന്മതിന്മകളെ നാം വിവേചിച്ചറിയുന്നത്. ഈ ഭൗതീക ജീവിതത്തിലെ നമ്മുടെ നടപടികളും പ്രവൃത്തികളും മുകളിൽ പറയപ്പെട്ടിരിക്കുന്ന തത്വങ്ങളോട് എത്രത്തോളം ഒത്തിരിക്കുമോ അത്രമാത്രം നമ്മുടെ സന്മാർഗ്ഗജീവിതവും പരിവാധനമായിരിക്കും— നേരെമറിച്ചുള്ളത് പാപകരവുമാണ്.

അദ്ധ്യാത്മീയ ജീവിതത്തിൽ നമ്മുടെ മനസ്സിൻെറ ഓരോ പ്രവർത്തിയും നല്ലതൊ അല്ലെങ്കിൽ മോശമൊ ആയ ഫലങ്ങളെ പുറപ്പെടുത്തുന്നു. യഥാർത്ഥമൊ അല്ലെകിൽ മിഥ്യയൊ ആയ നന്മയെ പ്രാപിക്കുന്നതിനുള്ള ആഗ്രഹം, മനസ്സിനെ പ്രവർത്തനനിരതമാക്കുന്ന ശക്തികേന്ദ്രമാണ്. നല്ല ആഗ്രഹങ്ങൾ സദാ യഥാർത്ഥമായ പരസ്നേഹത്തെ ഉൾക്കൊള്ളുന്ന ദൈവ സ്നേഹത്തിൽനിന്ന് പുറപ്പെടുന്നു. എന്നാൽ തണ്യ ആശകൾ വിദ്വേഷത്തിൽനിന്നൊ അല്ലെങ്കിൽ ജഡിക ആഗ്രഹത്തിൽനിന്നൊ ആണ് ഉത്ഭവിക്കുന്നത്. ഈദൃശ വികാരങ്ങൾ മനുഷ്യ മനസ്സിനെ ദൈവഹിതത്തിനു എതിരായി പ്രവർത്തിക്കുന്നതിന് നിർബന്ധിക്കുന്നു; ഇങ്ങനെ നല്ലതൊ, അഥവാ തീയതൊ ആയ ആശകളാകുന്നു നമ്മെ എപ്പോഴും പ്രവർത്തന നിരതരാക്കുന്നത്. ആകയാൽ നമ്മുടെ പ്രവൃത്തികൾ സൽഫലങ്ങൾ ഉളവാക്കണമെങ്കിൽ മുഴുഹൃദയത്തോടും മുഴുവാത്മാവോടും മുഴുശക്തിയോടുംകൂടെ ദൈവത്തെ സ്നേഹിക്കുകയും നമ്മുടെ അയൽക്കാരനെ നമ്മെപ്പോലെ സ്നേഹിക്കയും ചെയ്യേതീരു.

# മനസ്സാക്ഷി കച്ചേരി.

## കുമ്പസാരമെന്ന കൂദാശ

### ഒന്നാം അദ്ധ്യായം.

പാപവിമോചനത്തിന് കുററം ഏററുപറച്ചിൽ അവശ്യാവശ്യമാകുന്നു.

കുമ്പസാരമെന്നതു് മററു ദേവദ്രവ്യാനുമാനങ്ങളെപ്പോലെ തന്നെ നാമെല്ലാവരും സശ്രദ്ധം പഠിച്ചിരിക്കേണ്ടതായ ഒരു വിശുദ്ധ കൂദാശയാകുന്നു. അതിൽനിന്ന് ലഭ്യമാകുന്ന ദൈവീകമായ ഫലത്തെ നിഷേധിക്കുന്നവരാരൊ അവർ ഈ കൂദാശയെ പരിത്യജിക്കുകയും അവഹേളിക്കുകയും ദ്വേഷിക്കുകയും ചെയ്യുന്നു. എന്നാൽ നേരെമറിച്ച് ദൈവാനുഗ്രഹത്തിൻെറ ദൈവീകമായ ആശ്വാസത്തിലും സമാധാനത്തിലും ഭാഗഭാക്കുകളാകുന്നവരാരൊ അവർ അതിനെ മതിക്കുകയും സ്നേഹിക്കുകയും ചെയ്യുന്ന ഒന്നാണ് ഈ വിശുദ്ധ കൂദാശ.

ഒരു കത്തോലിക്കൻ ഒരു യഥാർത്ഥമായ ക്രിസ്ത്യാനിയായി ജീവിതം നയിക്കുവാനൊ അല്ലെങ്കിൽ അവൻെറ പാപകരമായ ജീവിതത്തെ പരിത്യജിക്കുവാനൊ ആഗ്രഹിക്കുമ്പോൾ, അവൻ പതിവായും തക്ക ഭക്തിയോടുകൂടിയും കുമ്പസാരമെന്ന കൂദാശ സ്വീകരിക്കുമെന്നതു് അവിതർക്കിതമായ ഒരു കാര്യമാണ് എന്നാൽ നേരെമറിച്ചു അവൻെറ പാപകരമായ ജീവിതത്തെ പരിത്യജിക്കുവാൻ മനസ്സാകാതെ, അതിൽതന്നെ സുസ്ഥിരനായി അവൻ നിലനിൽക്കുമ്പോൾ ഈ പരിപാവനമായ കൂദാശ സ്വീകരിക്കുന്ന കാര്യത്തിൽ, വൈമുഖ്യം പ്രദർശിപ്പിക്കുകയും അവജ്ഞ കാണിക്കുകയും ചെയ്യും.

ദൈവരാജ്യമാകുന്ന കത്തോലിക്കാ തിരുസഭയിൽ ദൈവം തൻെറ സീമാതീതമായ അനുഗ്രഹത്താൽ, പുണ്യപരിപൂർണ്ണ

തയുടെയും ഭക്തിയുടെയും ദൈവാരാധനയുടെയും ഭണ്ഡാകാരമായി ഈ ക്രൂദാശയെ സ്ഥാപിക്കുവാൻ തിരുമനസ്സായതുകൊണ്ട്, ഈ ദേവദ്രവ്യാനുമാനത്തോടു നാം വളരെ അധികം കടപ്പെട്ടിരിക്കുന്നു. ക്രിസ്തീയ പുണ്യപൂർണ്ണതയുടെ അജയ്യകോട്ടയായി പരിലസിക്കുന്ന പ്രസ്തുത ക്രൂദാശയെപ്പററിയുള്ള സഭയുടെ പഠനത്തെ തകർത്തു കളയുന്നതിനുവേണ്ടി തിരുസഭയുടെ ബദ്ധവൈരിയായ സാത്താൻ ചെയ്യുന്ന അശ്രാന്ത പരിശ്രമത്തെപ്പററി ഒട്ടുംതന്നെ അതിശയിപ്പാനില്ല.

ക്രൂദാശയ്ക്കുട്ടത്തപ്രകാരമുള്ള പാപത്തിൻെറ ഏററു പറച്ചിലിനെ നിഷേധിക്കുന്ന നാനാതരത്തിലുള്ള ക്രിസ്തീയ വകുപ്പുകാർക്കും പ്രാർത്ഥനമൂലം ഉണ്ടാകാവുന്ന സഹായമല്ലാതെ കുമ്പസാരത്തിൽ സ്വന്തകുററം അനുസരിച്ചു പറയുന്നതിനാൽ പ്രാപിക്കുാവുന്ന ഗുണങ്ങൾ യാതൊന്നുംതന്നെ ലഭ്യമാകുന്നില്ല. ഈദൃശമായ ഒരുനഷ്ടം അവർക്ക് നേരിടുവാനുള്ള കാരണം, പാപവിമോചനമെന്ന ദാനത്തെ അനുതാപികൾക്ക് നൽകുന്നതിനുള്ള “ജ്ഞാനാധിപത്യം” എന്ന ദൈവികാധികാരത്തിൻെറ പ്രവൃത്തി അവർക്കില്ലായെന്നുള്ളതാണ്— തന്മൂലം “നിൻെറ പാപങ്ങളിൽ നിന്ന് നിന്നെ ഞാൻ മോചിക്കുന്നു” എന്ന് സാക്ഷാൽ അധികാരമുള്ള പട്ടക്കാരൻ, തൻെറപക്കൽ പാപം ഏററു പറയുന്നവൻെറ മേൽ ഉച്ചരിക്കുന്ന വചനങ്ങൾ പ്രസ്തുത ക്രിസ്തീയ വകുപ്പുകാർ അനുതാപികളുടെമേൽ ഉച്ചരിക്കുന്നില്ല. അദ്ധ്യാത്മികമായ സംശയങ്ങളും ആശങ്കകളും യാതൊരുപക വ്യതിയാനവും കൂടാതെ അനുതാപികളിൽ നിലനിന്നുപോരുന്നു. കടശി പ്രസ്തുത ക്രൂദാശയുടെ സ്വീകരണത്താൽ പ്രാപിക്കേണ്ടതായ ആത്മീയസമാധാനത്തിൻെറ അഭാവത്തെ അവർ വേണ്ടവിധം മനസ്സിലാക്കുകയും ചെയ്യുന്നു.

പതിനേഴാം നൂററാണ്ടിൻെറ അവസാനത്തിൽ ജീവിച്ചിരുന്ന ലൈബനീററസ് കുമ്പസാരമെന്ന ക്രൂദാശയെപ്പററിപ്പറയുന്നതു് ഇപ്രകാരമാണ്. “കുമ്പസാരമെന്ന ക്രൂദാശയുടെ സ്വീകരണത്താൽതന്നെ പാപകരമായ ജീവിതത്തിൽ സുസ്ഥിരരല്ലാത്തവരും പാപത്തിൽ നിപതിച്ചശേഷം സാക്ഷാത്തായ ഹൃദയസമാധാനം കണ്ടെത്തുന്നതിന് അഗ്രഹിക്കുന്നവരുമായ അസംഖ്യം ആളുകൾ ദൈവദ്രോഹകരമായ പാപത്തെ വെറുക്കുകയും വീണ്ടും പാപത്തിൽ നിപതിക്കാതെയിരിക്കുവാൻ സൂക്ഷിക്കുകയുംചെയ്യുന്നു

ണ്ട് എന്നുള്ളതു പ്രസ്താവാർഹംതന്നെ. ആകയാൽ ഭക്തനും ഗംഭീരമാനസനും വിവേകമുള്ളവനുമായ ഒരു കുമ്പസാരക്കാരൻ ആത്മാവുകളുടെ രക്ഷയെ സാധിക്കുന്നതിനുള്ള, ദൈവത്തിൻെറ ഒരു ഉപകരണമാണെന്നാണ് ഞാൻ കരുതുന്നത്. അദ്ദേഹത്തിൻെറ സദുപദേശങ്ങൾ നമ്മുടെ ഹൃദയത്തിൻെറ ചാച്ചിലുകളെ നിയന്ത്രിക്കുന്നതിനും നമ്മുടെ ദുരാശകളെ അമർത്തുന്നതിനും പാപത്തിലേക്കു നമ്മെ ചായിക്കുന്ന സാഹചര്യങ്ങളെ നമ്മിൽനിന്ന് ദൂരീകരിക്കുന്നതിനും അനീതിയായി നാം കൈവശപ്പെടുത്തിയിരിക്കുന്ന അന്യൻെറ വസ്തുവകകളെ അവർക്ക് തിരിച്ചുകൊടുക്കുന്നതിനും അന്യന്മാർക്ക് നൽകീട്ടുള്ള ദുഷ്ടാന്തങ്ങൾക്ക് തക്ക പരിഹാരം ചെയ്യുന്നതിനും നമ്മുടെ സംശയങ്ങളെ നിവാരണം ചെയ്യുന്നതിനും ആത്മീയമാന്ദ്യയിൽ സ്ഥിതിചെയ്യുന്ന നമ്മുടെ അതൃപ്തിയെ തീഷ്ണതപ്പെടുത്തുന്നതിനും, കടശി, ആത്മീയ മുറിവുകളെ സൗഖ്യമാക്കുന്നതിനും, ഉപയോഗ്യമായിത്തീരുന്നു. ഒരു മനുഷ്യന്, അവൻെറ ഈലോകജീവിതത്തിൽ, വിശ്വസ്തനായ ഒരു സ്നേഹിതനെ കണ്ടെത്തുകയെന്നതിനേക്കാൾ ശ്രേഷ്ഠമായതു് മററു യാതൊന്നും തന്നെയില്ല. എന്നാൽ ഈവിധ സ്നേഹിതൻ, ഒരു പരിശുദ്ധ ക്രൂദാശയിൽനിന്ന് ഉത്ഭവിക്കുന്ന അലംഘനീയമായ കടമ മൂലം അവനെ സഹായിക്കുന്നതിനും അവനോട് വിശ്വസ്തനായിരിക്കുന്നതിനും കടപ്പെട്ടിരിക്കുന്നെങ്കിലൊ അവൻെറ അവസ്ഥ എത്രയൊ മഹനീയമായിരിക്കും.

കിഴെകാണുന്ന ഉപമ പ്രസ്തുത സംഗതിയെ കുറെക്കൂടി സ്ഥിരീകരിക്കുകയും മനസ്സാക്ഷിയുടെ ന്യായാസനത്തോടു നമുക്കു സമ്പർക്കമുണ്ടാകുന്നതിന് ഉത്സാഹവും സന്തോഷവും ഉണ്ടാകുവാൻ അതു് ഒരു സഹായമായി തീരുകയും ചെയ്യുന്നതായിരിക്കും.

## രാജാരമനയിൽ സ്വീകരിയ്ക്കപ്പെട്ട ഒരു മനുഷ്യൻെറ കുററം ഏററു പറയൽ.

സാധാരണനിലയിലുള്ള ഒരു മനുഷ്യൻ വീരശൂരനായ ഒരു രാജാവിൻെറ അരമനയിൽ സ്വീകരിക്കപ്പെടുകയുണ്ടായി. അവിടെ അയാൾക്കു യാതൊന്നും തന്നെ ലഭ്യമാകാതെയിരുന്നില്ല. മാത്രവുമല്ല, സകലവിധ സുഖസൌകര്യങ്ങളും രാജാവു് സ

സന്തോഷം അവന് കല്പിച്ചുകൊടുത്തുമിരുന്നിരുന്നു. ബഹുമാനം, സമ്പത്ത്, ലീലാവിനോദങ്ങൾ ആദിയായവ സകലവും യഥേഷ്ടം അയാൾക്ക്, അനുഭവിക്കുന്നതിന് പൂർണ്ണസ്വാതന്ത്ര്യവും, ഉണ്ടായിരുന്നു. എന്നാൽ അയാൾ ആ നൃപനിൽനിന്ന് കൈക്കൊണ്ടിരുന്ന നിരവധി ഉപകാര സഹായങ്ങൾക്ക് പ്രതിപകരമായി അദ്ദേഹത്തിൻെറ നേർക്ക് ഭക്തിയും നന്ദിയും ഉണ്ടായിരിക്കേണ്ടതായിരുന്നു. അപ്രകാരമല്ലായിരുന്നു അദ്ദേഹത്തോട്ട് അയാൾ വർത്തിച്ചത്. ആ നന്ദിഹീനനായ മനുഷ്യൻ എന്തൊ ദുരാശാപാശത്താൽ പ്രേരിതനായി അവൻെറ ഉപകാരിയോടു മറുത്ത് ഏററവും ഹീനമായ ഒരു കുററം ചെയ്യുന്നതിനിടയായി. അത് ജനതാമദ്ധ്യത്തിൽ പരസ്യമായിട്ടില്ലായിരുന്നുവെങ്കിലും വേണ്ടത്തക്ക തെളിവുകളോടുകൂടി ആ മഹാമനസ്കനായ രാജാവ് അറിയുവാൻ ഇടയായി.

അപ്പോൾ രാജാവ് ആ നീചനെ വധശിക്ഷക്ക് വിധിച്ചു. ഈ സന്ദർഭത്തിൽ ഭയന്നു നഖശിഖാന്തം വിറച്ച് ലജ്ജനിമിത്തം കണ്ണുകൾ താഴ്ത്തി നിന്നിരുന്ന ആ നീചനെ, ഘാതകന്മാർ കൊലക്കളത്തിലേക്ക് കൂട്ടിക്കൊണ്ടുപോയി. നിശ്ചിതസ്ഥലത്ത് ചെന്നെത്തിയപ്പോൾ ആരാച്ചാർ അവനെ വെട്ടുന്നതിനായി കോടാലി എടുത്ത് ഓങ്ങിപിടിച്ചുകൊണ്ടു നിലകൊണ്ടു. അവന് ജീവൻെറ ലബ്ധിയിൽ യാതൊരു ശരണവും ഉണ്ടായിരുന്നില്ല. ആ നന്ദികെട്ടവൻ മരണത്തോട്ട് ഏററവും സമീപിക്കുകയും അവൻെറ പാതകത്തിന് തക്കശിക്ഷ അനുഭവിക്കുവാനുള്ള സമയം സമാഗതമാവുകയും ചെയ്തു. ഈ കാലസന്ധിയിൽ പെട്ടെന്നു "രാജാവിൽനിന്ന് ക്ഷമ, ക്ഷമ" എന്ന് നിലവിളിക്കുന്ന ഒരു ശബ്ദം വളരെ ദൂരെനിന്ന് കേൾക്കാറായി.

കുററക്കാരനായ ആ മനുഷ്യൻ ഏതുപ്രകാരത്തിലാണ് മരണമാകുന്ന വ്യാഘ്രത്തിൻെറ വായിൽനിന്ന് രക്ഷ പ്രാപിച്ചതെന്ന് നമുക്കൊന്നു പരിശോധിക്കാം. അവൻെറ കണ്ണുപടങ്ങളെ അവൻ വിശ്വസിച്ചിരുന്നത് വളരെ പ്രയാസപ്പെട്ടിട്ടായിരുന്നു. എങ്കിലും അവൻെറഹൃദയം സന്തോഷസാഗരത്തിൽ നിമഗ്നമായി.

രാജാവിൻെറ ദൂതൻ കുററക്കാരൻെറ സമീപത്തു വന്നു നിന്നുകൊണ്ടു അവനോടു ഇപ്രകാരം പറഞ്ഞു. "എൻെറ യജമാനൻ നല്ലവനാകുന്നു. അദ്ദേഹം നിൻെറ കുററത്തിൽ നിനക്കു വിമോചനം നൽകുകയും ചെയ്യുന്നു. എന്നാൽ നിന്നിൽ നിന്ന്

അദ്ദേഹം ആവശ്യപ്പെടുന്നത് നീ ചെയ്തിരിക്കുന്ന പാതകത്തെ അതിന്റെ സകല സാഹചര്യങ്ങളോടുംകൂടെ അദ്ദേഹത്തിന്റെ ശുശ്രൂഷികളിൽ ഒരുവനോട് ഏററുപറയണമെന്നാണ്. ഈ ഒരു കാര്യം മാത്രമേ അദ്ദേഹത്തിന്റെ വിശാലമായ മനസ്സു നിന്നിൽ നിന്നു അവശ്യപ്പെടുന്നൊള്ളൂ. അപ്രകാരം ചെയ്യുവാൻ നിനക്ക് സന്നദ്ധതയില്ലെങ്കിൽ മരണം നീ കൈവരിച്ചുകൊള്ളുക.

പ്രസ്തുത കുററക്കാരൻ രാജാവിനാൽ അയക്കപ്പെട്ട ദൂതന്റെ ദൌത്യം ശ്രവിച്ചമാത്രയിൽ ആനന്ദപരവശനായി ഏതു പ്രകാരത്തിലാണ് നിലവിളിച്ചു പറയുന്നതെന്നു കേട്ടാലും. "ഇ പ്രകാരമുള്ള ഒരു രാജശുശ്രൂഷിയെ എനിക്ക് ഒന്നു കാണിച്ചുതരേണമെ. സകലവും ഞാൻ അയാളോട് ഏററുപറയുന്നതിന് ഒരുങ്ങിയിരിക്കുന്നു. എന്നാൽ എനിക്കൊരു ഭയമുള്ളത് ഞാൻ ഈവിധം പ്രവൃത്തിക്കുകയാണെങ്കിൽ എന്റെമേൽ ചുമത്തപ്പെട്ടിരിക്കുന്ന വധശിക്ഷയെ അദ്ദേഹം പിൻവലിക്കുമൊ ഇല്ലയൊ എന്നതാണ്" എന്ന് അയാൾ പറയുകയുണ്ടായി.

അവൻ ഇങ്ങനെ ആ ഭൃത്യനോട് സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ രണ്ടാമതൊരുഭൃത്യൻ, "ക്ഷമ, ക്ഷമ" എന്ന് വിളിച്ചുപറഞ്ഞു. അനന്തരം അയാൾ നമ്മുടെ രാജദ്രോഹിയുടെ സമീപത്തു് എത്തി. "എന്റെ യജമാനൻ നല്ലവനാകുന്നു. അദ്ദേഹത്തിന് നിന്നോടുള്ള കരുണയുടെ അടയാളമായി അദ്ദേഹത്തിന്റെ ശുശ്രൂഷികളിൽ നിനക്ക് ഏററവും വിശ്വാസമുള്ള ഒരുവനെ തെരിഞ്ഞെടുക്കുന്നതിനുള്ള പരിപൂർണ്ണ സ്വാതന്ത്ര്യവും അദ്ദേഹം നിനക്ക് തന്നിരിക്കുന്നു" എന്നു പറഞ്ഞു. രണ്ടാമത്തെ ഭൃത്യന്റെ പ്രസ്തുതവാക്കുകൾ ശ്രവിച്ചക്ഷണത്തിൽ കൊലയ്ക്കു വിധിക്കപ്പെട്ട ആ മനുഷ്യൻ കണ്ണുകളിൽനിന്നു തുള്ളി തുള്ളിയായി കണ്ണുനീർ ഒഴുക്കുവാൻ തുടങ്ങി.

ഗദ്ഗത സ്വരത്തോടുകൂടിയെങ്കിലും അവൻ രണ്ടാം പ്രാവശ്യവും അവന്റെ അടുക്കൽ രാജാവിന്റെ ദൌത്യവും വഹിച്ചുകൊണ്ടുവന്ന ഭൃത്യനോട് സംസാരിക്കുവാൻ തുടങ്ങുന്നതിനുമുമ്പുതന്നെ മൂന്നാംപ്രാവശ്യം വേറൊരുഭൃത്യൻ "രാജാവിൽനിന്ന്, മാപ്പു മാപ്പു" എന്നു നിലവിളിച്ചു പറഞ്ഞുകൊണ്ട് അവനെ സമീപിച്ചു. അനന്തരം അയാൾ ആ കുററക്കാരനെ നോക്കി, "എന്റെ യജമാനൻ നല്ലവനാകുന്നു. അദ്ദേഹത്തിന്റെ ഭൃത്യന്മാരിൽ നിനക്ക് ഏററവും മനവിശ്വാസമുള്ള ഒരുവനെ തെരിഞ്ഞെടുക്ക

ന്നതിന് നിനക്ക അനുമതി നൽകുന്നുവെന്നു മാത്രവുമല്ല പിന്ന യെം നിന്നാൽ തെരിഞ്ഞെടുക്കപ്പെടുന്ന ആ ഭൃത്യൻ നി അവനോടുപറയുന്നവ യാതൊരു കാര്യവും യാതൊരു കാരണവശാലും പുറത്തു പറഞ്ഞുകൂടായെന്ന്, മരണശിക്ഷയിൻകീഴ് രാജാവ് അവനോട്ട് കല്പിക്കുകയും ചെയ്യുന്നു. ആകയാൽ അദ്ദേഹം നിനക്ക് നൽകിയിരിക്കുന്ന ഈ നല്ല അവസരത്തെ പാഴാക്കി കളയാതെ ഇരിക്കുന്നുവെങ്കിൽ, നിന്റെ നീചനീചമായ പാതകത്തെ വസ്സരിച്ച് നിനക്ക് മുൻപുണ്ടായിരുന്ന അദ്ദേഹത്തിന്റെപ്രീതിയും അദ്ദേഹം നിനക്ക നൽകിയിരുന്ന ബഹുമതികളും തിരിച്ചു തരികയും അദ്ദേഹത്തിന്റെ കൊട്ടാരത്തിൽ തന്റെ സിംഹാസനത്തോടടുത്ത് ഒരു സ്ഥലവും രാജാവ് നിനക്ക് വീണ്ടും ഉറപ്പിച്ചു തരികയും ചെയ്യുന്നതാണ്" എന്നു പറയുകയുമുണ്ടായി.

മൂന്നാംപ്രാവശ്യം, രാജാവിന്റെ ദൌത്യം വഹിച്ചുകൊണ്ട് ആ കഠിന പാതകന്റെ അടുത്തെത്തിയ, ആ ദൂതന്റെവാക്കുകൾ കേട്ടപ്പോൾ അവന് നൃപന്റെ സ്വഭാവമാഹാത്മ്യത്തെയും പൊതുജനങ്ങളുടെ യാചനകൾമൂലം അവന്റെമേൽ വർഷിക്കപ്പെട്ടിട്ടുള്ള അനുഗ്രഹങ്ങളേയും സംബന്ധിച്ച് ചിന്തിക്കുകയിൽ അവനിൽ നവമായിട്ടുണ്ടായ മനോവികാരങ്ങൾ എന്തായിരിക്കണമെന്ന് വിവരിക്കുക അത്ര എളുപ്പമല്ല.

ഈ ഉപമയുടെ പ്രയോഗം ഏതുസംഗതിയെ ഉദ്ദേശിച്ച് ആയിരിക്കണമെന്ന് നമുക്ക് ഊഹിക്കുവാൻ അത്ര പ്രയാസമില്ല. അതിൽ കുമ്പസാരമെന്ന കൂദാശയുടെ ചിത്രം മുഴവനും തെളിവായി കാണപ്പെടുന്നുണ്ട് എന്നത് പ്രസ്താവ്യം തന്നെ.

പാപോച്ചാരണവേദിയാകുന്ന ന്യായാസനം നമ്മുടെ പാപവിമോചനത്തെ ഉദ്ദേശിച്ച് തിരുസഭയിൽ അനുഗ്രഹത്തിന്റെ നിധിയായ ദൈവത്താൽ ഏല്പ്പെടുത്തപ്പെട്ടിരിക്കുന്ന ഒരു മഹാ കച്ചേരിയാകുന്നു.

കുമ്പസാരമെന്നത്, നാം മാമ്മോദീസാ മുങ്ങിയശേഷം ചെയ്തിരിക്കുന്ന പാപങ്ങളുടെ വിമോചനം നമുക്ക് ലഭിക്കുന്നതിനുവേണ്ടി മ്ശീഹാ തമ്പുരാൻ സ്ഥാപിച്ച ഒരു കൂദാശയാകുന്നു. അനുതാപിയായ ഒരു മനുഷ്യന് അവൻ ചെയ്തിരിക്കുന്ന പാപകർമ്മങ്ങൾക്ക് മോചനം പ്രാപിക്കുന്നതിന് ദൈവസ്ഥാപിതമായ ഒരു മാർഗ്ഗമാണ് അത്. കൂടാതെയും അത് മനുഷ്യന് ഐഹിക

ജീവിതത്തിൽ ദൈവാനുഗ്രഹത്തെ പ്രാപിക്കുന്നതിനുള്ള കോണിപ്പടിയുമാണ്.

ഈശോമ്ശിഹാ ഈലോകത്തിൽ ജീവിച്ചിരുന്ന കാലഘട്ടത്തിൽ സ്വാധികാരത്താൽ പലരുടെയും പാപങ്ങൾ വിമോചിച്ചതായി സുവിശേഷ ഗ്രന്ഥങ്ങൾ നമുക്ക് ധാരാളം തെളിവുകൾ തരുന്നുണ്ട്. അവയെല്ലാം ഇവിടെ എടുത്തുപറയുന്നതിന് സ്ഥലച്ചുരുക്കം നിമിത്തം നിവൃത്തിയില്ല. അതിനാൽ അവയെല്ലാം വിട്ടു, ഉദാഹരണത്തിനായി അവയിൽ ഒന്നുമാത്രം ഇവിടെ എടുത്തുപറഞ്ഞുകൊള്ളട്ടെ. മ്ശിഹാതമ്പുരാൻ കപ്പർനാഹോമിൽ സുവിശേഷപ്രസംഗം നടത്തിക്കൊണ്ടിരുന്നപ്പോൾ ധനാഢ്യനായ ഒരു ഫ്രീശേൻ ഒരു വിരുന്നിന്, തന്നെ ക്ഷണിക്കുകയുണ്ടായി. ഈശോയാകട്ടെ പ്രസ്തുത ക്ഷണമനുസരിച്ച് അയാളുടെ വീട്ടിൽചെന്ന് ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുകയിൽ പാപജീവിതം നയിച്ചിരുന്ന മഗ്ദലനമറിയം തന്റെപക്കൽവന്ന് തന്റെ പാവനമായ പാദത്തുങ്കൽ സാഷ്ടാംഗം വീണ്, അവളുടെ പാപങ്ങളുടെമേലുള്ള അനുതാപക്കണ്ണുനീരാൽ നമ്മുടെ കർത്താവിന്റെ പാദങ്ങളെ കഴുകി അവളുടെ തലമുടികൊണ്ട് അവയെ തുടച്ചു. അനന്തരം അവളുടെ കൈവശമുണ്ടായിരുന്ന പരിമളതൈലം കൊണ്ട് പൂശുകയും ചെയ്തു. പ്രസ്തുത സ്ത്രീയുടെ മനസ്താപംകണ്ടു സന്തുഷ്ടനായ ഈശോ അവളോട്, "നിന്റെ പാപങ്ങൾ നിന്നോട് ക്ഷമിക്കപ്പെട്ടിരിക്കുന്നു" എന്നു അരുളിച്ചെയ്തു. (ലൂക്കാ. അ. 7. വ. 48.) പ്രസ്തുത വാക്കുകൾതന്നെ മ്ശിഹാതമ്പുരാൻ തന്റെ അടുക്കൽ കൊണ്ടുവരപ്പെട്ട പക്ഷവാതരോഗ പീഡിതനെ സുഖപ്പെടുത്തിയ സന്ദർഭത്തിൽ ഉപയോഗിച്ചതായി വിശുദ്ധ പുസ്തകത്തിൽ നാം വായിക്കുന്നുണ്ട്. മേൽപ്രകാരമുള്ള അധികാരത്തിന്റെ പ്രയോഗം തന്നിൽ വിശ്വസിക്കാതെയിരുന്നവരായ സകലരാലും എതിർക്കപ്പെടുകയും നിരാകരിക്കപ്പെടുകയുമാണ് ഉണ്ടായിട്ടുള്ളത്. അദ്ദേഹം തന്റെ പ്രബോധനങ്ങളിൽ, ദൈവീകദാനങ്ങളുടെ സ്വീകരണത്തിന് മനുഷ്യഹൃദയങ്ങളെ സദാ ക്ഷണിച്ചിരുന്നു. എന്നാൽ മനുഷ്യന്റെ ഹൃദയം അഹങ്കാരത്തിന് അധീനമായിട്ട് വിശ്വാസത്തിന്റെ പ്രസാദവരംകൊണ്ടുമാത്രം ഗ്രഹിക്കാൻ പാടുള്ളവയായ ദൈവിക സത്യങ്ങളെ തിരസ്കരിക്കുന്നതിന് തുനിയുന്നു.

വിശുദ്ധ യോഹന്നാന്റെ സുവിശേഷം ആറാം അദ്ധ്യാ

യത്തിൽ ഈശോ തൻെറ ശ്ലീഹന്മാരുടെയും ശിഷ്യഗണത്തിൻെറയും ഹൃദയങ്ങളെ, വിശുദ്ധ കർബ്ബാനയുടെ സ്വീകരണത്തിനുവേണ്ടി ഒരുക്കുന്നതിനായിട്ട്, സർവ്വാത്മനാ പരിശ്രമിച്ചിരുന്നതായി, നാം വായിക്കുന്നുണ്ടല്ലൊ. അതേവിധം തന്നെ കുമ്പസാരമെന്ന ക്രദാശയുടെ ദൈവികമായ പ്രസാദവരത്തിൽ പൊതുജനങ്ങൾക്ക് വിശ്വാസമുണ്ടാകുന്നതിന് വേണ്ടതെല്ലാവിധമെല്ലാം മ്ശിഹാതമ്പുരാൻ പരിശ്രമിച്ചിട്ടുണ്ട് എന്നുള്ളത്, വിശുദ്ധ മത്തായിയുടെ സുവിശേഷം ഒൻപതാം അദ്ധ്യായം രണ്ടുമുതൽ ഒൻപതുവരെയുള്ള വാക്യങ്ങളിൽ നിന്നു പ്രസ്പഷ്ടമാകുന്നുണ്ട്. "അപ്പോൾ കട്ടിലിൽ കിടക്കുന്ന ഒരു പക്ഷവാതക്കാരനെ ജനങ്ങൾ അവൻെറ അടുക്കൽ കൊണ്ടുവന്നു. ഈശോ അവരുടെ വിശ്വാസംകണ്ട് ആ പക്ഷവാതക്കാരനോട്, എൻെറ മകനെ ധൈര്യമായിരിക്കുക. നിൻെറ പാപങ്ങൾ നിന്നോട് ക്ഷമിക്കപ്പെട്ടിരിക്കുന്നു" എന്നു അരുളിച്ചെയ്തു. അപ്പോൾ നിയമജ്ഞന്മാരിൽ ചിലർ ഇവൻ ദൈവദൂഷണം പറയുന്നുവെന്ന് തങ്ങളുടെ ഉള്ളിൽ പറഞ്ഞു. ഈശോ, ആകട്ടെ, അവരുടെ വിചാരങ്ങൾ അറിഞ്ഞ് അവരോട് ഇങ്ങനെ ചോദിച്ചു, "നിങ്ങൾ നിങ്ങളുടെ ഹൃദയത്തിൽ തിന്മവിചാരിക്കുന്നതെന്ത്? എന്തുകൊണ്ടെന്നാൽ നിൻെറ പാപങ്ങൾ നിന്നോട് ക്ഷമിക്കപ്പെട്ടിരിക്കുന്നു എന്നു പറയുന്നതൊ, നീ എഴുന്നേററു നടക്കുക എന്നു പറയുന്നതൊ ഏതാണ് എളുപ്പം. എന്നാൽ മനുഷ്യപുത്രന് ഭൂമിയിൽ പാപങ്ങൾ ക്ഷമിക്കുവാൻ അധികാരമുണ്ടെന്നു നിങ്ങൾ അറിയേണ്ടതിന് ആ പക്ഷവാതക്കാരനോട് അവൻ അരുളിച്ചെയ്തു. "നീ എഴുന്നേററ് നിൻെറ കട്ടിൽ എടുത്തുകൊണ്ട് നിൻെറ വീട്ടിലേക്ക് പോകുക." അപ്പോൾ അവൻ എഴുന്നേററ് അവൻെറ വീട്ടിലേക്ക് പോയി. ജനക്കൂട്ടം ഇവ കണ്ടപ്പോൾ ഭയപ്പെടുകയും ഇപ്രകാരമുള്ള അധികാരം മനുഷ്യന് കൊടുത്ത ദൈവത്തെ സ്തുതിക്കുകയും ചെയ്തു. മ്ശിഹാ തമ്പുരാൻെറ ഈദൃശമായ അത്ഭുതപ്രവൎത്തനം, തനിക്ക്, പാപം വിമോചിക്കുന്നതിനുള്ള അധികാരം, ഉണ്ട് എന്ന് നമുക്കു ഉറപ്പു നൽകയാണല്ലൊ ചെയ്യുന്നത്.

മ്ശിഹാതമ്പുരാൻ, തൻെറ പുനരുത്ഥാനശേഷം, പാപം അതത് സാഹചര്യമനുസരിച്ച്, വിമോചിക്കുന്നതിനും പാപവിമോചനം നിഷേധിക്കുന്നതിനുമുള്ള അധികാരം, ശ്ലീഹന്മാൎക്കും അവരുടെ അനന്തിരവരായ, കത്തോലിക്കാ തിരുസഭയി

ലെ സകല പുരോഹിതന്മാൎക്കും നൽകി. ഈ കാൎയ്യം സംബന്ധിച്ച് വിശുദ്ധ യോഹന്നാന്റെ സുവിശേഷം ഇരുപതാം അദ്ധ്യായം പത്തൊൻപതുമുതൽ ഇരുപത്തിനാലുവരെയുള്ള വാക്യങ്ങളിൽ ഏററവും വിശദമായി പ്രസ്താവിച്ചു കാണുന്നുണ്ട്. അതു ഇങ്ങനെയാണ്, "ഞായറാഴ്ചയായ അന്നു വൈകുന്നേരമായപ്പോൾ ശിഷ്യർ ഇരുന്നിരുന്ന സ്ഥലത്തിന്റെ കതകുകൾ, യഹൂദന്മാരെക്കുറിച്ചുള്ള ഭയത്താൽ ഭയം നിമിത്തം അടച്ചിരിക്കെ ഈശോ വന്നു അവരുടെ ഇടയിൽ നിന്നുകൊണ്ടു അവരോട്, നിങ്ങൾക്കു സമാധാനം എന്നു അരുളിച്ചെയ്തു ...... ഈശോ വീണ്ടും അവരോട്, "നിങ്ങൾക്കു സമാധാനം, എന്റെ പിതാവു എന്നെ അയച്ചതുപോലെ ഞാൻ നിങ്ങളെ അയയ്ക്കുന്നു. ഇവ അരുളിച്ചെയ്തിട്ടു അവൻ അവരുടെമേൽ ഊതി "അവരോട്: നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിപ്പിൻ. നിങ്ങൾ ആരുടെ എങ്കിലും പാപങ്ങൾ മോചിച്ചാൽ അവ മോചിക്കപ്പെട്ടു; എന്നാൽ ആരുടെയു എങ്കിലും നിങ്ങൾ ബന്ധിച്ചാൽ അവ ബന്ധിക്കപ്പെട്ടവയായിരിക്കും എന്നു അരുളിച്ചെയ്തു." (യോഹ. അ. 20. വ. 19-23)

മ്ശിഹാ തമ്പുരാന്റെ പ്രസ്തുത വചനങ്ങൾക്കു ഒരു അൎത്ഥം മാത്രമേ ഉണ്ടാകുവാൻ നിവൃത്തിയൊള്ളു. അതു ശ്ലീഹന്മാൎക്കും അവരുടെ ന്യായമായ പിൻഗാമികൾക്കും പാപം മോചിക്കുന്നതിനും, തക്ക അവശ്യം നേരിടുമ്പോൾ പാപമോചനം നിഷേധിക്കുന്നതിനും ഉള്ള അധികാരം നൽകിയെന്നുള്ളതാണ്. ഈശോമ്ശിഹായുടെ പൌരോഹിത്യം അദ്ദേഹത്താൽ സ്ഥാപിതമായ സഭയിൽ യാതൊരു വ്യതിയാനവും കൂടാതെ അതിന്റെ ആരംഭകാലം മുതൽ തലമുറകൾ തലമുറകളായി നിലനിന്നു പോരുകയും അതിന്റെ സ്ഥാപകനിൽനിന്നു കിട്ടിയിരിക്കുന്ന അധികാരം മൂന്നും തിരുസഭയിൽ അംഗീകൃതമായ ചട്ടപ്രകാരം അഭിഷിക്തരായ ശ്ലീഹന്മാരുടെ പിൻഗാമികളാൽ പ്രയോഗിക്കപ്പെട്ടു പോരുകയും ചെയ്യുന്നു.

പക്ഷെ ശ്ലീഹന്മാരും അവരുടെ പിൻഗാമികളും പാപം മോചിക്കുന്നതിനും പാപമോചനം നിഷേധിക്കുന്നതിനുമുള്ള അധികാരം പ്രായോഗികമാക്കുന്നതിന്, പാപത്തിന് അധീനനായി തീൎന്നവനു, അവന്റെ പാപങ്ങളിന്മേൽ തക്ക അനുതാപത്തോടുകൂടി തന്നാൽ ചെയ്യപ്പെട്ടിരിക്കുന്ന സകല പാപങ്ങളെയും അധികാരമുള്ള ഒരു പട്ടക്കാരനോട് ഏററുപറഞ്ഞേ തീരു.

മ്ശിഹാ തമ്പുരാൻ, തൻെറ ദൈവിക ബോധജ്ഞാനത്തിൽ നിന്ന്, തൻെറ ശ്ലീഹന്മാൎക്കും അവരുടെ പിൻഗാമികൾക്കും വിവേകപൂൎവ്വമായും ശരിയായും ഉപയോഗിക്കാൻ പാടില്ലാത്ത ഒരു അധികാരം ഒരു നാളും തൻെറ പുരോഹിതഗണത്തിനു നൽകുകയില്ല. കുമ്പസാരമെന്നത്, അനുതാപപ്പെട്ട് താന്താങ്ങളുടെ കുററങ്ങളെ തക്കവിധം ഏററുപറയുന്നവൎക്ക് പാപവിമോചനം ലഭിക്കുന്നതിനുള്ള ഒരുമാൎഗ്ഗമായി മാത്രമല്ല, പിന്നെയൊ സാന്മാൎഗ്ഗിക ജീവിതത്തെ വേണ്ടവിധം നയിച്ചുകൊണ്ടുപോകുന്ന പ്രമാണങ്ങളെ യഥാവിധി അനുസരിക്കുന്നതിനുള്ള ഉപാധികൂടെയുമായിട്ടാണ് സ്ഥാപിക്കപ്പെട്ടിരിക്കുന്നത്.

കുമ്പസാരമെന്ന കൂദാശയുടെ സ്ഥാപനം മൂലമായി മിശിഹാതമ്പുരാൻ മനസ്സാക്ഷിയുടെ ഒരു കച്ചേരിയെ ഏൎപ്പെടുത്തി. ഈ കച്ചേരിയിൽ ദൈവത്തിൻെറ സ്ഥാനത്തിൽ ഇരിക്കുന്ന പട്ടക്കാരൻ രണ്ടുതരത്തിലുള്ള ചുമതലകളാണ് നിർവഹിക്കുന്നത്. പ്രസ്തുത ചുമതലകൾ, ഒരു വിധികൎത്താവിൻെറയും ഒരു സമൎത്ഥനായ ഒരു വൈദ്യൻെറയും ആകുന്നു. ഒരു വിധിയാളൻെറ നിലയിൽ അദ്ദേഹം കുററക്കാരൻെറ യോഗ്യതയ്ക്കനുരൂപമായവിധം അവൻെറ പാപം മോചിക്കുകയൊ അല്ലെങ്കിൽ ബന്ധിക്കുകയൊ ചെയ്യുന്നു. പുരോഹിതൻ, ഒരു നല്ല വൈദ്യൻെറ നിലയിലൊ എന്നാൽ പാപോച്ചാരണം ചെയ്യുന്ന ആളിൻെറ ആത്മീയരോഗങ്ങളെ തക്കവിധം മനസ്സിലാക്കി അവയെ ശമിപ്പിക്കുന്നതിന് അവശ്യാവശ്യമായ പ്രതിവിധികളെ നിർദ്ദേശിച്ചുകൊടുക്കുകയും ചെയ്യുന്നു. മാത്രവുമല്ല അവൻെറ കുററങ്ങളെയും അവയിൽ പലപ്പോഴും വിഴുന്നതിന് കാരണമായി തീരുന്ന സാഹചര്യങ്ങളെയും പാടെ നിവാരണം ചെയ്യുന്നതിന് ആവശ്യമാൎഗ്ഗങ്ങളെയും ചൂണ്ടിക്കാണിച്ചുകൊടുക്കുകയും ചെയ്യുന്നു. മേൽവിവരിക്കപ്പെട്ടിരിക്കുന്ന ഉദ്യോഗങ്ങൾ രണ്ടും മനുഷ്യൻെറ ആത്മീയാഭിവൃദ്ധിയ്ക്കു, ഒരു പുരോഹിതനു് ഉണ്ടായെ മതിയാവു.

ഏതുതരത്തിലുള്ള കോടതികളായിരുന്നാലും ശരി, അവയിൽ കേസുകൾ കേട്ടു തീരുമാനിക്കുന്നതിന് ന്യായാധിപന്മാർ ഉണ്ടായിരുന്നില്ലെങ്കിൽ നമ്മുടെ ബാഹ്യജീവിതത്തിൽ എത്രയൊ കുഴപ്പങ്ങളും തകരാറുകളും പൊതുജനങ്ങളുടെ സമാധാനത്തിന് ഹാനി തട്ടത്തക്കവിധം തുടരെ തുടരെ ഉണ്ടായിക്കൊണ്ടിരിക്കുമല്ലൊ. വൈദ്യന്മാരുടെ നിർദ്ദേശങ്ങളും ഉപദേശങ്ങളും അനു

സരിച്ചു പ്രവൎത്തിക്കാതെ നമുക്കു നഷ്ടപ്പെട്ട ആരോഗ്യത്തെവീണ്ടും
പ്രാപിക്കുവാൻ കഴിയുന്നതുമല്ല. പിന്നെയും കച്ചേരിയെയും വി
ധികർത്താക്കന്മാരെയും വൈദ്യന്മാരേയും ഉൻമൂലനം ചെയ്തു
കൊണ്ടു് കേസുകളും ശരീരാരോഗ്യത്തെ സംരക്ഷിച്ചുകൊണ്ടു
പോകുന്നതിനു് അവശ്യാവശ്യമായ വൈദ്യോപദേശങ്ങളുമെല്ലാം
ഓരോ വ്യക്തിയും അവനവൻെറ തന്നേ തീരുമാനമനുസരിച്ചു്
പ്രവൎത്തിക്കുവാൻ വിട്ടുകൊടുക്കുന്നപക്ഷം എത്രയൊ അഴിമതി
കളും കുഴപ്പങ്ങളുമാണു് മനുഷ്യൻെറ രാഷ്ട്രീയ ജീവിതത്തിലും
ശരീരാരോഗ്യ വിഷയത്തിലും ഉണ്ടാകുവാൻ പാടുള്ളതു്? അപ്രകാ
രംതന്നെ മതത്തിൻെറ ദൈവികമായ സത്യങ്ങളും ശിക്ഷണ
ങ്ങളും ഓരോ വ്യക്തിയുടെ തീരുമാനത്തിനു് വിട്ടുകൊടുക്കുകയാ
ണെങ്കിൽ അതു് മതപരമായ വ്യതിയാനങ്ങളും അബദ്ധങ്ങളും
അഭിപ്രായ വ്യത്യാസങ്ങളും ഭിന്നതകളും ഉണ്ടാകുമെന്നുള്ളതു് ന
മ്മുടെ അനുഭവത്തിൽനിന്നു് നമുക്കു ഏറക്കുറെ ഗ്രഹിക്കുവാൻ കഴി
വുള്ളതാണല്ലൊ.

"അശുദ്ധമായതു് യാതൊന്നും ആകാശ രാജ്യത്തിൽ
പ്രവേശിക്കുകയില്ലാ" എന്നു പരിശുദ്ധാത്മാവു് അരുളിച്ചെയ്യുന്നു.
പാപം ഒന്നുമാത്രമല്ലാതെ മറ്റുയാതൊന്നും നമ്മെ അശുദ്ധമാക്കു
ന്നതായിട്ടില്ല. അതു് നമ്മുടെ മരണമില്ലാത്ത ആത്മാവിനെ അ
ശുദ്ധമാക്കുകയും ദൈവസമക്ഷം അതിനെ ഏററവും വെറുക്കത്ത
ക്കതാക്കുകയും ചെയ്യുന്നു. എന്നാൽ മാമ്മോദീസായെന്ന കൂദാശ
യുടെ സ്വീകരണശേഷം ചെയ്യുന്ന സകല പാപങ്ങൾക്കും ന
മുക്കു് വിമോചനം ലഭിക്കുന്നതു് കുമ്പസാരമെന്ന കൂദാശ വഴി
യായിട്ടാണു്. പാപത്താൽ നമ്മോടു് കോപിച്ചിരിക്കുന്ന ദൈവ
വുമായി രമ്യപ്പെടുന്നതിനുള്ള ഏകമാൎഗ്ഗം കുമ്പസാരമെന്ന ഈ
കൂദാശമാത്രമാണു്. ആ സ്ഥിതിക്കു് പ്രസ്തുത കൂദാശ സ്വീകരിക്കുന്ന
കാൎയ്യത്തിൽ നാം വൈമുഖ്യം പ്രദൎശിപ്പിക്കുന്നതായാൽ നമ്മുടെ
മരണാനന്തരം ദൈവത്തിൻെറ ന്യായാസന സമക്ഷം നാം ഹാ
ജരാകുമ്പോൾ എത്രയെത്ര ഭയാകനവും കൎക്കശവുമായ പരി
ശോധനക്കായിരിക്കും വിധേയരായി തീരുവാനിരിക്കുന്നതു്.? പ്ര
സ്തുത ന്യായാസനത്തിൽനിന്നു് പ്രസ്താവിക്കപ്പെടുന്ന തീരുമാന
ങ്ങൾക്കു്, അവ പ്രമാദരഹിതനായ ദൈവത്താൽ പ്രസ്താവിക്ക
പ്പെടുന്നവയാകകൊണ്ടു്, യാതൊരു അപ്പീലൊ അഴിവൊ ഇല്ല. എ
ന്നാൽ നമ്മുടെ മരണശേഷം നാം ഹാജരാകുവാനിരിക്കുന്ന ഈ

ദൈവികകോടതിയെയോ, അതിൽ ഇന്നും എന്നും നടന്നുകൊണ്ടിരിക്കുന്ന നടപടികളെയൊ സംബന്ധിച്ച് ഗാഢമായി ചിന്തിക്കുന്നവർ നമ്മിൽ വളരെ ചുരുക്കംപേർ മാത്രമെ കാണുകയൊള്ളു.

സിവിൽ കോടതികളിൽ ദൈനംദിനമെന്നോണം വിസ്തരിക്കപ്പെടുന്ന കേസുകൾമൂലം ഓരോവ്യക്തിയും മിക്കപ്പോഴും അനുഭവിച്ചുവരാറുള്ള ആക്ഷേപങ്ങളും കഷ്ടനഷ്ടങ്ങളും എത്രകണ്ട് വലിയതെന്ന് നമുക്ക് ഊഹിക്കാമല്ലൊ. എന്നാൽ ചുരുക്കം ചിലരുടെ സാമർത്ഥ്യംകൊണ്ടും പണത്തിൻെറ മുഷ്ക്കുകൊണ്ടും അവരുടെ പ്രവൃത്തിക്കനുരൂപമായ ശിക്ഷയിൽനിന്ന് അവർക്ക് രക്ഷപ്രാപിക്കാൻ കഴിയുമെന്നായിരുന്നാൽതന്നെയും അവരുടെ കഴിഞ്ഞജീവിതത്തിൽ ചെയ്തിട്ടുള്ള ഏററവും നീചങ്ങളും നിന്ദ്യങ്ങളുമായ പാപകർമ്മങ്ങൾ സകലവും നഗ്നമായി വെളിപ്പെടുത്തപ്പെടുവാനിരിക്കുന്ന ആ കടശി ദിവസത്തിൽ അവർക്ക് എന്താണ് വരുവാനിരിക്കുന്നതെന്നുള്ള ഭയത്തിലും ഉറപ്പില്ലായ്കയിലും നിന്ന് അവർ ഒരിക്കലും ഒഴിവാക്കപ്പെടാവതല്ല.

ദൈവത്തിൻെറ നിത്യരാജ്യത്തിലേയ്ക്കുള്ള പ്രവേശനദ്വാരത്തുങ്കൽ ഒരു ഹൈക്കോടതിയുണ്ട്. അവിടെ കുമ്പസാരത്തിൽ ക്ഷമിക്കപ്പെടാത്ത പാപങ്ങൾ യാതൊരുതരത്തിലും വിമോചിക്കപ്പെടുകയില്ല. മ്ശിഹാ തമ്പുരാനാണ് അവിടത്തെ വിധിയാളൻ. അദ്ദേഹത്തിന് നമ്മുടെ നിരൂപണ, വചനം, പ്രവൃത്തി ആദിയായവകളാൽ നാം ചെയ്തിരിക്കുന്നതും എന്നാൽ നമ്മുടെ ഏതെങ്കിലും തരത്തിലുള്ള കുററം നിമിത്തം കുമ്പസാരത്തിൽ, വെളിപ്പെടുത്തായ്കനിമിത്തം വിമോചിക്കപ്പെടാത്തവയായി നമ്മിലുള്ള പാപകർമ്മങ്ങളെല്ലാം ദൈവനീതിയുടെ പ്രകാശമാകുന്ന വെളിച്ചത്താൽ കണ്ടുഗ്രഹിക്കുവാൻ നമുക്കു സാധിക്കും.

ഈ കാരണത്താലാണ് ഏററവും പൂർണ്ണമായതും വലിയ മനഃസമാധാനത്തെ പ്രദാനം ചെയ്യുന്നതും ഫലഭൂയിഷ്ഠവുമായ ഈ കച്ചേരിയെ അഥവാ കുമ്പസാരമെന്ന കൂദാശയെ മ്ശിഹാ തമ്പുരാൻ സ്ഥാപിക്കുവാൻ തിരുച്ചിത്തമായത്. പ്രസ്തുത ദൈവസ്ഥാപിതമായ കച്ചേരിമൂലമായി നമ്മുടെ പാപകർമ്മങ്ങളിന്മേൽ വേണ്ടത്തക്കവിധമായ് അനുതാപത്തോടും വെറുപ്പോടും ഭാവിയിൽ ഒരിക്കലും മനസ്സറിഞ്ഞുകൊണ്ട് യാതൊരു പാപവും ചെയ്യുകയില്ലെന്നുള്ള പ്രതിജ്ഞയോടുംകൂടെ അവയെ ഒന്നും ഒളിച്ചുവെയ്ക്കാതെ അവിടെ ന്യായാസനത്തിൽ ഉപവിഷ്ടനായിരിക്കുന്ന ദൈവി

ത്തിൻെറ പ്രതിനിധിയായ പട്ടക്കാരനോട്ട് ഏററുപറയുകയാണെങ്കിൽ നാം ചെയ്തിരിക്കുന്ന സകല പാപങ്ങൾക്കും വിമോചനം സിദ്ധിയ്ക്കുമെന്നതിന്ന് യാതൊരു തക്കവുമില്ല. മനസ്സാക്ഷി കച്ചേരിയിൽ ദൈവത്തിൻെറ മനിഷ്ഷമായി ന്യായാസനത്തിൽ ഉപവിഷ്ടനായിരിയ്ക്കുന്ന വിധികത്താവ്, അദ്ദേഹം ഏററിരിയ്ക്കുന്ന തിരുപ്പട്ടത്താൽതന്നെ ദൈവത്തിൻെറ പ്രതിനിധിയായി തീന്നിരിക്കുകകൊണ്ടും സ്ഥലത്തെ മെത്രാനിൽനിന്ന് ജ്ഞാനാധിപത്യം സ്വീകരിച്ചിരിയ്ക്കുകകൊണ്ടും അദ്ദേഹത്തോട്ട് തക്ക ഒരുക്കത്തോടും ഹൃദയപരമാത്ഥതയോടുംകൂടി പാപം ഏററുപറയുന്നവരാരൊ അവരുടെ എല്ലാവരുടെയും പാപം മോചിയ്ക്കുവാനുള്ള അധികാരം അദ്ദേഹത്തിനുണ്ട് എന്നതു് തക്കമററ ഒരു കാര്യമാണ്. ഈ കച്ചേരിയിൽ വാദിപ്രതികളുടെയും സാക്ഷികളുടെയുംഭാഗം വഹിയ്ക്കുന്നതു് പാപോച്ചാരണം ചെയ്യുന്നയാൽതന്നെ. പ്രസ്തുത ന്യായാസനസമക്ഷം അനുതാപി ഏററുപറയുന്ന യാതൊരു സംഗതിയും അതൽ ഉപവിഷ്ടനായിരിയ്ക്കുന്ന ദൈവത്തിൻെറ പ്രതിനിധിയായ പട്ടക്കാരൻ പരസ്യമാക്കാതെയിരിയ്ക്കത്തക്കവിധം ദൈവികമായ ഒരു രഹസ്യത്താൽ മുദ്രണം ചെയ്യപ്പെട്ടുമെന്നുള്ളതു് അനുതാപിയ്ക്ക് നല്ലവണ്ണം അറിയാം. ഇങ്ങനെ ദൈവത്തിൻെറ നിത്യരാജ്യത്തിലെ മഹാ ഹൈക്കോടതിയുടെ മുമ്പാകെ നാം ഹാജരാകേണ്ട കാലം സമാഗതമാകുന്നതിനു മുൻപുതന്നെ നമ്മുടെ പാപങ്ങൾക്ക് പരിപൂണ്ണമായ മോചനം ലഭിയ്ക്കുന്നതിന്ന് ഉപയുക്തമായ കുമ്പസാരമെന്ന കൂദാശവഴിയായി നാം മ്ശിഹായുടെ അനന്തമായ അനുഗ്രഹത്തിന്ന് ഭാഗഭാക്കുകളായിത്തീരുന്നു.

---

## രണ്ടാം അദ്ധ്യായം

### കുമ്പസാരമെന്നകൂദാശ.

### വേഷപ്രച്ഛന്നനായ പ്രഭു.

ഈ അദ്ധ്യായത്തിൽ, കുമ്പസാരമെന്ന കൂദാശ സംബന്ധിച്ച്, പ്രസ്താവിയ്ക്കുവാൻ കരുതുന്ന ദൈവിക സത്യങ്ങൾ, വാ

യനക്കാരെ എല്ലാവരെയും സുശിക്ഷിക്കത്തക്കവിധം നീതിമാന്മാരും കീർത്തിതന്മാരുമായ ആളുകളുടെ ജീവചരിത്രങ്ങളിൽനിന്ന് തെരിഞ്ഞെടുക്കപ്പെട്ടിട്ടുള്ള ചരിത്രശകലങ്ങളാൽ തക്കവിധം വിശദമാക്കീട്ടുണ്ട്.

പതിനാറാം നൂററാണ്ടിന്റെ ആരംഭഘട്ടത്തിൽ ജീവിച്ചിരുന്ന ബുദ്ധിമാനും വിവേകമുള്ളവനുമായിരുന്ന ഒരു ഇടപ്രഭുവിന്, സ്വന്തം വീടും നാടും വിട്ട് വിദൂരദേശത്തുപോയി, അവിടെ രണ്ടുമൂന്നുവർഷങ്ങളോളം താമസിച്ച് ഔദ്യോഗികമായ എന്തോ ഒരുകൃത്യം നിർവ്വഹിക്കേണ്ടതായിട്ടുണ്ടായിരുന്നു. അദ്ദേഹത്തിന് പന്ത്രണ്ടു വയസ്സുമാത്രം പ്രായമുള്ള ഏററം സുന്ദരിയായ ഒരു മകൾ മാത്രമെ ഉണ്ടായിരുന്നൊള്ളു. അയാളുടെ വത്സലയായ ഈ മകൾ ജനിച്ചിട്ട് അധികം താമസിയാതെതന്നെ അവളുടെ മാതാവ് അകാലമരണം പ്രാപിച്ചു. പ്രസ്തുത പ്രഭു, തന്റെ പ്രിയതമ കാലധർമ്മം പ്രാപിച്ചശേഷം, തന്റെ മകളെ അത്യന്തം വാത്സല്യാതിരേകത്തോടുകൂടി വളർത്തിക്കൊണ്ടു പോന്നിരുന്നു. സുന്ദരിയായ തന്റെ ഭാര്യയുടെ ഓർമ്മയെ അയാൾ ബഹുമാനിക്കുകയും അതിനെ ദൈനംദിനം പുലർത്തിക്കൊണ്ടു പോരുകയും ചെയ്തിരുന്ന അ മകളെ തന്റെ കോട്ടകൊത്തളങ്ങളുടെയെല്ലാം അധികാരിയായിട്ടും അവളുടെ അമ്മയുടെ അവകാശിയും പിൻവാഴ്ച്ചക്കാരിയുമായിക്കാണുന്നതിന് അതിയായി ആഗ്രഹിച്ചു കൊതിച്ചിരുന്നു.

പ്രസ്തുത പ്രഭുവിന്റെ മകളായ ആ ബാലിക സ്വപിതാവിന്റെ കോട്ടകൊത്തളങ്ങളുടെയും വസ്തുവകകളുടെയും, പ്രത്യേകിച്ച് പ്രിയമാതാവ് ഉപയോഗിച്ചിരുന്ന അമൂല്യമായ ആഭരണങ്ങളുടെയും അവകാശിയായിത്തീരുന്ന ആ മഹനീയ ദിവസത്തെ പ്രതീക്ഷിച്ചുകൊണ്ട് ദിവസങ്ങൾ കഴിച്ചുകൊണ്ടിരുന്നു. അവളുടെ അമ്മയുടെ അതിമനോഹരവും നിസ്തുലവുമായ പ്രസ്തുത ആഭരണങ്ങൾ സൂക്ഷിക്കപ്പെട്ടിരുന്നത്, സ്വപിതാവിന്റെ കൊട്ടാരത്തിലുള്ള ഏററവും സുരക്ഷിതമായ ഒരുസ്ഥാനത്തായിരുന്നുവെന്നുള്ളത് പ്രസ്താവ്യംതന്നെ.

ചുമതല ബോധമുള്ള ഒരു വിചാരിപ്പുകാരനെ ലഭിക്കുന്ന കാര്യത്തിലായിരുന്നു നമ്മുടെ പ്രഭുവിന്റെ ശ്രദ്ധമുഴുവനും പതിഞ്ഞിരുന്നത്. ആ ജോലിക്കായി അദ്ദേഹം ഏററവും വിശ്വസ്തനായ ഒരുവനെ തെരിഞ്ഞെടുക്കുകയും അയാളുടെ കോട്ടയുടെ താക്കോലുകളെ അവനെ ഏല്പിക്കുകയും അയാൾക്കുണ്ടായിരുന്ന വ

സ്സുവകകളുടെമേൽ പരിപൂൎണ്ണമായ സ്വാതന്ത്ര്യവും അധികാരവും ആ കാൎയ്യസ്ഥന് നൽകുകയും ചെയ്തു.

അനന്തരം നമ്മുടെ കഥാനായകനായ പ്രഭു, തൻെറ പുതിയ കാൎയ്യസ്ഥനോട്, വീട്ടുകാൎയ്യങ്ങൾ ഏതുവിധമെല്ലാം വിചാരിച്ചുനടത്തണമെന്ന് ഉപദേശിച്ചു. തദവസരത്തിൽ അവൻ സകല കാൎയ്യങ്ങളും വളരെ വിവേകത്തോടുകൂടി നിൎവ്വഹിക്കണമെന്നും ക്രമാതീതമായി വിരുന്നുകളും ഉല്ലാസങ്ങളും കഴിക്കരുതെന്നും ഇതിനു വിരുദ്ധമായി പ്രവൎത്തിച്ചാൽ തൻെറ വിലയേറിയതും അതിവിശിഷ്ടങ്ങളുമായ ആഭരണങ്ങൾ ഈ തരംകണ്ട്, കള്ളന്മാർ കട്ടുകൊണ്ടുപോകുമെന്നും അതിനാൽ വന്നേക്കാവുന്ന നഷ്ടം തനിയ്ക്കു് അപരിഹാൎയ്യമായിരിയ്ക്കുമെന്നും അവനെ ഓൎമ്മിപ്പിക്കുകയുണ്ടായി. പിന്നെയും ആ കാൎയ്യസ്ഥനോട്, അയാൾ വിശ്വസ്ഥതയോടുകൂടി, തൻെറ കൎത്തവ്യം നിൎവ്വഹിക്കുകയാണെങ്കിൽ, അദ്ദേഹം തിരിച്ചുവരുമ്പോൾ, ആ ഉദ്യോഗത്തിൽ അവനെ സ്ഥിരപ്പെടുത്തുമെന്നും അവന് സകലവിധ സുഖസൌകൎയ്യങ്ങളുമുള്ള ഒരു വീടും സുഖമായി ജീവിതം നയിക്കുന്നതിനു ആവശ്യമായ വസ്തുവകകളും കൊടുക്കാമെന്നും അയാളുടെ സഹായിയായി വിദൂരസ്ഥനായ ഒരു ഭൃത്യനെ അദ്ദേഹം അയച്ചുകൊടുക്കുന്നതാണെന്നും വാഗ്ദാനം ചെയ്തു. അനന്തരം ആ പ്രഭു, തൻെറ വസ്തുവകകളുടെ മേൽനോട്ടം സംബന്ധിച്ച് അവശ്യാവശ്യമായ നിൎദ്ദേശങ്ങൾ, ആ കാൎയ്യസ്ഥന് നൽകിയശേഷം, എല്ലാവരോടും സസന്തോഷം യാത്ര പറഞ്ഞു്, നിൎദ്ദിഷ്ടസ്ഥലത്തേക്ക് പോകുകയും ചെയ്തു.

ആ പുതിയ കാൎയ്യസ്ഥൻ, തൻെറ പുതിയ ജോലിയുടെ പ്രാധാന്യവും ഗൌരവവും മനസ്സിലാക്കി, അയാളുടെ ഉത്തമനായ യജമാനൻെറ കല്പനകളെ കഴിയുന്നത്ര വിശ്വസ്തയോടുകൂടി അനുസരിക്കുന്നതിന് തീരുമാനിച്ചു. ഏതാനും ദിവസങ്ങൾ കഴിഞ്ഞശേഷം, പുതിയ ഭൃത്യൻവന്നു. ക്രമേണ അവൻ പ്രസ്തുത പ്രഭുവിൻെറ കോട്ടയിൽ നിവസിച്ചിരുന്ന എല്ലാവരുടെയും സ്നേഹബഹുമാനങ്ങൾക്കും അവിടത്തെ കാൎയ്യസ്ഥൻെറ മനഃവിശ്വാസത്തിനും പാത്രവാനായിത്തീരുകയും ചെയ്തു. തൻനിമിത്തം മേൽ വിവരിക്കപ്പെട്ട കാൎയ്യസ്ഥൻ, തൻെറ തൽക്കാല സ്ഥിതി സുരക്ഷിതമായിരിക്കുന്നുവെന്നു കണ്ടു് അയാളുടെ യജമാനൻെറ ഉപദേശങ്ങൾക്കും നിൎദ്ദേശങ്ങൾക്കും എതിരായി ക്രമം കടന്നവിധം വിരുന്നുകൾ കഴിക്കുന്നതിനും ലീലാവിനോദങ്ങളിൽ ഏൎപ്പെടുന്നതി

നുംതുടങ്ങി. ഒരു സായാഹ്നത്തിൽ, നമ്മുടെ കാൎയ്യസ്ഥൻ പ്രസ്തുത പ്രഭുവിന്റെ അരമനയിൽവെച്ചു, സ്വസ്നേഹിതന്മാരോടുകൂടി രാജോചിതമായ ഒരു വിരുന്നിൽ ഭക്ഷണം കഴിച്ചുകൊണ്ടിരുന്നപ്പോൾ ക്ഷണിതാക്കളുടെ മുഖസ്തുതികലൂത്ത വാക്കുകൾകേട്ട്, മതിമറന്ന്, അതിരുകടന്നവിധം ലഹരിസാധനങ്ങൾ ഉപയോഗിച്ചു. ഏതൻമൂലം അയാൾ ബോധരഹിതനായി തീൎന്നു. പറേറദിവസം പ്രഭാതത്തിൽ അയാൾ കിടക്കയിൽനിന്ന് എഴുന്നേററപ്പോൾ, തന്റെ യജമാനന്റെ ആഭരണങ്ങൾ വെയ്ക്കപ്പെട്ടിരുന്ന ഭണ്ഡാഗാരത്തിന്റെ താക്കോൽ കാണാതാകുകയും ആഭരണങ്ങളെല്ലാം മോഷ്ടിച്ചുകൊണ്ടു പോകപ്പെട്ടതായി, അറിയുകയും ചെയ്തു.

അയാൾ, തന്റെ കൃത്യവിലോപം നിമിത്തം, യജമാനനോടു ചെയ്ത ഉപദ്രവത്തിന്റെ കാഠിന്യം അയാളെ ആച്ഛാദനം ചെയ്തിരുന്നു. ദൂരദേശത്തുനിന്ന് പ്രഭു സ്വന്തം കോട്ടയിലേക്കുതിരിച്ചുവരുമ്പോൾ അയാൾ അനുഭവിപ്പാനിരിക്കുന്ന ഗുരുതരങ്ങളായ ശിക്ഷകളേയും അയാളുടെ വിശ്വസ്തശുശ്രൂഷക്ക് സമ്മാനമായി വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്ന ഭവനത്തിന്റെയും ഉപജീവനത്തിന് ആവശ്യമുള്ള വസ്തുവകകളുടെയും നഷ്ടത്തെയും അതിലും ഉപരിയായി പ്രസ്തുത ആഭരണങ്ങളുടെ നഷ്ടംമൂലം തന്റെ യജമാനൻ സഹിക്കുവാനിരിക്കുന്ന അപാരമായ ദുഃഖത്തെയും പററി ചിന്തിക്കുകയിൽ അയാൾ പശ്ചാത്താപം, ഭയം, ലജ്ജ, അത്ഭുതം ആദിയായ വിവിധമന:വികാരങ്ങൾക്ക് അധീനനായിതീൎന്നു. ഏവംവിധമായ മനഃശ്ചാഞ്ചല്യങ്ങൾക്ക് അവൻ വിധേയനാകുകനിമിത്തം, അവിടെ നടന്നിട്ടുള്ള സകലസംഗതികളും ഒരു ലേഖനദ്വാര തന്റെ യജമാനനായ പ്രഭുവിനെ തെരിയപ്പെടുത്തണമെന്നുതന്നെയാണ് തീരുമാനിച്ചത്. അനന്തരം തന്റെ വിശ്വസ്തസഹായിയായിരുന്ന ഭൃത്യനെ വിളിച്ച് വിദൂരദേശത്തു താമസിക്കുന്ന തന്റെ യജമാനന്റെ കയ്യിൽ കൊടുക്കുന്നതിന് സുദീൎഘമായ ഒരു ലേഖനം എഴുതി അവനെ ഏല്പിക്കുകയുണ്ടായി.

ആ ഭൃത്യൻ അയാളുടെ മുറിയിൽ പ്രവേശിച്ച് മേൽപറയപ്പെട്ട ലേഖനം തുറന്നു വളരെ ശ്രദ്ധാപൂൎവ്വം വായിച്ചു. ഈ വേലക്കാരൻ, വേഷപ്രച്ഛന്നനായി സ്വദേശത്തേക്ക് മടങ്ങി വന്ന പ്രഭുതന്നെയായിരുന്നു. അദ്ദേഹം തന്റെ ക്രിത്രിമ വേഷങ്ങളെല്ലാം മാററിക്കളഞ്ഞു. ഉടൻതന്നെ കാൎയ്യസ്ഥന് ആളയച്ചു. താമസംവിനാ യജമാനനായ പ്രഭുവിന്റെ മുറിയിൽ പ്രവേശിച്ച

കാര്യസ്ഥൻ, അവിടെ തൻെറ മുൻപിൽ നിക്കുന്നതു് സ്വയജമാനൻതന്നെയാണെന്നു മനസ്സിലാക്കിയ മാത്രയിൽ ഭയവിഹ്വലനായി തീരുകയാണു് ഉണ്ടായതു്. ആ പ്രഭു ഇപ്രകാരം വേഷപ്രഛന്നനായി തൻെറ കാര്യസ്ഥനോടുകൂടി താമസിച്ചതു് അവൻെറ വിശ്വസ്തതയെ ഒന്നുപരീക്ഷിച്ചറിയുന്നതിനു വേണ്ടിയായിരുന്നുവെന്നതു് വിശേഷാൽ പറയേണ്ടതില്ലല്ലോ. മുഖം വെളുത്തു വിളറിയും അതിയായ ഭയംനിമിത്തം കിടുകിടെ വിറച്ചും സ്വന്തം ജയമാനൻെറ സമക്ഷത്തു നിന്നിരുന്ന കാര്യസ്ഥൻ പ്രഭുവിനോടു് ഒരുവാക്കുപോലും പറയുവാൻ വശമഹീനനായ ഒരു പ്രതിമപോലെ നിശ്ചലനായി നിലകൊണ്ടു. അവൻ കൈവരിച്ചിരുന്ന കടമയെ തക്കവിധം നിർവഹിക്കാതെയിരുന്നതിനാലും തൻെറ ഉപകാരിയോടു നന്ദിഹീനമായി പ്രവത്തിച്ചതുകൊണ്ടും ഭയാക്രാന്തനായ കാര്യസ്ഥനു് സ്വന്ത യജമാനനിൽനിന്നു് ഘോരതരമായ ശിക്ഷയല്ലാതെ മററുയാതൊന്നും ആശിക്കുവാനുണ്ടായിരുന്നില്ല.

ആ പ്രഭു തൻെറ കാര്യസ്ഥനോടു, പറഞ്ഞതു് ഇങ്ങനെയാണു്. "ഞാൻ എൻെറ പ്രാണനെപ്പോലെ വിലമതിച്ചിരുന്ന ആഭരണങ്ങൾ ഭദ്രമായി സൂക്ഷിക്കുന്നതിനു് നിന്നെ ഏല്പിച്ചിരുന്നു. നീ എന്നോടു ചെയ്തവാഗ്ദാനങ്ങൾക്കെല്ലാം വിരോധമായി നീ പ്രവത്തിച്ചു. നിൻെറ വിശ്വസ്തതക്കു സമ്മാനമായി ഞാൻ നിനക്കു തരാമെന്നു പറഞ്ഞിരുന്ന ആ വീടും വസ്തുവകകളുമെല്ലാം നീ കാര്യമായി കരുതിയില്ല. എന്നാൽ നീ പരമാത്ഥമായി നിൻെറ കുററം ഏററു പറഞ്ഞതുകൊണ്ടും എൻെറ കല്പനയെ ലംഘിച്ചു പ്രവത്തിച്ചതിനെക്കുറിച്ചു് നിഷ്കളങ്കമായവിധം പശ്ചാത്തപിച്ചതുകൊണ്ടും, എൻെറ സമക്ഷം നീ അനുഗ്രഹം കണ്ടെത്തിയിരിക്കുന്നു. നിൻെറ കുററങ്ങളെല്ലാം ഞാൻ ക്ഷമിച്ചിരിക്കുന്നു ഇനി ഭാവിയിൽ ഞാൻ അവയെപ്പററി ചിന്തിക്കപോലും ചെയ്യുകയില്ല. ഞാൻ നിന്നോടു മുൻപു ചെയ്തിരിക്കുന്ന വാഗ്ദാനങ്ങളെയെല്ലാം വീണ്ടും പുതുക്കുന്നു. നിൻെറ ഈ ഉദ്യോഗത്തിൽ നിന്നെ ഞാൻ സ്ഥിരപ്പെടുത്തുന്നതായിരിക്കും. ഞാൻ നിന്നെ വിശ്വസിച്ചേല്പിക്കുന്ന ജോലികൾ ഇനിയെങ്കിലും നല്ല വിശ്വസ്തതയോടുകൂടി നിവ്വഹിക്കുകയാണെങ്കിൽ ഞാൻ പണിയിച്ചു തരാമെന്നു് പറഞ്ഞിട്ടുള്ള വീടും നിൻെറ ഉപജീവനത്തിനു് ആവശ്യപ്പെട്ട വസ്തുവകകളുമെല്ലാം എൻെറ വാഗ്ദാനമനുസരിച്ചു് നിനക്കു ലഭിക്കും.

ഇന്നലെ നീ ക്രമാതീതമായി മദ്യപിച്ച് ബോധരഹിതനായി എ ന്റെ ആഭരണമുറിയുടെ താക്കോൽ സൂക്ഷിക്കുന്നതിന് അപ്രാപ്തനായിരുന്നതുകൊണ്ട് ഈ കഴിഞ്ഞ രാത്രി നിന്റെ കൈവശമുണ്ടായിരുന്ന ആ താക്കോലുകളെ ഞാൻ എടുത്തു. ഇതാ എന്റെ ആഭരണങ്ങളും താക്കോലുകളും. അവയെ നീ വാങ്ങി ഭദ്രമായി സൂക്ഷിച്ചുകൊള്ളുക. നിന്റെ കുററം നീ ഏററുപറഞ്ഞുവെന്നുള്ള കാര്യം ഭാവിയിലേക്ക് നിനക്ക് മുൻകരുതലിനുള്ള ഒരു നാന്ദിയായി പരിണമിക്കുമെന്ന് ശരണപ്പെട്ടുകൊണ്ടു ഇപ്പോൾ ഞാൻ യാത്രതിരിക്കട്ടെ. നിന്റെ ഉപകാരിയെ ഉപദ്രവിച്ചതിനാലുള്ള നിന്റെ അനുതാപം അയാളുടെനേർക്കുള്ള നിന്റെ സ്നേഹത്തിന്റെ ഒരു തെളിവാകുന്നുവെന്ന് പ്രസ്പഷ്ടമാകുന്നു. തെററുചെയ്തശേഷം അത് സമ്മതിക്കുന്നതിലും നിർവ്യാജമായി അതിനെ ഏററുപറയുന്നതിലും നീ പ്രദർശിപ്പിച്ച നല്ല മനഃസ്ഥിതിയും ഭാവിയിൽ ഒരു വിശ്വസ്ത ശുശ്രൂഷിയായി ജീവക്കുന്നതിനുള്ള നിന്റെ മനസ്സിന്റെ ഒരുക്കവും നിന്നെ എന്റെ പ്രീതിക്ക് അർഹനാക്കി. നാം തമ്മിലുള്ളബന്ധം അഭംഗമായി നിലനില്ക്കുന്നതിന് ദൈവം ഇടയാക്കട്ടെ."

പ്രഭുവിന്റെ പ്രസ്തുത വചനങ്ങൾ ശ്രവിച്ച ഉടനെ ആ കാര്യസ്ഥന്റെ ഹൃദയകവാടങ്ങളിൽ കവിഞ്ഞൊഴുകിക്കൊണ്ടിരുന്ന, നവീനമാക്കപ്പെട്ട ശരണത്തിൽ നിന്നുളവായിട്ടുള്ള ആഹ്ളാദവും, സന്തോഷവും, ആനന്ദവും എത്രകണ്ട് വലിയതായിരുന്നുവെന്ന് വർണ്ണിച്ചുപറയുവാൻ യാതൊരുവനും സാധ്യമല്ല. അവന്റെ ഹൃദയത്തിൽ തഴച്ചുവളന്ന് തന്റെ യജമാനന്റെ നേർക്കുള്ള സ്നേഹവും അയാളിൽ പുനർജാതമായ മനഃവിശ്വാസവും വിശാലമനസ്സനായ യജമാനന്റെ അവനിലുള്ള മനവിശ്വാസത്തിൽ വിശ്വസ്തനായിരുന്നുകൊള്ളാമെന്നുള്ള അയാളുടെ വാക്കുകൾക്ക്, ഉറപ്പുനൽകി.

മേൽകാണിച്ചിരിക്കുന്നകഥ നമ്മുടെ ഓർമ്മയിൽവെച്ചുകൊണ്ടു നമ്മുടെ കർത്താവും പരിത്രാതാവുമായ ദൈവത്തിന്റെ സ്നേഹത്തിലും കരുണയിലും നമ്മെ ഭാഗഭാക്കുകളാക്കുന്ന കുമ്പസാരമെന്ന കൂദാശയുടെ സ്വീകരണത്താൽ ലഭ്യമാകുന്ന ഫലം എത്രകണ്ടു വലിയതാണെന്ന് നമുക്കു ഏററവും വേഗത്തിൽ മനസ്സിലാക്കാൻ കഴിയുന്നതാണ്. പ്രസ്തുത പ്രഭു, അയാളുടെ കാര്യസ്ഥനോടു കരുണാപുരസ്സരം പ്രവൃത്തിച്ചതുപോലെതന്നെ, ദൈവവും, മനസ്സാ

ക്ഷികച്ചേരിയിൽവെച്ച്, സാക്ഷാത്തായ അനുതാപത്തോടുകൂടി, തന്നെ സമീപിക്കുന്ന ഏതൊരു പാപിയോടും, അന്തമററ കരുണയോടും വാത്സല്ല്യത്തോടുംകൂടി സദാ വർത്തിച്ചു പോരുന്നു.

കുമ്പസാരക്കൂടാകുന്ന ന്യായാസനം അനുതാപികളുടെ നേർക്കുള്ള ദൈവത്തിന്റെ അന്തമററ അനുഗ്രഹത്തെയും കരുണയേയും ലക്ഷീകരിക്കുന്നു.

മ്ശിഹാ തമ്പുരാൻ ഈലോകത്തിൽ ജീവിച്ചിരുന്നകാലത്ത് പലരുടെയും പാപങ്ങൾ വിമോചിച്ചിട്ടുള്ളത് കഴിഞ്ഞ അദ്ധ്യായത്തിൽ പ്രസ്താവിച്ചിട്ടുള്ളതാണ്. ആ കാരണത്താൽ തന്നെ അന്ന്, അവിടുത്തെ ശത്രുക്കളായിരുന്ന പ്രീശന്മാരും മററു യഹൂദപ്രമാണികളും അദ്ദേഹത്തിന്റെ പ്രവൃത്തിയെ വളരെ കർക്കശമായി നിരൂപണം ചെയ്തുവെന്നുതന്നെയല്ല പ്രസ്തുത അധികാരത്തിന്റെ പ്രയോഗം നിമിത്തം അദ്ദേഹത്തിന്റെമേൽ ദൈവദൂഷണക്കുററം ആരോപിക്കുകയും ചെയ്കയുണ്ടായി. മ്ശിഹാ തമ്പുരാന്റെ ദിവ്യോപദേശങ്ങളെ അഹംകാരത്താൽ പ്രേരിതരായി ആർ നിന്ദിച്ചുവൊ ആ ശത്രുക്കളിൽനിന്നുതന്നെയാണ് സ്വർഗ്ഗീയ പ്രസാദവരങ്ങൾക്കും പ്രതിബന്ധമുണ്ടായത്.

നമ്മുടെ നിത്യരക്ഷയുടെ പ്രതിബന്ധമായി നിൽക്കുന്നത് പാപമാകുന്നു. ആകയാൽ പാപത്തെ നമ്മിൽനിന്ന് പാടെ നിർമ്മാർജ്ജനം ചെയ്തേതീരു. എന്തുകൊണ്ടെന്നാൽ അത് നമ്മുടെ ആത്മാവിനെ അശുദ്ധമാക്കുകയും നമ്മെ ദൈവത്തിന്റെ അപ്രീതിക്ക് പാത്രീഭൂതരാക്കുകയും ചെയ്യുന്നു. എന്നാൽ പാപത്തെ നമ്മിൽ നിന്ന് പാടെ നീക്കികളയുന്നതിനു ദൈവം നമുക്കു നൽകിയിരിക്കുന്ന ഏകമാർഗ്ഗം അനുതാപത്തോടുകൂടിയുള്ള കുമ്പസാരമാണ് എന്ന കാര്യത്തെപ്പററി നമുക്ക് ഒട്ടുംതന്നെ സംശയിച്ചിട്ടാവശ്യമില്ല. ആകയാൽ നമുക്ക് കഴിയുന്നത്ര സൂക്ഷത്തോടും ശ്രദ്ധയോടുംകൂടി മ്ശിഹാ തമ്പുരാൻ, പ്രസ്തുത കൂദാശയുടെ സ്ഥാപനാവസരത്തിൽ, തന്റെ ശ്ലൈഹികരണത്തോടു അരുളി ചെയ്തതായി കീഴെകാണുന്ന വാക്യശകലങ്ങളെ പരാമർശിച്ചു വിചിന്തനം ചെയ്യാം. "നിങ്ങൾക്കു സമാധാനം. എന്റെ പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയക്കുന്നു . . . . നിങ്ങൾ പരിശുദ്ധാത്മാവിനെ കൈക്കൊള്ളുവിൻ നിങ്ങൾ ആരുടെഎങ്കിലും പാപങ്ങൾ മോചിച്ചാൽ അവ മോചിക്കപ്പെടും. എന്നാൽ ആരുടെ എങ്കിലും ബന്ധി

ച്ചാൽ അവ ബന്ധിക്കപ്പെട്ടവയായിരിക്കും എന്നു അരുളിച്ചെയ്തു." (യോഹ. അ. 21. വ. 23.)

കത്തോലിക്കനായ ഓരോ വ്യക്തിയുടെയും അർഹതയനുസരിച്ച് അവൻ ഏറ്റുപറയുന്ന പാപങ്ങളെ വിമോചിക്കുന്നതിനൊ അഥവാ അവയുടെ വിമോചനം നിഷേധിക്കുന്നതിനൊ ഉള്ള അധികാരം മ്ശിഹാതമ്പുരാൻ ശ്ലീഹന്മാർക്കും അവരുടെ പിൻഗാമികൾക്കും, നൽകിയെന്നാണ് പ്രസ്തുത വേദവാക്യത്തിൽനിന്ന് വിശദമാകുന്നത്. മ്ശിഹാതമ്പുരാൻ മനുഷ്യഗണത്തിൻെറ നിത്യരക്ഷയെ ഉദ്ദേശിച്ച്, തൻെറ മണവാട്ടിയായി പരിശുദ്ധ പള്ളിയേയും തൻെറ പൗരോഹിത്യത്തെയും ഏഴുകൂദാശകളെയും സ്ഥാപിച്ചു ഏവം വിധങ്ങളായ ദൈവികോപാധികളെ മനുഷ്യൻ ഉപയോഗിക്കാതെ ഇരിക്കുന്നതായാൽ മരണത്തിനു അധീനമല്ലാത്ത അവൻെറ ആത്മാവിനെ രക്ഷിക്കുന്നതിനു അവനു കഴിയാതെ വരുവാനിടയുണ്ട്.

ശ്ലീഹന്മാരും അവരുടെ പിൻഗാമികളും ദൈവത്തിൻെറ കൂദാശകളെ വിശ്വാസികൾക്ക് കൊടുക്കുന്ന ശുശ്രൂഷികളാകുന്നു. യാതൊരുവനും പരാശ്രയം കൂടാതെ അവയെ സ്വയം സ്വീകരിക്കുവാൻ കഴിയുന്നതല്ല. വിശ്വാസികൾ കൂദാശകൾ സ്വീകരിക്കേണ്ടത്, തിരുസഭ ഈദൃശ ജോലിക്കായി നിയമിച്ചിരിക്കുന്ന ആളുകളിൽനിന്നാണ്. എന്നാൽ ഉത്ഭവദോഷത്തെ നമ്മിൽനിന്ന് നീക്കിക്കളയുന്ന മാമ്മോദീസായെന്ന കൂദാശയെ പരസഹായമോ, പരാശ്രയമോ കൂടാതെ സ്വീകരിക്കാമെന്നു കരുതുന്നത് പരമാബദ്ധമായിരിക്കും. അപ്രകാരം തന്നെ കുമ്പസാരമെന്ന കൂദാശയേയും മറെറാരുവൻെറ സഹായംകൂടാതെ സ്വയം സ്വീകരിക്കാമെന്നു കരുതുന്നതും പരമാബദ്ധമെന്നെ പറയാനൊള്ളു.

ശ്ലീഹന്മാരും അനന്തിരവരായ കത്തോലിക്കാതിരുസഭയിലെ, മെത്രാന്മാരും, പട്ടക്കാരും പാപം മോചിക്കുന്നതിനും പാപമോചനം നിഷേധിക്കുന്നതിനുമുള്ള അധികാരം പ്രയോഗിക്കുന്നതോടുകൂടിത്തന്നെ, അവരോട് തക്ക ഒരുക്കത്തോടുകൂടി സ്വന്തം കററങ്ങളെ ഏററുപറയുന്നവരോട് ദൈവപ്രമാണങ്ങളെ തക്കവിധം അനുസരിക്കുവാൻ ഉപദേശിക്കുന്നതിനു അവർ ചുമതലക്കാരാണ്. അതുകൊണ്ടു രഹസ്യത്തിൽ നടത്തപ്പെടുന്ന കുമ്പസാരം നല്ലജീവിതം നയിക്കാനും നിത്യരക്ഷ പ്രാപിക്കുന്നതിനും സാക്ഷാൽ അഗ്രഹമുള്ള ഏവനും ഒഴിച്ചുവിടാൻ പാടില്ലാത്ത ഒരു

കാര്യമാകുന്നു. നമ്മുടെ ഈ ലോകജീവിതത്തിലുണ്ടായേക്കാവുന്ന പ്രധാന പ്രവൃത്തികൾക്ക് തക്കതായിട്ടുള്ള പ്രോത്സാഹനങ്ങളും ഉപദേശങ്ങളും നാം സാധാരണയായി ആവശ്യപ്പെടാറുണ്ടല്ലോ. അപ്രകാരംതന്നെ ദൈവപ്രമാണങ്ങളെയും അവരുടെ ജീവിതസ്ഥിതിക്കുള്ള കടമകളേയും തക്കവിധം അറിയാവുന്നവനും, നല്ല അറിവും പരിചയവും ഇല്ലായ്കനിമിത്ത, അവരുടെ നിത്യരക്ഷ അപകടത്തിലാകാൻ തക്ക നിലയിൽ ദൈവപ്രമാണങ്ങളെ ലംഘിക്കുന്നവർക്കും ആശ്വാസത്തെ പ്രദാനം ചെയ്യുന്ന കുമ്പസാരക്കൂടം കുന്ന ദൈവാനുഗ്രഹത്തിന്റെ ന്യായാസനംമൂലം ക്രിസ്തീയവ്യക്തികൾക്കും ദൈവം പ്രസ്തുത പ്രേരണകളും സദുപദേശങ്ങളും നൽകുന്നുണ്ട്.

ഓരോ പാപിയുടെയും മനസ്സാക്ഷി, സ്വാഭാവികമായിതന്നെ, സ്വന്തം ഹൃദയകവാടങ്ങളിൽ ഒളിച്ചുകിടക്കുന്ന പാപങ്ങളേയും കുററങ്ങളെയും എത്തുക്കുന്നുണ്ട്. പ്രസ്തുത പാപങ്ങളെയും കുററങ്ങളേയും അവൻ തക്കവിധം പറഞ്ഞു കുമ്പസാരിക്കുകയും ഏതൻമൂലം അവ മോചിക്കപ്പെടുകയും ചെയ്യാതെയിരുന്നാൽ അവന്റെ ആത്മാവ് ഏററവും നിർഭാഗ്യമായ മരണം കൈവരിക്കുമെന്നതു് സംശയരഹിതം തന്നെ. ഇതിനാൽ സൂചിപ്പിക്കപ്പെടുന്നതു് നിത്യശവകുടീരമാകുന്ന നരകപാതാളത്തിലേക്കുള്ള, പാപത്താൽ മലിനപ്പെട്ടിരിക്കുന്ന ആത്മാവിന്റെ, അധഃപതനത്തെയാണ്.

ഈശോമ്ശിഹാ തന്റെ ശ്ലീഹന്മാക്കും അവരുടെ ന്യായമായ പിൻഗാമികൾക്കും പാപം മോചിക്കുന്നതിനും അനർഹന്മാരുടെ പാപത്തെ ബന്ധിക്കുന്നതിനുമുള്ള അധികാരം നൽകിയിരിക്കുന്നതു് എത്രയൊ യുക്തിപൂർവ്വമാണ്. അവിടത്തെ അറുതിയില്ലാത്ത അനുഗ്രഹത്താൽ പാപമോചനം പ്രാപിക്കുന്നതിനും ഇങ്ങനെ മനസ്സാക്ഷിയുടെ സമാധാനവും ആത്മാവിന്റെ സൌഭാഗ്യവും വീണ്ടും നേടുന്നതിനും വേണ്ടി താൻ അതു് ഏററവും എളുപ്പമുള്ളതാക്കിത്തീർത്തു. മനസ്സാക്ഷിയുടെ ഈ കച്ചേരിയിൽ ദൈവതിരുമനസ്സിനൊത്തവണ്ണം, മനുഷ്യനു അവന്റെ സകല പ്രവൃത്തികളേയും നടപടികളേയും നിയന്ത്രിച്ചുകൊണ്ടുപോകുന്നതിനു് അപകടരഹിതനായ ഒരു മാർഗ്ഗദർശിയുണ്ട്.

ഇനി യാതൊരുവൻ കള്ളക്കുമ്പസാരം കഴിക്കുകയൊ അല്ലെങ്കിൽ പാപകരമായ ജീവിതത്തിലുള്ള തഴക്കങ്ങളെ പരിത്യ

ജിക്കുന്നതിന് വൈമുഖ്യം പ്രദർശിപ്പിക്കുകയൊ ചെയ്താൽ അപ്രകാരമുള്ള ഇവൻെറ പാപങ്ങൾക്കു മോചനം ലഭ്യമാകുന്നതല്ല. മാത്രവുമല്ല അപ്രകാരമുള്ളവന് അവൻെറ കുമ്പസാരം കേൾക്കുന്ന പട്ടക്കാരന് പാപമോചനം നൽകാൻ പാടില്ലാത്തതുമാകുന്നു. പാപോച്ചാരണം ചെയ്യുന്നവൻ അവൻെറ ഓർമ്മയിലുള്ള സകല പാപങ്ങളെയും പരമാർത്ഥമായി ഏററുപറഞ്ഞു കുമ്പസാരിക്കുകയും, അവയിന്മേൽ തക്കതായ അനുതാപവും പ്രതിജ്ഞയും ഉണ്ടായിരിക്കുകയും ചെയ്യെങ്കിൽ മാത്രമെ കൂദാശക്കുള്ള വിമോചനപ്രവൃത്തിയുടെ ഫലം അവന് ലഭ്യമാകുകയൊള്ളു.

## കുമ്പസാരക്കാരൻ ഒരു അദ്ധ്യാത്മീയ വൈദ്യൻ കൂടെയുമാകുന്നു.

കുമ്പസാരക്കൂട്ടിൽ പുരോഹിതൻ ഒരു ഉത്തമനായ വൈദ്യൻെറ ജോലിയുംകൂടെ നിർവ്വഹിക്കുന്നുണ്ട്. എങ്ങനെയെന്നാൽ അദ്ദേഹം, തൻെറ അടുക്കൽ പാപോച്ചാരണം ചെയ്യുന്നതിനു വരുന്നവരെ നാനാതരത്തിലുള്ള പുണ്യങ്ങളെ അഭ്യസിക്കുന്നതിന് ഉപദേശിക്കുകയും പാപവഴികളെ പരിത്യജിക്കുന്നതിന് ആവശ്യപ്പെട്ട മാർഗ്ഗങ്ങളെ ചൂണ്ടിക്കാണിച്ചുകൊടുക്കുകയും പാപവിമോചനത്തിന് അത്യന്താപേക്ഷിതമായ പ്രായശ്ചിത്തത്തിൻെറ നിർവ്വഹണത്തിന് പ്രോൽസാഹിപ്പിക്കുകയും ചെയ്യുന്നു.

മനസ്സാക്ഷിയുടെ ന്യായാസനത്തിൽ ഇരുന്നുകൊണ്ടു് പട്ടക്കാരൻ വിധികർത്താവിൻെറയും വൈദ്യൻെറയും ജോലികളെ നിർവ്വഹിക്കുന്നതിന് അദ്ദേഹം ദീർഘനാളത്തെ പഠനം കൊണ്ടു് വിവിധവിഷയങ്ങളിൽ നല്ല അറിവു സമ്പാദിക്കുകയും അദ്ദേഹത്തിൻെറ ജീവിത വിശുദ്ധി കൊണ്ടു് തനിക്കു ലഭിച്ചിരിക്കുന്ന ദൈവിക പൌരോഹിത്യത്തിന് താൻ വിളിക്കപ്പെട്ടവനാണെന്ന് ദൃഷ്ടാന്തസഹിതം തെളിയിച്ചു കാണിക്കുകയും വേണം. ഓരോ പുരോഹിതനും തൻെറ അടുക്കൽ പാപസങ്കീർത്തനം ചെയ്യുന്നവരും ആദ്ധ്യാത്മീകോപദേശങ്ങളും ആജ്ഞകളും സ്വീകരിക്കുന്നവരുമായ സകല ആത്മാവുകളുടെമേലും മനസ്സാക്ഷിപ്രകാരം ഉത്തരവാദിത്വമുള്ളവനാകുന്നു. മ്ശിഹാതമ്പുരാൻ തൻെറ പൌരോഹിത്യത്തെ തൻെറ ശ്ലീഹന്മാക്കു നൽകിയപ്പോൾ അതിൻെറ സകലവിധ അധികാരങ്ങളോടും ചുമതലകളോടും കൂടിയാണ്

അവക്ക് അതു് കൊടുത്തിട്ടുള്ളതു്. "ആകാശത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു. എൻെറ പിതാവു് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയക്കുന്നു." (മത്തായി. അ. 28. വാ. 18.) എന്നാണല്ലോ മ്ശിഹാതമ്പുരാൻ തൻെറ ശ്ലീഹന്മാരോടു് അരുളിച്ചെയ്തതു്. കുമ്പസാരക്കൂട്ടിൽവെച്ചു് ദൈവത്തിനു, പാപികളുടെനേർക്കുള്ള അറുതിയില്ലാത്ത അനുഗ്രഹവും കരുണയും സ്നേഹവും, എത്രത്തോളമെന്നു് ഏററവും ഹൃദയസ്പൃക്കായവിധം വെളിപ്പെടുന്നുണ്ടു്. പ്രസ്തുത ന്യായാസനം പരിശുദ്ധമാണു് എന്നു മാത്രമല്ല പ്രശാന്തമായ ആശ്വാസം ഓരോ ആത്മാവിനും ലഭിക്കുന്നതിനുവേണ്ടി ദൈവത്താൽ നൽകപ്പെട്ടിരിയ്ക്കുന്ന ഒരു കച്ചേരിയുമാകുന്നു. ഈ ന്യായസനസമക്ഷം ആലസ്യപ്പെട്ടവനും അദ്ധ്വാനിയ്ക്കുന്നവനുമായ ഓരോ ക്രിസ്ത്യാനിക്കും അവൻെറ അഭീഷ്ടംപോലെ ഏതുസമയത്തും ചെന്നു ഹാജരായി, അവിടെ അവൻെറ സങ്കടങ്ങളേയും സംശയങ്ങളെയും പാപങ്ങളേയും വെളിപ്പെടുത്തി അവയിൽനിന്നും വിമോചനം പ്രാപിക്കാവുന്നതാണു്. മേൽപറയപ്പെട്ട കച്ചേരിയുടെ സമക്ഷം ഒരു ക്രിസ്ത്യാനി അവൻെറ മനസ്സാക്ഷിയെ ദൈവത്താൽ നിയമിതനായിരിക്കുന്ന പുരോഹിതനു് തുറന്നുകാണിക്കുമ്പോൾ അദ്ദേഹം അവൻെറ ശോച്യാവസ്ഥകണ്ടു സഹതപിക്കുകയും അവനെ രക്ഷയുടെ മാർഗ്ഗത്തിലൂടെ നയിക്കുകയും സങ്കടങ്ങളിൽ അവനെ ആശ്വസിപ്പിക്കുകയും കർത്താവു മ്ശിഹാതമ്പുരാൻ പാപിഷ്ഠയായ മഗ്ദലേന മറിയത്തിൻെറ പാപം മോചിച്ചതുപോലെ, അവൻെറ പാപങ്ങളെയെല്ലാം അദ്ദേഹം മോചിക്കുകയും ചെയ്യുന്നു.

കൂടാതെയും കുമ്പസാരക്കൂട്ടിൽനിന്നു് എളിമയും മനസ്താപത്താൽ ഹൃദയതകർച്ചയുമുള്ളവരായി ദൈവത്തിൻെറ അനുഗ്രഹത്തെ അപേക്ഷിക്കുന്നവരായ എല്ലാ കത്തോലിക്കർക്കും ലഭിക്കുന്ന ഗുണങ്ങളും ആശ്വാസങ്ങളും നവീനമാക്കപ്പെട്ട ശരണത്തിൻെറ സന്തോഷവും പരിപൂർണ്ണമായി വിവരിക്കുന്നതിനു് യാതൊരു തൂലികയ്ക്കോ അല്ലെങ്കിൽ നാവിനോ ശക്തിപോരാ.

# മൂന്നാം അദ്ധ്യായം

## കുമ്പസാരമെന്ന ക്രൂദാശ.

## പാപത്താൽ മലിനമായ ഒരു ആത്മാവിൻെറ വൈരൂപ്യം.

പ്രസ്തുത കാൎയ്യം സംബന്ധിച്ച് ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്ന പ്രധാനപ്പെട്ട സംഗതികൾ വളരെക്കാലം മുൻപ് വിശ്വവിഖ്യാതനായ ഒരു ചിത്രമെഴുത്തുകാരൻ പ്രസ്പഷ്ടമാക്കപ്പെട്ടിട്ടുള്ളതാണ്. അയാളുടെ കീൎത്തി ധാവള്യത്തിന്ന് ഹേതുഭൂതമായ അദ്ദ്വിതീയ കൈവേല, "വിശുദ്ധിയുടെ സൌന്ദൎയ്യം" എന്നപേരിൽ അയാൾ എഴുതിട്ടുള്ള ഒരു ചിത്രമായിരുന്നു. അയാൾ തൻെറ ചിത്രമെഴുത്തിൻെറ വിഷയമായി തെരിഞ്ഞെടുത്തത്, രണ്ടുവയസ്സുമാത്രം പ്രായമുള്ളതും സുന്ദരനും സുമുഖനുമായ ഒരു ശിശുവിനെയായിരുന്നു. അയാൾ ആ കുട്ടിയുടെ അൎദ്ധകായപ്രതിമ വരയ്ക്കുകയും അയാളുടെ, വളരെ ആഴ്ച വട്ടങ്ങളിലെ നിരന്തരമായ പരിശ്രമങ്ങളുടെയും അദ്ധ്വാനങ്ങളുടെയും ഫലമായ ആ ജോലി പ്രസ്തുത ചിത്രമെഴുത്തുകാരൻ അവസാനിപ്പിക്കുകയും ചെയ്തു. അയാൾ എഴുതിയ, ആ ചിത്രം "വിശുദ്ധിയുടെ സൌന്ദൎയ്യ"ത്തിൻെറ ഒരു ഉത്തമ മാതൃകയാണെന്ന്, ഏററവും കീൎത്തികേട്ടവരായ സൂക്ഷ്മദൃക്കുകളാൽ വിചാരിക്കപ്പെട്ടുമിരുന്നു.

വളരെ കൊല്ലങ്ങൾ കഴിഞ്ഞശേഷം പ്രസ്തുത ചിത്രകാരൻ അതിയായ സാമൎത്ഥ്യത്തോടുകൂടി എഴുതിയിട്ടുള്ള ചിത്രത്തിന്നു എതിരായി "കുററത്തിൻെറ വൈരൂപ്യം" എന്ന അഭിധാനത്തിൽ മറെറാരു പടംകൂടി എഴുതിവെക്കണമെന്ന് തീരുമാനിച്ചു. ഏതൽ കാൎയ്യസാദ്ധ്യത്തിന്നായി അയാൾ വളരെനാളുകളോളം ഒരു കുററക്കാരൻെറ മുഖച്ഛായയിലുള്ള ഒരു മാതൃക അന്വേഷിച്ചു നടന്നിരുന്നു. ഇങ്ങനെ ഇരിക്കവെ ഒരു ദിവസം അയാൾ ഒരു പാറാവിൻെറ മുൻപിൽകൂടി കടന്നുപോകുമ്പോൾ അതിൽ അടക്കപ്പെട്ടിരുന്ന ഒരു കുററക്കാരൻ, അവൻ കിടന്നിരുന്ന മുറിയുടെ ഏററവും ഇടുങ്ങിയ അഴിഘരതിലിൽകൂടി പുറത്തേയ്ക്കു നോക്കിനിൽക്കുന്നതുകണ്ടു. അവൻെറ ദൃഷ്ടിതന്നെ, ആ ചിത്രകാരൻ എഴുതു

 14018

വാൻ ഉദ്ദേശിച്ചിരുന്ന പടത്തിന്നു് ഒരു ഉത്തമ മാതൃകയായി തീൎന്നു. മേൽ പറയപ്പെട്ടിരിക്കുന്ന കുററക്കാരൻെറ അൎദ്ധകായപ്രതിമയുടെ ഒരു നക്കൽ നമ്മുടെ കഥാനായകനായ ചിത്രകാരൻ വരയ്ക്കുകയും അതിന്മേൽ അയാളുടെ പുതിയ പടത്തിൻെറ അടിസ്ഥാനം ഉറപ്പിക്കുകയും ചെയ്തു. ഏററവും ഇടുങ്ങിയ ജയിൽ മുറിയുടെ അഴികളുടെ ഇടയിൽക്കൂടി പുറത്തേക്കു്, ഏതാണ്ടു് മ്ളാനമുഖത്തോടുകൂടി, നോക്കിക്കൊണ്ടിരുന്ന ആ മനുഷ്യൻെറ കാഴ്ചതന്നെ, ഏതൊരു ആളിൻെറയും ഹൃദയത്തെ ദണ്ഡിപ്പിക്കുന്ന ഒന്നായിരുന്നു. ആ ചിത്രമെഴുത്തുകാരൻ, അയാൾ എഴുതിയ പ്രസ്തുത ചിത്രത്തിൻെറ അടിയിൽ, "കുററത്തിൻെറ വൈരൂപ്യം" എന്നു് രേഖപ്പെടുത്തുകയുണ്ടായി. ആ പടത്തെ, അയാൾ ഒന്നാമതായി എഴുതിയിട്ടുണ്ടായിരുന്ന, "വിശുദ്ധതയുടെ സൗന്ദൎയ്യം" എന്നു് നാമകരണം ചെയ്യപ്പെട്ട പടത്തിൻെറ സമീപത്തു് സ്ഥാപിക്കുകയാണു് ഉണ്ടായതു്.

പ്രസ്തുത പടങ്ങൾ രണ്ടും സൂക്ഷ്മനിരീക്ഷണം ചെയ്തു് താരതമ്യപ്പെടുത്തി നോക്കിയപ്പോൾ ആ ചിത്രമെഴുത്തുകാരൻ അവൎണ്ണ്യമായ ഒരു ഐകരൂപ്യം അവ തമ്മിൽ ഉള്ളതായി കണ്ടു. തന്മൂലം നടത്തിയ അന്വേഷണത്തിൽ "വിശുദ്ധതയുടെ സൗന്ദൎയ്യം" എന്നപേരിൽ അയാൾ എഴുതിയ പടത്തിന്നു് മാതൃകയായി പരിണമിച്ച രൂപലാവണ്യമുള്ള ആ കുട്ടിതന്നെയായിരുന്നു, "കുററത്തിൻെറ വൈരൂപ്യം" എന്നനാമത്തിൽ താൻ രണ്ടാമതെഴുതിയ ചിത്രത്തിൻെറയും മാതൃകയായി പരിണമിച്ചതു്, എന്തോ അനീതിപരമായ പ്രവൃത്തിനിമിത്തം ജയിൽവാസത്തിന്നു് വിധേയനായ ആ യുവാവുതന്നെ ആയിരുന്നുവെന്നു് അയാൾക്കു് ബോദ്ധ്യപ്പെട്ടു.

നമ്മുടെ കഥാനായകൻ, പ്രസ്തുത പടങ്ങളുടെ മാതൃകാപാത്രമായിതീൎന്ന ആളിൻെറ ബാല്യം മുതൽ യൗവനം വരെയുള്ള നടപടികൾ സംബന്ധിച്ചു് പൎയ്യാന്വേഷണം ചെയ്തപ്പോൾ, മനസ്സിലാക്കുവാൻ ഇടയായതു്, അവന്നു് ഓരോ വയസ്സുകൂടി വരുന്നതനുസരിച്ചു് മനുഷ്യസ്വഭാവത്തിൻെറ ഹീനങ്ങളായ ചാച്ചില്യകൾക്കു് അധീനനായി വൎത്തിച്ചുവന്നിരുന്നുവെന്നും ഇങ്ങനെ കാലക്രമത്തിൽ പാപകരമായ തഴക്കങ്ങൾക്കും പ്രവൎത്തികൾക്കും ഒരു അടിമയായി തീൎന്നുവെന്നും; ഏതൻമൂലം അവൻ ഹൃദയപരിശുദ്ധതയുടെ സൗന്ദൎയ്യത്തെ നശിപ്പിക്കുകയും തൽഫലമാ

യി തൻെറ ഹൃദയത്തെ പാപത്തിൻെറ ഹീനതകൊണ്ട് അഭിഷേചിക്കുകയും ചെയ്യുവെന്നാണ്.

അയാൾ എഴുതിയ ഇരു ചിത്രങ്ങൾമൂലം, നമ്മുടെ ചിത്രകാരൻ രേഖപ്പെടുത്തുവാൻ കരുതിയിരുന്ന യാഥാർത്ഥ്യത്തിന്, പ്രതിദിനം ലോകത്തിൽ നടന്നുകൊണ്ടിരിക്കുന്ന സംഭവ വികാസങ്ങൾ, ഉത്തമമായ തെളിവുകളാണ്. കുട്ടികളുടെ ഹൃദയങ്ങളിലുള്ള ദൈവത്തിൻെറ ഛായ, അവരുടെ സൌന്ദര്യത്തിൽ ആകർഷണീയമായവിധം വെളിപ്പെടുന്നു. ശിശുക്കൾ അവരുടെ നിഷ്കളങ്കതയിൽ നമ്മുടെ ഹൃദയത്തിൻെറ മാഹാത്മ്യമായതും അത്യഗാധമായതുമായ ഹൃദയവാത്സല്യങ്ങളെ ആകർഷിക്കുന്നുണ്ട്.

മാതാപിതാക്കന്മാർക്ക്, താന്താങ്ങളുടെ ഹൃദയത്തിലും മനസ്സിലും, അവരവരുടെ കുട്ടികളുടെനേർക്കുള്ള വാത്സല്യത്തെ വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്ന സ്വന്തം മക്കളുടെ പടങ്ങൾ എത്രമാത്രം ഉന്മേഷത്തെ ജനിപ്പിക്കുന്നു. എന്നാൽ അപ്പനമ്മമാർക്ക്, താന്താങ്ങളുടെ അരുമസന്താനങ്ങളുടെ കുററകരമായ നടപടികൾ നിമിത്തം അവർ ന്യായാധിപന്മാരാൽ ശിക്ഷിക്കപ്പെടുകയും തൽഫലമായി പാററാവുവാസം കൈവരിച്ചിരിക്കുന്നതു് കാണുവാൻ ഇടയാകുകയും ചെയ്താൽ അവർക്കുണ്ടായേക്കാവുന്ന ദുഃഖം എത്രയൊ ഹൃദയഭേദകമായിരിക്കും.

വാസ്തവത്തിൽ ദൈനംദിനം നടന്നുകൊണ്ടിരിക്കുന്ന സംഭവങ്ങളുടെ പ്രതിമകളായ ചിത്രങ്ങൾ കാരണവന്മാരുടെ ഹൃദയങ്ങളെ അപാരമായ ദുഃഖത്താൽ തകർക്കുകയും അവയുടെ ലജ്ജയുടെ രക്തക്കണ്ണുനീർ നയനങ്ങളിൽനിന്നു പ്രവഹിക്കുന്നതിന് ഇടയാകുകയും ചെയ്യുന്നു.

ഏവം വിധങ്ങളായ കാഴ്ചകൾ കച്ചേരികളിലും പാററാവുകളിലും മാത്രമല്ല കാണപ്പെടുന്നതു്, പിന്നെയൊ മററു സ്ഥലങ്ങളിലുമുണ്ട്. ഈ എഴുത്തുകാരൻതന്നെയും കുറെ വർഷങ്ങൾക്കുമുൻപ് ഒരു ആതുരശാലയെ സന്ദർശിച്ചപ്പോൾ അവിടെ ഒരു ഭാഗത്തു് നൂറിൽ പരം യുവാക്കന്മാർ ഒരുമിച്ച് താമസിക്കുന്നതു കാണ്മാൻ ഇടയായി. അവർ പൊതുജനങ്ങളുടെ സംസർഗ്ഗംവിട്ട് അവിടെ താമസിക്കുവാനുണ്ടായകാരണം എന്തായിരിക്കുമെന്ന് പ്രസ്തുത രചയിതാവ് അന്വേഷിച്ചപ്പോൾ, അവിടത്തെ ഡാക്ടറന്മാർ അയാളോടുപറഞ്ഞതു്, "അവർ എല്ലാവരും നിരന്തരമായി വ്യഭിചാരപ്രവൃത്തികൾക്ക് അടിമകളായി തീർന്നതുനിമിത്തം, അതിദുസ്സഹ

മായവിധം ദുർഗ്ഗന്ധം വീശുന്ന വ്രണങ്ങൾകൊണ്ട് അവരുടെ ശരീരം മുഴുവനും നിറഞ്ഞിരിക്കുന്നു" എന്നാണ്. കുററത്തിന്റെ നീചതയുടെ മറെറാരു പ്രതിഛായ, നമ്മുടെ രചയിതാവ് ഒരു ഭ്രാന്താശുപത്രിയെ സന്ദർശിച്ചപ്പോൾ കാണുകയുണ്ടായി. അവിടെ ഏഴുമുതൽ മുപ്പതുവയസ്സുവരെ പ്രായമുള്ള അനവധിപ്പേർ അടക്കപ്പെട്ടിരുന്നു. അവർ മനുഷ്യസ്വഭാവത്തിന്റെ അമർച്ചയില്ലാത്ത ജഡികാഭിലാഷങ്ങളുടെ ഏററവും ലജ്ജിസ്ക്കത്തക്ക, അടിമകളായിതീർന്നിരുന്നു. ഈ കാരണത്താൽ അവരുടെ തലച്ചോറ് ഏറെക്കുറെ കേടുതട്ടി നശിച്ചുപോകത്തക്കവിധം സ്വഭാവദൂഷ്യമുള്ളവരായി തീർന്നിരുന്നതുകൊണ്ട്, മററാളുകളോടുകൂടി ജീവിക്കുന്നതിന് അവർക്ക് അനുമതിനൽകുവാൻ ഒരു നിവൃത്തിയുമുണ്ടായിരുന്നില്ല. പ്രസ്തുത ഭ്രാന്തന്മാരുടെ മുഖഭാവം തന്നെ, പാപത്തിന്റെ ഹീനതയുടെ ഏററവും പരിപൂർണ്ണമായ പ്രതിഛായയായി പരിലസിച്ചിരുന്നുവെന്നുള്ളത് പ്രസ്താവ്യം തന്നെ.

ആ ആശുപത്രി സന്ദർശിച്ച നമ്മുടെ രചയിതാവിനോട് അവിടത്തെ ശിപായി പറഞ്ഞത്, "ഏററവും വിലപനീയമായ ഒരു സംഗതി, അവിടെവച്ച് കാലധർമ്മം പ്രാപിച്ചവരുടെ സ്ഥാനത്തു ഈദൃശ രോഗബാധിതരായി അനേകം ആളുകൾ വീണ്ടും വീണ്ടും വന്നുകൊണ്ടിരിക്കുന്നുവെന്നുള്ളതാണ്" എന്നാണ്.

പാപത്താലുണ്ടാകുന്ന മാലിന്യത്തെ മനുഷ്യദൃഷ്ടിയിൽനിന്ന് ഗോപനം ചെയ്യാമെന്നായിരുന്നാൽ തന്നെയും സകലത്തെയും തൃക്കൺപാർത്തുകൊണ്ടിരിക്കുന്ന ദൈവത്തിന്റെ കണ്ണുകളിൽനിന്ന് മറച്ചുവെക്കാൻ യാതൊരുവനും കഴിയുന്നതല്ല. ഫ്രീശേന്മാരും, സാപ്രേന്മാരും പ്രമാണ വിദഗ്ദ്ധന്മാരും മനുഷ്യദൃഷ്ടിയിൽ പരിശുദ്ധന്മാരായി കാണപ്പെട്ടിരുന്നു. അവർ ആകൃഷ്ടമായ ഉട്ടപാവനകളിൽ പൊതുജനങ്ങളുടെ ഇടയിൽ ഉത്തമന്മാരായിട്ടാണ് കാണപ്പെട്ടിരുന്നത്. എന്നാൽ മ്ശിഹാ തമ്പുരാൻ അവരുടെ ഏററവും വെറുക്കത്തക്കതും ഹീനവുമായ ആത്മാവസ്ഥയെ കണ്ടിട്ട്, അവരെ, അതിന്റെ അന്തർഭാഗം അതിൽ സംസ്കരിക്കപ്പെട്ടിരിക്കുന്ന ആളിന്റെ ദുർഗന്ധം വീശുന്ന അസ്ഥിക്കൂടം കൊണ്ട് ഏററവും വൃത്തിഹീനമായിരിക്കുന്നതും പുറവശമൊ എന്നാൽ വെള്ളയടിച്ച് മിനുക്കി കാഴ്ചക്ക് ഏററവും മനോഹരമാക്കിയിരിക്കുന്നതുമായ, ഒരു പ്രേതാലയത്തോടാണ്, താരതമ്യപ്പെടുത്തിയിരിക്കുന്നത്.

"വിശുദ്ധിയുടെ സൌന്ദര്യം" എന്നും "കുററത്തിന്റെ വൈരൂപ്യം" എന്നുമുള്ള അഭിധാനത്തിൽ മേൽ വിവരിക്കപ്പെട്ട ചിത്രകാരനാൽ എഴുതപ്പെട്ടിട്ടുള്ള പ്രസ്തുത ഇരു ചിത്രങ്ങളേയും നമ്മുടെ ഐഹിക ജീവിതത്തിൽ നമ്മുടെ ദൃഷ്ടിയിൽ ദൈനംദിനം അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന അവയുടെ പ്രതിഛായയേയും നമ്മുടെ ഓർമ്മയിൽ നിറുത്തിക്കൊണ്ട് കുമ്പസാരമെന്ന കൂദാശയുടെ പ്രാധാന്യതയെ നമുക്കു തക്കവിധം ഗ്രഹിക്കുന്നതിനു പരിശ്രമിക്കാം.

## കുമ്പസാരക്കൂടാകുന്ന ന്യായാസനം മനുഷ്യപ്രകൃതിയുടെ ദുശ്ചാച്ചിലുകൾക്കെതിരായ ഒരു അഭയസ്ഥാനമാകുന്നു.

ശ്ലീഹന്മാർ ദൈവസ്ഥാപിതമായ കത്തോലിക്കാ തിരുസഭയുടെ നിയമാനുസരണമുള്ള ഔദ്യോഗികസമൂഹമായി പരിലസിക്കുന്നു. മ്ശിഹാതമ്പുരാൻ നൽകിയ അധികാരം, അവരാലും അവരുടെ ന്യായമായ പിൻഗാമികളാലും അവസരോചിതമായ സന്ദർഭങ്ങളിൽ എല്ലാക്കാലങ്ങളിലും ഉപയോഗിക്കപ്പെടുന്നതിനു വേണ്ടിയാണ്, താൻ അതു് അവർക്ക് നൽകിയിരിക്കുന്നതു്.

അവരിൽ സ്ഥിതിചെയ്യുന്ന പാപം വിമോചിക്കുന്നതിനുള്ള അധികാരം ദൈവാനുഗ്രഹത്തിന്റെ ഒരു ലക്ഷ്യമാകുന്നു. എന്തെന്നാൽ പാപങ്ങൾ പൊറുക്കപ്പെടാതെ, ദൈവവുമായി രമ്യപ്പെടുന്നതിന് നമുക്ക് ഒരു നിവൃത്തിയുമില്ല. മ്ശിഹാ തമ്പുരാൻ തന്നെ, തന്റെ ഐഹിക ജീവിതത്തിൽ പാപം മോചിച്ചപ്പോൾ ഉപയോഗിച്ച ആ അധികാരം തന്നെയാണ്, തന്റെ പുനരുത്ഥാനശേഷം ശ്ലൈഹിക ഗണത്തിനും അവരുടെ പിൻഗാമികൾക്കും നൽകിട്ടുള്ളതു് എന്ന് വിശുദ്ധ പുസ്തകത്തിൽനിന്നും വിശദമാകുന്നു. "എന്റെ പിതാവ് എന്നെ അയച്ചതുപോലെ നിങ്ങളെയും ഞാൻ അയക്കുന്നു...... നിങ്ങൾ ആരുടെ എങ്കിലും പാപങ്ങൾ മോചിച്ചാൽ അവ മോചിക്കപ്പെട്ടു. എന്നാൽ നിങ്ങൾ ആരുടെതു് എങ്കിലും ബന്ധിച്ചാൽ അവ ബന്ധിക്കപ്പെട്ടവയായിരിക്കും." യോഹ: 20. വ. 21-23.)

ആകയാൽ മ്ശിഹാതമ്പുരാൻ, താൻ സ്ഥാപിച്ച തിരുസഭയിലെ മെത്രാന്മാർക്കും പട്ടക്കാർക്കും പാപം മോചിക്കുന്നതിനും

തക്ക അവസരം നേരിടുമ്പോൾ അവയെ മോചിക്കാതെ ഇരിക്കുന്നതിനുമുള്ള അധികാരം നൽകീട്ടില്ലായെന്നുള്ള അഭിപ്രായത്തിൽ ശഠിച്ചു നിൽക്കുകയും ഈവിധം മററുള്ളവരെ പഠിപ്പിക്കുകയും ചെയ്യുന്നതു് പരമാബദ്ധവും വേദപുസ്തകത്തിലെ ദൈവവചനങ്ങളോടുള്ള ഒരു വെല്ലുവിളിയുമാകുന്നു. വിശുദ്ധ ഗ്രന്ഥത്തിൽ എഴുതപ്പെട്ടിരിക്കുന്നവ സകലവും യഥാർത്ഥത്തിൽ നടന്നിട്ടുള്ള സംഭവങ്ങൾ തന്നെയാണ്. അവ പരിശുദ്ധാത്മാവിന്റെ പ്രേരണയാൽ ലേഖനം ചെയ്യപ്പെട്ടിട്ടുള്ളവയാകകൊണ്ടു് അവക്കു് യാതൊരു പ്രമാദവും വരുവാൻ തരമില്ല മാത്രവുമല്ല നിഷ്പക്ഷവാദിയും സുബുദ്ധിയുള്ളവനുമായ യാതൊരു മനുഷ്യനും അവയെ നിഷേധിപ്പാൻ നിവൃത്തിയുമില്ല.

മ്ശിഹാ തമ്പുരാൻ, തന്റെ തിരുഉത്ഥാനാനന്തരം ഒന്നാംദിവസം, സായാഹ്നത്തിൽ, അദ്ദേഹത്തിന്റെ ശ്ലൈഹിക ഗണത്തിനു് പ്രത്യക്ഷനായി, തന്റെ തിരുപ്പാദങ്ങളിലും കൈകളിലും വിലാപ്പുറത്തുമുള്ള മുറിവുകളെ, അവർക്കു കാണിച്ചുകൊണ്ടു്, അവരോടു്, തന്നെ പിതാവായ ദൈവം അയച്ചതുപോലെതന്നെ അവരേയും താൻ അയയ്ക്കുന്നു എന്നുപറഞ്ഞു പാപം വിമോചിക്കുന്നതിനും പാപം ബന്ധിക്കുന്നതിനുമുള്ള അധികാരം നൽകുകയും ചെയ്തു. ആകയാൽ ഈ കാര്യം സംബന്ധിച്ചു് വാദപ്രതിവാദം ചെയ്യുകയൊ അഥവാ സംശയിക്കുകയൊ ചെയ്യുന്നതു് വെറും ബുദ്ധിഹീനതയല്ലേയോ? ശ്ലീഹന്മാരും അവരുടെ പിൻഗാമികളും മ്ശിഹായിൽനിന്നു് പ്രസ്തുത അധികാരം സ്വീകരിച്ചിരിക്കുന്നതു്, സത്യസഭയിൽ കുമ്പസാരമെന്ന കൂദാശയുടെ ശുശ്രൂഷവഴിയായി അതിനെ അവസരോചിതം പ്രയോഗിക്കുന്നതിനുവേണ്ടിയാണു് എന്നതിനു് എന്താണു് സംശയമുള്ളതു്?

മ്ശിഹാ തമ്പുരാൻ, തന്റെ മണവാട്ടിയായ സത്യസഭമൂലമായി നമുക്കുചെയ്തിരിക്കുന്ന നാനാപ്രകാരേണയുള്ള അനുഗ്രഹങ്ങളിൽവെച്ചു് കുമ്പസാരമെന്ന കൂദാശയെക്കാൾ അത്യാവശ്യമായതും പാപികൾക്കു് ആശ്വാസപ്രദായകവുമായി മററു യാതൊന്നും തന്നെയില്ല. എന്തുകൊണ്ടെന്നാൽ ഈ ദേവദ്രവ്യാനുമാനംമൂലം പാപികളായ നമുക്കു് പാപവിമോചനം ലഭിക്കുകയും ദൈവവുമായി രമ്യപ്പെടുന്നതിനു് ഇടയായി തീരുകയും ചെയ്യും. എന്നാൽ മ്ശിഹാ തമ്പുരാൻ സ്ഥാപിച്ചിട്ടുള്ള കൂദാശകളിൽ വെച്ചു കുമ്പസാരമെന്ന കൂദാശ സകല ദുഷ്ടന്മാരാലും വിസ്മരിക്കപ്പ

ട്ടുകയും എതിക്കപ്പെട്ടുകയും ചെയ്യുന്നുവെന്നുള്ളത് വിസ്മയാവഹം തന്നെ. ഈ ക്രൂദാശയോടുള്ള അവരുടെ ഏവം വിധമായ വർത്തനക്കുള്ള ഈ കാരണം അവക്ക് പാപത്തിലേക്കു ശക്തിമത്തായ ചാച്ചിലുള്ളതാണ്.

നമ്മുടെ ആദി മാതാപിതാക്കന്മാരിൽനിന്നു നമുക്ക് അവകാശമായി ലഭിച്ചിരിക്കുന്ന ഉത്ഭവപാപംമൂലം മനുഷ്യ സ്വഭാവത്തോടു ഏററവും യോജിച്ചിരിക്കുന്നതുമായ പാപത്തിലേക്കുള്ള ചാച്ചിൽ നമ്മിൽ നിലവിലിരിക്കുന്ന ഒരു ന്യൂനതയാകുന്നുവെന്നത് പ്രസ്താവാർഹംതന്നെ. നാം ഈലോകജീവിതത്തിൽ അനുഭവിക്കുന്ന നാനാതരത്തിലുള്ള അരിഷ്ടതകളുടെയും ദുഃഖത്തിൻെറയും കാരണം അതുതന്നെയാണ്. ഈ കാരണത്താൽ നമ്മുടെ ആത്മാവിനെയും ശരീരത്തേയും സ്വമനസ്സാലെ നാം നശിപ്പിച്ചുകളയുകയാണ് ചെയ്യുന്നത്. ഇങ്ങനെ നാം തന്നെ നമ്മുടെ ശത്രുവായിതീരുന്നു.

ഏവംവിധമായ തെററു മററുള്ളവരുടെ ജീവിതത്തിൽ നാം കാണുന്നുണ്ട്. എങ്കിലും അത് നമ്മിലും ഉണ്ട് എന്നുള്ള വസ്തുത സമ്മതിക്കുവാൻ നമുക്കു വളരെ പ്രയാസംതന്നെ. നമ്മുടെ വിവേകവും ബുദ്ധിശക്തിയുമനുസരിച്ച്, നാം മററുള്ളവരിൽ കണ്ടുവരാറുള്ള ഏതൊരു കുററത്തെപ്പററിയും എത്രയും നീതിപൂർവ്വമായി അവരെ ശകാരിക്കുവാൻ തുനിയുന്ന ആ കുററംതന്നെ നമ്മിൽ ഉള്ളതായി കാണപ്പെട്ടുമ്പോൾ, നമ്മുടെ കുററകരമായ പ്രവൃത്തിയെ നാം നീതീകരിക്കുകയും ചെയ്യുന്നതിന് നമ്മെ പ്രേരിപ്പിക്കുന്നത് മനുഷ്യസഹജമായ പ്രസ്തുത ദുശ്ചാച്ചിലാകുന്നു. ഈ കാര്യം സംബന്ധിച്ച്, വേദപുസ്തകത്തിൽ എഴുതപ്പെട്ടിരിക്കുന്ന ദൈവവചനം തന്നെ ഈ പ്രകൃതത്തിൽ ഇവിടെ എടുത്തുകാണിക്കുന്നത് ഉത്തമമായിരിക്കുമെന്നു കരുതുന്നു. "നിൻെറ കണ്ണിലുള്ള തുലാം നോക്കാതെ നിൻെറ സഹോദരൻെറ കണ്ണിലെ തുരുമ്പു നോക്കുന്നതെന്ത്? ഇതാ നിൻെറ കണ്ണിൽ തുലാം ഇരിക്കെ നിൻെറ സഹോദരനോട് നില്ക്ക് നിൻെറ കണ്ണിൽനിന്ന് ഞാൻ തുരുമ്പ് എടുത്തുകളയട്ടെ; എന്നു പറയുന്നതെങ്ങനെ?" (മ. അ. 7. വ. 3. 4.) പ്രസ്തുത വേദവാക്യത്തിൽനിന്ന് വിശദമാകുന്നത്, നമ്മിൽ തിരുത്തപ്പെടേണ്ടവയായി അനവധി കുററങ്ങൾ ഉണ്ടായിരുന്നിട്ടും, അവയെപ്പററി യാതൊന്നും ഗൗനിച്ച് നമ്മിൽ കുടികൊണ്ടിരിക്കുന്ന ഗൗരവതരങ്ങളായ വീഴ്ചകളെ പാടെ വിപാടനം ചെയ്യുന്നതിൽ ശ്രമിക്കാ

തെയും നാം മററുള്ളവരിൽ കണ്ടുവരാവുള്ള നിസ്സാരങ്ങളായ വീഴ്ചകളെപ്പററി നിരൂപണം ചെയ്യുന്നുവെന്നാണ്. ഏവംവിധമായ അന്ധത മിക്കപ്പോഴും നമ്മുടെ ഈലോകജീവിതത്തിലെ യഥാർത്ഥമായ സമാധാനത്തേയും സാക്ഷാത്തായ സൌഭാഗ്യത്തെയും നശിപ്പിക്കുന്ന തണ്യതഴക്കങ്ങൾക്ക് നമ്മെ അടിമകളാക്കുകയും നമ്മുടെ മരണമില്ലാത്ത ആത്മാവിനെ നിത്യനരകാഗ്നിയിൽ വീഴുന്നതിനുള്ള അപകടത്തിലാക്കുകയും ചെയ്യുന്നു.

അധഃപതിച്ച മനുഷ്യസ്വഭാവത്തിന്റെ ഈ ബലഹീനതയിൽനിന്ന് രക്ഷപ്രാപിക്കുന്നതിനുള്ള അഭയസ്ഥാനവും അപകടരഹിതമായ കോട്ടയുമായി, മ്ശിഹാതമ്പുരാൻ, തന്റെ ദൈവികബോധജ്ഞാധത്താൽ കുമ്പസാരമെന്ന കൂദാശയാകുന്ന കച്ചേരിയെ സ്ഥാപിക്കുവാൻ തിരുമനസ്സായി. ഈ കച്ചേരി, ലോകത്തിൽ ഇപ്പോൾ നിലവിലിരിക്കുന്ന മററു കച്ചേരികളെപ്പോലെയുള്ള ഒന്നല്ല. അതിലെ നടപടികളെല്ലാം ലോകത്തിലുള്ള മററു കച്ചേരികളിൽനിന്ന് വളരെ വ്യത്യസ്തപ്പെട്ട രീതിയിലാണ് നടന്നുപോരുന്നത്. ഈ കാരണത്താൽ ഈ കച്ചേരിയിലെ ന്യായാസനസമക്ഷം ഹാജരാക്കപ്പെടുന്ന കേസുകളും, അതുസംബന്ധിച്ച് അവിടത്തെ ന്യായാധിപൻ ചെയ്യുന്ന തീർമാനങ്ങളോ പാപോച്ചാരണം ചെയ്യുന്നവനും കുമ്പസാരക്കാരനും ഒഴിച്ചു മററാർക്കും അറിവില്ലാത്തതിനാൽ, പ്രസ്തുത കൂദാശ സ്വീകരിക്കുന്ന വ പിസ്സ് യാതൊരു വിധത്തിലുള്ള മാനഹാനിയുമുണ്ടാകുന്നതല്ല. അകയാൽ ഈ കോടതിയിലുള്ള ന്യായാസനത്തിൽ ഉപവിഷ്ടനായിരിക്കുന്ന ആ വിധികർത്താവിന്റെ സമക്ഷം നമ്മുടെ തെററുകളും പാപങ്ങളും ആദ്ധ്യാത്മീയ ബലഹീനതകളും നമുക്കു വെളിപ്പെടുത്താം. നാം അനുതാപത്തോടും യഥാർത്ഥമായ പ്രതിജ്ഞയോടും എളിമയോടും കൂടെ നമ്മുടെ പാപകർമ്മങ്ങളെ അദ്ദേഹത്തോടു ഏററുപറയുകയാണെങ്കിൽ, നമ്മുടെ പാപങ്ങളെ വിമോചിക്കുന്നതിനും ഇങ്ങനെ ദൈവവുമായി രമ്യപ്പെടുത്തുന്നതിനും അദ്ദേഹം ദൈവത്തിൽനിന്ന് അധികാരം പ്രാപിച്ചിട്ടുണ്ട്.

ഈ കച്ചേരിയിൽ ദൈവ പ്രമാണങ്ങളെ ലംഘിച്ച്, നാം ചെയ്തിരിക്കുന്ന കുററങ്ങൾ സംബന്ധിച്ച്, ദൈവത്തിന്റെ പ്രതിനിധിയായി, അനുഗ്രഹത്തിന്റെ ന്യായാസനത്തിൽ ഉപവിഷ്ടനായിരിക്കുന്ന പട്ടക്കാരന്റെ സമക്ഷം നാം ഹാജരാക്കുന്ന തെളിവനുസരിച്ചാണ് അദ്ദേഹം കേസു തീരുമാനിക്കുന്നത്. നാം

ചെയ്തിരിക്കുന്ന കുററങ്ങളെ സംബന്ധിച്ചു ഒഴിവുകഴിവു പറയുന്നതിനും ഏതൻമൂലം നമ്മെ നിരപരാധികളാക്കുന്നതിനും നാം പ്രേരിതരായിത്തീരുന്നുവെങ്കിൽ അതു് ദൈവത്തിൻെറയും നമ്മുടെയും ശത്രുവായ സാത്താൻെറ വഞ്ചനാപൂരിതമായ പ്രേരണയാലാണെന്നു് നാം മനസ്സിലാക്കണം.

ചെയ്തിരിക്കുന്ന പാപങ്ങളിന്മേൽ തക്കമനസ്താപവും മേലിൽ പാപം ചെയ്യുകയില്ലെന്നു ഉറപ്പുള്ള പ്രതിജ്ഞയും നമ്മിൽ കാണുന്നില്ലെങ്കിൽ, ദൈവത്താൽ നിയമിതനായ വിധികർത്താവു്, മനസ്സാക്ഷിയുടെ കച്ചേരിയിൽ നമ്മുടെ പാപവിമോചനം, നിഷേധിക്കേണ്ടതാണു്. നമ്മുടെ പാപകരമായ പ്രവൃത്തികളെയും തണ്ടുതഴക്കങ്ങളേയും നീതികരിച്ചു. നാം പറയുന്നകാലത്തോളം നമുക്കു് പാപവിമോചനം ലഭിക്കുകയില്ലെന്നു മാത്രമല്ല മ്ശിഹാതമ്പുരാൻെറ വീണ്ടെടുപ്പിൻെറ അമൂല്യമായ ഫലങ്ങളിലൊ, കൂദാശകളുടെ പ്രസാദവരങ്ങളിലൊ പങ്കുകാരാകുന്നതിനു് നമുക്കു സാധിക്കുകയുമില്ല. കൂടാതെയും നാം ഈ കൂദാശായ അയോഗ്യമായി സ്വീകരിച്ചതുകൊണ്ടു് ഒരു ദൈവദോഷവുംകൂടി പിഴക്കാൻ നമുക്കിടയാകുകയും ചെയ്യുന്നു.

നമ്മുടെ നേർക്കുള്ള സ്നേഹത്താൽ പൂരിതനായ ഈശോമ്ശിഹായുടെ വിലമതിച്ചുകൂടാത്ത തിരുരക്തത്താൽ വീണ്ടും രക്ഷിക്കപ്പെട്ട ദൈവത്തിൻെറ പ്രേമസന്താനങ്ങളായ നാം കുമ്പസാരമെന്ന കൂദാശയെ സ്വീകരിക്കുന്ന കാര്യത്തിൽ ഉപേക്ഷ വിചാരിക്കുകയൊ അതൃപ്തി പ്രദർശിപ്പിക്കുകയോ ചെയ്യുന്നെങ്കിൽ നാം എങ്ങനെ നിത്യമായ രക്ഷ പ്രാപിക്കും? ഈ കാരണത്താൽ സാത്താൻെറ തന്ത്രവലയിൽ കുടുങ്ങിക്കിടക്കുന്ന നാം തന്നെയായിരിക്കും നമ്മുടെ സാക്ഷാലുള്ള ശത്രു.

നമ്മുടെ അധഃപതിച്ച സ്വഭാവപ്രകൃതിയെ കൂലംകഷം പരിശോധിച്ചു നോക്കുന്നതായാൽതന്നേയും നാം തന്നെ നമ്മുടെ ശത്രുവാകുന്നുവെന്നു് നമുക്കു എളുപ്പത്തിൽ ഗ്രഹിക്കുവാൻ കഴിയും. ഇതിനു നമ്മുടെ അനുദിന അനുഭവങ്ങൾ തന്നെയും ഉത്തമലക്ഷ്യങ്ങളാണു്. മാത്രവുമല്ല. ദൈവത്തിൻെറ സ്ഥാനപതിയായി കുമ്പസാരക്കൂട്ടിൽ ഇരുന്നു് നമ്മുടെ പാപോച്ചാരണം കേൾക്കുന്ന പുരോഹിതശ്രേഷ്ഠൻ, തിന്മയിലേക്കുള്ള അതിയായ നമ്മുടെ ചാച്ചിൽ എത്രത്തോളമുണ്ടെന്നു്, നല്ലവണ്ണം മനസ്സിലാക്കി, നമ്മുടെ നിത്യരക്ഷയുടെ കാര്യത്തിൽ നാം ആണു് നമ്മുടെ ശത്രുവെന്നു്

ചൂണ്ടിക്കാണിച്ചുതരുന്നുണ്ട്. ആ സ്ഥിതിക്ക് മനസ്സാക്ഷികച്ചേരിയുടെ സമക്ഷം, നമ്മുടെ പാപങ്ങളേയും ദുര്യതഴക്കങ്ങളേയും ഏററുപറഞ്ഞു, അവിടെനിന്ന് അവയ്ക്കു് വിമോചനം പ്രാപിക്കാൻ മനസ്സാകാതെ എങ്ങനെയാണ് ദൈവവും നമ്മുമായി രമ്യപ്പെടുവാൻ കഴിയുന്നത്? കുമ്പസാരമെന്ന കൂദാശയുടെ സ്വീകരണമൊന്നല്ലാതെ, ജ്ഞാനസ്നാനം സ്വീകരിച്ചശേഷം നാം ചെയ്തിട്ടുള്ള പാപംമൂലം നമുക്കു നേരിട്ടിരിക്കുന്ന നഷ്ടത്തെ പരിഹരിക്കുന്നതിനു യാതൊരു മാർഗ്ഗവുമില്ല.

നമ്മുടെ ജീവിതത്തിലുണ്ടായിക്കൊണ്ടിരിക്കുന്ന കുററങ്ങളുടെ ദുഷ്ഫലങ്ങളെ വേണ്ടവിധം നമുക്കു ചൂണ്ടിക്കാണിച്ചുതരുന്ന ഉത്തമനായ സ്നേഹിതൻെറ സദുപദേശങ്ങളെ എത്രയോ വേഗത്തിലാണ് നാം അവഗണിച്ചു പ്രവൎത്തിക്കാറുള്ളത്? ഏവംവിധങ്ങളായ അദ്ദേഹത്തിൻെറ ഗുണദോഷങ്ങൾമൂലം നമ്മുടെ അനുദിനകൃത്യങ്ങളിൽ യാതൊരു തെററുമില്ലെന്ന് പ്രസ്താവിച്ചുകൊണ്ടു് അവയെ നാം ന്യായീകരിക്കുന്നു. എന്നാൽ നാം യാതൊരു അററകുററവും നമ്മുടെ പ്രവൃത്തി കാണാത്തത്, ഒന്നുകിൽ ലൌകീയ വസ്തുക്കളുടെനേരെയുള്ള ക്രമം കടന്നവിധമുള്ള സ്നേഹമൊ, ഭൌതീക സുഖഭോഗങ്ങളിലുള്ള അതിരററവിധമുള്ള ആസക്തിയൊകൊണ്ടോ അല്ലെങ്കിൽ അതിദുസ്സഹമായ മനഃക്ഷോഭം കൊണ്ടോ നമ്മുടെ ബോധം അന്ധകാരനിബിഡമായി തീൎന്നതുമൂലമാണ്. ഇപ്രകാരം നമ്മുടെ ഈലോക ജീവിതത്തിലെ സൌഭാഗ്യം നമുക്ക് നഷ്ടീഭവിക്കുകയും നിത്യകാലത്തേക്കുള്ള മോക്ഷാനന്ദം അപകടത്തിലായി തീരുകയും ചെയ്യുന്നു. നമ്മുടെ അധഃപതിച്ച സ്വഭാവത്തിനടുത്ത ദുര്യചാച്ചിലുകൾക്ക് എതിരായിട്ടുള്ള നമ്മുടെ ഏക അഭയസ്ഥാനമാകുന്ന കുമ്പസാരമെന്ന കൂദാശയെ നാം പരിത്യജിക്കുന്നുവെങ്കിൽ മേൽ വിവരിക്കപ്പെട്ട നാശങ്ങളായിരിക്കും നമ്മെ അഭിമുഖീകരിക്കുവാനിരിക്കുന്നത്.

# നാലാം അദ്ധ്യായം.

## കുമ്പസാരമെന്ന കൂദാശ
## നമ്മുടെ മൂന്നുശത്രുക്കൾ.

ഈ അദ്ധ്യായത്തിൽ, കുമ്പസാരമെന്ന കൂദാശ സംബന്ധിച്ച് പ്രസ്താവിക്കപ്പെടുന്ന പ്രധാന സംഗതികൾ മ്ശിഹായും നിത്യരക്ഷാപ്രദായകങ്ങളായ തന്റെ പഠനങ്ങളും, ലോകം, പിശാച്, ശരീരം, എന്ന മൂന്ന ശത്രുക്കളാൽ എതൃക്കപ്പെടുന്നുവെന്നുള്ളതാണ്. ഈ മൂന്ന കൊടിയ ശത്രുക്കളും നമ്മുടെ ആദിമാതാപിതാക്കന്മാരുടെ പാപത്തിലേക്കുള്ള അധഃപതനത്തിനു ശേഷമാണ് ഈലോകത്തിൽ പ്രാബല്യമുള്ളവരായി തീൎന്നിട്ടുള്ളത്. അവർ അക്ഷീണന്മാരായ രണവീരന്മാരാണ്. അവരുടെ ശക്തി നമ്മുടെമേൽ അവർ പ്രയോഗിക്കുന്നു. നമ്മുടെ മനസ്സിനെ സ്വാധീനപ്പെടുത്തിക്കൊണ്ടാണ്. ഓരോ വ്യക്തിയുടെയും സമുദായത്തിന്റെയും ജീവിതത്തെ സദാ അലട്ടിക്കൊണ്ടിരിക്കുന്ന സകലവിധ തിന്മകളുടെയും ഹേതുഭൂതന്മാർ അവർ തന്നെ.

നമ്മുടെ മനസ്സിനെ, ദൈവതിരുമനസ്സിനോട്ട് എതിൎക്കുന്നതിനു നമ്മെ പ്രേരിപ്പിക്കുന്ന അഹംകാരത്തിലാണ് ലോകത്തിന്റെ അരൂപി ആണ്ടുകിടക്കുന്നത്. മാംസേശ്ചയെന്നതു് നമ്മുടെ മനസ്സിനെ ശാരീരിക ദുശ്ചാച്ചില്യകൾക്കും വെറും മൃഗീയവും ഹീനവുമായ ജഡിക അഗ്രഹങ്ങൾക്കും പ്രവൃത്തികൾക്കും നമ്മെ അടിമപ്പെടുത്തുന്നതിനു ശ്രമിക്കുന്ന മനുഷ്യസ്വഭാവത്തിന്റെ ഒരു ചാച്ചിലാകുന്നു. സാത്താന്റെ അരൂപിയെന്നതു്, നശിച്ചുപോയ മാലാഖാമാരുടെ മനസ്സിനെ പ്രേരിപ്പിച്ച അധികാരനിരാസമെന്ന തിന്മയാകുന്നു. അതു മനുഷ്യന്റെ മനസ്സിനെ ദൈവത്തോടു എതൃക്കുന്നതിന് പ്രേരിപ്പിക്കുവാൻ തക്ക അവസരം പാൎത്തുകൊണ്ടിരിക്കയാണ് ചെയ്യുന്നതു്.

അതുകൊണ്ടു് നമ്മുടെ ഐഹിക ജീവിതത്തിൽ നാം നിഗളത്തിന്റെയും മാംസത്തിന്റെയും സാത്താന്റെയും സ്വാധീനശക്തിക്കു് കീഴ്പ്പെട്ടവരാണെന്ന് നാം സദാ സ്മരിക്കേണ്ടതാണ്. പ്രസ്തുത മുവിധ ശത്രുക്കളും നമ്മുടെ മനസ്സിന്റെ പ്രവൎത്തികൾ മൂലം സ്വയം വെളിപ്പെടുത്തുകയും അവയുടെ വിഷയങ്ങളായി ന

മ്മുടെ ഈലോകജീവിതത്തിലെ ക്ഷണഭംഗുരങ്ങളും നിഷിദ്ധങ്ങളുമായ സുഖഭോഗാദികളിലേക്ക് നമ്മുടെ മനസ്സിനെ ആകർഷിക്കുകയും ചെയ്തു്, അവരുടെ ഹിതാനുസാരം എന്തു തിന്മയും ചെയ്യുന്നതിന് സദാ നമ്മെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. പ്രസ്തുത മൂന്നു സങ്കലിത ശക്തികളും ഏകോപിച്ച് ദുഷ്ടന്മാരുടെ മനസ്സിനെ സ്വാധീനപ്പെടുത്തി, ദൈവപുത്രനായ മ്ശിഹാതമ്പുരാനെ നിരവധി പീഡകൾ അനുഭവിപ്പിച്ച് കുരിൽ തറച്ച് കൊല്ലുകയും അദ്ദേഹത്താൽ സ്ഥാപിതമായ തിരുസഭയോടും പൗരോഹിത്യത്തോടും തൻെറ കൂദാശകളോടും തൻെറ പരിപാവനമായ പഠനത്തോടും നിരന്തരമായി എതൃത്തുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഈ കാര്യങ്ങളിൽ നമ്മുടെ മനഃസ്ഥിതിയും പ്രവൃത്തികളും ഏതുപ്രകാരത്തിലുള്ളതാണ്? ലോകം പിശാച്, ശരീരം, എന്ന ഈ മൂന്നുശത്രുക്കളുടെ കുതന്ത്രങ്ങൾക്ക് നമ്മുടെ മനസ്സു വിധേയമായിത്തീരുന്നുണ്ടോ? മ്ശിഹാ തമ്പുരാൻെറ സ്വർഗ്ഗീയ പഠനങ്ങൾ സംബന്ധിച്ച് നാം നിഷ്പക്ഷബുദ്ധികളായിട്ടാണൊ നാം വർത്തിച്ചുപോരുന്നത്? ദൈവപ്രമാണങ്ങളെ മനസ്സറിഞ്ഞുകൊണ്ട് ലംഘിച്ചുകൊണ്ടുള്ള ജീവിതമാണൊ നാം നയിച്ചുപോരുന്നത്? നമ്മുടെ അദ്ധ്യാത്മീയ ശത്രുക്കളുടെ പ്രലോഭനങ്ങൾക്കനുസരണമായി പരിപാവനവും രക്ഷാകരവുമായ കുമ്പസാരമെന്ന കൂദാശയെ സ്വീകരിക്കുന്ന കാര്യത്തിൽ മടിയൊ, ഉപേക്ഷയൊ നാം പ്രദർശിപ്പിക്കുന്നുണ്ടോ?

താഴെക്കാണുന്ന വേദവാക്യങ്ങളെ ശ്രദ്ധാപൂർവ്വം പഠിക്കുന്നതായിരുന്നാൽ, മ്ശിഹാതമ്പുരാൻെറ പഠനങ്ങളും ഉപദേശങ്ങളും എന്തുകൊണ്ടാണ്, പ്രസ്തുത ശത്രുക്കളാൽ എതൃക്കപ്പെടുന്നതെന്ന്, നമുക്ക് നിഷ്പ്രയാസം മനസ്സിലാക്കുവാൻ കഴിയും.

നിഗളത്തിൻെറ അരൂപി. "ഞാൻ സ്വർഗ്ഗത്തിൽകയറി, ദൈവത്തിൻെറ നക്ഷത്രങ്ങളുടെമേൽ എൻെറ സിംഹാസനത്തെ സ്ഥാപിക്കും. വടക്കഭാഗത്തുള്ളവാഗ്ദാനത്തിൻെറപർവ്വതങ്ങളിന്മേൽ ഞാൻ ഇരിക്കും. മേഘങ്ങളുടെ മുകളിൽ ഞാൻ കയറി, അത്യുന്നതന് സമമുള്ളവനാകും" എന്ന് സ്സീൻതൂറാ അവൻെറ ഹൃദയാന്തർഭാഗത്ത് കരുതി. (ഏശായ. അ. 14. വ. 13. 14).

ഏവംവിധമായ അഹംകാരത്തിനടുത്ത നിരൂപണക്ക് വശംവദരായ സ്സീൽതൂറായും അവൻെറ കൂട്ടുകാരും ദുഷ്ടാരൂപികളായി തീരുകയും തൻമൂലം അവർ സ്വർഗ്ഗത്തിൽനിന്ന് ബഹിഷ്ക്കൃ

രിക്കപ്പെട്ടുകയും ചെയ്യും. ഇപ്രകാരമുള്ള അഹങ്കാരംനിമിത്തം, അവർ എല്ലാവരും നിത്യനരകാഗ്നിയിൽ അനവരതം പീഡകൾ അനുഭവിക്കുന്നതിന് 'നീതിമാനായ ദൈവത്താൽ വിധിക്കപ്പെട്ടുകയുണ്ടായി. "അവർ അഗാധത്തിലുള്ള കുഴിയിലേക്ക് തള്ളിയിടപ്പെട്ടു." (ഏശായ അ. 14. വ. 15.)

മനുഷ്യൻെറ നിഗളത്തിനുള്ള ആരംഭം ദൈവത്തിൽ നിന്നുള്ള അകൽച്ചയാകുന്നു. എന്തുകൊണ്ടെന്നാൽ അവൻെറ ഹൃദയം അവൻെറ സ്രഷ്ടാവിൽനിന്ന് അകന്നുപോയി. ഈ കാരണത്താൽ നിഗളം സകല പാപങ്ങളുടെയും ആരംഭമാകുന്നു. നിഗളത്തിന് അടിമയായിരിക്കുന്നവൻ, എല്ലാവരുടെയും നിന്ദക്ക് പാത്രമായിതീരുകയും, അവസാനത്തിൽ, അത് അവനെ നാശക്കുഴിയിലേക്ക് വലിച്ചുചാടിക്കുകയും ചെയ്യും." (കൊഹ്. അ. 10, വ. 14. 15.)

മാംസത്തിൻെറ ദുരാശ.

"എന്തുകൊണ്ടെന്നാൽ ആത്മാവിന് ഹാനികരമായിട്ടുള്ളതിനെ ജഡം ആഗ്രഹിക്കുന്നു. ജഡത്തിന് ഹാനികരമായിട്ടുള്ളതിനെ ആത്മാവും ആഗ്രഹിക്കുന്നു. അവ രണ്ടും, നിങ്ങൾ ഇച്ഛിക്കുന്നത് പ്രവർത്തിക്കാതിരിക്കത്തക്കവണ്ണം പരസ്പരം ശത്രുക്കളാകുന്നു. നിങ്ങൾ ആത്മാവിനാൽ നടത്തപ്പെടുന്നുവെങ്കിൽ നിയമത്തിന് കീഴല്ല. ജഡത്തിൻെറ പ്രവൃത്തികൾ അറിയപ്പെട്ടവയാകുന്നു. (അവ) വ്യഭിചാരം, അശുദ്ധി, ദുഷ്കാമം, വിഗ്രഹാരാധന, അഭിചാരം, ശത്രുത, തർക്കം, പക, കോപം, ശാഠ്യം, ഭിന്നതകൾ കക്ഷിമത്സരം, അസൂയ, കൊല, മദ്യപാനം, (തെറി) പാട്ട് ഇവയും, ഇവക്ക് തുല്യമായിട്ടുള്ളവ ഒക്കെയും "ആകുന്നു". ഇവ പ്രവർത്തിക്കുന്നവർ ദൈവരാജ്യം അവകാശപ്പെടുത്തുകയില്ലായെന്ന് മുൻപ് നിങ്ങളോട് പറഞ്ഞിട്ടുള്ളതുപോലെ ഇപ്പോഴും ഞാൻ പറയുന്നു. ആത്മാവിൻെറ ഫലങ്ങളാകട്ടെ, സ്നേഹം, സന്തോഷം, സമാധാനം, ദീർഘശാന്തത, മധുരശീലം, സൽഗുണം, വിശ്വാസം, വിനയം ക്ഷമ, "ഇവയാകുന്നു". അവക്ക് വിരോധമായി നിയമം വെക്കപ്പെട്ടിട്ടില്ല." (ഗാലത്ത. അ. 5. വ. 17. 23.)

<u>സാത്താൻെറ അരുചി.</u> അപ്പോൾ പരീക്ഷകൻ അടുത്തുചെന്ന് അവനോട്: നീ ദൈവപുത്രനാകുന്നുവെങ്കിൽ ഈ കു

ല്ലുകൾ അപ്പമായിതീരുവാൻ കല്പിക്കുക എന്നു പറഞ്ഞു. അവൻ ഉത്തരമായി മനുഷ്യൻ അപ്പംകൊണ്ടുമാത്രമല്ല, ദൈവത്തിന്റെ വായിൽനിന്ന് പുറപ്പെടുന്ന വചനംകൊണ്ടുമാകുന്നു ജീവിക്കുന്നത് എന്ന് എഴുതപ്പെട്ടിരിക്കുന്നു എന്ന് അരുളിച്ചെയ്തു. അപ്പോൾ പിശാച് വിശുദ്ധ നഗരത്തിലേക്ക് അവനെ കൂട്ടിക്കൊണ്ടുപോയി ദേവാലയത്തിന്റെ അഗ്രത്തിൽ നിറുത്തിക്കൊണ്ട്, നീ ദൈവപുത്രനാകുന്നുവെങ്കിൽ താഴെയ്ക്ക് ചാടുക. അവൻ നിന്നെക്കുറിച്ച് തന്റെ ദൈവദൂതന്മാരോട് കല്പിച്ചു എന്നും നിന്റെ കാൽ കല്ലിന്മേൽ ഉതസ്സാതെയിരിക്കുവാൻ അവർ തങ്ങളുടെ കൈകളിൽ നിന്നെ താങ്ങുമെന്നും എഴുതപ്പെട്ടിരിക്കുന്നുവല്ലോ എന്നു പറഞ്ഞു. ഈശോ അവനോട് നിന്റെ ദൈവമായ കർത്താവിനെ നീ പരീക്ഷിക്കരുതു എന്നുകൂടെയും എഴുതപ്പെട്ടിരിക്കുന്നു എന്നരുളിച്ചെയ്തു. പിന്നെ പിശാച് ഏററവും ഉയർന്ന ഒരു മലയിലേക്ക് അവനെ കൂട്ടിക്കൊണ്ടുപോയി, ലോകത്തിലെ സകല രാജ്യങ്ങളും അവയുടെ മഹത്വവും കാണിച്ച്, അവനോട് നീ വീണ് എന്നെ ആരാധിക്കുമെങ്കിൽ ഇവയെല്ലാം ഞാൻ നിനക്കു തരാം. (മത്തായി. അ. 4. വ. 3. 9.)

“അപ്പോൾ ശെമ്ഓൻ അവനോട് പറഞ്ഞു ഹന്നനിയ, നീ പരിശുദ്ധാത്മാവിനോടു കളവുപറയുവാനും, പറമ്പിന്റെ വിലപ്പണത്തിൽ ഒരു ഭാഗം മറച്ചുവെക്കുവാനും തക്കവണ്ണം നിന്റെ ഹൃദയത്തെ സാത്താൻ നിറച്ചതെന്താകുന്നു? അതു വില്ക്കപ്പെടുന്നതിന് മുൻപ് നിന്റേതായിരുന്നില്ലേ? വില്ക്കപ്പെട്ട ശേഷം പിന്നെയും അതിന്റെ വിലയിന്മേൽ നിനക്ക് അധികാരം ഉണ്ടായിരുന്നു. ഈ കാര്യം നീ മനസ്സിൽ കരുതിയതു് എന്തിന്? നീ മനുഷ്യരോടല്ല. ദൈവത്തോടാകുന്നു കളവു പറഞ്ഞിരിക്കുന്നത്.” (നടപടി. അ. 5. വ. 3. 4.)

പിശാചിന്റെ കണികളോട് എതൃത്തുനില്ക്കുവാൻ നിങ്ങൾക്ക് കഴിയേണ്ടതിന് ദൈവത്തിന്റെ ആയുധമെല്ലാം ധരിക്കുകയും ചെയ്യുവിൻ. എന്തുകൊണ്ടെന്നാൽ നിങ്ങളുടെ യുദ്ധം ശരീരത്തോടുമല്ല, രക്തത്തോടുമല്ല, പ്രഭുത്വങ്ങളോടും അധികാരികളോടും അന്ധകാരമയമായ ഈ ലോകത്തെ കീഴടക്കിക്കൊണ്ടിരിക്കുന്നവരോടും ആകാശത്തിൻ കീഴുള്ള ദുരാത്മാക്കളോടും ആകുന്നു. (അപ്പസ്സ. അ. 6. വ. 11. 12.)

"നി സഹിക്കുവാനിരിക്കുന്നവയിൽ യാതൊന്നും ഭയപ്പെടേണ്ട. നിങ്ങൾ പരീക്ഷിക്കപ്പെടുവാൻതക്കവണ്ണം ഇതാ! പിശാചു നിങ്ങളിൽ ചിലരെ കാരാഗൃഹത്തിൽ ആക്കുവാനിരിക്കുന്നു. പത്തു ദിവസത്തേക്ക് നിങ്ങൾക്ക ഞെരുക്കമുണ്ടാകും. മരണംവരെ വിശ്വസ്തരായിരിക്കുക. ആയുസ്സിന്റെ കിരീടം നിനക്ക ഞാൻ തരും." (വെളിപാട്. അ. 2. വ. 10.)

മനുഷ്യന്റെ ജന്മശത്രുക്കളായ ലോകം, പിശാച് ശരീരം എന്നിവർ അവരുടെ നാനാതരത്തിലുള്ള വഞ്ചനാപൂരിതങ്ങളായ വ്യാമോഹങ്ങളാൽ അവനെ വലയം ചെയ്തുകൊണ്ട്, അവന്റെ പരമാന്ത്യമാകുന്ന ദൈവത്തിൽനിന്ന് അകററി വിവിധങ്ങളായ അക്രമപാപങ്ങൾക്ക് വിധേയനാക്കുന്നു. തൻമൂലം അവനിൽ മുൻപുണ്ടായിരുന്ന അദ്ധ്യാത്മീയ വെളിച്ചം അവന് നഷ്ടപ്പെട്ടുപോകുകയും അവന്റെ ആത്മാവ് പാപാന്ധകാരത്താൽ മൂടപ്പെടുകയും ചെയ്യുകനിമിത്തം പ്രസ്തുത ത്രിവിധ ശത്രുക്കളുടെ പ്രേരണയനുസരിച്ച്, നീതിക്കും സന്മാർഗ്ഗത്തിനും അനുയോജ്യമായിട്ടുള്ള ഏതുപ്രവൃത്തിയും ചെയ്യുന്നതിനും യാതൊരു സങ്കോചവും ഉണ്ടായിരിക്കുകയില്ല. ഇങ്ങനെ അവൻ മനസ്സാക്ഷിയുടെ സ്വരത്തെ വകവെക്കാതെ ദൈനംദിനം നാനാതരത്തിലുള്ള പാപങ്ങൾക്ക് അടിമയാകുക കാരണത്താൽ ദൈവദ്രോഹിയായി ജീവിതം നയിക്കുന്നത് നിമിത്തം ആത്മാവിന്റെ നിത്യരക്ഷയേയും, ദൈവത്തെയും സംബന്ധിച്ച് യാതൊരു ചിന്തയും കൂടാതെ മൃഗതുല്യനായി കാലയാപനം ചെയ്യുന്നതിന് ഇടയായിത്തീരുന്നു. അതുകൊണ്ടു തന്നെയാണ് രാജർഷി ദീർഘദർശി ഇത്തരക്കാരായ ദുഷ്ടപാപികളെ ഉദ്ദേശിച്ച്, "മനുഷ്യൻ അവന്റെ മഹത്വത്തെപ്പററി ആലോചിക്കാതെ മൃഗതുല്യനായിത്തീന്നിരിക്കുന്നു" എന്ന് തന്റെ സങ്കീർത്തനങ്ങളിൽ പാടുന്നത്. ഏവംവിധം ജീവിതം നയിക്കുന്ന മനുഷ്യൻ അദ്ധ്യാത്മികമായ നിലയിൽ വലിയ അപകടകരമായ ഒരു അവസ്ഥയിലാണ് ഇരിക്കുന്നത്. ഇങ്ങനെയുള്ള അത്യാപത്തിൽനിന്നു രക്ഷപ്രാപിക്കുന്നതിനും ഒരു നല്ല ജീവിതം നയിക്കുന്നതിനും സാക്ഷാൽ ആഗ്രഹിക്കുന്ന ഒരുവന് ദൈവപ്രസാദവരങ്ങളുടെ സഹായം അനുപേക്ഷണീയം തന്നെ. എന്നാൽ ദൈവപ്രസാദവരം ധാരാളമായി നമുക്ക ലഭിക്കുന്നതിനു സപ്രധാനമായിട്ടുള്ള ഒരു മാർഗ്ഗം വിശുദ്ധകൂദാശകളുടെ വിശിഷ്യ, കുമ്പസാരമെന്ന കൂദാശയുടെ, സ്വീകരണമാണ്. അതിന്റെ

സ്വീകരണം മൂലമായിട്ടു മാത്രമെ, ലോകം, പിശാച്, ശരീരം, എന്ന ത്രിവിധ ശത്രുക്കൾ നാനാതരത്തിലുള്ള പ്രലോഭനങ്ങളാകുന്ന ആയുധങ്ങൾ പ്രയോഗിച്ചുകൊണ്ട് നമ്മോടു ചെയ്യുന്ന ആക്രമണങ്ങളിൽ അവരോട് എതിർത്ത് പോരാടി അവരെ പരാജിതരാക്കി നമുക്ക് വിജയശ്രീലാളിതരായി തീരുന്നതിന് സാദ്ധ്യമാകുകയൊള്ളു എന്നത് തർക്കമററ ഒരു കാര്യമാണ്.

## കുമ്പസാരമെന്ന കൂദാശ

## ലോകം, പിശാച്, ശരീരം എന്ന ത്രിവിധ ശത്രുക്കളാൽ എതൃക്കപ്പെടുന്നു.

നാം മാമ്മോദിസാ മുങ്ങിയതിനു ശേഷം നാം ചെയ്തിരിക്കുന്ന പാപങ്ങൾക്ക് മോചനം നമുക്ക് ലഭിക്കുന്നതിന് നമ്മുടെ പരിത്രാതാവായ മ്ശിഹാ തമ്പുരാൻ സ്ഥാപിച്ചിട്ടുള്ള ഒരു കൂദാശയാകുന്നു കുമ്പസാരം. വിശ്വാസികൾക്ക്, അവർ ആവശ്യപ്പെടുമ്പോൾ ഒക്കെയും തക്ക ഒരുക്കമുള്ളവരായി കാണപ്പെടുമ്പോൾ പാപവിമോചനം നൽകുന്നതിനും അതിന് അയോഗ്യരായി കാണപ്പെടുന്നവരുടെ പാപമോചനം നിഷേധിക്കുന്നതിനുമുള്ള അധികാരം തിരുസഭയുടെ അജപാലകന്മാക്ക് നൽകീട്ടുണ്ടെന്ന് മുകളിൽ പ്രസ്താവിച്ചിട്ടുള്ളതാണ്. ഈ അധികാരം, തിരുസഭയുടെ ആരംഭകാലം മുതൽതന്നെ, വിശ്വാസികളുടെമേൽ അതിൻെറ ഭരണാധികാരികൾ പ്രയോഗിച്ചുപോരുന്നു.

ദൈവം, തൻെറ പ്രവൃത്തികളിൽ, അതിശയിക്കപ്പെടത്തക്കവനാകുന്നു. താൻ സകലവും നന്നായിച്ചെയ്യുന്നു. മാത്രവുമല്ല താൻ ചെയ്യുന്നതെന്തോ അവ ഉപയോഗശൂന്യമായതൊ അല്ലെങ്കിൽ അനാവശ്യമായവയൊ അല്ല ആരാധനക്ക് പാത്രമായ പരിശുദ്ധ ത്രിത്വത്തിലെ രണ്ടാമത്തെ ആളായ മ്ശിഹാതമ്പുരാൻ, നമ്മെ പാപത്തിൻെറ അടിമത്വത്തിൽനിന്ന് വീണ്ടെടുക്കുവാൻ, സ്വർഗ്ഗത്തിൽനിന്ന് ഈ ലോകത്തിലേക്ക് എഴുന്നെള്ളിവരികയും മനുഷ്യസ്വഭാവം സ്വീകരിച്ച്, നമ്മേപ്പോലെ മനുഷ്യനായി പിറന്ന് നിരവധി പാടുപീഡകൾ സഹിച്ച്, കടശിയിൽ തന്നെത്തന്നെ ഒരുപരിഹാരബലിയായി പിതാവായ ദൈവത്തിനു സമർപ്പിക്കുകയും ചെയ്തു.

മ്ശിഹാ തമ്പുരാന്റെ അത്ഭുതകരമായ ജീവിതവും തന്റെ കുരിശുമരണവും അനന്തരമുണ്ടായ പുനരുത്ഥാനവും കാണിക്കുന്നത്, സർവ്വവശമുള്ള പിതാവായ ദൈവത്തോടുള്ള തന്റെ ഐക്യതയെയാണ്. അദ്ദേഹം സ്ഥാപിച്ച തിരുസഭയും തന്റെ സ്വർഗ്ഗീയ പഠനങ്ങളും തന്റെ വിശുദ്ധ ക്രൂദാശകളുമെല്ലാം തന്റെ ദൈവികമഹത്വത്തെ വെളിപ്പെടുത്തുന്ന സ്മാരകസ്തംഭങ്ങളായി തലമുറകൾ തലമുറകളായി ഇന്നും നിലനിന്നുപോരുന്നു.

പ്രസ്തുത മൂന്ന് സങ്കലിത ശത്രുക്കളും ഏററവും ഉഗ്രമായും ക്രൂരമായും മ്ശിഹാതമ്പുരാനോട്, ഇന്നും എന്നും എതൃത്തുകൊണ്ടുതന്നെയാണ് ഇരിക്കുന്നത്. ഗ്ലീലയാദേശത്തിന്റെ നാടുവാഴിയായിരുന്ന ഹേറോദേസുരാജാവ്, തന്നെ ശിശുപ്രായത്തിൽ കൊല്ലുന്നതിന് വേണ്ടത്ര ശ്രമിച്ചു. പ്രമാണപട്ടക്കളായ ഫ്രീശന്മാരും സാപ്രേന്മാരും തന്റെ പരസ്യജീവിതാവസരത്തിൽ തന്റെ വാക്കകളിൽനിന്ന് തന്നിൽ കുററം കണ്ടെത്തുന്നതിന് നിരന്തരമായി നോക്കിക്കൊണ്ടിരുന്നു. അഹംകാരികളായിരുന്ന നിയമപട്ടക്കൾ, മ്ശിഹാ തമ്പുരാൻ, പാപിഷ്ഠരായ മനുഷ്യർക്ക് സ്വാധികാരത്താൽ പാപവിമോചനം നൽകിയിരുന്നപ്പോൾ ഒക്കെയും, താൻ ദൈവദൂഷണം പറയുന്നുവെന്നു പറഞ്ഞു, തന്റെമേൽ കുററം അരോപിച്ചിരുന്നു. അനന്തരം അവരും പ്രധാനാചാര്യന്മാരും ഏകോപിച്ചു് അക്കാലത്തു യൂദയാനാട്ടിന്റെ ഭരണകർത്താവായിരുന്ന പന്തിയോസ് പീലാത്തോസിന്റെ സമക്ഷം ഈശോയെ പിടിച്ച് ബന്ധിതനാക്കി ഹാജരാക്കുകയും, തന്നെ കുരിശിൽ തൂക്കി കൊല്ലണമെന്ന് മുറവിളികൂട്ടുന്നതിന് ജനങ്ങളെ പ്രേരിപ്പിക്കുകയും ചെയ്തു. ജനങ്ങൾ അവരുടെ പ്രേരണയനുസരിച്ച് പീലാത്തോസിന്റെ സമക്ഷം, ഈശോയേവേണ്ട; ബറാബായെ ഞങ്ങൾക്ക മതി. "ഈശോയെ കുരിശിൽ തറയ്ക്കുക. അവന്റെ രക്തം ഞങ്ങളുടെമേൽ ആയിരിക്കട്ടെ." എന്ന് നിലവിളിച്ചു പറയുകയുണ്ടായി.

ഇപ്രകാരം ലോകം, പിശാച്, ശരീരം എന്ന ഈ ശത്രുക്കൾ മ്ശിഹായെ വധിക്കുന്നതിനും തദ്വാരാ തന്റെ രക്ഷാകരമായ പഠനങ്ങളെ പാടെ നശിപ്പിക്കുന്നതിനും കഴിയുന്നത്ര പരിശ്രമിക്കുകയുണ്ടായി. പക്ഷേ അവരുടെ പരിശ്രമങ്ങളെല്ലാം കാലാന്തരത്തിൽ വിഫലമായതേയുള്ളു.

മ്ശിഹാ തമ്പുരാനെ വധിച്ച് ഭൂദാനം ചെയ്യുതോടുകൂടി തന്റെ സ്വര്‍ഗ്ഗീയപഠനങ്ങളുമെല്ലാം ഈ ലോകത്തിൽനിന്ന് തിരെ നശിച്ചുപോകുമെന്നാണ് അവർ കരുതിയിരുന്നതു്. എന്നാൽ അവരുടെ ഏവംവിധമായ പ്രവൃത്തിയിൽനിന്ന് ഉൽഭൂതമായ ഫലം അവർ ആഗ്രഹിച്ചതിൽനിന്ന് വളരെ വ്യത്യസ്തമായ വിധത്തിലുള്ള ഒന്നായിരുന്നു. മ്ശിഹാ തമ്പുരാന്റെ ഏററവും അവമാനകരമായ മരണത്തിന്റെയും മഹത്വമേറിയ പുനരുത്ഥാനത്തിന്റെയും ശേഷം തന്റെ ശ്ലീഹന്മാരും ശിഷ്യഗണവും അന്ന് അറിയപ്പെട്ടിരുന്ന ഭൂഭാഗങ്ങളിലേക്കുപോയി. അതതുസ്ഥലങ്ങളിലെ നിവാസികളോട് സുവിശേഷം പ്രസംഗിക്കുകയും തൻമൂലം അവർ എല്ലാവരും മ്ശിഹാ തമ്പുരാന്റെ തിരുവേദത്തെപ്രതി സ്വജീവനെ പൂജിക്കുകയും ചെയ്തു. ശ്ലീഹന്മാരെപ്പോലെ തന്നെ അവരുടെ പിൻഗാമികൾക്കും അവർ സ്വീകരിച്ചിരുന്ന വിശ്വാസത്തെ പുലർത്തിക്കൊണ്ടു പോകുന്നതിനും അതിനെ മററുള്ളവരുടെ ഇടയിൽ പ്രചരിപ്പിക്കുന്നതിനും സംഖ്യാതീതങ്ങളായ പ്രതിബന്ധങ്ങൾ നേരിട്ടിരുന്നുവെന്നുള്ളതു് പ്രസ്താവാർഹം തന്നെ. ഈദൃശ സാഹചര്യങ്ങളിൽ മ്ശിഹാതമ്പുരാന്റെ മണവാട്ടിയായ തിരുസഭയ്ക്കോ, അവളുടെ ശിക്ഷണങ്ങൾക്കോ കൂദാശകൾക്കോ, യാതൊരു കേടുപാടും യാതൊരു കോട്ടവും തട്ടിയിരുന്നില്ല. മാത്രവുമല്ല ഓരോ കാലഘട്ടങ്ങളിൽ, ശത്രുക്കളിൽനിന്ന്, തിരുസഭയ്ക്കും അവളുടെ ശിക്ഷണങ്ങൾക്കും കൂദാശകൾക്കും, നേരിട്ടുകൊണ്ടിരുന്ന എതിർപ്പുകളൊന്നും വകവെയ്ക്കാതെ, കടശി മഹാമഹത്വത്തോടും വിജയശ്രീയോടുംകൂടി കാണപ്പെടുകയും തഴച്ചുവളരുകയും ചെയ്തു്, ലോകത്തിൽ നന്മയ്ക്കു ഏററവും സജീവമായ ശക്തിയും തിന്മക്ക് എതിരായിട്ടുള്ള ഫലപ്രദമായ ഒരു പ്രതിബന്ധവുമായി പരിലസിക്കുകയും ചെയ്യുന്നു. ഇങ്ങനെ മ്ശിഹാതമ്പുരാൻ തന്റെ വിശുദ്ധ പള്ളിയോടുകൂടി ലോകാവസാനത്തോളം ഉണ്ടായിരിക്കുമെന്നും, നരകവാതിലുകൾ അതിനെതിരായി പ്രബലപ്പെടുകയില്ലെന്നുമുള്ള, തന്റെ വാഗ്ദാനം അക്ഷരാർത്ഥം നിറവേറീട്ടുള്ളതായിട്ടാണല്ലോ പ്രസ്തുത സംഭവവികാസങ്ങളിൽനിന്ന് നമുക്ക് മനസ്സിലാക്കാവുന്നതു്.

മ്ശിഹാതമ്പുരാന്റെ ശിക്ഷണത്തിൽ അന്തർഭവിച്ച അതിഗഹനങ്ങളായ സംഗതികളും അവയുടെ യഥാർത്ഥ്യവും സംബന്ധിച്ച് നാം സവിസ്തരം വിചിന്തനം ചെയ്യുവാനാവശ്യമാണ്.

ആകയാൽ ദൈവത്തിന്റെ പള്ളിയുടെ വിശ്വസ്ത അംഗങ്ങൾ നാം അറിയേണ്ട ആവശ്യകതയെ നാം തക്കവിധം മനസ്സിലാക്കുന്നതിനും കൂദാശകളെ നല്ല ഭക്തിയോടും സൂക്ഷത്തോടുംകൂടെ, സ്വീകരിക്കുന്നതിനുംവേണ്ടി, നിശ്ചിത ചട്ടവട്ടങ്ങളനുസരിച്ച് തിരുസഭയിൽ നടത്തപ്പെടുന്ന മതപരമായ ശുശ്രൂഷയും കൂദാശകളുടെ ശക്തിയുംമൂലം നമുക്ക് ലഭ്യമാകുന്ന മനുഷ്യശക്തിയെ അതിശയിക്കുന്ന ഫലങ്ങളും പ്രയോജനങ്ങളും സംബന്ധിച്ച് നമുക്ക് വിചിന്തനം ചെയ്യാം.

മ്ശിഹാതമ്പുരാന്റെ സ്വർഗ്ഗീയപഠനങ്ങളെ വെറും തത്വശാസ്ത്രസംബന്ധമായ തത്വങ്ങളെന്നുകരുതി, അവയെ ഓരോ വ്യക്തിയുടെയും ഇഷ്ടാനിഷ്ടങ്ങൾക്കനുസരണമായി, സ്വീകരിക്കുകയോ അല്ലെങ്കിൽ പരിത്യജിക്കുകയൊ ചെയ്യാമെന്ന് ഓരോരുത്തനും തീരുമാനിക്കുന്നപക്ഷം, ഈശോമിശിഹാതന്നാൽ സ്ഥാപിതമായ സഭയുടെയും കൂദാശകളുടെയും ഫലസിദ്ധിയെ ശൂന്യമാക്കുകയും ഇങ്ങനെ കാലാന്തരത്തിൽ തിരുസഭയെ നാനാതരത്തിലുള്ള വ്യതിയാനങ്ങൾക്ക അധീനമാക്കുകയുമാണ് ചെയ്യുന്നത്. ഏതൻമൂലം പ്രസ്തുത സഭയുടെ അംഗങ്ങളായ ഓരോ ആളിനും തോന്നുന്ന പരസ്പരവിരുദ്ധങ്ങളായ അഭിപ്രായങ്ങളനുസരിച്ച് അതിന്റെ ശിക്ഷണങ്ങൾക്ക് മാററംവരുത്തുവാൻ പഴുതുമായ ഒരു മതമായി അത്തുതീരുകയും ചെയ്യുന്നതായിരിക്കും. ഇങ്ങനെ ദൈവസ്ഥാപിതമായ ക്രിസ്തുമതം ലോകാരൂപിക്കും മനുഷ്യപ്രകൃതിയുടെ നാനാതരത്തിലുള്ള ചാപ്പില്യകൾക്കനുരൂപമായിട്ടുള്ള തെററുകൾക്കും അധീനമായിത്തീരുകയും ചെയ്യുകനിമിത്തം നമ്മുടെ ആത്മീയശത്രുക്കളുടെ പ്രലോഭനങ്ങളിലും വഞ്ചനകളിലും നാം കുടുങ്ങി നശിച്ചുപോകുന്നതിനു ഇടയായിത്തീരുകയും ചെയ്യും.

ഗണിതശാസ്ത്രത്തിന്റെ സുസ്ഥിരമായ തത്വങ്ങളോട്, നമ്മുടെ ലൗകികമായ കാര്യങ്ങൾ എങ്ങനെയൊ അപ്രകാരം തന്നെ നമ്മുടെ ആദ്ധ്യാത്മീക ജീവിതത്തെയും ദൈവികവും മാററത്തിന അധീനമല്ലാത്തതുമായ മതതത്വങ്ങളോട് അനുരൂപപ്പെടുത്ത... ലോകസംബന്ധമായ ഇടപാടുകളിൽ നമുക്ക് ലാഭംകിട്ടണമെന്നുള്ള സംതൃപ്തിവരുത്തുന്നതിനുവേണ്ടി, കണക്കിൽ സങ്കലനവ്യവകലനങ്ങളുടെ ഫലത്തെ മാററം ചെയ്തു വ്യത്യാസപ്പെടുത്തുന്നതായാൽ എത്രയൊ വലിയ കുഴപ്പങ്ങളായിരിക്കും അവയിൽവന്നുകൂടുന്നത്. അപ്രകാരംതന്നെ ദൈവസ്ഥാപിതമായ മത

ത്തിൻെറ തത്വങ്ങളെ, മനുഷ്യപ്രകൃതിയുടെ അധമമായ ചാച്ചില്യകൾക്കനുസരണമായി, മാറുമ്പോൾ ഒക്കെയും യഥാർത്ഥമായ സൗഭാഗ്യത്തിനും നമ്മുടെ നിത്യരക്ഷക്കും എത്രയൊ വലിയ നാശമാണു നാം വരുത്തിവക്കുന്നത്. സ്വേഛാനുസരണമായ മുഖാന്തിരങ്ങളെ ആസ്പദമാക്കി മതതത്വങ്ങളെ വ്യത്യാസപ്പെടുത്തുമ്പോൾ ദൈവത്തിൻെറ പ്രമാണപ്രകാരമുള്ള ചട്ടവട്ടങ്ങളിൽനിന്ന്, തൊഴിലിനേയും നിയമത്തെയും സമറിതിയേയും നിരാകരിക്കുന്നു. നമ്മുടെ ബുദ്ധിയുടെ അഹംകാരംകൊണ്ട് നമ്മുടെ ഹൃദയസ്നേഹംമുഴുവനും ദൈവത്തിന് കൊടുക്കുന്നതിനും അങ്ങയുടെ പ്രമാണങ്ങളുടെ നേർക്ക് ഭയഭക്തിയെ പ്രദശിപ്പിക്കുന്നതിനും നാം വിമുഖരായിതീരുന്നു. നമ്മുടെ ദൈവനിരാകരണത്തെ ന്യായീകരിക്കുന്നതിനുവേണ്ടി, ചില മൂടന്തൻ ന്യായങ്ങളെ അടിസ്ഥാനപ്പെടുത്തി തന്നെ സൃഷ്ടലോകത്തിൽനിന്നു ബഹിഷ്കരിക്കുന്നു. ഈദൃശമായ നമ്മുടെ പ്രവൃത്തി ഓരോവ്യക്തിയേയും സമുദായത്തെയും നാശകൂപത്തിലേക്ക് വലിച്ചിഴച്ചുകൊണ്ടു പോകുകയാണ് ചെയ്യുന്നത്. ആയിരത്തിത്തൊള്ളായിരത്തിപതിന്നാലിൽ പൊട്ടി പിളർന്ന ലോകമഹായുദ്ധംമൂലം ഉണ്ടായ അതിദുസ്സഹമായ ദുരന്ത ദുരിതങ്ങൾ പ്രസ്തുത സംഗതിക്കു ഒരു ഉത്തമലക്ഷ്യമാണ്.

പ്രസ്തുത ലോകമഹായുദ്ധം കഴിഞ്ഞപ്പോൾ, അതിൽ പങ്കെടുത്തിരുന്ന കക്ഷികൾ എല്ലാവരും കൂടിചേർന്ന് ഒരു സമാധാന ഉടമ്പടി രൂപവൽക്കരിക്കുകയുണ്ടായി. എന്നാൽ അതിൽ സമാധാനത്തിൻെറ രാജാവായ മ്ശിഹാ തമ്പുരാൻെറ ആദർശങ്ങൾക്ക് യാതൊരു സ്ഥാനവും അവർ നൽകിയില്ല. അവരുടെ തീരുമാനങ്ങളിൽനിന്ന് ക്രിസ്തീയ ഉപവിയും ദയയും തള്ളപ്പെടുകയുണ്ടായി. അവർ ലോകസമാധാനത്തെ ഉദ്ദേശിച്ചു ഉണ്ടാക്കിയിരുന്ന ആ ഉടമ്പടി പലരാജ്യതന്ത്രജ്ഞന്മാരുടെയും ഐകകണ്ഠ്യേനയുള്ള അഭിപ്രായപ്രകാരം, ലോകസമാധാനത്തെ എന്നതിനെക്കാൾ കൂടുതലായി സ്പർശിച്ചിരുന്നത് സമുദായത്തെയായിരുന്നു. തൻമൂലം രാജ്യങ്ങളും സമുദായങ്ങളും അന്യോന്യം സമാധാനത്തോടുകൂടി വർത്തിക്കുന്നതിനുപകരം കൂടുതലായ അസമാധാനവും സ്പർദ്ധയും, ഓരൊ രാജ്യക്കാരും സമുദായങ്ങളും തമ്മിൽ ഉണ്ടാകുന്നതിന് കാരണമായിത്തീരുകയും അവ വർദ്ധിച്ചു വന്ന് ഇപ്പോഴത്തെ ലോകമഹായുദ്ധം പൊട്ടി പിളരുന്നതിന് അത് ഒരു ഹേതുവായി തീരുകയും ചെയ്തു. ഏററവും ദുസ്സഹവും വില

പനീയവുമായ ഈ അനുഭവത്തിൽനിന്ന് നാം പഠിക്കേണ്ട ഒരു പാഠം, സമുദായത്തിനും, രാജ്യത്തിനും, ജാതിക്കും വ്യവസ്ഥാപിതമായ ഭാഗ്യവും ഐശ്വര്യവുമുണ്ടാകണമെങ്കിൽ, ദൈവസ്ഥാപിതമായ മതത്തിന്റെ ദൈവീക സത്യങ്ങളോട്, വിശ്വാസത്തിലും പ്രവൃത്തിയിലും നാം ഏകീഭവിക്കണമെന്നുള്ളതാണ്. ദൈവപ്രമാണങ്ങളുടെ ലംഘനമുണ്ടാകുന്നത്, ഓരോ വ്യക്തിയുടെയും പ്രതിദിന ജീവിതത്തിലുണ്ടാകുന്ന തെററുകൾമൂലമായിട്ടാണ്. ഒരു വ്യക്തി എപ്രകാരമൊ അപ്രകാരമായിരിക്കും സമുദായവും.

മ്ശിഹാതമ്പുരാൻ കമ്പസാരമെന്ന ദേവദ്രവ്യാനുമാനത്തെ സ്ഥാപിച്ചിരിക്കുന്നത്, നമ്മുടെ പ്രതിദിന ജീവിതത്തിലുണ്ടായിക്കൊണ്ടിരിക്കുന്ന തെററുകളെ പരിഹരിക്കുന്നതിനു വേണ്ടിയാണ്. ആകയാൽ നാം ഈ കൂദാശയുടെ സ്വീകരണത്തിൽ വൈമുഖ്യം പ്രദർശിപ്പിക്കുകയാണെങ്കിൽ, നിരവധി പാപങ്ങൾക്ക് അധീനരാകുകയും നമ്മുടെ ആത്മാവ് നിരവധി ദുസ്തഴക്കങ്ങളുടെയും ദുർഗ്ഗുണങ്ങളുടെയും വിളനിലമായി തീരുകയും ചെയ്യുന്നതായിരിക്കും. ഏതൻമൂലം നമ്മുടെ ഹൃദയസ്നേഹത്തിന്റെ ഏകവിഷയമായ ദൈവത്തിന്റെ നേക്കുള്ള കത്തവ്യത്തെ നിഷേധിക്കുന്നതിനും തന്റെ പ്രമാണങ്ങളോടുള്ള നമ്മുടെ മനസ്സിന്റെ രഞ്ജനം പാടെ നമ്മിൽനിന്ന് നശിപ്പിച്ചുകളയുന്നതിനും ഇടയായിത്തീരുന്നതാണ്. ഏവംവിധം ജീവിതം നയിക്കുന്ന ഒരു മനുഷ്യൻ, അഹംകാരത്തിനും മാംസത്തിന്റെ ദുശ്ചാഞ്ചില്യകൾക്കും സാത്താന്റെ തട്ടിപ്പുകൾക്കും വിധേയനായിത്തീരുമെന്നതിന് യാതൊരു സംശയവുമില്ല. ഇപ്രകാരമുള്ളവർ ദൈവത്തിന്റെ സ്നേഹഭാജനങ്ങളും മക്കളുമല്ല. ആകയാൽ ദൈവപ്രമാണങ്ങളനുസരിച്ച് ജീവിക്കുന്നതിനുള്ള വൈമനസ്യവും കൂദാശകളെ സ്വീകരിക്കുന്ന കാര്യത്തിലുള്ള അലസതയും നമ്മുടെ മരണമില്ലാത്ത ആത്മാവിനെ നാശക്കുപത്തിലേക്കു ആനയിക്കുന്ന രണ്ടുമാർഗ്ഗങ്ങളാകുന്നു.

# അഞ്ചാം അദ്ധ്യായം

## കുമ്പസാരമെന്ന കൂദാശ.

## മന്ത്രിപുംഗവനായ ജോൺ.

മദ്ധ്യശതാബ്ദങ്ങളിലുണ്ടായ കുരിശു യുദ്ധകാലത്ത് ഭക്തനായ ഒരു രാജാവ് യൂറോപ്പിൽ ഒരു ചെറിയ രാജ്യത്തെ ഭരിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തിൻെറ ഭരണനൈപുണ്യം നിമിത്തം സ്വപ്രജകളുടെ സ്നേഹബഹുമാനാദികൾക്ക് പ്രസ്തുത രാജാവ് പാത്രീഭൂതനായി തീർന്നിരുന്നുവെന്നുള്ളതും പ്രസ്താവാർഹംതന്നെ. ഇസ്ലാം മതാനുയായികളുടെ ക്രൂരതമമായ ഭരണത്തിൽനിന്ന് വിശുദ്ധസ്ഥലങ്ങളെ വീണ്ടെടുക്കുന്നതിനു വേണ്ടി ചെയ്യേണ്ടിയിരുന്ന യുദ്ധത്തിൻെറ ക്ഷണം സ്വീകരിക്കുകയെന്നത് ഹൃദയവിശാലതയുള്ളവനും മാഹാത്മ്യസ്വഭാവമുള്ളവനും ധീരനുമായ ഒരുവൻെറ കടമയാണെന്ന് ഗുണവാനായ ആ രാജാവിന്ന് തോന്നി. ആകയാൽ അദ്ദേഹം, മനുഷ്യവർഗ്ഗത്തിൻെറ പരിത്രാതാവിനാൽ പരിപാവനമാക്കപ്പെട്ട വിശുദ്ധസ്ഥലങ്ങളെ തുലുക്കരുടെ അധീനതയിൽനിന്ന് വിടുർത്തി ക്രിസ്ത്യാനികളുടെ കൈവശമാക്കുവാൻ ചെയ്യേണ്ടിയിരുന്ന ഭയങ്കര പോരാട്ടത്തിൽ തൻെറ പക്ഷത്തുചേർന്ന് യുദ്ധം ചെയ്യുന്നതിന്ന് ആഗ്രഹിച്ചിരുന്ന ധീരന്മാരായ പോർവീരന്മാർ എല്ലാവരേയും ആയുധധാരികളാകുന്നതിന്ന് ക്ഷണിച്ചിരുന്നു.

ധീരനായ രാജാവിൻെറ ഭാര്യ കാലാന്തരത്തിൽ രോഗബാധിതയായിത്തീർന്നു. ഈ രാജ്ഞിയുടെ ആലസ്യത്തിനുള്ള കാരണം, അവളുടെ സുമുഖനും പരമയോഗ്യനും ഏകസന്താനവുമായ പുത്രനെ പ്രസവിച്ചദിവസത്തിൽ അവിചാരിതമായി അവൾക്കു നേരിട്ട ഒരു അപകടമായിരുന്നു. ഏതന്മൂലം അവൾ ശയ്യാവലംബിയായി തീരുകയും ചെയ്തു. ആകയാൽ നമ്മുടെ നൃപൻ നിഷ്കപടമായി സ്നേഹിച്ചിരുന്ന അയാളുടെ ഭാര്യയെ തക്കവിധം പരിചരിച്ചുപോന്നിരുന്നു. മാത്രവുമല്ല തൻെറ കാലശേഷം സ്വകിരീടാവകാശിയും ഏകസന്താനവുമായ ശിശുവായ രാജകുമാരന് യാതൊരുതരത്തിലും ജീവഹാനി നേരിടാതെ, അവനെ, ഉത്തമനായ ഒരു ഭരണകർത്താവായി തീരത്തക്കവണ്ണം വളർത്തിക്കൊണ്ടുപോരുന്ന കാര്യത്തിൽ വേണ്ട ശ്രദ്ധപതിച്ചിരുന്നുവെന്നതും വക്തവ്യംതന്നെ.

പ്രസ്തുത രാജാവ്, തൻെറ രാജ്യത്തിൻെറയും സീമന്തപുത്രനായ രാജകുമാരൻെറയും, അരമനയുടെയും സൂക്ഷം മുഴുവനും വിശ്വസ്തനും വിവേകിയും വൃദ്ധനുമായിരുന്ന തൻെറ മന്ത്രിയെ ഏല്പിച്ചശേഷമാണ് കുരിശുയുദ്ധത്തിനു പാലസ്റ്റീനായിലേക്ക് യാത്രതിരിച്ചതു്. എന്നാൽ അദ്ദേഹം എത്രനാൾ തുർക്കികളുമായി യുദ്ധത്തിൽ ഏർപ്പെട്ടിരിക്കേണ്ടിവരുമെന്നുള്ള സംഗതി അദ്ദേഹത്തിനു് കണിശമായ യാതൊരു അറിവും ഇല്ലാതിരുന്നതുകൊണ്ട് രാജാവ് ആ മന്ത്രിപുംഗവനോട്ട്, അയാൾ കൈവരിച്ചിരിക്കുന്ന ഭാരമേറിയ ജോലിയിൽ അയാളെ സഹായിക്കുന്നതിന് പ്രാപ്തനും വിശ്വസ്തനുമായ ഒരു സഹായിയെ തിരിഞ്ഞെടുക്കണമെന്നും; അവനോട്ട് രാജ്യകാര്യങ്ങൾ സംബന്ധിച്ചും, വിശിഷ്യ, സ്വസന്താനമായ രാജകുമാരൻെറ ശരീരസൌഖ്യത്തെ സുരക്ഷിതമായി കാത്തു സൂക്ഷിക്കേണ്ട കാര്യത്തിലും അവൻെറ വിദ്യാഭ്യാസസംബന്ധമായി ആ ബാലനെ നയിക്കേണ്ട സംഗതികളെപ്പററിയും അയാൾ തക്കവിധം പറഞ്ഞുമനസ്സിലാക്കേണ്ടതാണെന്നും, കല്പിച്ചു. അനന്തരം ആ ഉദ്യോഗസ്ഥപ്രമാണിയോട്ട്, ഇങ്ങനെ പറഞ്ഞു: "നിൻെറ സകല പ്രവൃത്തികളിലും നീ എൻെറ ഹിതത്തിനു് അനുയോജ്യമായവിധം ചെയ്യുക. എന്നാൽ ഞാൻ തിരിച്ചു വരുമ്പോൾ എൻെറ ശക്തിക്കൊത്തവിധം നിനക്കു ഞാൻ പ്രതിഫലം തരുന്നതാണ്. നേരെമറിച്ച് എൻെറ ഹിതത്തെ അവഗണിക്കുകയൊ അല്ലെങ്കിൽ അതിനു വിപരീതമായി പ്രവൎത്തിക്കുകയൊ ചെയ്യുന്നാൽ നിനക്കു ലഭിക്കുവാനിരിക്കുന്ന ശിക്ഷ, നാടുകടത്തലൊ അല്ലെങ്കിൽ മരണമൊ ആയിരിക്കും."

തൻെറ യജമാനനായ രാജാവിനോടു വിശ്വാസപ്രതിജ്ഞ ചെയ്തുകൊണ്ട് നമ്മുടെ വയോവൃദ്ധനായ മന്ത്രിപുംഗവൻ, അദ്ദേഹം, അയാളെ ഏല്പിച്ച ഗൌരവാവഹമായ ജോലി സ്വീകരിച്ചു. അനന്തരം നമ്മുടെ രാജാവ്, അദ്ദേഹത്തോടുകൂടി യുദ്ധക്കളത്തിലേക്ക് സസന്തോഷം പുറപ്പെടുവാൻ ഒരുങ്ങിനിന്നിരുന്ന പോർവീരന്മാരും, പ്രശസ്തമാംവിധം ശത്രുക്കളെ ജയിച്ചടക്കാമെന്നുള്ള പ്രതീക്ഷയോടുകൂടി, ഉത്സാഹഭരിതരായി പലസ്തീനായിലേക്ക് കുരിശുയുദ്ധത്തിനുപോകുവാൻ കരുതിയിരുന്ന ധീരന്മാരായ സാമന്തരാജാക്കന്മാരും ഒരുമിച്ച് പരിപാവനമായ പ്രസ്തുത സ്ഥലത്തെ ലക്ഷ്യമാക്കി യാത്രതിരിച്ചു.

പിന്നീട് നമ്മുടെ വൃദ്ധനായ മന്ത്രി തൻെറ വാൎദ്ധക്യദശ

യേയും, തൻെറ ആയുസ്സിൻെറ ദീർഘതയുടെ നിശ്ചയമില്ലായ്കയേയും സംബന്ധിച്ച് തക്കവിധം മനസ്സിലാക്കി, വളരെ അകലെ ഒരു രാജ്യത്തിൽ താമസിച്ചിരുന്നവനും, വിശ്വസ്തനെന്ന് തനിക്ക് അഭിപ്രായമുണ്ടായിരുന്ന ആളുമായിരുന്ന അയാളുടെ മരുമകന് ആളയച്ച് അവനെ വരുത്തി. അതിൻെറശേഷം നമ്മുടെ വയോവൃദ്ധൻ തൻെറ മരുമകനോട്ട് രാജാവിൻെറ മനസ്സും ആഗ്രഹവും എന്തെല്ലാമെന്നും സ്വരാജ്യത്തിലേക്കുള്ള അദ്ദേഹത്തിൻെറ പിൻതിരിവിൻെറ അവസരത്തിൽ അവന് ഏല്പിക്കപ്പെട്ടിരിക്കുന്ന ഉദ്യോഗം സംബന്ധിച്ച് എത്രയും കണിശമായ ഒരു കണക്ക്, അദ്ദേഹം അവനിൽനിന്ന് ആവശ്യപ്പെടുമെന്നും, അവൻ കൈവരിച്ചിരിക്കുന്ന ജോലി വിശ്വസ്തതയോടുകൂടി നിർവഹിക്കുന്നതായാൽ അദ്ദേഹം നൽകാമെന്ന് വാഗ്ദാനം ചെയ്തിരിക്കുന്ന സമ്മാനവും സ്വകൃത്യനിർവഹണത്തിൽ ഏതെങ്കിലും വീഴ്ച വരുകയാണെങ്കിൽ കുററത്തിൻെറ ഗുരുലഘുത്വമനുസരിച്ച ശിക്ഷയും ലഭിക്കുമെന്നും വിവരമായി പറഞ്ഞുമനസ്സിലാക്കി.

അനന്തരം അയാളുടെ മരുമകൻ പ്രസ്തുത ജോലിസ്വീകരിക്കുകയും അവൻ ഏറെറടുത്തിരിക്കുന്ന ഉദ്യോഗത്തിൻെറ ചുമതലകളെപ്പററിയുള്ള കാര്യങ്ങളെ തക്കവിധം മനസ്സിലാക്കുന്നതിന് തുടങ്ങുകയും ചെയ്തു. നമ്മുടെ രാജാവിൻെറ ഗുണഗണങ്ങളെപ്പററി അയാളുടെ വൃദ്ധനായ കാരണവനിൽനിന്ന് കേട്ടറിഞ്ഞിട്ടുള്ളവ മാത്രമല്ലാതെ സൽഗുണസമ്പന്നനും ഉദാരശീലനുമായ അദ്ദേഹത്തെ അവൻ ഒരിക്കലും കണ്ടിട്ടുപോലുമുണ്ടായിരുന്നില്ല. എങ്കിലും ഒരു ഉത്തമനായ ഭരണകർത്താവെന്ന നിലയിൽ ആ രാജ്യവാസികളായ ജനങ്ങളുടെ എല്ലാവരുടെയും ഭക്ത്യാദരങ്ങളെ നേടത്തക്കവിധം നല്ല സമാധാനത്തോടുകൂടി രാജ്യഭരണം നടത്തിക്കൊണ്ടുപോരുകയും, അദ്ദേഹത്തിൻെറ കൊട്ടാരംവിചാരിപ്പു സംബന്ധിച്ചുള്ള കാര്യങ്ങളിൽ ഒരുത്തമനായ കുടുംബത്തലവനെപ്പോലെ സകല കാര്യങ്ങളും സശ്രദ്ധം അന്വേഷിച്ചുപോരുകയും ചെയ്തിരുന്നു.

കടശി നമ്മുടെ യുവ ഉദ്യോഗസ്ഥൻെറ കാരണവൻ അവനോട്ട് ഇങ്ങനെ പറയുകയുണ്ടായി, "ആ രാജകുമാരൻ, രാജാവിൻെറ ഏകസന്താനവും, അദ്ദേഹത്തിൻെറ മാംസത്തിൽനിന്നുള്ള മാംസവും അദ്ദേഹത്തിൻെറ അസ്ഥിയിൽനിന്നുള്ള അസ്ഥിയും രാജ്യത്തിൻെറ അവകാശിയും, ആകകൊണ്ട്, നീ ആ ബാലന് നാനാതരത്തിൽ നേരിട്ടേക്കാവുന്ന ഉപദ്രവങ്ങളിൽനിന്നും

ജീവഹാനിയിൽനിന്നുകൂടെയും അവനെ കാത്തുസൂക്ഷിക്കണം. നേരെമറിച്ച് ആ കുട്ടിക്ക് ഏതെങ്കിലും തരത്തിലുള്ള ആപത്തുനേരിടുന്നതിന് ഇടയായാൽ, അതു രാജാവിനു മമ്മഭേദകമായിത്തീരുന്ന ഒന്നായിരിക്കും. നീ ഈ രാജ്യത്തിലെ നിവാസികളോടും നീതിയായി പെരുമാറുകയും കൊട്ടാരത്തിലുള്ള സകലരോടും ദയയും ആദരവും ഉള്ളവനായിരിക്കുകയും ചെയ്യുക."

പ്രസ്തുത പുതിയ ഉദ്യോഗസ്ഥപ്രമാണിയുടെ പേർ ജോൺ എന്നായിരുന്നു. അയാൾ തൻെറ കാരണവൻെറ ഉപദേശങ്ങളിൽനിന്നു രാജാവിൻെറ ഹിതമെന്തായിരുന്നുവെന്ന് മനസ്സിലാക്കുകയും അയാളുടെ പുതിയ ജോലിയുടെ നിർവഹണത്തിൽ അയാൾക്ക് ഉത്സാഹം തോന്നുകയും ചെയ്യുകയാൽ വൃദ്ധനും അതിവിശ്വസ്തനും ആയ മന്ത്രിപുംഗവനെ, അയാളുടെ ജോലിയുടെ നിർവഹണത്തിൽ, ഉള്ളഴിഞ്ഞ് ഉത്സാഹപൂർവ്വം സഹായിക്കുകയും ചെയ്തു.

ഏതാനുംമാസങ്ങൾ കഴിഞ്ഞശേഷം, യുവാവും സമർത്ഥനുമായ ജോണിനെ ആ രാജ്യത്തിൻെറ പരിപൂർണ്ണ അധികാരിയും യജമാനനുമായി നിയമിച്ചശേഷം അയാളുടെ കാരണവനായ മന്ത്രി, വാദ്ധക്യസഹജമായ രോഗംനിമിത്തം കാലധർമ്മം പ്രാപിക്കുകയുണ്ടായി. എന്നാൽ ചുരുങ്ങിയ കാലഘട്ടത്തിനിടകൊണ്ട്, പുതിയ മന്ത്രിയായ ജോൺ ആ രാജ്യത്തിലെ പ്രജകളുടെയും കൊട്ടാരനിവാസികളുടെയും സ്നേഹബഹുമാനാദികൾക്ക് പാത്രവാനായിത്തീർന്നു. രോഗംമൂലം ശയ്യാവലംബിയായിത്തീർന്നിരുന്ന ആ രാജ്ഞിയുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധാലുവായിരുന്നതുകൊണ്ടും, ബാലനായ രാജകുമാരൻെറനേർക്കു കാണിച്ചിരുന്ന പ്രതിപത്തി നിമിത്തവും, അവർ ഇരുവരുടെയും ഹൃദയപൂർവ്വമായ സ്നേഹത്തിന് പാത്രവാനായതുമൂലവും, അയാൾ സർവ്വപ്രകാരേണയും സൌഭാഗ്യവാനും സംതൃപ്തനുമായിത്തീർന്നുവെന്നുമാത്രവുമല്ല അയാളുടെ ഔദ്യോഗികകടമകളെ നിർവഹിക്കുന്ന കാര്യത്തിൽ വളരെ സന്തോഷമുള്ളവനായി കാണപ്പെടുകയുമുണ്ടായി. "എന്നെ വിശ്വസിച്ചേൽപ്പിച്ചിരിക്കുന്ന സംഗതികൾ വിശ്വസ്തതയോടുകൂടി ഞാൻ നിർവഹിക്കുകയാണെങ്കിൽ, രാജാവു തിരിച്ചുവരുമ്പോൾ സംശയമെന്നിയെ ഞാൻ അദ്ദേഹത്തിൻെറ പ്രീതിക്കു പാത്രവാനായിത്തീരും" എന്ന് അയാൾ മനോഗതം ചെയ്തു.

നമ്മുടെ കഥാനായകനായ ജോണിൻെറ ജോലി വള

രെ വിഷമമുള്ളതും ഉത്തരവാദിത്വമുള്ളതും ഭാരമേറിയതുമായ ഒന്നായിരുന്നുവെന്ന് പറയേണ്ടതില്ലല്ലോ. കുറെനാളുകൾക്കുശേഷം കരിങ്കൂഴുദ്ധത്തിനു പോയിരുന്ന രണവീരന്മാർക്ക് പരാജയം നേരിട്ടുവെന്നും മേൽപറയപ്പെട്ട രാജാവ് ശത്രുക്കളാൽ കൊല്ലപ്പെട്ടതു നിമിത്തം, അദ്ദേഹം ഇനി സ്വരാജ്യത്തിലേക്ക് മടങ്ങുകയില്ലായെന്നും ഒരു കിംവദന്തി നാട്ടിൽ ആകെ പരന്നു. അപ്പോൾ ജോണിന്റെ സ്നേഹിതന്മാരും കൂട്ടുകാരും അയാൾക്കു ലഭിച്ചിരിക്കുന്ന ഉന്നതപദവിയുടെ അവസരം പിടിച്ചുകൊണ്ട് അയാളെ സ്വയം സ്വതന്ത്രനാക്കുകയെന്ന് ഉപദേശിച്ചു. തന്നെയുമല്ല. ബാലനായ രാജകുമാരനു മരണാപകടം നേരിടത്തക്കവണ്ണം ജ്വരപ്പനി പിടിച്ച് ശയ്യാവലംബിയായതുനിമിത്തം ആ കുട്ടിയുടെ ജീവന് യാതൊരു അപകടവും വരാതെ ഭരിപ്പാൻ അയാൾ കഴിയുന്നത്ര സൂക്ഷത്തോടും ശ്രദ്ധയോടുംകൂടി അവനെ ശുശ്രൂഷിച്ചുകൊണ്ടിരുന്നതു കാരണത്താൽ അയാളുടെ കൂട്ടുകാർ വേശ്യം അയാളെ ആക്ഷേപിച്ചുമിരുന്നു. രാജകുമാരന്റെ ജീവനെ രക്ഷിക്കുന്നകാര്യത്തിൽ നീ എന്തിനാണ് ഇത്ര അധികം ആകുലചിന്തയുള്ളവനായിരിക്കുന്നത്? രാജാവ് പണ്ടുപണ്ടെ നാടുനീങ്ങി. ഇനി രാജകുമാരൻകൂടി കാലധർമ്മം പ്രാപിക്കുകയാണെങ്കിൽ, നിനക്ക് ഇപ്പോൾ കിട്ടിയിരിക്കുന്ന ഈ സ്ഥാനം യാതൊരു പ്രതിബന്ധവുമില്ലാതെ സ്വായത്തമാക്കി വച്ചുകൊണ്ടിരിക്കാമല്ലൊ" എന്നാണ് ആ രാജ്യത്തിലെ പൗരജനങ്ങൾ തന്നെയും അയാളോടു പറഞ്ഞിരുന്നത്.

മേൽവിവരിക്കപ്പെട്ടവരുടെ ദുരുപദേശങ്ങളോ ആക്ഷേപങ്ങളോ ഒന്നും ഉദ്യോഗപ്രമാണിയായ ജോണിന്റെ വിശ്വസ്തതയെ ഭഞ്ജിക്കുന്നതിന് പ്രാപ്തങ്ങളായിത്തീർന്നില്ല. എന്നാൽ അയാൾ, താൻ കൈവരിച്ചിരുന്ന ജോലിയിൽ വിശ്വസ്തനായിരിക്കുകയും ആ രാജ്യത്തിലുണ്ടായിരുന്ന സകല ജനങ്ങളുടെയും സ്നേഹബഹുമാനങ്ങൾക്ക് പാത്രവാനാകത്തക്കവിധം നല്ല സമാധാനത്തോടുകൂടി അവരെ ഭരിച്ചുകൊണ്ടുപോരുകയുമാണ് ചെയ്തത്. നവമന്ത്രിയായ ജോൺ, രാജാവിന്റെ പ്രതിനിധിയായി രാജ്യഭരണം തുടങ്ങീട്ടു ഏതാണ്ടു അഞ്ചുവർഷങ്ങൾ കഴിഞ്ഞപ്പോൾ ഒരുദിവസം ഔദ്യോഗികമായ ഏതോ ഒരു ജോലിനിർവ്വഹിക്കുന്നതിന് നാട്ടിൻപുറങ്ങളിലേക്കു പോയശേഷം പിൻതിരിയുമ്പോൾ കൊട്ടാരത്തിൽനിന്ന് ഒരു വേലക്കാരൻ അയാളുടെ അടുക്കൽ ഓടിച്ചെന്ന് രാജാവുതിരിച്ചുവന്നുവെ

ന്നും, അദ്ദേഹത്തിന് അയാളെ കാണേണ്ട അടിയന്തിരമായ കാര്യങ്ങൾ ഉള്ളതുകൊണ്ട് വേഗത്തിൽ അരമനയിലേക്ക് ചെല്ലണമെന്നും അറിയിച്ചു.

ജോൺ ആകട്ടെ പ്രസ്തുത ദൂതൻെറ വാക്കുകളെ ശ്രവിച്ചമാത്രയിൽ കഴിയുന്നത്ര വേഗത്തിൽ കൊട്ടാരത്തിലെത്തി രാജാവിൻെറ പള്ളിയറയെ സമീപിച്ചപ്പോൾ, ബാലനായ രാജകുമാരൻ, തൻെറ പിതാവിനോട്, അവൻ ശയ്യാവലംബിയായിരുന്നപ്പോൾ ജോൺ, അവനെ എങ്ങനെ പരിചരിക്കുകയും, സംരക്ഷിക്കുകയും ചെയ്തിരുന്നുവെന്നും താൻ പുരുഷപ്രായത്തിലെത്തുമ്പോൾ ഒരു ഉത്തമനായ നാടുവാഴിയായിത്തീർന്ന് സ്വപ്രജകളെ പ്രശസ്തമായവിധം ഭരിക്കുവാൻ തക്ക ഉത്തമനായ ഒരു രാജാവായിത്തീരുവാൻവേണ്ടി ഏതെല്ലാം തരത്തിലുള്ള ശിക്ഷണങ്ങളാണ് തനിക്കു നൽകീട്ടുള്ളതെന്നും ഉത്സാഹത്തോടും സന്തോഷത്തോടുംകൂടി, പറയുന്നത് കേൾക്കുവാൻ ഇടയായി. ജോൺ, രാജാവു ഇരുന്നിരുന്ന പള്ളിയറയിൽ പ്രവേശിച്ചപ്പോൾ, അദ്ദേഹം, തൻെറ സിംഹാസനത്തിൽനിന്ന് എഴുന്നേററ് മുന്നോട്ടു നടന്നുചെന്ന് അയാൾക്ക് ഹസ്തദാനം ചെയ്യുകയു വളരെ വാത്സല്യത്തോടുകൂടി അയാളെ സ്വീകരിക്കുകയും ചെയ്തു.

അനന്തരം രാജാവു അയാളോട്, "യുവാവെ! നിങ്ങളുടെ ബഹുമാന്യനായ കാരണവൻ നിങ്ങളെ ഏല്പിച്ചിരുന്ന ജോലികളിൽ വിശ്വസ്തനാണെന്നുള്ള വസ്തുത പ്രവൃത്തിമൂലം നിങ്ങൾതന്നെ തെളിയിച്ചിരിക്കുന്നു. സകലവും എനിക്കുതന്നെ അനുഭവത്താൽ ബോധ്യമായിട്ടുമുണ്ട്. എൻെറ പ്രജകൾക്കു അറിയപ്പെടാത്തവനായി കുറെക്കാലമായി ഇന്നുവരെ ഇവിടെ താമസിച്ചുവരികയായിരുന്നുവെന്നത് നിങ്ങൾ അറിഞ്ഞുകൊള്ളുക. നിങ്ങൾ കൈവരിച്ചിരുന്ന ഉദ്യോഗത്തിൻെറ നിർവ്വഹണത്തിൽ നിങ്ങൾ വിശ്വസ്തത പ്രദർശിപ്പിച്ചതുനിമിത്തം ഇപ്പോൾ എൻെറ രാജ്യത്തിലുള്ള ഏററവും ഉയന്ന ഉദ്യോഗം നിങ്ങൾക്കു ഞാൻ നൽകി, താങ്കളെ ബഹുമാനിക്കണമെന്നുള്ളതാണു എൻെറ ഇഷ്ടം എന്നെപ്പോലെതന്നെ എൻെറ പുത്രൻെറ കായ്യത്തിൽ വേണ്ടത്ര ശ്രദ്ധയും സൂക്ഷവുംവച്ച് അവൻെറ ക്ഷേമാഭിവൃദ്ധിക്കാവശ്യമായവ ഒക്കെയും യാതൊരു വീഴ്ചയുംകൂടാതെ ചെയ്തിരുന്നതുകൊണ്ടും അവൽക്കരമായ രോഗംനിമിത്തം അവൻ രോഗശയ്യയെ അവലംബിച്ചപ്പോൾ നിങ്ങളുടെ ശ്രദ്ധാപൂർവ്വമായ പരിചരണത്താൽ മര

ണമാകുന്ന വ്യാഘ്രത്തിൻെറ വായിൽ അകപ്പെടാതെ രക്ഷിച്ച തിനാലും നമ്മുടെ ഇരുവരുടെയും മരണംവരെ നാം തമ്മിൽ അത്യന്ത ഇഷ്ടന്മാരായിരിക്കുന്നതാണ്." എന്ന് സന്തോഷത്തോടു കൂടി പറഞ്ഞു.

മേൽവിവരിക്കപ്പെട്ടിരിക്കുന്ന സംഭവത്തിൽ ക്രോഡീകരിക്കപ്പെട്ടിരിക്കുന്ന സംഗതികൾ നമുക്ക് ഏററവും പററിയവയാണ്. നമുക്ക് ലോകത്തിലുള്ള ദൈവത്തിൻെറ അദ്ധ്യാത്മിയരാജ്യത്തിൽ ഒരു ഉദ്യോഗം സർവ്വലോകത്തിൻെറയും കർത്താവായ ദൈവത്താൽ നൽകപ്പെട്ടിരിക്കുന്നു. നാം ശുശ്രൂഷിക്കേണ്ടവനായ ആ സ്വർഗ്ഗീയ രാജാവിനെ, നാം ഈ ലോകത്തിലായിരിക്കുന്ന കാലത്തോളം നമുക്ക് ഒരു നോക്കുകാണുന്നതിന് ഇന്നുവരെ ഒരിക്കലും കഴിഞ്ഞിട്ടില്ല. എങ്കിലും ദൈവം നമുക്ക് നൽകിയിരിക്കുന്ന ഉദ്യോഗത്തേയും, നാം നിർവഹിക്കേണ്ടതായിട്ടുള്ള അതിൻെറ ചുമതലകളെയും, ദൈവത്തിൻെറ തിരുഛായ പതിഞ്ഞിരിക്കുന്നതും തൻെറ വാത്സല്യഭാജനവുമായ നമ്മുടെ ആത്മാവിനെ പാപത്തിൽനിന്നും നിത്യനാശത്തിൽനിന്നും കാത്തുസൂക്ഷിക്കേണ്ടതിനെയും സംബന്ധിച്ച് നമ്മുടെ മാതാപിതാക്കന്മാരും അദ്ധ്യാപകന്മാരും അദ്ധ്യാത്മിയഗുരുക്കന്മാരും നമുക്ക് അവശ്യാവശ്യമായ ഉപദേശങ്ങൾ തക്കവിധം നൽകീട്ടുള്ളതുമാണ്.

നമ്മുടെ ആത്മിയജീവനാകുന്ന ദൈവപ്രസാദവരത്തെ നശിപ്പിച്ച് ആത്മാവിനെ മൃതിപ്പെടുത്തുന്ന പാപമാകുന്ന ആപൽക്കരമായ രോഗത്തെ ശമിപ്പിക്കുന്നതിന് കൈകണ്ട ഔഷധങ്ങളായ ദിവ്യകൂദാശകൾ എല്ലാം നമുക്കുണ്ട്. അവയെ തക്കവിധം നാം ഉപയോഗിക്കണമെന്നുള്ളതാണ നമ്മുടെ ചുമതല. നമ്മുടെ സൂക്ഷത്തിന് ഏല്പിക്കപ്പെട്ടിരിക്കുന്ന, മരണത്തിന് അധീനമല്ലാത്ത ആത്മാവ്, മേൽവിവരിക്കപ്പെട്ടിരിക്കുന്ന രാജാവിന്, അദ്ദേഹത്തിൻെറ ഏക സന്താനമായ രാജകുമാരനോടുള്ളതിനെക്കാൾ, ലോകൈകനാഥനായ ദൈവത്തിന്, അനുപമേയമായവിധം വാത്സല്യമുള്ളതും വിലപിടിച്ചതുമാണ്. നമ്മുടെ ആത്മാവിൻെറ നേർക്കുള്ള ദൈവത്തിൻെറ അപാരമായ സ്നേഹത്തെ, താൻ നമുക്കുവേണ്ടി സഹിച്ച പീഡാനുഭവും കുരിശുമരണവും വഴിയായി, താൻ വെളിപ്പെടുത്തീട്ടുണ്ട്. നമ്മുടെ ആത്മാവ് ദൈവത്തിൽനിന്നുള്ളതാണ്. അതിനെ ദൈവം സൃഷ്ടിച്ചിരിക്കുന്നതു്, അതിൻെറ ഈ ലോകജീവിതത്തിൽ ദൈവപ്രമാണ

ങ്ങളെ വിശ്വസ്തതയോടുകൂടി കാത്തു പരിപാവനമായ ഒരു ജീവിതം നയിച്ചശേഷം പരലോകത്തിൽ സകല സൌഭാഗ്യങ്ങളുടെയും ഇരിപ്പിടമായ മോക്ഷത്തിൽ ദൈവത്തെ അഭിമുഖമായി കണ്ട് അനവരതം സൌഭാഗ്യം അനുഭവിക്കുന്നതിനുവേണ്ടിയാണ്.

ഒരു ദിവസം നാം ഒട്ടുംതന്നെ പ്രതീക്ഷിച്ചിരിക്കാത്ത സമയത്ത് മരണമാകുന്ന ദൂതൻ വായുവേഗത്തിൽവന്ന് നമ്മെ സമീപിച്ച് നമ്മോട് ദൈവം നമ്മെ വിളിക്കുന്നുവെന്നും വിനാവിളംബം തൻെറ സമക്ഷം നാം ഹാജരാകേണ്ടതാണെന്നും നമ്മെ അറിയിക്കും. അപ്പോൾ നമ്മുടെ ആത്മാവിൻെറ സ്ഥിതി എന്തായിരിക്കും? അത് ശക്തിയും ദാർഢ്യവുമുള്ളതും ദൈവസ്ഥാപിതമായ കൂദാശകളുടെ പ്രസാദവരങ്ങളാൽ പരിശുദ്ധമാക്കപ്പെട്ടതുമായ സ്ഥിതിയിലൊ അല്ലെങ്കിൽ പാപത്താൽ അശുദ്ധമാക്കപ്പെട്ടുകയാൽ നീതിമാനായ ദൈവത്താൽ നിത്യനരകശിക്ഷയ്ക്ക് വിധിക്കപ്പെടുവാൻ തക്കസ്ഥിതിയിലൊ ആയിരിക്കുമൊ ഇരിക്കുന്നത്? ഈ കാര്യംസംബന്ധിച്ച് സഗൗരവം നാം ചിന്തിക്കുവാനാവശ്യമാണ്.

പ്രസ്തുത സംഗതികളെ നാം ഓർമ്മയിൽ നിറുത്തിക്കൊണ്ടു കുമ്പസാരമെന്ന കൂദാശ സംബന്ധിച്ചുള്ള ഈ അഞ്ചാമത്തെ അദ്ധ്യായത്തിൽ പ്രസ്താവിക്കപ്പെടുന്നവയെ സശ്രദ്ധം പരിചിന്തനം ചെയ്യുന്നതിന് നമുക്ക് ആരംഭിക്കാം.

നാം ദൈവത്തെ സ്നേഹിക്കുന്നതിനു മുൻപുതന്നെ തൻെറആസ്തിക്യം, ദിവ്യലക്ഷണങ്ങൾ എന്നിവ സംബന്ധിച്ചുള്ള അറിവ് സമ്പാദിക്കാനാവശ്യമാണ്. എന്തുകൊണ്ടെന്നാൽ യാതൊരു വസ്തുവിനുള്ള ഗുണപൌരുഷ്കല്യങ്ങളെപ്പററി വേണ്ടത്തക്ക ഒരു ജ്ഞാനമില്ലാതെ അതിനെ സ്നേഹിക്കുന്നതിന് നമുക്ക് കഴിയുകയില്ലെന്നുള്ളത് എല്ലാവരും സംശയകമ്പം സമ്മതിക്കുന്ന ഒരു കാര്യമാണല്ലൊ. ആ സ്ഥിതിക്ക് ദൈവത്തെ നാം തക്കവണ്ണം അറിയുകയും സ്നേഹിക്കുകയും തൻെറ തിരുമനസ്സിനെ നമുക്കുവെളിപ്പെടുത്തുന്ന ദൈവപ്രമാണങ്ങളെ യഥാവിധി കാക്കുകയും ചെയ്യാതെ നമ്മുടെ മരണാനന്തരം സ്വർഗ്ഗത്തിൽ ദൈവത്തെ മുഖമുഖമായിക്കണ്ട് ഭാഗ്യം അനുഭവിക്കുന്നതിന് കഴിയുന്നതല്ല. എന്തുകൊണ്ടെന്നാൽ ഒരിക്കൽ ഒരു നിയമജ്ഞൻ ഈശോയെ സമീപിച്ച് തന്നെ പരീക്ഷിക്കുവാൻ, "ഗുരൊ, നിത്യായുസ്സ് അവ

കാശപ്പെടുത്തുവാൻ ഞാൻ എന്തുചെയ്യണം?" എന്നുചോദിച്ചു. അപ്പോൾ ഈശോ അവനോട്, "നിയമത്തിൽ എങ്ങനെ എഴുതപ്പെട്ടിരിക്കുന്നു? നീ എന്തുവായിക്കുന്നു?" എന്ന് ചോദിച്ചു. അവൻ ഉത്തരമായി "നിൻെറ ദൈവമായ കർത്താവിനെ നിൻെറ പൂർണ്ണഹൃദയത്തോടുകൂടിയും പൂർണ്ണആത്മാവോടുകൂടിയും സർവ്വശക്തിയോടുകൂടിയും നിൻെറ അയൽക്കാരനെ നിന്നെപ്പോലെയും സ്നേഹിക്കണം" എന്നു പറഞ്ഞു. ഈശോ അവനോട് അരുളിച്ചെയ്തു! നീ ശരിയായിപ്പറഞ്ഞു. ഇതു ചെയ്യുക. എന്നാൽ നീ രക്ഷപ്രാപിപിക്കും." (ലൂക്കാ. അ. 10 വ. 25-28) കൂടാതെയും മറെറാരു ദിവസം ഒരു യുവാവ് മ്ശിഹാതമ്പുരാനെ സമീപിച്ച്, "ഗുണവാനായ ഗുരോ, എനിക്ക് നിത്യായുസ്സുണ്ടാകുവാൻ ഞാൻ എന്തു നന്മചെയ്യണം?" എന്നു ചോദിച്ചു. അപ്പോൾ ഈശോ അവനോട്, "...ആയുസ്സിൽ പ്രവേശിക്കുവാൻ നിനക്കു മനസ്സുണ്ടെങ്കിൽ കല്പനകൾ കാത്തുകൊള്ളുക." എന്നു അരുളിച്ചെയ്തു. (മത്തായി. അ. 19. വ 16. 17.)

ആകയാൽ, മേൽകാണിച്ചിരിക്കുന്ന വേദവാക്യങ്ങളിൽനിന്ന് വിശദമാകുന്നത്, നാം നിത്യമായി രക്ഷപ്രാപിക്കണമെങ്കിൽ യഥാർത്ഥമായ ദൈവസ്നേഹവും പരസ്നേഹവും നമ്മിൽ ഉണ്ടാകുവാൻ ആവശ്യമാണ് എന്നാണ്. പ്രസ്തുത രണ്ടു ചുമതലകളും നാം തക്കവിധം നിർവഹിക്കുമ്പോൾ ദൈവം നമുക്ക് നൽകിയിരിക്കുന്ന സകല പ്രമാണങ്ങൾക്കും അനുസരണമായി നാം പ്രവർത്തിക്കുമെന്നാണ് നമ്മുടെ കർത്താവ് നമ്മോടു ഗുണദോഷിക്കുന്നത്. എന്തുകൊണ്ടെന്നാൽ ഇവ രണ്ടും, ദൈവം നമുക്ക് നൽകിയിരിക്കുന്ന പ്രമാണങ്ങൾ എല്ലാവററിൻെറയും കാതലും രത്നച്ചുരുക്കവുമാകുന്നു.

നാം ആദ്യമായി ദൈവത്തെ അറിഞ്ഞെങ്കിൽ മാത്രമെ ദൈവത്തെ സ്നേഹിക്കുവാൻ നമുക്കു കഴിയുകയൊള്ളു. കാരണം നമുക്ക് അറിവും പരിചയവുമില്ലാത്ത ഒരുവനെ നമുക്കു സ്നേഹിക്കുവാൻ പാടാകുകയില്ലല്ലൊ. എന്നാൽ നമുക്ക് ദൈവത്തെ അറിയുന്നതിന് മൂന്നു മാർഗ്ഗങ്ങളാണുള്ളത്. അവ വേദപുസ്തകവും, വിശുദ്ധ പള്ളിയുടെ തെററുവരാൻ പാടില്ലാത്ത ശിക്ഷണവും, നമ്മുടെ ദൃഷ്ടിക്ക് അനുഭവപ്പെടുന്ന സൃഷ്ടവസ്തുക്കളുമാകുന്നു. ഇവ വഴിയായി മാത്രമെ ദൈവത്തെപ്പററിയുള്ള അറിവ് സമ്പാദിക്കുവാൻ നമുക്കു കഴിയുകയൊള്ളു. എന്തുകൊണ്ടെന്നാൽ ദൈവം നമ്മെപ്പോലെ ശരീരമുള്ള ഒരു സത്വമല്ല. അതുകൊണ്ടു നമ്മുടെ ശരീരക്ക

ണ്ണുകൾകൊണ്ട് നമുക്ക് ദൈവത്തെ കാണുവാനൊ, നമ്മുടെ കരങ്ങൾകൊണ്ട്തന്നെ സ്പർശിക്കുവാനും, ഒരു നിവർത്തിയുമില്ല. ഗണിതശാസ്ത്രത്തിൽ, നമ്മുടെ പഞ്ചേന്ദ്രിയങ്ങൾക്ക് യാതൊരുതരത്തിലും അനുഭവപ്പെടാത്തവയായി മനുഷ്യന്റെ അന്തരംഗത്തിൽമാത്രം അടക്കിക്കൊള്ളുന്നവയായ തത്വങ്ങളാണ് ഉള്ളത്. എന്നാൽ ഒരുവൻ അവന്റെ ബാല്യം മുതലുള്ള നിരന്തരമായി ഉത്സാഹിച്ചുള്ള പഠിനംകൊണ്ട് അവയുടെ ഏകദേശമായ ഒരു അറിവ്, സമ്പാദിക്കുകയും പ്രസ്തുത ഗണിതശാസ്ത്രത്തിലെ തത്വങ്ങളെ, പിന്നീട് അവൻ വ്യാപാരസംബന്ധമായ ഇടപാടുകളിൽ ഉപയോഗയോഗ്യമാക്കിത്തീർക്കുകയും ചെയ്യുന്നു. ഏനാകർഷണം നമുക്ക് അഗോചരവും നമ്മുടെ ബുദ്ധികൊണ്ട് നിഷ്പ്രയാസം കണ്ടുഗ്രഹിക്കുവാൻ കഴിയാത്ത ഒന്നാണെങ്കിലും അതു ഉണ്ടെന്നുള്ളതു് അതിന്റെ ഫലത്തിൽനിന്നു് നമുക്കു ഏറക്കുറെ വിശദമാണല്ലൊ.

ദൈവത്തെപ്പററിയുള്ള അറിവു നമുക്കു സമ്പാദിക്കുവാനുള്ള പ്രഥമവും സർവപ്രധാനവുമായ മാർഗ്ഗം മതപഠനമാകുന്നു. മതം, നമ്മുടെ ശിശുപ്രായത്തിൽതന്നെ സർവഗുണസംപൂർണ്ണനും സകലത്തിന്റേയും സ്രഷ്ടാവും നിയന്താവുമായ ഒരു ദൈവം ഉണ്ടെന്നും അദ്ദേഹം അനേകം യുഗങ്ങൾക്കു മുൻപുതന്നെ നാം നിവസിക്കുന്ന ഈ ലോകത്തെയും അതിലുള്ള ചരങ്ങളും അചരങ്ങളുമായ സകലവസ്തുക്കളെയും ഇല്ലായ്മയിൽനിന്നു് സൃഷ്ടിച്ചുവെന്നു്, നമ്മെ പഠിപ്പിക്കുന്നുണ്ട്. മതത്തിന്റെ ഈദൃശ ശിക്ഷണത്തിനുള്ള അടിസ്ഥാനം വേദപുസ്തകംതന്നെയാണ്. വിശുദ്ധഗ്രന്ഥത്തിന്റെ ആരംഭംമുതൽ അവസാനംവരെ പരിശോധിച്ചുനോക്കുമ്പോൾ, ഓരോ സന്ദർഭങ്ങളിൽ മനുഷ്യർക്ക് ദൈവം പ്രത്യക്ഷനായതായി കാണാവുന്നതാണു. തന്നെയുമല്ല, മതം നമുക്കുപദേശിച്ചുതരുന്ന മറെറാരുസംഗതി, നന്മചെയ്യുന്നവർക്ക് സമ്മാനവും ദുഷ്ടന്മാർക്ക് ശിക്ഷയും ദൈവം നൽകുന്നുവെന്നും, ആദത്തിന്റെ പാപം മൂലം പാപത്തിന് അധീനനായ മനുഷ്യനെ സ്വർഗ്ഗത്തിനു അവകാശിയാക്കുന്നതിനു്, താൻ നമ്മെപ്പോലെ ഒരു മനുഷ്യനായി പിറന്നു് നിരവധി പീഡകൾ സഹിച്ച് മരിച്ചുവെന്നും രക്ഷാകരമായ ഏഴുകൂദാശകളെ സ്ഥാപിച്ചുകൊണ്ട് അവ വഴിയായി നിരവധിവരപ്രസാദങ്ങളാകുന്ന മാരിയെ നമ്മുടെ മേൽ വർഷിച്ചുകൊണ്ടിരിക്കുന്നുവെന്നുമാണു്.

ഇനി നമുക്ക് ചരിത്രങ്ങളെ ഒന്നു പരിശോധിച്ചുനോക്കാം. സകലത്തിന്റെയും സ്രഷ്ടാവായ ഒരു ദൈവമുണ്ടെന്നുള്ള സജീവമായ വിശ്വാസം ലോകാരംഭംമുതൽ ഇന്നുവരെ ജീവിച്ചിരുന്നവരായ സകല ജനങ്ങളിലും ഉണ്ടായിരുന്നുവെന്ന് അതു നമുക്കു കാണിച്ചുതരുന്നുണ്ട്. കാരണം ലോകത്തിന്റെ ആരംഭംമുതൽ ഇന്നുവരെ ജീവിച്ചിരുന്നവരും ഇപ്പോൾ ജീവിച്ചിരിക്കുന്നവരുമായ സകല ജാതിജനങ്ങളും ദൈവാരാധനയെ ഉദ്ദേശിച്ചു പ്രാർത്ഥനകളും ബലികളും അർപ്പിച്ചിരുന്നതായി ലോകചരിത്രത്തെ ക്രൂലങ്കഷമായി പരിശോധനചെയ്യുന്ന സൂക്ഷ്മദൃക്കുകൾക്ക് അനുഭവപ്പെടുന്നതാണ്.

ദൈവത്തെ അറിയുന്നതിനുള്ള മൂന്നാമത്തെ മാർഗ്ഗം നമ്മുടെ ഓരോരുത്തന്റെയും അനുഭവംതന്നെയാണ്. നമ്മുടെ ദൃഷ്ടിയിൽ കാണപ്പെടുന്ന ബ്രഹ്മാണ്ഡമായ ഈ അന്തരീക്ഷത്തെയും അതിലുള്ള ജീവജാലങ്ങളെയും തക്കവിധം ഭരിച്ചു നടത്തുകയും സംരക്ഷിച്ചുകൊണ്ടു പോരുകയും ചെയ്യുന്ന സർവ്വശക്തനായ ഒരു ഭരണകർത്താവുണ്ടെന്ന് അവതന്നെ നമ്മോടു വിളിച്ചുപറയുന്നുണ്ട്. ഇങ്ങനെയുള്ള ആ സത്വത്തെയാണല്ലോ നാം ദൈവമെന്നു നാമകരണം ചെയ്തുപോരുന്നത്. ഗണിതശാസ്ത്രത്തിന്റെയോ, ഘനാകർഷണശക്തിയുടെയോ മൂലതത്വങ്ങളുടെ അറിവ് സമ്പാദിക്കുന്നതിന് നാം ചെയ്യുന്ന യത്നങ്ങളെക്കാൾ എളുപ്പത്തിൽ ദൈവത്തെ സംബന്ധിച്ചുള്ള ഒരു ജ്ഞാനം കരഗതമാകുന്നതിന് നമുക്ക് സാദ്ധ്യമാകുന്നതാണ്. ദൈവം ദിവ്യനും അരൂപിയും യാതൊരുത്തരാലും നിർമ്മിക്കപ്പെടാത്തവനും ജീവാത്മാവും തന്റെ ദിവ്യലക്ഷണങ്ങളിൽ അനന്തനുമാകുന്നു. എന്നാൽ മനുഷ്യൻ അരൂപിയായ ആത്മാവും ഭൗതികമായ സാധനങ്ങൾകൊണ്ടുണ്ടാക്കപ്പെട്ട ശരീരവുംകൂടി സംയോജിപ്പിച്ച് ഉണ്ടാക്കപ്പെട്ടിട്ടുള്ള ഒരു ജീവിയാണ്. കൂടാതെയും മനുഷ്യന്റെ ആത്മാവ് വിശുദ്ധ പുസ്തകത്തിൽനിന്നു വിശദമാകുന്നതുപോലെ, ദൈവത്തിന്റെ ഛായയിലും രൂപത്തിലും, ഉണ്ടാക്കപ്പെട്ടിട്ടുള്ളതും, ഓർമ്മ, ബുദ്ധി, മനസ്സ് എന്ന മൂന്നു ഗുണലക്ഷണങ്ങളാൽ അലംകൃതവുമാകുന്നു. ഈ മൂന്ന് പ്രത്യേകദാനങ്ങൾ മൂലമാണ് മനുഷ്യന് എളുപ്പത്തിൽ ദൈവത്തെ വേണ്ടവിധം അറിയുന്നതിനും, തന്നെ അറിഞ്ഞുകൊണ്ട് തന്നെ സ്നേഹിക്കുന്നതിനും, തന്നെ സ്നേഹിച്ചുകൊണ്ട് തനിക്ക് പ്രീതികരമായവിധം ഈ ലോകത്തിൽ ശുശ്രൂഷചെയ്യുന്നതിനും കടശി

പരലോകത്തിൽ തന്നെ അഭിമുഖമായി ദർശിച്ച് സനാതന സൌഭാഗ്യം അനുഭവിക്കുന്നതിനും ഇടയായിത്തീരും. ദൈവത്തെ തക്കവിധം അറിയുന്ന കാര്യത്തിൽ ഗൌരവതരവും യഥാർത്ഥവുമായ പരിശ്രമം ചെയ്യാതെ നമ്മുടെ ജീവിതത്തെ അലസതയോടുകൂടി നയിച്ചുകൊണ്ടുപോകുകയാണെങ്കിൽ, തന്റെ ഹിതത്തിന് എതിരായിട്ടുള്ള ഗുരുതരമായ കുററത്തിന് നാം അധീനരായിത്തീരുന്നതിന് ഇടയാകുന്നതായിരിക്കും. മാത്രവുമല്ല, ഈ കാര്യത്തിൽ നാം കാണിക്കുന്ന മടി നമ്മുടെ നിത്യരക്ഷയെത്തന്നെ അപകടത്തിൽ ആക്കിവെക്കുകയും ചെയ്യുന്നതാണ്. എന്തുകൊണ്ടെന്നാൽ പ്രസ്തുത സംഗതിയിലുള്ള നമ്മുടെ മന്ദതയും ഉത്സാഹമില്ലായ്മയും ദൈവപ്രമാണത്തിന്റെ ഏററവും ഗൌരവാവഹമായ ഒരു ലംഘനം തന്നെയായിരിക്കുമെന്നതിന് യാതൊരു സന്ദേഹവുമില്ല.

നമ്മുടെ സ്വാതന്ത്ര്യമനസ്സോടുകൂടിയുള്ള ഹൃദയസ്നേഹവും നാം സൃഷ്ടിക്കപ്പെട്ടിരിക്കുന്ന അന്ത്യത്തെ പ്രാപിക്കുവാൻ അവശ്യാവശ്യമായ നമ്മുടെ മനസ്സിന്റെ കീഴ്‌വഴക്കവും നാം തനിക്കു നൽകുവാൻ ദൈവം നമ്മിൽനിന്ന് ആവശ്യപ്പെടുന്നുണ്ട്. ഏതൻമൂലം നാം ദൈവത്തെ തക്കവിധം സ്നേഹിക്കാതെ ഇരിക്കുകയോ, തന്റെ പ്രമാണങ്ങൾക്കനുയോജ്യമായവിധം നമ്മുടെ ജീവിതത്തെ ക്രമപ്പെടുത്താതെ ഇരിക്കുകയോ ചെയ്യുകയാണെങ്കിൽ നിത്യവിധിക്ക് നമ്മെത്തന്നെ നാം അർഹരാക്കുകയാണ് ചെയ്യുന്നത്.

നമ്മുടെ ശരീരത്തിന്റെ ആരോഗ്യത്തെയും ജീവനെയും നഷ്ടപ്പെടുത്താതെ സംരക്ഷിച്ചുകൊണ്ടു പോകുന്നതിന് അവശ്യാവശ്യമായ പ്രമാണങ്ങളെ നാം ലംഘിക്കുന്നതുമൂലം നാനാതരത്തിലുള്ള അനർത്ഥങ്ങൾക്കും കഠിനതമങ്ങളും ദുസ്സഹങ്ങളുമായ രോഗങ്ങൾക്കുമെന്നുമാത്രമല്ല അകാലമരണത്തിനുകൂടെയും നാം വിധേയരായി തീരുമെന്നത് അനുഭവത്താൽ നമുക്ക് എല്ലാവർക്കും ബോദ്ധ്യമായിട്ടുള്ള ഒരു കാര്യമാണല്ലൊ. മേൽ വിവരിക്കപ്പെട്ട ആപത്തുകളിൽനിന്ന് നമ്മെ വിമുക്തരാക്കുന്നതിന് നാം എത്രയൊ കണിശമായ മുൻകരുതലുകളാണ് ചെയ്യാറുള്ളത്. നമ്മെ ഏതെങ്കിലും തരത്തിലുള്ള രോഗം ബാധിച്ചുവെന്ന് നാം കാണുമ്പോൾ ഉടൻതന്നെ ഒരു വൈദ്യനെ അന്വേഷിക്കുകയും അയാളോട് നമ്മുടെ സുഖക്കേടുകളുടെ വിവരം മുഴുവനും വഴിപോലെ പറയുകയും ചെയ്യുക സാധാരണമാണല്ലൊ. എന്നാൽ ഈ

കാര്യത്തിൽ നാം ജാഗ്രതാപൂർവ്വം വർത്തിക്കുന്നതു എന്തുകൊണ്ടായിരിക്കും? കാരണം ഏവംവിധം ചെയ്താൽ മാത്രമെ നമ്മെ ബാധിച്ചിരിക്കുന്ന രോഗം ഏതുതരത്തിലുള്ളതാണെന്ന് വൈദ്യൻ വേണ്ടവിധം മനസ്സിലാക്കുന്നതിനും അതിനു പററിയ ഔഷധങ്ങൾ പ്രയോഗിച്ച് നമ്മുടെ ശരീരത്തിൻെറ ആരോഗ്യത്തിന് ഹാനികരമായി നമ്മിൽ നിലകൊള്ളുന്ന സുഖക്കേടിനെ പാടെ ഉൻമൂലനം ചെയ്യുന്നതിനും അയാൾക്കു കഴിവുണ്ടാകുകയൊള്ളുവെന്ന് നാം അറിഞ്ഞിരിക്കുന്നതുകൊണ്ടു മാത്രമാണ്. രോഗംമൂലം നമുക്ക് നഷ്ടീഭവിച്ചിരിക്കുന്ന ശരീരസൌഖ്യത്തിൻെറ പ്രാപ്തിക്കുവേണ്ടി എത്രതന്നെ പണം ചെലവിടേണ്ടിവന്നാലും ശരി, പണനഷ്ടത്തെ കാര്യമായി നാം കരുതാത്തതയാണ് പ്രവൃത്തിച്ചുപോരാറുള്ളത്. നമുക്കുതോന്നുന്ന വിശപ്പിന് അനുരൂപമായി ഭക്ഷ്യപേയങ്ങളെ നാം ഉപയോഗിക്കുന്നില്ല. ദേഹാദ്ധ്വാനം ആവശ്യപ്പെടുന്ന ജോലികളിൽനിന്നും കളികളിൽനിന്നും നാം വിരമിച്ചു കഠിനപത്ഥ്യം ആചരിക്കുകയും വേണ്ടിവന്നാൽ ശസ്ത്രക്രിയകൾക്കു വിധേയരാകുകനിമിത്തം ആശുപത്രികളിൽ ദീർഘനാൾ താമസിക്കുന്നതിനും മടിക്കുന്നില്ല. ഏതാനും വർഷങ്ങൾ കഴിയുമ്പോൾ വാദ്ധക്യത്താലുണ്ടാകുന്ന ശക്തിക്ഷയത്താലും പീഡനങ്ങളാലും നമ്മുടെ ആയുസ്സിന് അവസാനം വരുമെന്ന് അറിഞ്ഞിരുന്നാലും രോഗത്താൽ നമുക്ക് നഷ്ടപ്പെട്ടിരിക്കുന്ന ശരീരാരോഗ്യത്തെ വീണ്ടും പ്രാപിക്കുവാൻ എന്തും സഹിക്കുവാൻ നാം ഒരുക്കമുള്ളവരായി കാണപ്പെടുക സാധാരണമാണല്ലൊ.

നമ്മുടെ ശരീരസൌഖ്യം പാലിച്ചുകൊണ്ടു പോകുന്നതിന് ഏതേതു കഷ്ടതകളും ബുദ്ധിമുട്ടുകളുമെന്നു മാത്രമല്ല മുതൽ നഷ്ടംകൂടെയും സഹിക്കുന്നതിന് ഒരുക്കവും ഉത്സാഹവും ഉള്ളവരായി നാം കാണപ്പെടുന്നുവെങ്കിൽ പാപമാകുന്ന വ്യാധി പിടിപ്പെട്ടിട്ട് ആത്മീയ ജീവനാകുന്ന ദൈവപ്രസാദവരത്തെ നഷ്ടപ്പെടുത്തി നിത്യനരകാഗ്നിയിൽ നിപതിക്കത്തക്ക അപകടത്തിലിരിക്കുന്ന നമ്മുടെ ആത്മാവിൻെറ നിത്യരക്ഷയുടെ കാര്യത്തിൽ യാതൊരു ചിന്തയുമില്ലാതെയിരിക്കുന്നത് കഷ്ടാൽ കഷ്ടതരമല്ലെയൊ? നമ്മുടെ ശരീരത്തെ ബാധിച്ചുകൊണ്ടിരിക്കുന്ന രോഗങ്ങളിൽനിന്ന് വിമുക്തരാകുന്നതിന് ആവശ്യപ്പെടുന്ന ചികിത്സ ചെയ്യുന്നതിനും ഈ കാര്യത്തിൽ ഏതുതരത്തിലുള്ള വിഷമതകളെയും തരണം ചെയ്യുന്നതിനും നാം തയ്യാറാണ്. എന്നാൽ ദൈവത്തിൻെറ ഛായ

യിൽ നിർമ്മിക്കപ്പെട്ടിരിക്കുന്നതും തൻെറ വാത്സല്യഭാജനവുമായ നമ്മുടെ ആത്മാവ് പാപമാകുന്ന രോഗത്താൽ ബാധിതയായി അപൽകരമായ നിലയിൽ എത്തിയിരുന്നിട്ടും ആ കാര്യത്തിൽ യാതൊരുവക ചിന്തയും കൂടാതെയും പ്രസ്തുത വിപത്തിൽനിന്ന് വിമുക്തരാകുന്നതിന് അവശ്യാവശ്യമായ പ്രതിവിധികൾ നോക്കാതെ ലൌകികവ്യാമോഹങ്ങളിൽ ഉൾപ്പെട്ട് നമ്മുടെ നിത്യരക്ഷയുടെ കാര്യത്തിൽ ഏതെങ്കിലും ചെയ്യുന്നതിന് മനസ്സാകാതെ അലസരായി ജീവിക്കുന്നത് ശോചനീയം തന്നെ. നമ്മുടെ വസ്ത്രത്തെക്കാൾ ശരീരം ശ്രേഷ്ഠമായതാണ്. എന്നാൽ നമ്മുടെ ശരീരത്തേക്കാൾ അമൂല്യമായതാണ് നമ്മുടെ ആത്മാവ്. ലോകം മുഴുവൻനേടിയാലും സ്വന്തം ആത്മാവ് നശിച്ചാൽ എന്തു പ്രയോജനമാണ് ഉള്ളത്? നാം ആർജ്ജിച്ച ക്ഷണഭംഗുരമായ ലോകംകൊണ്ട് നമുക്ക് എന്തു ലാഭമാണ് ലഭ്യമാകുന്നത്? എന്ന് മ്ശിഹാതമ്പുരാൻ നമ്മോട് ചോദിക്കുന്നു. ആകയാൽ നാം ശരീരത്തിൻെറ ആരോഗ്യത്തെ എന്നതിനെക്കാൾ കൂടുതലായി നമ്മുടെ ആത്മാവിൻെറ ജീവനേയും ആരോഗ്യത്തെയും കേടുകൂടാതെ പാലിച്ചുകൊണ്ടു പോകുന്നതിന് ശ്രമിക്കേണ്ടതല്ലയൊ നമ്മുടെ കടമ. നമ്മുടെ ആത്മീയ രോഗങ്ങളെ ശമിപ്പിക്കുന്നതിനു വേണ്ടിയാണല്ലൊ നമ്മുടെ പരിത്രാതാവായ മ്ശിഹാ തമ്പുരാൻ കുമ്പസാരമെന്ന കൂദാശയെ സ്ഥാപിച്ചിരിക്കുന്നത്. നമ്മുടെ ആത്മീയരോഗത്തിന് പ്രതിവിധിയായി പ്രസ്തുത കൂദാശയെ സ്ഥാപിക്കുവാൻ തിരുമനസ്സായ മ്ശിഹാതമ്പുരാനോട് നാം എത്രതന്നെ നന്ദിയും സ്നേഹവും കാണിച്ചിരുന്നാലും അവ ഒട്ടുംതന്നെ കൂടുതലായി എന്ന് വരുന്നതല്ല. മരണമില്ലാത്ത നമ്മുടെ ആത്മാവു മോക്ഷത്തിൽ ചെന്നുചേർന്നു ദൈവത്തെ അനവരതം അഭിമുഖമായി ദർശിച്ച് നിത്യസൌഭാഗ്യം അനുഭവിക്കുന്നതിനുവേണ്ടിയാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. അതു ദൈവത്തിൽനിന്നുള്ളതും തൻെറ നിസ്സീമമായ വാത്സല്യത്തിൻെറ വിഷയവും മ്ശിഹാ തമ്പുരാൻെറ പീഡാനുഭവത്തിലും ഘോരതമമായ കുരിശുമരണത്താലും, പാപത്തിൻെറ അടിമത്വത്തിൽനിന്ന് പരിത്രാണം ചെയ്യപ്പെട്ട, തൻെറ ദത്തുപുത്രനുമാകുന്നു. ഏതൻമൂലം ദൈവസമക്ഷം നമ്മുടെ ആത്മാവിൻെറ വില എത്രയോ നിസ്തുലമായതാകുന്നു. പാപംമൂലം ആത്മാവിനു വന്നിരിക്കുന്ന നിത്യനാശത്തിൽനിന്ന് രക്ഷിക്കുന്നതിന് പരിശുദ്ധ ത്രിത്വത്തിലെ രണ്ടാമത്തെ ആളായ പുത്രൻ തമ്പുരാൻ മനുഷ്യവേഷമുടുത്ത് സ്വ

യം ബലിയായി പിതാവായ ദൈവത്തിനു് സമർപ്പിച്ചു, അതിനെ രക്ഷിക്കുവാൻ തിരുമനസ്സായി എങ്കിൽ അതിന്റെ നേർക്കുള്ള തന്റെ സ്നേഹവും അതു് സൃഷ്ടിക്കപ്പെട്ടിരിക്കുന്ന അന്ത്യത്തിന്റെ മഹത്വവും എത്രകണ്ടു് വലിയതെന്നു് ആരാലാണു് വർണ്ണിക്കുവാൻ കഴിയുന്നതു്. നമ്മുടെ ആത്മാവു് മ'ശിഹാ തമ്പുരാന്റെ വിലതീരാത്ത മാണിക്യമായ തിരുരക്തത്താൽ വീണ്ടുകൊള്ളപ്പെട്ടതാകകൊണ്ടു് അതിനു നമ്മുടെ കർത്താവിന്റെ തിരുരക്തത്തിന്റെ വിലതന്നെയാണുള്ളതു്. അതുകൊണ്ടു നമ്മുടെ കരബലവും സാമർത്ഥ്യവുംകൊണ്ടു് ലോകം സ്വന്തമാക്കിവെച്ചുകൊണ്ടിരുന്നാലും, മരണശേഷം നമ്മുടെ ആത്മാവു് നിത്യമായി നശിച്ചു പോകുന്നുവെങ്കിൽ നാം നേടിയിരിക്കുന്ന ലോകംകൊണ്ടു നമുക്കു് എന്തുപ്രയോജനമാണു് ഉള്ളതു്?

ദൈവത്തെ സംബന്ധിച്ചുള്ള അറിവു സമ്പാദിക്കുന്നതിനു് നാം മടിയന്മാരായി ഇരിക്കുകയൊ, തന്നെ മുഴുഹൃദയത്തോടുകൂടി സ്നേഹിക്കാതെ ഇരിക്കുകയൊ തന്റെ പ്രമാണങ്ങളെ മനസ്സറിഞ്ഞുകൊണ്ടു ലംഘിക്കുകയൊ ചെയ്യുന്നുവെങ്കിൽ അതിനാൽ വരുന്ന നഷ്ടത്തെ നാം സഹിക്കേണ്ടിവരുമെന്നതു് തർക്കമററ ഒരു കാര്യമാണു്. ദൈവപ്രമാണത്തെ ഗുരുതരമായവിധം ലംഘിക്കുവാൻ പ്രാപ്തങ്ങളായ ഓരോ നിരൂപണവും പ്രവൃത്തിയും വാക്കും, ഉപേക്ഷയും അഗ്രഹവും പാപദോഷമാകകൊണ്ടു് അവ നമ്മുടെ ആത്മാവിനു് ആദ്ധ്യാത്മികമായ മരണത്തെ വരുത്തിവെക്കുന്നു. ശാരീരികരോഗങ്ങൾ നമ്മുടെ ശാരീരിക ജീവനു് എത്രകണ്ടു് അപകടം വരുത്തിവക്കുന്നുവൊ അത്രകണ്ടു് ആത്മീയവ്യാധിയായ പാപവും നമ്മുടെ ആത്മീയജീവനു് ഹാനിവരുത്തിവക്കുന്നു.

പാപകരമായ പ്രവൃത്തികളും തൽഫലമായി നമ്മിൽ ഉളവാകുന്ന ദുഷ്ഫലങ്ങളും നമ്മിൽ വരുത്തിവക്കുന്ന നാശകരങ്ങളായ ഫലങ്ങൾ ഏവയെന്നു് നമ്മുടെ അനുദിനജീവിതം നമ്മോടു വിളിച്ചു പറയുന്നുണ്ടു്. ഈ ദുസ്സുഖങ്ങൾ യാതൊരു വിധേനയും നിയന്ത്രിക്കാൻ പാടില്ലാതെ ആകുമ്പോൾ മാത്രമാണു് ഇവക്കു് വിധേയരാണെന്നു് നാം അറിയുന്നതു്. ആകയാൽ നമ്മുടെ ഹൃദയം പരിശുദ്ധമായെങ്കിൽ മാത്രമെ ജീവിത നവീകരണം ഉണ്ടാകുകയൊള്ളു. ഈ ഹൃദയപരിശുദ്ധി പ്രാപിക്കുന്നതിനു് നമ്മുടെ കുററങ്ങളെ നമുക്കു് ബോദ്ധ്യപ്പെടുത്തി, അവയെ വിമോചിക്കുവാൻ അധികാരമുള്ള ഒരു ഉപദേഷ്ടാവിനെ നമുക്കു് ലഭിക്കണം.

ഈദൃശനായ ഉപദേഷ്ടാവിനെ കുമ്പസാരക്കൂടാകുന്ന മനസ്സാക്ഷി കച്ചേരിയിലാണ് കണ്ടെത്തുന്നത്. മ്ശിഹാ തമ്പുരാൻ തന്നെയാണ് അയാളെ തന്റെ പ്രതിനിധിയായി അവിടെ നിയമിച്ചിരിക്കുന്നത്. ആകയാൽ നാം എന്തുകാരണത്താലാണ് കുമ്പസാരമെന്ന ഫലപ്രദമായ ഈ കൂദാശയെ സ്വീകരിക്കുന്ന കാര്യത്തിൽ വൈമുഖ്യം പ്രദർശിപ്പിക്കുന്നത്?

നാം അന്യരിൽ ആരോപിക്കാറുള്ള കുറങ്ങളും അവയുടെ തഴക്കങ്ങളും തന്നെയല്ലയൊ നമ്മിലും തിരുത്തപ്പെടുവാൻ വളരെ പ്രയാസമുള്ളവയായി കാണപ്പെടുന്നത്. നമ്മുടെ ശരീരത്തെ പോഷിപ്പിക്കുന്നതിന് ആവശ്യമായ കൂട്ടങ്ങളെ നാം അന്വേഷിച്ച് സമ്പാദിക്കുന്നുണ്ട്. എന്നാൽ മരണത്തിനു അധീനമല്ലാത്ത നമ്മുടെ ആത്മാവിന്റെ നിത്യരക്ഷക്ക് ആവശ്യമുള്ള കാര്യങ്ങളെ ചെയ്യുന്നതിൽ അലസന്മാരായിരിക്കുകയും ദൈവം നമ്മുടെ നേൎക്ക് കാണിക്കുന്ന അന്തമററ സ്നേഹാതിരേകത്തെ ക്ഷണത്തിൽ മറന്നുകളയുകയും ചെയ്യുന്നു. പ്രീശേന്മാരോടും, സാപ്രേന്മാരോടും കൂടിചേർന്ന് ജനങ്ങൾ അവർ ചെയ്യുന്നത് എന്തെന്ന് അറിയാതെ മിശിഹാ തമ്പുരാനെ പരിത്യജിച്ചത് ഏതുപ്രകാരത്തിലാണെന്നുള്ള സംഗതി നമുക്ക അറിയാവുന്ന ഒരു കാര്യമാണല്ലൊ. അപ്രകാരം തന്നെ, "പിതാവെ! അവരോട് ക്ഷമിക്കേണമെ. അവർ ചെയ്യുന്നത് എന്തെന്ന് അവർ അറിയുന്നില്ല" എന്നു പിതാവായ ദൈവത്തോട് മ്ശിഹാ തമ്പുരാൻ കുരിശിൽ തൂങ്ങിക്കിടന്നു മരണപീഡകൾ അനുഭവിച്ചുകൊണ്ടിരുന്ന സന്ദർഭത്തിൽചെയ്യ പ്രാൎത്ഥനയുടെ കാരണവും മേൽ പ്രസ്താവിക്കപ്പെട്ടിട്ടുള്ളതു തന്നെയാണ്.

അതുകൊണ്ട് ദൈവാനുഗ്രഹത്തിന്റെ ന്യായാസനമായ കുമ്പസാരക്കൂടിനെ ഒരിക്കൽപോലും സമീപിക്കാതെ പാപജീവിതത്തിൽ സുസ്ഥിരരായി ജീവിക്കുന്നതുമൂലം നാം എന്താണ് ചെയ്യുന്നതെന്ന് വല്ലപ്പോഴെങ്കിലും ചിന്തിച്ചിരുന്നുവെങ്കിൽ നന്നായിരുന്നേനെ.

# ആറാം അദ്ധ്യായം.

കുമ്പസാരമെന്നകൂദാശ.

## മിശിഹാ തമ്പുരാനെ ആരാധിച്ച് അദ്ദേഹത്തിന് കാഴ്ച്ചകൾ അപ്പിച്ച മൂന്നു രാജാക്കന്മാർ.

1951 വർഷങ്ങൾക്കുമുമ്പ് കിഴക്ക് ആകാശത്തിൽ കാണപ്പെട്ട അസാധാരണവും പുതിയതുമായ ഒരു നക്ഷത്രത്താൽ ഗണിതശാസ്ത്ര പണ്ഡിതന്മാരായ മൂന്നുരാജാക്കന്മാരുടെ ഹൃദയ കവാടം പ്രകാശിതമായി. വിദൂരപൂർവ്വദേശങ്ങളിൽ ഉദിച്ചുയന്ന ആ നവീന നക്ഷത്രം അവക്ക് മനുഷ്യവർഗ്ഗത്തിൻെറ പരിത്രാണനത്തെ ലാക്കാക്കി ഭൂജാതനായ രാജാവായ മിശിഹാ തമ്പുരാൻെറ ഈ ലോകവെളിച്ചത്തിലേക്കുള്ള പ്രവേശനത്തിൻെറ പ്രമാദരഹിതമായ ഒരു അടയാളമായി പരിലസിച്ചു.

നഭോമണ്ഡലത്തിൽ പുതിയതായി കാണപ്പെട്ട ആ നക്ഷത്രത്തെ കണ്ട ഉടനെ പ്രസ്തുത മൂന്നു ജ്യോതിഷ രാജാക്കന്മാർ, പൊന്ന്, മീറാ, കന്തിരിക്കം എന്ന ഈ മൂന്നു വിലപിടിച്ച സാധനങ്ങളെ നവമായി പിറന്ന രാജകുമാരന് കാഴ്ചവയ്ക്കുന്നതിന്, എടുത്തുകൊണ്ട് വേഗത്തിൽ യാത്രതിരിച്ചു. എന്നാൽ അവർ ആരംഭിച്ച പ്രയാണത്തിൻെറ ദൈർഘ്യം എത്രത്തോളമാണ് ഉള്ളത് എന്ന് അവക്ക് യാതൊരു അറിവും ഉണ്ടായിരുന്നില്ല. അത്ഭുതകരമായ ആ നക്ഷത്രം അവക്കു കാണിച്ചുകൊടുത്ത മാർഗ്ഗത്തിലൂടെ, അവരുടെ രാജ്യങ്ങളുടെ അതൃത്തിവിട്ട്, അവക്കു യാതൊരു അറിവും പരിചയവുമില്ലാത്ത രാജ്യങ്ങളുടെയും അപരിചിതരായിരുന്ന ജനതാമദ്ധ്യത്തിൽക്കൂടെയും പ്രയാണം ചെയ്ത് ഒടുവിൽ അവർ കീർത്തിധാവള്യത്തോടുകൂടി പരിലസിച്ചിരുന്ന ഓർശ്ലേം പട്ടണത്തിൽ ചെന്നെത്തിയപ്പോൾ അവർക്ക് അതുവരെ മാർഗ്ഗദശിയായി അവരെ നയിച്ചുകൊണ്ടുവന്ന ആ നക്ഷത്രം അപ്രത്യക്ഷമായി. അതിനാൽ അവർ പരിഭ്രാന്ത ചിത്തരായി എന്തുചെയ്യണമെന്നറിയാതെ അമ്പരന്നു. എങ്കിലും, അവർ, അക്കാലത്ത് യൂദായ നാടിൻെറ അധികാരിയായിരുന്ന ഹേറോദേശിൻെറ കൊട്ടാരത്തിൽചെന്ന്, അയാളോട്, "മഹാരാജാവെ! സകല ജാതി ജനങ്ങളും അത്യാശയോടുകൂടി അരുടെ ആഗമനത്തെപ്രതീക്ഷിച്ചു

കൊണ്ടിരുന്നുവൊ, ആ നവരാജൻ എവിടെ ഭൂജാതനായിരിക്കുന്നു" എന്നു ചോദിക്കുകയുണ്ടായി. മാത്രവുമല്ല, അവർ "വിദൂരപൂർവ്വദേശങ്ങളിൽനിന്നു പുറപ്പെട്ടു അവിടെ വന്നതിൻെറ ഉദ്ദേശം നവമായി പിറന്നിരിക്കുന്ന യഹൂദന്മാരുടെ രാജാവിനെ ആരാധിച്ചു കാഴ്ചകൾ സമർപ്പിക്കുവാനാണെന്നും അവർക്ക് മാർഗ്ഗദർശിയായി അവരെ നയിച്ചുകൊണ്ടുപോന്ന നക്ഷത്രംഅവർ ആ പട്ടണത്തിൽ പ്രവേശിച്ചപ്പോൾ അപ്രത്യക്ഷമായി" എന്നും തുടർന്നയാളോടു പറകയുണ്ടായി.

എന്നാൽ ഹേറോദേസു രാജാവ് ഇതുകേട്ടപ്പോൾ യഹൂദപ്രമാണികളായ പട്ടക്കാരെയും മൂപ്പന്മാരെയും വിളിച്ചുകൂട്ടി, അവരോട് വാഗ്ദത്തം ചെയ്യപ്പെട്ട മിശിഹാ എവിടെയാണ് പിറന്നിരിക്കുന്നത് എന്ന് ചോദിച്ചു. അപ്പോൾ അവർ വേദപുസ്തകം ആദ്യം മുതൽ അവസാനംവരെ തിരിച്ചും മറിച്ചും നോക്കി പരിശോധന ചെയ്തശേഷം, വാഗ്ദത്തം ചെയ്യപ്പെട്ട മ്ശിഹാ ഭൂജാതനാകാനിരിക്കുന്നത് ദാവീദിൻെറ പട്ടണമായ ബേസ്ലഹമിലാണ് എന്ന് പ്രവചനങ്ങളിൽ എഴുതപ്പെട്ടിരിക്കുന്നുവെന്നാണ് അയാൾക്കു മറുപടി നൽകിയതു്.

അനന്തരം ഹേറോദേസുരാജാവ് പ്രസ്തുത ജോതിഷ രാജാക്കന്മാരുടെ അടുക്കൽചെന്ന് അവരോട് മ്ശിഹാ രാജാവിൻെറ ജനനസ്ഥലം, ദാവീദിൻെറ പട്ടണമായ ബേസ്ലഹമിലായിരിക്കുമെന്ന് അറിയിച്ചശേഷം അവർ ഇരുകൂട്ടരും യാത്ര പറഞ്ഞു പിരിഞ്ഞു. എന്നാൽ വിദൂരപൂർവ്വദേശങ്ങളിൽനിന്ന് ഹേറോദേശിൻെറ അരമനയിൽ ആഗതരായ പ്രസ്തുത മൂന്നു രാജാക്കന്മാരിൽനിന്നു യഹൂദന്മാർക്ക് നവമായി ഒരു രാജാവ് പിറന്നിരിക്കുന്നുവെന്ന്, കേട്ടപ്പോൾ പരിഭ്രാന്തചിത്തനായി അവരോട്, അവൻ ഉത്സാഹപൂർവ്വം പുതിയതായി പിറന്ന ആ രാജകുമാരൻ എവിടെയാണെന്ന് അന്വേഷിച്ചറിഞ്ഞു, അവർ അദ്ദേഹത്തിന് കാഴ്ചകൾ സമർപ്പിച്ചശേഷം സ്വരാജ്യത്തിലേക്ക് മടങ്ങിപ്പോകുമ്പോൾ ഓർശ്ലേമിൽക്കൂടി വീണ്ടും വന്ന് അദ്ദേഹത്തിൻെറ ജനനസ്ഥലം എവിടെയെന്ന് തന്നോട് അറിയിക്കണമെന്ന്, താല്പര്യമായി പറഞ്ഞു. ഹേറോദേസുവഴിയായി യഹൂദപ്രമാണികളിൽനിന്ന് മ്ശിഹാരാജാവ് ഭൂജാതനായ സ്ഥലം എവിടെയെന്ന് മനസ്സിലാക്കിയ ഉടനെ ആ മൂന്നു രാജാക്കന്മാരും ഉടൻതന്നെ ഓർശ്ലേം പട്ടണംവിട്ട് ബേദ്ലഹമിലേയ്ക്കു യാത്രയായി. അവർ പ്രസ്തുത പട്ടണത്തിൽ

നിന്നു പുറത്തിറങ്ങിയപ്പോൾ, മുൻപ് മാർഗ്ഗദർശിയായിരുന്ന് അവരെ നയിച്ചുകൊണ്ടിരുന്ന നക്ഷത്രം വീണ്ടും ദൃശ്യമായി അവരെ ഈശോയുടെയും മറിയത്തിൻെറയും യൗസേപ്പിൻെറയും ദാരിദ്ര്യ സംപൂർണ്ണമായ വീട്ടിലേക്ക് കൂട്ടിക്കൊണ്ടുപോകയും ചെയ്തു.

മ്ശിഹാ തമ്പുരാൻ ഈലോകജാതനായ സന്ദർഭത്തിൽ ഉണ്ടായ സംഭവവികാസങ്ങൾ എത്രയോ വിശിഷ്ടവും ഉൽകൃഷ്ടവും അനിർവ്വചനീയവുമാകുന്നു. അവ, വേദപുസ്തക പാരായണം മൂലം ഏറക്കുറെ നാം അറിഞ്ഞിരിക്കുന്നതുമാണല്ലൊ. ഈശോ ബേദ്ലഹത്തിലുണ്ടായിരുന്ന ഒരു കാലിക്കൂട്ടിൽ ഭൂജാതനായ അ രാത്രിയിൽതന്നെ മാലാകാമാർ ആലപിച്ചിരുന്ന കീർത്തനങ്ങളുടെ ശബ്ദത്താൽ ആകാശവും ഭൂമിയും മുഖരിതമായി. വാഗ്ദാനം ചെയ്യപ്പെട്ട ലോകപരിത്രാതാവായ മ്ശിഹാതമ്പുരാൻ ഭൂജാതനായി എന്നുള്ള വൃത്താന്തം അറിഞ്ഞ ഉടനെ അദ്ദേഹത്തിന് കാഴ്ചകൾ സമർപ്പിക്കുന്നതിനു് ബേദ്ലഹത്തിൽ ചെന്നെത്തിയ ജോതിഷന്മാർ അവർക്ക് പ്രത്യക്ഷനായ മാലാഖായുടെ കല്പനപ്രകാരം, മറ്റുമാർഗ്ഗങ്ങളിൽകൂടി അവരവരുടെ നാടുകളിലേക്ക് മടങ്ങിപോകുകയാണ് ചെയ്തതു്. ഈ വാർത്ത ഹേറോദേസ്രാജാവ് കേട്ട് കുപിതനായി. ഒട്ടുംതാമസിയാതെ ഒരുവകുപ്പ് പട്ടാളത്തെ അയച്ച് ബേദ്ലഹത്തിലും അതിൻെറ പരിസരങ്ങളിലും അന്ന് ജീവിച്ചിരുന്ന രണ്ടുവയസ്സും അതിൽ താഴെ പ്രായമുള്ളവരുമായ സകല ആൺകുട്ടികളെയും കൊല്ലിച്ചു. ഈ സന്ദർഭത്തിൽ ഒരു ദൈവദൂതൻ യൌസേപ്പിന്നു് പ്രത്യക്ഷനായി പിഞ്ചുപൈതലായ ഈശോയെ വധിക്കുവാൻ ഹേറോദേസ്രാജാവ് ഒരുങ്ങിയിരിക്കുന്നുവെന്നും അതിനാൽ കഴിയുന്നത്രവേഗം എഴുന്നേറ്റ്, അ രാത്രിയിൽ തന്നെ അയാളുടെ ഭാര്യയായ മറിയത്തേയും, ശിശുവിനേയും കൂട്ടിക്കൊണ്ട് വിദൂരസ്ഥവും കാവ്യമതസ്ഥരാൽ അധിവസിക്കപ്പെടുന്നതുമായ മെസ്രേനിലേക്ക് ഒളിച്ചോടിപോകണമെന്നും സ്വർഗ്ഗത്തിൽ നിന്ന് വീണ്ടും ഒരു അറിയിപ്പുണ്ടാകുന്നതുവരെ അവിടെ താമസിച്ചുകൊള്ളണമെന്നും ആജ്ഞാപിച്ചു.

മാലാകായുടെ പ്രസ്തുത കല്പനയനുസരിച്ച് യൌസേപ്പ് ഉത്തരക്ഷണത്തിൽ സ്വഭാര്യയായ മറിയത്തെയും ശിശുവായ ഈശോയേയും കൂട്ടിക്കൊണ്ടു മെസ്രേനിലേക്ക് യാത്രതിരിച്ചു. സുദീർഘമായ അ പ്രയാണത്തിൽ, കിഴക്കനിന്നുവന്ന ജോതിഷ രാജ

കന്മാരാൽ നൽകപ്പെട്ട കാഴ്ചദ്രവ്യങ്ങൾ മാത്രമല്ലാതെ മററു യാതൊന്നും തന്നെ, അവരുടെ ഉപയോഗത്തിന് ഉണ്ടായിരുന്നില്ലായെന്നത് പ്രത്യേകം പറയേണ്ടതില്ലല്ലൊ. എന്തുകൊണ്ടെന്നാൽ അവർ അത്രയ്ക്ക് ദാരിദ്ര്യപീഡ അനുഭവിച്ചുകൊണ്ടിരുന്നവരായിരുന്നു. മെസ്രേനിൽ ചെന്നെത്തിയശേഷം, അവിടെ അവർ ഏഴ സംവത്സരത്തോളം താമസിച്ചിരുന്നുവെന്നാണ് വേദപാരംഗതന്മാരുടെ പഠനം. എന്നാൽ ഹേറോദേശിൻെറ മരണശേഷം ദൈവത്തിൻെറ മാലാകാ വീണ്ടും യൗസേപ്പിന് പ്രത്യക്ഷനായി പരിശുദ്ധ കന്യകമറിയത്തെയും ഉണ്ണിഈശോയേയും കൂട്ടിക്കൊണ്ട് യൂദായനാട്ടിലെ ഒരു പട്ടണമായ നസ്രസ്സിലേക്ക് പിൻതിരിയുവാൻ കല്പിച്ചു. അപ്രകാരം വിശുദ്ധ യൗസേപ്പ് പ്രവർത്തിക്കുകയും ചെയ്തു. അനന്തരം ഈശോയ്ക്ക് പന്ത്രണ്ടുവയസ്സു പ്രായമായപ്പോൾ വിശുദ്ധ യൌസേപ്പിനോടും പരിശുദ്ധ കന്യകമറിയത്തിനോടുംകൂടി പെസഹാ തിരുനാളിൻെറ ആഘോഷങ്ങളിൽ സംബന്ധിക്കുവാൻ ഓർശ്ലേം ദേവാലയത്തിലേക്ക് പോയി. അവിടത്തെ തിരുനാൾ ആഘോഷങ്ങൾ കഴിഞ്ഞു വിശുദ്ധ യൌസേപ്പും പരിശുദ്ധ കന്യകമറിയവും സ്വഗൃഹത്തിലേക്ക് മടങ്ങിയപ്പോൾ, ഉണ്ണിഈശോ, പിതാവായ ദൈവത്തിൻെറ ഹിതാനുസരണം, ദേവാലയത്തിൽ താമസിച്ച് അവിടെ കൂടിയിരുന്ന നിയമജ്ഞന്മാരോട് മതപരമായ സംഗതികളെപ്പററി വാദപ്രതിവാദങ്ങൾ നടത്തുകയും ദൈവീകമായ പഠനങ്ങളിൽ അദ്ദേഹത്തിനുള്ള നൈപുണ്യത്തെപ്പററി അവർ അത്ഭുതപരതന്ത്രരായിത്തീരുകയും ചെയ്തു. ഈശോ, ഇപ്രകാരം, ദൈവികകാര്യങ്ങളിൽ ഉദ്യുക്തനായി അവിടെ മൂന്നു ദിവസങ്ങളോളം താമസിക്കുകയുണ്ടായി. പ്രസ്തുത കാലഘട്ടത്തിൽ പരിശുദ്ധ കന്യകമറിയവും വിശുദ്ധ യൗസേപ്പും ദിവ്യഉണ്ണിയെ കാണാതെയിരുന്നതിനാൽ ഹൃദയം തകരുന്ന ദുഃഖത്തോടുകൂടി പല സ്ഥലങ്ങളിലും അദ്ദേഹത്തെ അന്വേഷണം നടത്തിയശേഷം മൂന്നാംദിവസം അവർ ഓർശ്ലേം ദേവാലയത്തിൽവന്നു. അവിടെവെച്ച് ഈശോയെ അവർ കാണുകയുണ്ടായി. അനന്തരം ഈശോ തൻെറ മാതാപിതാക്കന്മാർ ഒരുമിച്ച് നസ്രസിലേയ്ക്കു മടങ്ങുകയും അവിടെ തൻെറ അപ്പനമ്മമാർക്ക ഏററവും അനുസരണയുള്ള ഒരു കുട്ടിയായി തനിക്കു മുപ്പതുവയസ്സു പ്രായം ആകുന്നതുവരെ ജീവിക്കുകയും ചെയ്തു.

എന്നാൽ ഈശോമ്ശിഹാ മുപ്പതുവയസ്സു പ്രായമായപ്പോൾ, തന്റെ ആദ്ധ്യാത്മിക രാജ്യമായി തിരുസഭയെ സ്ഥാപിക്കുകയും മനുഷ്യമക്കളെ സാത്താന്റെ അടിമത്വത്തിൽനിന്ന് വീണ്ടെടുക്കുന്നതിന് അവശ്യാവശ്യമായ കാര്യങ്ങളിൽ തുഷ്ണയോടുകൂടി പ്രവർത്തിക്കുകയും നമ്മുടെ മരണമില്ലാത്ത ആത്മാവിന്റെ ജീവനായ ഇഷ്ടപ്രസാദവരത്തെ നമ്മിൽ നിലനിർത്തിക്കൊണ്ടു പോകുകയും അതിന്റെ ഓജസ്സിനെ അടിക്കടി വർദ്ധിപ്പിക്കുകയും ചെയ്യുന്നതിന്, താൻ ഏഴുകൂദാശകളെ സ്ഥാപിക്കുകയും ചെയ്തു. ഈ കാര്യങ്ങളെല്ലാം ഏറക്കുറെ നമുക്ക് അറിവുള്ളവ തന്നെയാണല്ലൊ.

ദീർഘദർശികൾ മ്ശിഹാ തമ്പുരാന്റെ ഈലോകത്തിലേക്കുള്ള ആഗമനത്തെ വളരെക്കാലം മുൻകൂട്ടിത്തന്നെ ലോകത്തെ അറിയിച്ചിരുന്നു. ആകാശത്തിൽ ദൈവത്തെ സദാ അഭിമുഖമായിക്കണ്ട് സ്വർഗ്ഗഭാഗ്യം അനവരതം അനുഭവിച്ചുകൊണ്ടിരിക്കുന്ന മാലാകാമാർ, തന്റെ ജനന മഹോത്സവത്തെ ലോകത്തിൽ വിളംബരംചെയ്തു. അസാധാരണമായി ആകാശത്തിൽ കാണപ്പെട്ട ഒരു നക്ഷത്രം വിദൂരപൂർവ്വ ദേശങ്ങളിൽനിന്ന് ജ്യോതിഷരും കാവ്യരുമായിരുന്ന പ്രസ്തുത മൂന്നു ഭൂപാലന്മാരെ ദാരിദ്ര്യസംപൂർണ്ണവും ഏററവുംവിനീതവുമായതന്റെവസതിയിലേക്ക് കൂട്ടിക്കൊണ്ടുപോയി. ദൈവദൂതന്മാർ, തന്റെ പൈതൽ പ്രായത്തിൽ തന്നെ വധിക്കുവാൻ ഒരുങ്ങി പുറപ്പെട്ടിരുന്ന ഹേറോദേസ്സ് രാജാവിന്റെ വാളിൽനിന്ന് രക്ഷിച്ചു. ഈശോ പന്ത്രണ്ടുവയസ്സുമാത്രം പ്രായമായിരുന്നപ്പോൾ തന്നിലുണ്ടായിരുന്ന വേദസംബന്ധമായ അറിവ് അക്കാലത്തു ജീവിച്ചിരുന്ന ഗംഭീരന്മാരും വിരന്മാരുമായിരുന്ന വേദശാസ്ത്രപണ്ഡിതന്മാരെ വെല്ലുന്ന ഒന്നായിരുന്നു. പരിശുദ്ധ ത്രിത്വത്തിന്റെ രണ്ടാമത്തെ ആളും ശക്തിയിലും മഹത്വത്തിലും മററു ദൈവിക ലക്ഷണങ്ങളിലും പിതാവിനോടും പരിശുദ്ധാത്മാവിനോടും ശരി സമമുള്ളവനും ആയ നസ്രായേൽക്കാരൻ ഈശോയുടെ ജീവിതത്തെ ആവരണം ചെയ്യുന്ന സംഭവങ്ങൾ ഉപരിയായവയും അനുകരണീയമായവയും ആകുന്നു.

മ്ശിഹാ തമ്പുരാൻ എന്തിനായിട്ടാണ് ഈലോകത്തിലേക്കു എഴുന്നുള്ളി വന്നത്. അദ്ദേഹം മനുഷ്യസ്വഭാവമെടുത്ത് മനുഷ്യനായിപിറന്നത് എന്തിനാണ്? എന്തിനാണ് ഏററവുംഅവമാനകരമായ കുരിശുമരണംവരെ തന്റെ ശത്രുക്കൾക്ക് കീഴ്വഴങ്ങിയത്? പ്രസ്തുത ചോദ്യങ്ങൾക്കുള്ള മറുപടി മ്ശിഹാ തമ്പു

രാൻ ഈലോകജാതനായ ഉടനെ അർദ്ധരാത്രി സമയത്ത് സ്വർഗ്ഗാരൂപികളായ മാലാകാമാർ ആലപിച്ച കർണ്ണപീയൂഷമായ കീർത്തനത്തിൽനിന്ന് പ്രസ്പഷ്ടമാകുന്നുണ്ട്. "ഉന്നതങ്ങളിൽ ദൈവത്തിന് സ്തുതിയും ഭൂമിയിൽ നന്മനസ്സുള്ളവർക്ക് സമാധാനവും" എന്നുള്ളതാണല്ലോ മാലാകാമാർ ആലപിച്ച കീർത്തനം. മിശിഹാ തമ്പുരാൻ ഭൂജാതനായ സന്ദർഭത്തിൽ സ്വർഗ്ഗത്തിൽനിന്ന് കേൾക്കപ്പെട്ട ആ കീർത്തനത്തിൽ പറയപ്പെട്ടിരിക്കുന്നസ്തുതി പിതാവായ ദൈവത്തിനും പ്രസ്തുത സമാധാനം ഭൂമിയിൽ നല്ലമനസ്സുള്ള മനുഷ്യർക്കും നൽകേണ്ടതാണ്. ദൈവികമായ ഈ സമാധാനം ദുഷ്ടമനഃസ്ഥിതിയുള്ളവരായ മനുഷ്യർക്ക് ഒരിക്കലും ഉണ്ടാകുന്നതല്ല. നമ്മുടെ പരിത്രാതാവായ മ്ശിഹാതമ്പുരാൻ മരണത്തിന് വിധിക്കപ്പെട്ടതും, കുരിശിൽ തൂക്കപ്പെട്ടുകൊല്ലപ്പെട്ടതും ദുഷ്ടമനഃസ്ഥിതിയുള്ള മനുഷ്യരാലാണ്. ആകയാൽ ഒരുവന്റെ മനസ്സു വഷളാകുന്നതു് ദൈവഹിതത്തോടുള്ള അനുസരണക്കേടിൽനിന്നും അപ്പൊഴപ്പോൾ നൽകിക്കൊണ്ടിരിക്കുന്ന പ്രസാദവരങ്ങളെ വേണ്ട തരത്തിൽ ഉപയോഗിക്കാതെ അവയെ ദുരുപയോഗിക്കുക നിമിത്തവുമാണ്.

ദൈവം നമുക്ക് നൽകിയിരിക്കുന്ന സ്വാതന്ത്ര്യമനസ്സ്, നമ്മെ ദൈവിക ഗുണലക്ഷണങ്ങളിൽ ഒന്നിന്റെ ഭാഗഭാക്കുകളാക്കി തീർക്കുന്നു. അതു ദൈവത്വത്തിന്റെ കാതലിൽനിന്നുതന്നെ മനുഷ്യർക്കും മാലാകാമാർക്കും സച്ചിദാനന്ദ സ്വരൂപൻ നൽകീട്ടുള്ള ഒരു അദ്ധ്യാത്മീയ ശക്തിയാകുന്നു. ഈ സ്വാതന്ത്ര്യ മനസ്സിന്റെ സ്വതന്ത്രമായ പ്രയോഗം മൂലമാണ് മാലാകാമാരും മനുഷ്യരും ദൈവത്തിന്റെ രാജ്യത്തിൽ നിവാസികളായിരുന്നുകൊണ്ട് അവിടത്തെ സനാതന സുഭിക്ഷതയിൽ, ദൈവമക്കൾക്കൊത്ത സ്വാതന്ത്ര്യത്തോടുകൂടി പങ്കുകാരാകുന്നതിന് പ്രാപ്തിയും അർഹതയും ഉള്ളവരായിതീരേണ്ടത്. എന്നാൽ ഈ സ്വാതന്ത്ര്യമനസ്സിന്റെ ദുരുപയോഗം നിമിത്തം മാലാകാമാരും മനുഷ്യരും പാപത്തിന്റെ ദുരനുഭവങ്ങൾക്കും നാനാതരത്തിലുള്ള അരിഷ്ടതകൾക്കും തങ്ങളെത്തന്നെ അവകാശികളാക്കി തീർത്തുകൊണ്ടിരിക്കുന്നു. സ്വന്തകുററം നിമിത്തം ദൈവശിക്ഷയ്ക്കു വിധേയരായ മാലാകാമാർ പ്രസ്തുത സ്വാതന്ത്ര്യമനസ്സിനെ ദുരുപയോഗിച്ചു. ഏതൻമൂലം അവർ ദൈവകല്പനയെ ലംഘിക്കുകനിമിത്തം അവരിൽ ഒരു വലിയ സംഖ്യ ദൈവനീതിയുടെ ശിക്ഷയ്ക്കു അർഹരായിത്തീരുവാനിടയായി. ലോകത്തിൽ ഉണ്ടായിട്ടുള്ളതും ഉണ്ടായിക്കൊണ്ടിരിക്കുന്നതും ഇനി ഉണ്ടാ

കുവാനിരിക്കുന്നതുമായ സകലവിധ തിന്മകളുടെയും ഹേതുഭൂതർ അവർതന്നെ; അവർ മനുഷ്യനെ, ദൈവപ്രമാണങ്ങളെ ലംഘിച്ചു തന്നിഷ്ടമായി ജീവിതം നയിക്കുന്നതിന് പ്രേരിപ്പിക്കുന്നതിൽ സദാ ബദ്ധശ്രദ്ധരായിരിക്കുന്നു. ഈ കാരണത്താലാണ് വിശുദ്ധ പത്രോസ്, തൻെറ ലേഖനത്തിൽ, "നിങ്ങളുടെ ശത്രുവായ സാത്താൻ ആരെ വിഴുങ്ങേണ്ടു എന്നന്വേഷിച്ച് സിംഹത്തെപ്പോലെ അലറിക്കൊണ്ട് ചുററിനടക്കുന്നു." (1 പത്രോസ്, അ. 5. വ.8.) എന്ന് രേഖപ്പെടുത്തിയിരിക്കുന്നത്. സാത്താൻെറ ഈദൃശമായ പ്രേരണമൂലമാണ് നമ്മുടെ ആദിമാതാപിതാക്കന്മാരായ ആദവും ഹാവായും ദൈവത്താൽ നൽകപ്പെട്ട ദൈവപ്രമാണത്തെ അവഗണിച്ച് പ്രവൃത്തിക്കുവാൻ ഇടയായത്. ആകയാൽ ദൈവത്തിൻെറ ആരാധ്യമായ ഹിതത്തെ നിറവേററുന്നതിൽ നിഷ്പക്ഷത പ്രദശിപ്പിക്കുകയൊ അല്ലെങ്കിൽ നാം തന്നെ സ്നേഹിക്കുന്ന കാര്യത്തിൽ വിമുഖരായിരിക്കുകയൊ ചെയ്യുന്നുവെങ്കിൽ നമ്മുടെ ശത്രുവായ സാത്താൻെറ പ്രേരണസ്സും വഞ്ചനസ്സും സ്വമനസ്സാ നാം വിധേയരായിത്തീരുന്നതായിരിക്കും.

കുമ്പസാരമെന്ന കൂദാശയെപ്പററി, ഈ ആറാമത്തെ അദ്ധ്യായത്തിൽ പ്രസ്താവിക്കപ്പെടുന്ന സംഗതികളെ സംബന്ധിച്ച് വിചിന്തനം ചെയ്യാൻ തുടങ്ങുന്നതിനു മുമ്പ് ആദ്യമായി താഴെ കാണിച്ചിരിക്കുന്ന ചോദ്യങ്ങളെ നമ്മോടുതന്നെ ചോദിക്കാം. "ഞാൻ ദൈവത്തെ യഥാർത്ഥത്തിൽ സ്നേഹിക്കുന്നുണ്ടോ? മ്ശിഹാതമ്പുരാൻ ഈലോകത്തിൽ ജീവിച്ചിരുന്ന കാലത്ത് ഞാനും ഉണ്ടായിരുന്നുവെങ്കിൽ തൻെറ ജീവിതപദ്ധതിയെയോ, ശിക്ഷണങ്ങളെയൊ സംബന്ധിച്ച ഞാൻ വേണ്ട അന്വേഷണം നടത്താതെ പ്രധാനാചാര്യന്മാരുടെ ദുരുപദേശങ്ങൾക്ക് ചെവികൊടുത്ത്, "അവനെ കുരിശിൽ തറക്കുക, കുരിശിൽ തറക്കുക" എന്ന് പീലാത്തോസിൻെറ ന്യായാസനസമക്ഷം മ്ശിഹാതമ്പുരാനെ കൊല്ലുന്നതിന് മുറവിളി കൂട്ടിയ യഹൂദജനത്തോടുകൂടി, തന്നെ വധിക്കുന്നതിനു ന്യായാധിപൻെറ സമക്ഷം നിലവിളിച്ച പറയുമായിരുന്നില്ലേ? ഞാൻ കുമ്പസാരമെന്ന കൂദാശയെ, ഒരുക്കവും ഭക്തിയുമില്ലാതെ അയോഗ്യമായ വിധമല്ലേയൊ സ്വീകരിച്ചിരിക്കുന്നത്? കടശി നമ്മുടെ ശത്രുവായ സാത്താൻെറ വഞ്ചനാപൂരിതമായ പ്രേരണകൾക്ക് നാം വശംവദരായി, ഇത്ര രക്ഷാകരമായ ഈ കൂ

ദാശ സ്വീകരിക്കുന്ന കാര്യത്തിന് അലസന്മാരും, മന്ദന്മാരുമായി ട്ടാണോ കാലയാപനം ചെയ്തിട്ടുള്ളതു?

കുമ്പസാരമെന്ന കൂദാശയുടെ സ്വീകരണകാര്യത്തിൽ, സാത്താൻെറ വഞ്ചനമൂലമായി വളരെ അധികം പ്രതിബന്ധങ്ങൾ നമുക്ക് അഭിമുഖീകരിക്കേണ്ടതായിട്ടുണ്ട്. ഈ കാര്യം നമ്മുടെ പ്ര തിദിന അനുഭവങ്ങൾതന്നെ നമുക്ക് വിശദമാക്കിത്തരുന്നുണ്ട ല്ലൊ.

മ്ശിഹാ തമ്പുരാൻ ഈ ലോകത്തിൽ ആഗതനായ അ വസരത്തിൽയഹൂദജാതിയിൽപെട്ട സകല ജനങ്ങളിലും, വാ ഗ്ദാനം ചെയ്യപ്പെട്ട രക്ഷകൻെറ ആഗമനത്തെപ്പററിയുള്ള പ്രതീ ക്ഷ, നേരിട്ടിരുന്ന സന്താപങ്ങളിലും അരിഷ്ടതകളിലും അടിമത്വ ത്തിലും നാട്ടുകടത്തലിൽപോലും, ഏററവും മഹത്തായവിധം പ രിലസിച്ചിരുന്നുവെങ്കിലും സവ്യഥം ഇവിടെ പറയേണ്ടതായിട്ടുള്ള ഒരു കാര്യം, നമ്മുടെ പരിത്രാതാവായ ഈശോ തൻെറ സ്വ ന്തം ആളുകളുടെ പക്കലേക്ക് വന്നപ്പോൾ, അവർതന്നെ സ്വീക രിച്ചില്ലാ, എന്നുള്ളതാണ്. എന്നാൽ അദ്ദേഹത്തിൽ പരിലസി ച്ചിരുന്ന സ്വഭാവഗുണത്തിൻെറ മഹാത്മ്യം തൻെറ സ്നേഹത്തി ൻെറയും കരുണയുടെയും പ്രവൃത്തികൾ, വിശപ്പുകൊണ്ട് ക്ഷീണി ച്ചുതളന്നവരായിരിക്കുന്ന ജനങ്ങൾക്ക് തൃപ്തി അടയത്തക്കവിധം വിജനപ്രദേശത്തുവെച്ച് അത്ഭുതകരമായി ഭക്ഷണം നൽകുക, അതിലും ഉപരിയായി താൻ ഉപദേശിച്ചു തന്നിരിക്കുന്ന സാ ക്ഷാത്തായ സ്നേഹവും അനുഗ്രഹവും തുളുമ്പുന്ന സുവിശേഷം, ആദിയായവ, സമ്പന്നനെന്നോ ദരിദ്രനെന്നോ, വിദ്വാനെന്നോ, പാമരനെന്നോ, ഉള്ള യാതൊരു വ്യത്യാസവും കൂടാതെ, എല്ലാവ രേയും ഈഷൽ ഭേദമില്ലാതെ, സ്നേഹിക്കുന്നതിന് പ്രേരിപ്പിച്ചു കൊണ്ടിരിക്കുന്നു.

അവതീർണ്ണനായ മ്ശിഹാതമ്പുരാൻ എത്രത്തോളം ദൈ വത്താൽ ഈ ലോകത്തിലേക്ക് അയക്കപ്പെട്ട ലോകപരിത്രാതാ വാണെന്നുള്ള കാര്യത്തെ തെളിയിച്ചിരുന്നുവൊ, അത്രത്തോളം ത നിക്കും രക്ഷാകരമായ തൻെറ ശിക്ഷണങ്ങൾക്ക് എതിരായി പൊ തുജനങ്ങളുടെ ഇടയിൽ സ്പർദ്ധയും വിരോധവും വർദ്ധിച്ചുകൊണ്ടു തന്നെയിരുന്നു. മിശിഹാ തമ്പുരാൻ ഈലോകത്തിൽ സ്ഥാപിക്കു വാൻ ഉദ്ദേശിച്ചിരുന്ന രാജ്യം, വെറും ലൌകികാധികാരങ്ങളെ ആഗ്രഹിച്ചന്വേഷിച്ചിരുന്നവരുടെ ആകാംക്ഷയ്ക്കു് അനുയോജ്യ

മായ ഒന്ന് ആയിരുന്നില്ല. പ്രത്യുത, സാക്ഷാത്തായ ക്ഷമ, ഉപവി, അനുഗ്രഹം, നീതിസമത്വം, കീഴ്‌വഴക്കം, ഉപചാരം, ഹൃദയവിശുദ്ധി, ആദിയായ സൽപ്രവൃത്തികൾ, ലോകാരൂപിയുള്ളവരായ മനുഷ്യൎക്ക് വെറുപ്പുവരുത്തുന്നവയും മനുഷ്യന്റെ ദുശ്ചാച്ചില്യകൾക്കും ശരീര സന്തോഷങ്ങൾക്കും എതിരായവയുമാകുന്ന മ്ശീഹാ തമ്പുരാൻ സ്ഥാപിക്കുവാൻ കരുതിയിരുന്ന രാജ്യത്തിലെ അമൂല്യ നിക്ഷേപങ്ങൾ.

മ്ശിഹാ തമ്പുരാൻ പഠിപ്പിക്കുകയും തന്റെ പരിപാവനമായ ജീവിതംമൂലം ഉദാഹരിക്കുകയും ചെയ്തിട്ടുള്ള തത്വങ്ങൾ, വെറും ലൌകികവും ക്ഷണഭംഗുരവും ആയ കാൎയ്യങ്ങളിൽ മാത്രം പാണ്ഡിത്യം സമ്പാദിച്ചിരിക്കുന്നവരായ ആളുകൾക്ക് എല്ലാവൎക്കും ഒരു ശാസനയായിട്ടാണ് തീൎന്നിരിക്കുന്നതു്. ഇപ്രകാരമുള്ളവരുടെ ജീവിതരീതിയെ മാററുന്നതിനു മനസ്സാകുന്നില്ലായെന്നുള്ളതു് തൎക്കമററ ഒരു സംഗതിയാണ്. ഈ കാരണത്താലാണ് യഹൂദപ്രമാണപട്ടക്കാൎക്കും അഹംകാരികളായ സാപ്രേന്മാൎക്കും ഫ്രീശേന്മാൎക്കും, മേൽപട്ടക്കാൎക്കും ഭരണകൎത്താക്കൾക്കും, ഈശോയുടെ കുരിശാരോഹണത്തെ കേസറിന്റെ മനിഷ്പത്തിൽനിന്ന് അവശ്യപ്പെടത്തക്കവണ്ണം പൊതുജനങ്ങളെ പ്രേരിപ്പിക്കുന്നതിന് സാധിച്ചതും. തൻമൂലമുണ്ടായ പൊതുജനങ്ങളുടെ നിലവിളിമൂലം മ്ശീഹാതമ്പുരാനെ ഏററവും ഘോരമായ പീഡകൾ അനുഭവിപ്പിച്ചശേഷം കുരിശിൽ തൂക്കികൊല്ലുന്നതിന് പീലാത്തോസ് വിധിച്ചു.

ഈശോയോടും, സ്വൎഗ്ഗീയവും രക്ഷാകരവുമായ പഠിനങ്ങളോടും എതിൎക്കുന്നതിനുവേണ്ടി ദുഷിച്ച മനസ്ഥിതിയുള്ളവരായ മനുഷ്യരുടെ ഉദ്ദേശങ്ങളുടെയും പ്രേരണകളുടെയും പ്രോത്സാഹകൻ, ആത്മാവുകളെ നിത്യനരകാഗ്നിയിലേക്ക് വലിച്ചിഴച്ചുകൊണ്ടുപോകുന്നതിന് ഭഗീരഥപ്രയത്നം ചെയ്തുകൊണ്ടിരിക്കുന്ന സാത്താനാകുന്നു. അവൻ ഈശോക്കും തന്റെ ദൈവികപഠനങ്ങൾക്കും എതിരായി ബുദ്ധിമാന്മാരും ബാഹ്യമായ വിധത്തിൽമാത്രം ഭക്തന്മാരുമായ മനുഷ്യരിൽ പൈശാചികമായ പക ജ്വലിപ്പിച്ചു. സാത്താനും അവനോടുകൂടി ദൈവത്താൽ ശിക്ഷിക്കപ്പെട്ട മാലാകാമാരും, ഈശോയിലും തന്റെ രക്ഷാകരമായ പഠനത്തിലും സകലവിധ തിന്മകളുടെയും വിളനിലമായ അവരുടെ രാജ്യത്തിന്റെ നാശവും വിഗ്രഹാരാധനയുടെ ബഹിഷ്കരണവും കണ്ടു:

ആയിരത്തിത്തൊള്ളായിരത്തി അമ്പതു വർഷങ്ങൾക്കു മുൻപ് ദുഷ്ടാരൂപിയായ സാത്താൻ, ഹേറോദേശ രാജാവിനെ, ഉണ്ണിയായി പിറന്ന മ്ശിഹാ തമ്പുരാനെ കൊല്ലുവാൻ, പ്രേരിപ്പിക്കുകയും, എന്നാൽ അവൻെറ ഉദ്ദേശം സാധിക്കാതെയായി എന്നു കണ്ടപ്പോൾ ഈശോയ്ക്കു മാനഹാനി വരുത്തുകയും തന്നെ ദൂഷണം പറയുകയും വ്യാജപ്രസ്താവനകൾപറഞ്ഞു നടത്തി തൻെറ മേൽ കുററം ആരോപിക്കുകയും കടശി തന്നെ കുരിശിൽ തൂക്കി കൊല്ലുവാൻ മുറവിളി കൂട്ടുന്നതിന് പൊതുജനങ്ങളെയും യഹൂദനിയമജ്ഞന്മാർ, സാപ്രേന്മാർ, പ്രിശേന്മാർ, പ്രധാനാചാര്യന്മാർ അദിയായവരേയും തക്കവിധം പ്രോൽസാഹിപ്പിക്കുകയുമുണ്ടായി. മേൽപ്രസ്താവിച്ചവയിൽനിന്ന് മനുഷ്യന് ദൈവം നൽകിയ സ്വാതന്ത്ര്യമനസ്സുവഴിയായി ദൈവഹിതത്തോട്ട് മറുതലിക്കുന്നതിന് സാത്താന് കഴിവുണ്ടെന്ന് തെളിയുന്നു.

ഇങ്ങനെ മ്ശിഹായേയും തൻെറ രക്ഷാകരമായ ശിക്ഷണങ്ങളേയും സാത്താനും അവൻെറ അനുചരന്മാരും മിശിഹാകാലത്തിൻെറ ആരംഭം മുതൽ ഇന്നുവരെയുമുള്ള എല്ലാകാലങ്ങളിലും നാനാതരത്തിൽ എതിർത്തുകൊണ്ടിരിക്കുന്നു. ദൈവസ്ഥാപിതമായ സഭയുടെ ഏററവും കാതലായ ശിക്ഷണങ്ങളെ വിശിഷ്യ കുമ്പസാരമെന്ന കൂദാശയെ അതിൻെറ മനസ്സാ കച്ചേരിയോടുകൂടി തെററായി വ്യാഖ്യാനിക്കപ്പെടുകയും നിന്ദിക്കപ്പെടുകയും യാതൊരുതരത്തിലും അതിനോട്ട് മറുതലിക്കുന്നതിനൊ വെറുക്കുന്നതിനൊ അവകാശമില്ലാത്തവരായ ആളുകളാൽ അത് അക്രമിക്കപ്പെടുകയും ചെയ്യുന്നു. പാപോച്ചാരണം കേൾക്കുന്ന വൈദികൻെറ മനസ്സാക്ഷി കച്ചേരിയെപ്പററി യാതൊന്നുംതന്നെ സുവ്യക്തമായി അറിവു സമ്പാദിക്കാതെ അതിൻെറ ശത്രുക്കളുടെ അബദ്ധജല്പനകളെമാത്രം ആധാരമാക്കിക്കൊണ്ടിരിക്കുന്നവരായ ചിലർ രചിച്ചിട്ടുള്ളത് ഞാൻ തന്നെ വായിച്ചിട്ടുണ്ട് അവയിൽ അവർ രേഖപ്പെടുത്തിയിരിക്കുന്ന ഒന്നു രണ്ടു വാക്യശകലങ്ങളെ ഇവിടെ എടുത്തുകാണിക്കുന്നത് അവസരോചിതമെന്ന് കരുതുന്നു. “പാപോച്ചാരണപീഠം നിഷിദ്ധമാണ്...... അത് സന്മാർഗ്ഗത്തെ നശിപ്പിക്കുന്ന ഒന്നാണ്......”

സാത്താനും അവൻെറ അനുചരന്മാരായ ദുഷ്ടമനുഷ്യരും മ്ശിഹാ തമ്പുരാനാൽ സ്ഥാപിതമായ കുമ്പസാരമെന്ന കൂദാശ

യെ ദൂഷിച്ചു പറയുകയും നിന്ദിക്കുകയും ചെയ്യുന്ന സന്ദർഭത്തിൽ തന്നെ, അതിനെ തക്കഭക്തിയോടും വണക്കത്തോടുംകൂടി ഈ കൂദാശ അംഗീകരിച്ചു സ്വീകരിക്കുന്നവരായ സാക്ഷാൽ ഭക്തന്മാരും, ഉത്തമന്മാരും, മാതൃകാപരമായ ക്രിസ്തീയ ജീവിതം നയിക്കുന്നവരുമായ ക്രിസ്ത്യാനികളുടെമേലും അവർ കുററം ആരോപിക്കുകയും അവഹേളിക്കുകയും ചെയ്യുന്നുണ്ട് എന്നതു വക്തവ്യംതന്നെ. മേൽ വിവരിക്കപ്പെട്ട വിധം കുമ്പസാരമെന്ന കൂദാശയെപ്പററിയൊ അതിനെ തക്ക ഭക്തിവണക്കങ്ങളോടുകൂടി സ്വീകരിക്കുന്നവരെപ്പററിയെം പൊതുജനങ്ങളുടെ ഇടയിൽ തെററിദ്ധാരണയും അവജ്ഞയും ഉണ്ടാകത്തക്കവിധം അബദ്ധതത്വങ്ങളെ ക്രോഡീകരിച്ചിരിക്കുന്ന പ്രസംഗങ്ങൾ പറയുകയും പ്രബന്ധങ്ങൾ രചിക്കുകയും വെറും അബദ്ധങ്ങളായിട്ടവയെ പഠിപ്പിക്കുകയും ചെയ്യുന്നവർ എന്തുചെയ്യുന്നുവെന്ന് അവർ മനസ്സിലാക്കുന്നില്ല. ദൈവത്തെ സ്നേഹിക്കുന്നതിനൊ, സന്മാർഗ്ഗത്തെ പുലർത്തിക്കൊണ്ടു പോകുന്നതിനോ ദൈവപ്രമാണങ്ങളെ അവഗണിച്ചു ജീവിക്കുന്ന ഒരുവന് ഒരിക്കലും കഴിയുന്നതല്ല. ആയിരക്കണക്കിന് ഗ്രന്ഥകാരന്മാരും ഉപാദ്ധ്യായന്മാരും പ്രാസംഗികന്മാരും ആറും എട്ടും പ്രമാണങ്ങൾ സംബന്ധിച്ച് ഗ്രന്ഥങ്ങൾ രചിച്ചും പഠിപ്പിച്ചും പ്രസംഗിച്ചും അവർ താന്താങ്ങളുടെ അഷ്ടിക്കുള്ളവക സമ്പാദിച്ചു പോരുന്നുണ്ട്. എന്നാൽ അവരെപ്പററിയുള്ള എന്റെ പ്രതീക്ഷയും അഗ്രഹവും അപേക്ഷയും, "പിതാവെ! അവരോടു ക്ഷമിക്കേണമെ. എന്തെന്നാൽ അവർ ചെയ്യുന്നത് എന്താണെന്ന് അവർ അറിയുന്നില്ല." എന്നുള്ള മ്ശിഹാ തമ്പുരാന്റെ കുരിശിൽ തൂങ്ങിക്കിടന്നുകൊണ്ട് ചെയ്ത അനുഗ്രഹപൂരിതമായ പ്രാർത്ഥനയുടെ അളവില്ലാത്ത യോഗ്യതകളാൽ അവരുടെ നിത്യരക്ഷ സാധിച്ചു കിട്ടണമെന്നാണ്.

കുമ്പസാരമെന്ന കൂദാശയെ തിരുസഭയിൽനിന്നു ബഹിഷ്കരിക്കുകയാണെങ്കിൽ നമ്മുടെ അദ്ധ്യാത്മീയ വൈദ്യന്മാരും ന്യായാധിപന്മാരുമായ പട്ടക്കാർക്ക്, അധികാരാതൃത്തിയിൽ ഉള്ള വിശ്വാസികളുടെ തെററുകളെ വേണ്ടവിധം മനസ്സിലാക്കുന്നതിനോ, പാപത്തെ പരിത്യജിക്കുന്നതിന് അവശ്യാവശ്യമായ പ്രതിവിധികളേയും മാർഗ്ഗങ്ങളേയും ഉപദേശങ്ങളേയും നൽകുന്നതിനോ കഴിയാതെ വരുന്നതാണ്.

ഒരു സമുദായത്തിന്റെ സന്മാർഗ്ഗനിഷ്ഠ ആശ്രയിച്ചിരിക്കുന്നതു് അതിലെ ഓരോ വ്യക്തിയുടെയും ആദ്ധ്യാത്മീയ ജീവിതത്തിന്റെ രൂപീകരണത്തിലാണു്. അതു് ഏററവും ഫലപ്രദമായ രീതിയിൽ ദൈവീകമായ മനസ്സാക്ഷികച്ചേരിയിൽവച്ചു്, ചെയ്യപ്പെടുന്നതാണു്. എന്തുകൊണ്ടെന്നാൽ പ്രസംഗവേദിയിൽ പട്ടക്കാരൻ പ്രൗഢഗംഭീരമായി ഒരു മണിക്കൂർ പ്രസംഗിച്ചശേഷം, പത്തോ പതിനഞ്ചോ മണിക്കൂറുകളോളം കുമ്പസാരക്കൂട്ടിൽ ഇരുന്നു് ആബാലവൃദ്ധം, ഓരോ വ്യക്തിയുടെയും പാപോച്ചാരണം കേൾക്കുകയും സൽഗ്ഗുണദോഷങ്ങൾ പറഞ്ഞുകൊടുക്കുകയും ശാസിക്കുകയും സങ്കടങ്ങൾ, അരിഷ്ടതകൾ ആദിയായവകളിൽ ആശ്വസിപ്പിക്കുകയും പാപകരമായ പ്രവൃത്തികൾ പരിത്യജിക്കുന്നതിനും ദുസ്സഴക്കങ്ങളെ ജയിക്കുന്നതിനും ആവശ്യപ്പെടുന്ന നിർദ്ദേശങ്ങൾ നൽകിയും അവർ ഈ വിശുദ്ധ കൂദാശയുടെ പുണ്യയോഗ്യതകൾ വഴിയായി അവരുടെ ആത്മാവുകളെ രക്ഷിച്ചുകൊണ്ടു് നിത്യജീവൻ നേടത്തക്കവിധം അവരെ പ്രോൽസാഹിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

ഈ പാവനമായ കച്ചേരിയുടെ വാതിലുകൾ, സ്വന്തകുററങ്ങളെ സംബന്ധിച്ചു് സാക്ഷാത്തായ അനുതാപത്തോടുകൂടി അതിനെ സമീപിക്കുവാൻ ആഗ്രഹിക്കുന്ന സകല പാപികൾക്കുംവേണ്ടി സദാ തുറക്കപ്പെട്ടിരിക്കുന്നു. കഴിഞ്ഞ ജീവിതത്തിൽ ചെയ്തിരിക്കുന്ന സകല പാപങ്ങളിന്മേലും ഹൃദയപൂർവ്വമായ മനസ്താപത്തോടും മേലിൽ യാതൊരു പാപവും മനസ്സറിഞ്ഞുകൊണ്ടു് ചെയ്തു് ദൈവത്തെ ഉപദ്രവിക്കുകയില്ലെന്നുള്ള ഉറപ്പുള്ള പ്രതിജ്ഞയോടുംകൂടെ ദൈവത്തിന്റെ പ്രതിനിധിയായി കുമ്പസാരക്കൂട്ടിൽ ആസനസ്ഥനായിരിക്കുന്ന പട്ടക്കാരനോടു്, പാപങ്ങളെ ഏററുപറയുന്ന ഏതൊരു മനുഷ്യനും പാപവിമോചനവും കൃപാവരവും ഒരിക്കലും നിഷേധിക്കപ്പെടുകയില്ല. ദൈവദത്തമായ സ്വതന്ത്രമനസ്സിനു് യാതൊരുവക ഹാനിയും തട്ടുന്നതിനിടയാകാതെ പാപിയെ രക്ഷിക്കുന്നതിനു് അനുഗ്രഹത്തിന്റെ നിധിയായ ദൈവം ഇതിൽ ഉപരിയായി എന്താണു് ചെയ്യേണ്ടതു്?

ദൈവത്തിന്റെ അന്തമററ ബോധജ്ഞാനം, താൻ സ്ഥാപിച്ചിരിക്കുന്ന കത്തോലിക്കാ തിരുസഭയിൽ, തന്നത്താൻ ഏല്പ്പെടുത്തപ്പെട്ട മനസ്സാക്ഷികച്ചേരിമൂലം ഏററവും വിശദമായി നമുക്കു കാണുവാൻ കഴിയും. ഈ കച്ചേരിയെ നാം അടുത്തുകൂടി സമീപിച്ചു

അതുമൂലം പാപം നമ്മിൽ വേരൂന്നി, അതു് നമ്മുടെ രണ്ടാമത്തെ പ്രകൃതിയാകുന്നതിനു മുൻപു്, അതിനെ പാടെ നമ്മിൽ നിന്നു് നീക്കിക്കളയുന്നതിനു് നമുക്കു കഴിയുന്നതാണു്. പാപത്തിന്റെ ദുസ്തഴക്കത്തിനു സാത്താൻ അടിമകളാക്കിത്തീർക്കുന്ന അനവധി ആത്മാവുകൾ, കുമ്പസാരമെന്ന കൂദാശയുടെ ദൈവികമായ ഫലപ്രാപ്തിമൂലം തിന്മയുടെ അധീനത്തിൽനിന്നു് വിമുക്തരാക്കപ്പെട്ടിട്ടുണ്ടു്. ഈ പരിപാവനമായ കൂദാശ പാപികൾക്കു്, അവരുടെ കുററം നിമിത്തം, നഷ്ടപ്പെട്ടുപോയ വിശുദ്ധീകരണ വരപ്രസാദത്തെയും ദൈവസ്നേഹത്തെയും വീണ്ടും നൽകുന്നു. കൂടാതെയും പ്രസ്തുത കൂദാശയെ അടിക്കടി സ്വീകരിക്കുന്നവർ ആരോ, അവർ എല്ലാവരും തിന്മയിൽനിന്നു കാക്കപ്പെടുകയും പാപജീവിതത്തെ ഭാവിയിൽ തുടർന്നുകൊണ്ടുപോകാതെ ഇരിക്കത്തക്കവണ്ണം അവർ തടയപ്പെടുകയും സമുദായത്തിന്റെമേൽ ആശിസ്സു് ധാരാളമായി ഉണ്ടായിരിക്കുകയും ചെയ്യുമെന്നതു് തർക്കമററ ഒരു കാര്യമത്രെ. ഈ കാരണത്താൽ സാത്താൻ പാപോച്ചാരണം കേൾക്കുന്ന വൈദികന്റെ പീഠത്തിനെതിരായി ഏററം ക്രൂരമായവിധം ആക്രമണം തുടരെത്തുടരെ നടത്തിക്കൊണ്ടിരിക്കുന്നു. നമ്മുടെ പരിത്രാതാവായ മിശിഹാ തമ്പുരാനാൽ സ്ഥാപിതമായ ഏകസത്യസഭയിൽ മാത്രമല്ലാതെ അതിൽനിന്നു ഭിന്നിച്ചുനിൽക്കുന്ന മററു പല ക്രിസ്റ്റീയ വകുപ്പുകൾക്കും മനസ്സാക്ഷികച്ചേരിയുടെ ഉപയോഗം ഇല്ലെന്നുവേണം പറയുവാൻ. എന്നാൽ കത്തോലിക്കാ തിരുസഭയിൽ അതിന്റെ ആരംഭകാലം മുതൽ ഇന്നോളം വരപ്രസാദത്തിന്റെ വററാത്ത ഉറവയായ വിശുദ്ധ കൂദാശകളെ വിശ്വസ്തതയോടുകൂടി കാത്തുസൂക്ഷിക്കുകയും ഏതൻമൂലം ദൈവത്തിന്റെ പ്രത്യേക വിധത്തിലുള്ള സഹായത്താലും കടാക്ഷത്താലും അവയുടെ ഉപയോഗം, നിലനിന്നുപോരുകയും ആദരിക്കപ്പെട്ടുപോരുകയും ചെയ്യുന്നു.

# ഏഴാം അദ്ധ്യായം.

## കുമ്പസാരമെന്ന കൂദാശ.

## ചിക്കാഗോയിലെ സമർത്ഥനും കീർത്തിമാനുമായ ഡോക്ടർ.

ഏകദേശം ഒരു നൂറാണ്ടിനു മുൻപ്, ഇല്ലിനോയിസിലുള്ള ഒരു വലിയ പട്ടണമായ ചിക്കാഗോയിൽ യുവാവും ബുദ്ധിമാനുമായ ഒരു വൈദ്യൻ, അയാളുടെ തൊഴിലിനടുത്ത കടമകളെ നിർവ്വഹിക്കുവാൻ തുടങ്ങി. ഔഷധം പ്രയോഗിച്ച് രോഗത്തിന് ശമനം വരുത്തുന്നതിനേക്കാൾ ഉത്തമം, അതിൻെറ കാരണങ്ങൾ എന്തെല്ലാമെന്ന് ആരാഞ്ഞറിഞ്ഞ് അവയെ ഉൻമൂലനം ചെയ്യുന്നതിലാണ്. ഒരു വൈദ്യൻെറ ശ്രദ്ധമുഴുവനും പതിഞ്ഞിരിക്കേണ്ടതെന്ന് അയാൾ നല്ലവണ്ണം മനസ്സിലാക്കിയിരുന്നു. മാത്രവുമല്ല അയാൾ അവയെ തടയുന്നതിന് ബദ്ധശ്രദ്ധം പ്രവൃത്തിച്ചിട്ടുള്ള വൈദ്യശിരോമണികളുടെ ഗണത്തിൽ ഒരു മാർഗ്ഗദർശിക്കുടെയുമായിട്ടാണ് പരിലസിച്ചിരുന്നത്.

അയാൾ, വൈദ്യശാസ്ത്രത്തിൽ അഗാധജ്ഞാനം സമ്പാദിച്ചിട്ടുള്ളവനും അക്ഷീണ പരിശ്രമശീലനും തൻെറ ചികിത്സയിലിരിക്കുന്ന രോഗികളെ ഹൃദയപൂർവ്വം സ്നേഹിച്ചുകൊണ്ട്, സീമാതീതമായ താല്പര്യത്തോടുകൂടി തക്കവിധം പരിചരിച്ചിരുന്നതു നിമിത്തം വേഗത്തിൽ ആ പട്ടണത്തിലുണ്ടായിരുന്ന പേരെടുത്ത ഭിഷഗ്വരന്മാരിൽ ഒരുവനായി എല്ലാവരാലും കരുതപ്പെട്ടുപോന്നിരുന്നുവെന്നതു വക്തവ്യംതന്നെ. അയാളുടെ ശൈശവജീവിതത്തേയും, അക്കാലത്ത് തനിക്കു ലഭിച്ച പരിശീലനത്തേയും സംബന്ധിച്ച് അയാൾ പ്രസ്താവിക്കുന്നത്, തൻെറ മാതാപിതാക്കന്മാർ കത്തോലിക്കാസഭയുടെ ഉത്തമ സന്താനങ്ങളായിരുന്നതുകൊണ്ട്, തന്നെ ഞായറാഴ്ചകളിൽ ഇടവകപ്പള്ളിയിൽ നടത്തപ്പെട്ടുപോന്നിരുന്ന വേദപാഠക്ലാസ്സുകളിൽ യാതൊരു മുടക്കവുമില്ലാതെ അയച്ചിരുന്നുവെന്നും ഏതൻമൂലം അയാൾ നമ്മുടെ മാതാവായ കത്തോലിക്കാ തിരുസഭയുടെ ശിക്ഷണങ്ങളേയും ഉപദേശങ്ങളേയും തക്കവിധം പഠിച്ചിരുന്നുവെന്നും മതപരമായ ചുമതലകളെ നിർവ്വഹിക്കുന്ന കാര്യത്തിൽ അയാൾ വിശ്വസ്തതയോടുകൂടി നിർവ്വഹിച്ചിരുന്നുവെന്നുമാണ്.

എന്നാൽ പിന്നീട് ചികിത്സാസംബന്ധമായ ഉന്നതവിദ്യാഭ്യാസത്തിന് കോളെജിൽ പഠിച്ചിരുന്ന കാലഘട്ടങ്ങളിൽ മതപരമായ കാര്യങ്ങളിൽ അയാൾക്ക്, തൻെറ ശൈശവദശയിൽ ഉണ്ടായിരുന്ന ശ്രദ്ധ കുറഞ്ഞുപോയതു നിമിത്തം അയാളുടെ ജീവിതത്തിന്മേൽ മതത്തിന് യാതൊരു സ്വാധീനശക്തിയുമില്ലെന്ന് അനുമാനിക്കത്തക്കവിധം അയാളെ സംബന്ധിച്ചെടത്തോളം മതം, മററ് എന്തോ സംഗതികളിലാണ നിക്ഷിപ്തമായിരുന്നത്. എങ്കിലും നമ്മുടെ യുവാവായ വൈദ്യൻ, വൈദ്യത്തൊഴിൽ ആരംഭിച്ച കാലഘട്ടത്തിൻെറ ആരംഭദശയിൽ ആ സ്ഥലത്ത് പരിഷ്കൃതരീതിയിൽ പണിയിയ്ക്കപ്പെട്ടിരുന്ന ദൈവാലയത്തെ തൻെറ ഇടവകപ്പള്ളിയായി കൈവരിയ്ക്കുകയും അവിടെ അയാൾ വളരെ ദുർല്ലഭമായിമാത്രം ദൈവശുശ്രൂഷയിൽ സംബന്ധിക്കുന്നതിന് പോകുകയും ചെയ്തിരുന്നു. എന്തെന്നാൽ "ഈവിധം ചെയ്യുന്നതാണ് ഉത്തമമായിട്ടുള്ളത്'' എന്ന് അയാൾ വിചാരിക്കയും പറയുകയും ചെയ്തിരുന്നു.

അയാൾ ആസ്പത്രികളിലും ധർമ്മശാലകളിലും പോയി വളരെ അധികം സമയം രോഗികളെ സന്ദർശിക്കുന്നതിലും അവരെ പരിചരിക്കുന്നതിലും വിനിയോഗിച്ചിരുന്നു. ലജ്ജാവഹങ്ങളും നീചനീചങ്ങളുമായ പാപങ്ങളുടെ ദുസ്സ്വഭാവങ്ങളെ താന്താങ്ങളിൽ നിന്ന് ഉൻമൂലനം ചെയ്യുന്നതിനൊ അല്ലെങ്കിൽ കഴിയുന്നത്ര അവയെ ദൂരീകരിക്കുന്നതിനോ, കഴിയാതെ ആകത്തക്ക ഒരു പരിതസ്ഥിതിയിൽ എത്തിയ ഇവരെ—അവയുടെ അപകട പൂരിതമായ ദോഷഫലങ്ങളെ വേണ്ടവിധം മനസ്സിലാക്കാതെ കണ്ണുമടച്ച് അവയെ താലോലിച്ചുകൊണ്ടു വന്നതുനിമിത്തം ഭഗ്നാശയന്മാരായി തീർന്നിരുന്ന രോഗികളെ— ആണ് പ്രസ്തുത സ്ഥലങ്ങളിൽ പോയിരുന്നപ്പോൾ അയാൾ കണ്ടിരുന്നത്.

പ്രസ്തുത രോഗികളിൽ ഇത്ര വ്യാപകമായവിധം കുടികൊണ്ടിരുന്ന ഘോരതമമായ തിന്മയ്ക്കു് തക്കപ്രതിവിധിചെയ്തു കൊണ്ട്, അവക്ക് സൌഖ്യവും സൌഭാഗ്യവും നൽകുന്നതിന് നമ്മുടെ യുവവൈദ്യൻെറ കൈവശം ഫലപ്രദമായ യാതൊരു മാർഗ്ഗവുമുണ്ടായിരുന്നില്ല. ആകയാൽ അയാൾ അതിനൊരു ന്യായം കണ്ടുപിടിച്ചതു് തൻെറ അനുഭവത്തിൽപെട്ട ഓരോ വിഷയവും തനിക്ക് പ്രത്യേകിച്ചുള്ള ഓരോ പ്രശ്നമായിരുന്നതുകൊണ്ട് ഓരോ ആളിനും വ്യക്തിപരമായ ഒരു നിയന്ത്രണം ഉണ്ടായേ തീരൂ

വെന്നും, മാതാപിതാക്കന്മാരും അദ്ധ്യാപകന്മാരും പൊതുജനപ്രബോധകന്മാരും അനവധി ആളുകളുടെ നാശത്തിനു് കാരണമായ ആ തിന്മയുടെ കാരണമെന്തെന്നു് പരിചിന്തനംചെയ്തു നിണ്ണയിക്കുന്നതിനോ, അതിനെ തിരുത്തുന്നതിനു് ആവശ്യപ്പെട്ട മാർഗ്ഗങ്ങളെ കണ്ടെത്തുന്നതിനോ അശക്തരായിരുന്നുവെന്നാണു്.

അനന്തരം വിദ്വാനായ ആ ഡോക്ടർ പ്രസ്തുത തിന്മകളെ തടയുന്നതിനു് ഫലപ്രദമായ ഒരു പ്രതിവിധി കണ്ടെത്തുവാൻ തൻെറ ഇടവകപ്പള്ളിയെ അഭയം പ്രാപിച്ചു. എന്തുകൊണ്ടെന്നാൽ അയാൾ അനുമാനിച്ചതു്, മ്ശിഹാ തമ്പുരാൻ സാക്ഷാൽ ദൈവമായിരിക്കുകകൊണ്ടു്, താൻ തീർച്ചയായിട്ടും, മനുഷ്യൻെറ ബലഹീനമായ സ്വഭാവത്തിൻെറ വശഹീനതകളെ അറിഞ്ഞിട്ടുണ്ടായിരിക്കണമെന്നും അതിനാൽ തൻെറ അന്തമററ ബോധജ്ഞാനത്താൽ ഇത്ര ഗൗരവാവഹമായ പരിതസ്ഥിതിയെ എതിരിടാൻ തക്ക ഫലപ്രദമായ പ്രതിവിധികൾ തന്നാൽ സ്ഥാപിതമായ തിരുസഭയിൽ നിശ്ചയിച്ചിട്ടുണ്ടായിരിക്കുമെന്നാണു്. എങ്കിലും അയാളുടെ പക്വമായ ആലോചനയുടെയും പരിശോധനയുടേയും ശേഷം തിരുസഭയിൽ, വൈദ്യൻെറ വിധിപ്രകാരമുള്ളതിൽ ഉപരിയായി പ്രസ്തുത തിന്മയെ തടയുവാൻ തക്കതായ യാതൊരു മാർഗ്ഗവുമില്ലെന്നു് അദ്ദേഹത്തിനു് തോന്നി.

അതു് ഗൗരവമായതും സർവ്വപ്രധാനമായതുമായ ഒരു പ്രശ്നമായിരുന്നു. വൈദ്യശാസ്ത്ര പണ്ഡിതനായ ആ മനുഷ്യൻ ഏററവും വിശദമായികണ്ടെത്തു, മനുഷ്യൻെറ മനസ്സാക്ഷിയുടെ അന്തർഭാഗത്തു മറഞ്ഞുകിടക്കുന്ന ദുസ്സഹങ്ങളെ, അവൻെറ ശരീരസൌഭാഗ്യത്തിനു് ഹാനികരമാകത്തക്കവണ്ണം അവരിൽ വേരൂന്നി ശക്തിപെടുന്നതിനു മുൻപു് കണ്ടുപിടിച്ചു അവയെ പാടെ നശിപ്പിക്കുന്നതിനൊ അല്ലെങ്കിൽ അവയുടെ അധീനത്തിൽനിന്നു് ക്രമേണ വിമുക്തരാകുന്നതിനൊ വേണ്ട ദൈവികവും ഇന്ദ്രിയഗോചരവുമായ വിധത്തിലുള്ള ഒരു മാർഗ്ഗം ഉണ്ടായെ തീരുവെന്നുള്ളതാണു്.

ഇപ്രകാരം മനുഷ്യൻെറ മനസ്സാക്ഷിയിൽ ഒളിഞ്ഞുകിടക്കുന്ന ദുസ്സഹങ്ങളെ കാലക്രമത്തിൽ അവൻെറ നിരന്തര പരിശ്രമംകൊണ്ടു് ജയിക്കുന്നതിനൊ അല്ലെങ്കിൽ അവനിൽനിന്നു് വേരോടെ പിഴുതു കളയുന്നതിനൊ ആവശ്യപ്പെടുന്ന ഫലപ്രദമായ മാർഗ്ഗങ്ങളെ കണ്ടുപിടിക്കുവാൻ അഹോരാത്രം ഗവേഷ

ഷണം ചെയ്തുകൊണ്ടിരുന്ന, സമർത്ഥനും ബുദ്ധിമാനുമായിരുന്ന നമ്മുടെ ഭിഷഗ്വരൻ മതപരമായ അയാളുടെ അബദ്ധധാരണയാൽ വഞ്ചിതനായി കണ്ടെത്തിയതു കീഴെ ചേർത്തിരിക്കുന്ന പ്രകാരത്തിലുള്ളതായിരുന്നു. മ്ശിഹാ തമ്പുരാൻ സ്ഥാപിച്ച തിരുസഭയിൽ ഇത്ര ഭീകരമായ തിന്മയെ തടയുന്നതിന് ഫലപ്രദമായ യാതൊരു മുൻകരുതലും ചെയ്യാതെ ഇരുന്നതുകൊണ്ട് തന്നിൽ ദൈവത്വമെയില്ല. ക്രിസ്തുമതം വെറും ഒരു മാനുഷിക സ്ഥാപനം മാത്രമാണ്. അതുകൊണ്ട് അതിന് സന്മാർഗ്ഗത്തെ പുലർത്തിക്കൊണ്ടുപോകുവാൻ തക്ക പ്രാപ്തിയൊ ശേഷിയൊ ഇല്ല.

നമ്മുടെ വൈദ്യന്, ക്രിസ്തുമതത്തെപ്പററി, ഉണ്ടായിരുന്ന അഭിപ്രായം ഇപ്രകാരമുള്ളതായിരുന്നതുകൊണ്ട്, അയാൾ ക്രിസ്തുമതത്തെ പരിത്യജിക്കുകയും ഒരു കാവ്യനായി തീരുകയും ചെയ്തു. ഇതിന് തക്ക കാരണവും ഇല്ലാതില്ല. എന്തെന്നാൽ അയാളുടെ യൗവ്വനം മുതൽതന്നെ കത്തോലിക്കാമതം, വിഗ്രഹാരാധനയുടെ ഒരു അവാന്തരവിഭാഗമാണെന്നും അതിന്റെ പൗരോഹിത്യവും കന്യാത്വജീവിതവും വെറും ഐന്ദ്രികവും ജഡികവുമായ പ്രവർത്തനങ്ങൾക്കുള്ള രണ്ടു പ്രസ്ഥാനങ്ങളാണെന്നുമാണ് അയാൾക്ക് ലഭിച്ചിരുന്ന ശിക്ഷണം. എന്നാൽ സർവ്വകലാശാലയിൽ ചരിത്രവും ഭാഷയും പഠിച്ചിരുന്നപ്പോൾ അയാൾക്ക് ലഭ്യമായ ജ്ഞാനം, മേൽവിവരിക്കപ്പെട്ട കാര്യങ്ങളിൽ അയാളുടെ ബോധത്തിൽ കയറിപ്പററിയിരുന്ന തെററിദ്ധാരണയെ ഒന്നുകൂടി സുദൃഢമാക്കുകയുണ്ടായി. കൂടാതെയും റോമൻ കത്തോലിക്കാ തിരുസഭയെ അപേക്ഷിച്ച് പ്രോട്ടസ്റ്റാൻറു ആദിയായ പതിതമതസ്ഥരാൽ വിരചിതമായ കെട്ടുകഥകളുടെ പാരായണവും അവരാൽ പറയപ്പെട്ട പ്രസംഗങ്ങളുടെ ശ്രവണവും അയാൾക്കു ദൈവസ്ഥാപിതമായ സഭയെപ്പററിയുണ്ടായിരുന്ന ദുരഭിപ്രായത്തിനു കുറെക്കൂടി ഉറപ്പുനൽകി എന്നെ പറയുവാനുള്ളു.

ദിവസങ്ങളും മാസങ്ങളും ആണ്ടുകളും ഒന്നിനു പിറകെ ഒന്നായി കഴിയുന്തോറും, രോഗികളുടെ പീഡകളെ കുറയ്ക്കുന്നതിനുവേണ്ടി ശാരീരികവും മാനസികവുമായി അയാൾ കഴിയുന്നത്ര പരിശ്രമിച്ചിരുന്നു. ഏതൻമൂലം ഒരു വൈദ്യൻ എന്ന നിലയിൽ അയാളുടെ കീർത്തി മേൽക്കുമേൽ വർദ്ധിച്ചുകൊണ്ടുതന്നെയാണ് ഇരുന്നിരുന്നതു്. എങ്കിലും, വൈദികരുടെയും കന്യാസ്ത്രീകളുടെയും മേൽനോട്ടത്തിൽ നടത്തപ്പെട്ടിരുന്ന മതപരമായ ഉപദേശങ്ങളെയും പ്രസംഗങ്ങളേയും കേൾക്കുന്ന കാര്യത്തിൽ അ-

യാൾ വൈമനസ്യം പ്രദർശിപ്പിച്ചുകൊണ്ടുതന്നെയാണ് ഇരുന്നിരുന്നതു്. ഈ കാലഘട്ടത്തിൽ അയാൾ അതിശയപരതന്ത്രനാകത്തക്കവിധം ഒരു സംഭവം ഉണ്ടായി. അയാളുടെ ജോലിസ്ഥലത്തു്, ഈശോസഭക്കാരുടെ വകയായ ലെയോള കോളജിലെ പ്രൊഫസ്സറന്മാരിൽ ഒരാളും ഈശോസഭാംഗവുമായ ഒരു വന്ദ്യപുരോഹിതന് ഉണ്ടായ രോഗം നിമിത്തം അദ്ദേഹത്തെ ചികിത്സിക്കുന്നതിന് നമ്മുടെ യുവഡോക്ടർ വിളിക്കപ്പെട്ടുകയുണ്ടായി. എന്നാൽ പ്രസ്തുത ക്ഷണം സ്വീകരിക്കുന്നതിന് നീരസം ഉണ്ടാകുക നിമിത്തം അതിനെ തിരസ്കരിക്കുകയാണ് ഉത്തമം എന്ന് അയാൾക്കു തോന്നി എങ്കിലും ആ കാര്യം സംബന്ധിച്ചും വീണ്ടും ഒന്നുകൂടി പരിചിന്തനം ചെയ്യുമ്പോൾ അപ്രകാരം ചെയ്യുന്നതു്, തന്റെ ഔദ്യോഗിക നിലക്ക് ഒട്ടുംതന്നെ യോജിക്കുന്നതല്ലായെന്ന് അയാൾക്കു ബോദ്ധ്യമായി.

മേൽപറയപ്പെട്ട ക്ഷണം സംബന്ധിച്ച് സ്വയം മനോഗതം ചെയ്തതു ഇങ്ങനെയാണ്. "ഞാൻ ഹൃദയപൂർവ്വം വെറുക്കുന്ന ക്രൂരരായ ഈശോസഭയിലെ ഒരു പുരോഹിതനെ ശുശ്രൂഷിക്കുവാൻ ഇദംപ്രഥമമായി, വിളിക്കപ്പെട്ടിരിക്കുന്നുവെന്നുള്ളതു എനിക്കു നേരിട്ടിരിക്കുന്ന ഒരു ശനിദശയാണ്. ഈദൃശമായ അന്ധവിശ്വാസത്തെയും തെററിദ്ധാരണകളെയും അവഗണിച്ചുകൊണ്ടു് അയാൾ തീരുമാനിച്ചതു്, "ഞാൻ ക്ഷണിക്കപ്പെട്ടിരിക്കുന്നതു്, ഈശോസഭയിലെ ഒരു അംഗമായ ഒരു വൈദികനെ അല്ല, പ്രത്യുത രോഗബാധിതനായ ഒരു മനുഷ്യനെ ശുശ്രൂഷിക്കുവാനാണ്." ആകയാൽ ഈ ക്ഷണം ഞാൻ സ്വീകരിക്കുക തന്നെവേണം. ഇങ്ങനെയുള്ള ഒരു മനോഗതത്തോടുകൂടിയാണ് അയാൾ പ്രസ്തുത ക്ഷണം സ്വീകരിച്ചതു്.

സമർത്ഥനായ നമ്മുടെ ഡോക്ടർ രോഗംമൂലം ശയ്യാവലംബിയായ ആ വന്ദ്യപുരോഹിതന്റെ മുറിയിൽ പ്രവേശിച്ച മാത്രയിൽ, അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ കളിയാടിക്കൊണ്ടിരുന്ന ചൈതന്യവും പൌരുഷത്വവും അയാൾ കണ്ടപ്പോൾ, അദ്ദേഹത്തോട് അയാൾക്ക് വലിയമതിപ്പും ബഹുമാനവുമുണ്ടായി. ആകയാൽ നമ്മുടെ വൈദ്യശിരോമണി രോഗിയെ സശ്രദ്ധം പരിശോധിച്ച് രോഗം എന്താണെന്ന് നല്ലവണ്ണം മനസ്സിലാക്കുകയും അതിന് പററിയ ഔഷധങ്ങളെല്ലാം നിശ്ചയിച്ചു കൊടുത്തശേഷം ഔഷധപ്രയോഗം സംബന്ധിച്ച് ചില നിർദ്ദേശങ്ങൾ

അദ്ദേഹത്തിന് . നൽകുകയുമുണ്ടായി. ശയ്യാവലംബിയായ ആ പട്ടക്കാരൻ അയാളുടെ നിർദ്ദേശങ്ങൾ അനുസരിച്ചു് പ്രവത്തിച്ചു കൊള്ളാമെന്ന് വാഗ്ദാനം ചെയ്യുമ്പോൾ, പ്രസ്തുത കോളെജിൻെറ പ്രിൻസിപ്പാളും റെക്ടരുമായ ബഹുമാനപ്പെട്ട അച്ചൻ, താൻ, അയാളുടെ ഖ്യാതിയും സാമത്ഥ്യവും സംബന്ധിച്ച് കാലേക്കൂട്ടി അറിഞ്ഞിരുന്നതിനാലാണ് അയാളെത്തന്നെ ക്ഷണിച്ചുവരുത്തുവാൻ ഇടയായത്് എന്ന്, അയാളോടു പറയുകയുണ്ടായി. എന്നാൽ നമ്മുടെ ഡോക്ടർ, കോളജിലെ അധിപനായ ബഹുമാനപ്പെട്ട അച്ചൻെറ ഔപചാരികമായ പ്രസ്തുത വചനങ്ങളെ ശ്രവിച്ചപ്പോൾ സന്തുഷ്ടചിത്തനായി അടുത്ത ദിവസം വീണ്ടും അവിടെചെന്ന് രോഗിയെ സന്ദശിച്ചു കൊള്ളാമെന്ന് വാഗ്ദാനം ചെയ്തശേഷം സ്വവസതിയിലേക്കു മടങ്ങി.

രണ്ടാം ദിവസം നമ്മുടെ ഡോക്ടർ, രോഗബാധിതനായ പട്ടക്കാരനെ സന്ദശിക്കുവാൻ വന്നപ്പോൾ അദ്ദേഹം ഏതുവിഷയമാണ് പഠിപ്പിക്കുന്നതെന്ന് ആ രോഗിയോട്് ചോദിച്ചു. അതിന് ആ പട്ടക്കാരൻ, ചരിത്രമാണ് എന്ന് മറുപടി നൽകി. അദ്ദേഹം നൽകിയ ഈ മറുപടി ചരിത്രസംബന്ധകാര്യങ്ങളെപ്പററി, അദ്ദേഹവുമായി, ഡോക്ടറിന് സംഭാഷണം ചെയ്യുവാൻ അവസരം നൽകി. അയാൾക്ക്, ചരിത്രസംബന്ധമായ കാര്യങ്ങളെപ്പററിയുള്ള സംഭാഷണം സന്തോഷത്തെ പ്രദാനം ചെയ്യുമെന്ന് മാത്രമല്ല, രോഗിക്കു് ഈ വിഷയത്തിൽ അനന്യസാധാരണമായ പാണ്ഡിത്യം ഉണ്ട് എന്ന് അയാൾക്ക് ബോദ്ധ്യം വരുകനിമിത്തം അയാൾ അത്ഭുതപരതന്ത്രനായി തീരുകയും ചരിത്രസംബന്ധമായിട്ടുള്ള എതിർ വാദങ്ങളെ ഖണ്ഡിച്ചു അദ്ദേഹം നൽകിയ വിശദീകരണങ്ങൾക്കു തക്കതായ മറുപടിപറയുവാൻ അയാൾ അപ്രാപ്തനായി തീരുകയുംചെയ്തു. പിന്നീട്ട് ആ രോഗിയെ സന്ദശിക്കുവാൻ ദൈനംദിനം അദ്ദേഹത്തിൻെറ മുറിയിൽ പോകുകയും, അവർ തമ്മിലുള്ള കൂടിക്കാഴ്ചയിൽ അയാൾക്ക് അപാരമായ സന്തോഷവും സംതൃപ്തിയും ഉണ്ടെന്നുള്ളഭാവേന, അയാൾ ആ പട്ടക്കാരനെ വഞ്ചിക്കുകയായിരുന്നു എന്ന് സമ്മതിച്ചു പറഞ്ഞതുവരെ, ആ കൂടിക്കാഴ്ച, കുറെ നാളത്തേക്കുകൂടി ദീർഘിപ്പിച്ചു.

"അച്ചാ! ഞാൻ ഒരു അവിശ്വാസിയാണെന്ന് നിങ്ങൾക്കറിയാമല്ലൊ. ഞാൻ യാത്ര പറഞ്ഞു നിങ്ങളെ വിട്ടുപിരിയുന്ന

തിനുമുൻപ്, ക്രിസ്തുമതം പരിത്യജിച്ച് ഞാൻ ഒരു കാവ്യമതാനുയായിതീരുവാനുള്ള കാരണമെന്തെന്ന് നിങ്ങളോടു പറഞ്ഞുകൊള്ളട്ടെയോ?" എന്ന് വിശ്വവിശ്രുതനായ ആ ഡോക്ടർ രോഗശയ്യാവലംബിയായ ആ വന്ദ്യപുരോഹിതനോടു ചോദ്യരൂപേണ ഔപചാരികമായി പറയുകയുണ്ടായി.

അനന്തരം നമ്മുടെ ഡോക്ടർ മുൻപ് തനിക്ക് അനുഭവപ്പെട്ട ചില കാര്യങ്ങളെപ്പററിയും കുമ്പസാരമെന്ന ക്രൂദാശ സംബന്ധിച്ചു താൻ ചെയ്തിരിക്കുന്ന തീരുമാനത്തെപ്പററിയും ഇപ്രകാരമാണ് പറഞ്ഞത്. "ദൈവത്തിൻെറ അന്തമററ ബോധജ്ഞാനം മതത്തിലുണ്ട്. എങ്കിൽ മനുഷ്യൻെറ ബാല്യത്തിലും യൌവ്വനത്തിലും വാദ്ധക്യത്തിലും അവൻെറ മനസ്സാക്ഷിയിൽ ഒളിഞ്ഞു കിടന്നുകൊണ്ട് അവനെ നാശഗർത്തത്തിലേക്ക് മിക്കപ്പോഴും മനസ്സറിയാതെതന്നെ വലിച്ചിഴച്ചുകൊണ്ടുപോകുന്ന തിന്മയ്ക്കെതിരായി അവൻെറ ഇഹലോകജീവിതത്തിലെ ഓരോ കാലഘട്ടത്തിലും കാത്തുസൂക്ഷിക്കുന്നതിന് ഫലവത്തായ ഒരു പ്രതിവിധി നിശ്ചയിച്ചിട്ടുണ്ടാവാനാവശ്യമാകുന്നു. എന്നാൽ എൻെറ ദൃഷ്ടിയിൽ അനുഭവപ്പെട്ടിരിക്കുന്നിടത്തോളം നോക്കുകയാണെങ്കിൽ, മതത്തിന് പ്രസ്തുത തിന്മയെ തടയുന്നതിന് പ്രാപ്തമായ യാതൊരു മാർഗ്ഗമൊ പ്രതിവിധിയൊ ഇല്ലായെന്നെപറയുവാനുള്ളു. സ്ത്രീജനങ്ങൾ സാധാരണയായി വെറും സൌന്ദര്യത്തെ ഉദ്ദേശിച്ച് ആഭരണങ്ങൾ ധരിച്ചുകൊണ്ടു നടക്കുന്നതുപോലെയാണ് ഭക്തജീവിതം നയിക്കുന്നവരായ ജനങ്ങൾ വെറും ഭക്തിക്കുവേണ്ടി മാത്രം കുമ്പസാരമെന്ന ക്രൂദാശ അടുത്തടുത്ത് സ്വീകരിച്ചുകൊണ്ട് പോരാറുള്ളത്. എന്നാൽ പ്രസ്തുത ക്രൂദാശ അടിക്കടി സ്വീകരിക്കുന്നവരിൽ പോലും, ചതി, വഞ്ചന ആദിയായ തിന്മകൾ പലപ്പോഴും കാണപ്പെടുകയും അവ സമുദായത്തിലും കാലക്രമത്തിൽ പടർന്നുപിടിച്ച് അതിനെയും വഷളാക്കിക്കൊണ്ടിരിക്കുന്ന തിന്മകളായി എന്നുമെന്നും നിലനിന്നുപോരുകയും ചെയ്യും. ഇതുതന്നെയാണ് ക്രിസ്തുമതം പരിത്യജിച്ചു ഞാൻ ഒരു കാവ്യനായി തീരുവാൻ എന്നെ പ്രേരിപ്പിച്ച പ്രധാനമായ കാരണം."

ആ ഡാക്ടരുടെ പ്രസ്തുത വാക്കുകൾ പറഞ്ഞവസാനിപ്പിച്ചശേഷം രോഗബാധിതനായ പട്ടക്കാരൻ, "പ്രിയസാറെ! നിങ്ങൾ, കുമ്പസാരമെന്ന ക്രൂദാശയെപ്പററിയും കുമ്പസാരക്കൂട്ടിലെ

ധൈര്യം സംബന്ധിച്ചും നിങ്ങളുടെ ചെറുപ്പത്തിൽ, നല്ലവണ്ണം പഠിച്ചിട്ടുണ്ടായിരിക്കുകയില്ലയോ?'' എന്നു ചോദിച്ചു.

“അവയെപ്പറ്റിയുള്ള എന്റെ അഭിപ്രായം എന്താണെന്ന് പറയുന്നതിന് എനിക്ക് ഇഷ്ടമില്ല. ഞാൻ കുമ്പസാരത്തെപ്പറ്റി കേട്ടിട്ടുള്ളത് അത് സന്മാർഗ്ഗത്തെ വഷളാക്കി നശിപ്പിക്കുന്ന ഒരു പ്രസ്ഥാനമാണെന്നാണ്. എന്നാൽ നിങ്ങൾ വിഷമമേറിയ പല പ്രശ്നങ്ങളും എനിക്കു വിശദമാക്കിത്തന്നതുകൊണ്ട് പ്രസ്തുത വിഷയത്തെപ്പറ്റിയുള്ള വിവരണത്തെ സന്തോഷം ഞാൻ ശ്രദ്ധിച്ചു കേട്ടുകൊള്ളാം” എന്നു അയാൾ വീണ്ടും മറുപടി പറഞ്ഞു.

അപ്പോൾ രോഗപീഡിതനായ പ്രൊഫസർ കുമ്പസാരമെന്ന കൂദാശയ്ക്കു തിരുസഭയിൽ ദൈവികവും സർവ്വപ്രധാനവുമായ സ്ഥാനമുണ്ടെന്ന് സയുക്തികം സമർത്ഥിച്ചു. ഇതു ശ്രവിച്ചമാത്രയിൽ നമ്മുടെ ഡോക്ടർ പ്രസ്തുത കൂദാശയുടെ ദൈവികസ്ഥാപനത്തെയും മനുഷ്യന്റെ സന്മാർഗ്ഗജീവിതത്തെ യാതൊരു കറയും കൂടാതെ പുലർത്തിക്കൊണ്ടുപോകുന്നതിന് മനസ്സിന്റെ സഹപ്രവർത്തകയാകുന്നതിനുള്ള ശക്തിയേയും മനസ്സിലാക്കിയശേഷം ആ പ്രൊഫസറുമായുള്ള കൂടിക്കാഴ്ച പിന്നീട് എന്നും തുടർന്നുകൊണ്ടു പോകുന്നതിന് അവശ്യാവശ്യമായ അനുമതി നൽകുന്നതിന് അയാൾ യാചിക്കുകയും ചെയ്തു.

അനന്തരം അധികം താമസിയാതെ തന്നെ വീണ്ടും അയാൾ ഒരു ഉത്തമകത്തോലിക്കനായിത്തീരുകയും ഏതൻമൂലം അയാളുടെ ബാല്യദശയിലേതുപോലെതന്നെ പിൽക്കാലങ്ങളിൽ, കുമ്പസാരം, കുർബാന എന്ന ഈ കൂദാശകളുടെ സ്വീകരണത്തിന് പതിവായി ദേവാലയത്തിൽ പോയിക്കൊണ്ടിരിക്കയും ചെയ്തിരുന്നു. അയാളുടെ വിശാലമായ മനസ്സ്, വിശുദ്ധ പൌലോസിന്റേതുപോലെ, ദൈവികവിശ്വാസത്തിൽ പ്രകാശിതമായി, ഒരു വൈദ്യനെന്ന നിലയിൽ, അയാൾക്കു ചില പരിചയംകൊണ്ടുണ്ടായ അയാളുടെ അനുഭവങ്ങൾ സ്വർണ്ണം വിളയുന്ന ഖനിപോലെ അറിവുകൊണ്ട് സമ്പൂർണ്ണമായ ഒരു പുസ്തകം എഴുതുന്നതിന് നമ്മുടെ ഡോക്ടർക്കു സാധിച്ചു.

പ്രസ്തുത പുസ്തകത്തിൽ, കുമ്പസാരമെന്ന കൂദാശയുടെ പ്രയോജനത്തെയും മനുഷ്യന്റെ സാന്മാർഗ്ഗികവും ബാഹ്യവുമായ ജീവിതത്തിൽ, നമ്മെ തിന്മയിൽനിന്നു അകറ്റി നന്മയിലേക്കു ആകർഷിക്കുന്നതിനുള്ള അതിന്റെ സ്വാധീനശക്തിയേയും സംബ

ന്ധിച്ച്, ഏററവും വിശദമായി, പ്രസ്താവിച്ചിരിക്കുന്നു. അതു പാരായണം ചെയ്യുന്ന ഏതൊരു മനുഷ്യനും നമ്മുടെ ഡോക്ടർ മേൽ വിവരിക്കപ്പെട്ടിരിക്കുന്ന ക്രൂദാശ സംബന്ധിച്ച് എത്രകണ്ട് വിപുലമായ ഒരു ജ്ഞാനം സമ്പാദിച്ചിട്ടുണ്ട് എന്ന് ഏററക്കുറെ മനസ്സിലാക്കുവാൻ കഴിയും. ആകയാൽ അയാൾ രചിച്ചിട്ടുള്ള ആ ഗ്രന്ഥം അതിൽ വിവരിക്കപ്പെട്ടിരിക്കുന്ന സംഗതികളുടെ വിശേഷതകളെപ്പററി പരിചിന്തനം ചെയ്യുമ്പോൾ, ഏററവും ശ്രേഷ്ഠമായ ഒരു കൃതിയാണെന്ന് നമുക്കു അനുഭവപ്പെടുന്നതായിരിക്കും. വൈദ്യവൃത്തിയിൽ ഏററവും വലിയ പ്രശസ്തിനേടിയ ആ ഭിഷഗ്വരൻ, വളരെക്കൊല്ലങ്ങൾക്കുമുമ്പ് ചിക്കാഗോപട്ടണത്തിൽ മൃതിയടഞ്ഞ ഡോക്ടർ കുക്കുതന്നെയായിരുന്നു. അദ്ദേഹം രചിച്ചിട്ടുള്ള ആ പുസ്തകത്തിൻെറ പേർ, "സമുദായത്തിലെ സാത്താൻ" എന്നാണ്. അതിൽ നിക്ഷിപ്തമായിരിക്കുന്ന കാര്യങ്ങളെ പ്രായോഗികമാക്കിക്കൊണ്ടിരുന്ന പലർക്കും ആ പുസ്തകം പ്രയോജകീഭവിച്ചിട്ടുണ്ട് എന്നതു വക്തവ്യംതന്നെ

മേൽ വിവരിക്കപ്പെട്ടിരിക്കുന്ന സംഗതികൾ ബുദ്ധിമാനായിരുന്ന നമ്മുടെ ഡോക്ടറിൻെറ മനസ്സിലും ഹൃദയത്തിലും അയാളുടെ യൗവ്വനത്തിൻെറ ആരംഭത്തിൽ എങ്ങനെ വിഷകല്മഷിതമാക്കിയെന്നും ദൈവസ്ഥാപിതമായ ക്രൂദാശയുടെ ശക്തിയേയും മ്ശിഹാതമ്പുരാൻെറ ദൈവീകത്വത്തെയും കാണിക്കാതെ ഇരിക്കത്തക്കവണ്ണം ഏതുപ്രകാരത്തിൽ അന്ധമാക്കിത്തീർത്തുവെന്നും നമുക്കു കാണിച്ചുതരുന്നുണ്ട്.

പല സംഗതികളിലും നമ്മുടെ ഡോക്ടർ മനസ്സറിയാതെതന്നെ ദൈവഹിതത്തിനു എതിരായി പ്രവർത്തിച്ചിട്ടുണ്ട്. നാം തന്നെയും പാപകര പ്രവർത്തികളിലേക്കുള്ള ചാച്ചിൽ നിമിത്തം അവയുടെ നിന്ദ്യവും പരിത്യാജ്യവുമായ ഫലത്തെ കാണാതെവരുകയും മിക്കപ്പോഴും അറിഞ്ഞുകൊണ്ടു തന്നെ അനുതാപത്തിൻെറ കച്ചേരിയുടെ ആശ്വാസപ്രദമായ ഗുണപൗഷ്കല്യങ്ങളെ വേണ്ടുംവിധം ആസ്വദിക്കാതെ മനഃപൂർവ്വം ഉപേക്ഷിക്കുകയും തള്ളിക്കളയുന്നതിനുകൂടെയും പ്രേരിപ്പിക്കപ്പെടുകയും ചെയ്തുപോരുന്നുണ്ട്. മനുഷ്യൻ നേരിട്ടും അല്ലാതെയും സാത്താൻെറ വഞ്ചനാപൂരിതമായ പ്രലോഭനങ്ങൾക്കു അധീനനാണ്. സ്വന്തം അഭിപ്രായത്തിലുള്ള പിടിവാദവും മനുഷ്യപ്രകൃതിയുടെ തണ്യചാച്ചിലുകളും അകന്നു മനുഷ്യൻെറ മനസ്സിലും ഹൃദയത്തിലും സാത്താൻ പ്രവേ

ശിച്ച് ദൈവത്തിൻെറ പരിപാവനമായ ഹിതത്തോട്ടു എതിൎത്തു പ്രവൎത്തിക്കുന്നതിനു അവനെ ഉത്സാഹിപ്പിക്കുന്ന രണ്ടു വാതായനങ്ങൾ.

പ്രസ്തുത സംഗതികളെ വിസ്മൃതകോടിയിൽ തള്ളിക്കളയാതെ നാം ഓൎമ്മയിൽവെച്ചുകൊണ്ടിരിക്കുകയാണെങ്കിൽ കുമ്പസാരമെന്ന കൂദാശയെപ്പററി കീഴെപറയുവാനിരിക്കുന്ന കാൎയ്യങ്ങൾ മനസ്സിലാക്കുന്നതിനു അത് ഒരു സഹായമായിത്തീരുന്നതായിരിക്കും. കുമ്പസാരമെന്ന കൂദാശ ദൈവത്തിൻെറ പത്തു പ്രമാണങ്ങൾക്കനുസരണമായി, നമ്മുടെ പ്രവൃത്തികളും തഴക്കങ്ങളും ചൊവ്വാക്കപ്പെടുന്നതിനു ഉപയുക്തമായ ഒരു ചട്ടമാകുന്നു.

മനുഷ്യൻെറ ഈലോകജീവിതത്തിലെ സൎവ്വപ്രധാനമായ ജോലി, അവൻെറ മരണത്തിനു അധീനമല്ലാത്ത ആത്മാവിനെ പാപകരമായ തഴക്കങ്ങളിൽനിന്നും തജ്ജന്യമായ പ്രവൃത്തികളിൽനിന്നു വിമുക്തമാക്കി, അവൻെറ മരണപൎയ്യന്തം ദൈവത്തിൻെറ സ്നേഹഭാജനമായി ജീവിതം നയിച്ചശേഷം, മരണാനന്തരം സ്വൎഗ്ഗത്തിൽ ദൈവത്തെ അഭിമുഖമായി ദൎശിച്ച് അനവരതം ഭാഗ്യം അനുഭവിക്കുകയും ചെയ്യുന്നതാണ്. ഈ ഒരു കാൎയ്യമല്ലാതെ മററു യാതൊന്നും തന്നെ അവന് ഈലോകത്തിൽ സാധിക്കേണ്ടതായി ഇല്ല. ഈ കാരണത്താലാണ് "ഈ ലോകം മുഴുവൻ നേടിയാലും സ്വന്തം ആത്മാവു നശിച്ചാൽ ഫലമെന്ത്?" എന്ന് മ്ശിഹാ തമ്പുരാൻ നമ്മോടു ചോദിക്കുന്നത്. ആകയാൽ ഒരുവൻ ഈ ലോകത്തിൽ ജീവിച്ചിരിക്കുന്ന കാലത്ത്, അവൻെറ മിടുക്കും സാമൎത്ഥ്യവും കൊണ്ടു് ഏതെല്ലാം തരത്തിലുള്ള മഹൽകാൎയ്യങ്ങൾ നിൎവ്വഹിക്കുകയോ ആയുധബലംകൊണ്ടു് ലോകം മുഴുവനും സ്വന്തം ആധിപത്യത്തിൻകീഴവച്ചുകൊണ്ടിരിക്കുന്നതിനെയോ ചെയ്തിരുന്നാലും ശരി, മരണശേഷം അവൻ നിത്യമായി നശിച്ചുപോകുകയാണെങ്കിൽ അവൻ നേടിയ പണംകൊണ്ടോ അല്ലെങ്കിൽ അവൻ നിൎവഹിച്ച മഹൽകാൎയ്യംകൊണ്ടോ അവന് യാതൊരു പ്രയോജനവും പരലോകത്തിൽ സാധിക്കുന്നതല്ല. മനുഷ്യൻെറ നിൎജ്ജീവമായ ശരീരത്തെപ്പററി അവൻ എന്താണു കരുതുന്നത്? അത് ശ്മശാനസ്ഥലത്തുള്ള കല്ലറയിലെ പുഴുക്കളുടെ ആഹാരമായിത്തീൎന്നിരിക്കുന്ന ഒരു മാംസപിണ്ഡമാണ്. അപ്രകാരംതന്നെ. ചാവുദോഷത്താൽ ആത്മീയജീവനായ ഇഷ്ടപ്രസാദം നഷ്ടമാക്കിക്കളഞ്ഞിരിക്കുന്ന ഒരു ആത്മാവിനെപ്പററി പറയുമ്പോൾ നിത്യം എന്നു

ള്ളതു് ഏതുപ്രകാരത്തിലാണ് നാം മനസ്സിലാക്കേണ്ടതു്? അതു് നിത്യനരകാഗ്നിയിലുള്ള അശുദ്ധിയാൽ പൂരിതമായ ഒരു ശവകുടീരം എന്നാണ്. ഏവംവിധമായ പരിതാപസംപൂരിതമായ അവസാനം ദൈവത്തിൻെറ ഛായയിലും സാദൃശ്യത്തിലും നിർമ്മിക്കപ്പെടുകയും നിത്യസൗഭാഗ്യം നേടുന്നതിന് നിയമിക്കപ്പെടുകയും ചെയ്യപ്പെട്ടിരിക്കുന്ന ആത്മാവിൻെറമേലുള്ള സാത്താൻെറ ഒരു വിജയമാകുന്നു.

പൊറുക്കാത്ത വ്യാധി മനുഷ്യൻെറ ജീവനെ നശിപ്പിക്കുന്നതുപോലെതന്നെ കുമ്പസാരത്തിൽ ക്ഷമിക്കപ്പെടാത്ത പാപങ്ങൾ ആത്മാവിൻെറ ജീവനായ ഇഷ്ടപ്രസാദത്തെ നഷ്ടപ്പെടുത്തി അതിനെ കൊല്ലുന്നു. നമ്മുടെ ആത്മാവിൽ കുടികൊണ്ടിരിക്കുന്ന പാപങ്ങൾ ദൈവപ്രമാണങ്ങളെ ലംഘിക്കുന്ന പ്രവൃത്തികളുടെയും തഴക്കങ്ങളുടെയും ഫലമാകുന്നു. അപ്രകാരംതന്നെ മനുഷ്യൻെറ ശരീരത്തിൽ രോഗങ്ങൾ ഉണ്ടാകാറുള്ളതിൻെറ കാരണം ശരീരസൌഖ്യം കാക്കുന്നതിനുവേണ്ടി നിശ്ചയിച്ചിരിക്കുന്ന പ്രമാണങ്ങൾക്ക് ലംഘനം വരുത്തുമ്പോഴാകുന്നുവെന്ന് നമുക്കു എല്ലാവക്കും അറിയാവുന്ന ഒരുകാര്യമാണല്ലോ.

ദൈവസ്ഥാപിതമായ സത്യസഭയുടെ ഏററവും പ്രധാനപ്പെട്ട ഉദ്ദ്യോഗം പാപമാകുന്ന ആത്മീയവ്യാധിയെ സൌഖ്യമാക്കുന്നതും തൻെറ മക്കളിൽ അനുദിനം കണ്ടുവരുന്ന പാപകരമായ പ്രവൃത്തികളെയും തഴക്കങ്ങളേയും പാടെ വിപാടനംചെയ്തു് അവരെ പുണ്യമാർഗ്ഗത്തിലൂടെ നടത്തുന്നതുമാണ്. ഇപ്രകാരമുള്ള അത്മരക്ഷയ്ക്കുള്ള വേലയെ ഫലപ്രദമായവിധം നടത്തിക്കൊണ്ടുപോകുന്നതിന് മ്ശിഹാതമ്പുരാൻ, തന്നാൽ സ്ഥാപിതമായ തിരുസഭയിൽ കുമ്പസാരമെന്ന കൂദാശയെ സ്ഥാപിക്കുവാൻ തിരുമനസ്സായി. എന്നാൽ കുമ്പസാരമെന്നതു് നാം മാമ്മോദീസാ മുങ്ങിയതിൽപിന്നെ ചെയ്തിരിക്കുന്ന പാപങ്ങൾക്കു പൊറുതി നമുക്കുകിട്ടുവാൻവേണ്ടി മ്ശിഹാതമ്പുരാൻ സ്ഥാപിച്ച ഒരു കൂദാശയാണല്ലോ. ഈ കൂദാശയുടെ ശുശ്രൂഷകന്മാരായി മ്ശിഹാതമ്പുരാൻ സ്ഥാപിച്ചതു് ശ്ലീഹന്മാരേയും അവരുടെ പിൻഗാമികളായ തിരുസഭയിലെ പുരോഹിതഗണത്തേയുമാകുന്നു. അവക്കു താൻ വിശ്വാസികളുടെ പാപം മോചിക്കുന്നതിനു അധികാരം നൽകിട്ടുമുണ്ട്.

എന്നാൽ ദൈവദത്തമായ പാപവിമോചനാധികാരം, നമ്മുടെ പാപകർമ്മങ്ങൾക്ക് ദൈവനീതിപ്രകാരം നാം അർഹരാ

യിതീൎന്ന നിത്യശിക്ഷയിൽനിന്ന് നമ്മെ വിമുക്തരാക്കുന്നു. ഇതിനു ധാരാളം തെളിവുകൾ വേദപുസ്തകത്തിൽനിന്നുതന്നെ സുലഭങ്ങളാണ്. അവയിൽ ഒന്നുമാത്രമെ സ്ഥലച്ചുരുക്കം നിമിത്തം ഇവിടെ എടുത്തുകാണിക്കുവാൻ കരുതുന്നൊള്ളു. മ്ശിഹാതമ്പുരാൻ സുവിശേഷം പ്രസംഗിച്ചുകൊണ്ട് നടന്നിരുന്ന കാലഘട്ടത്തിൽ മഗ്ദലേനമറിയം എന്നു പേരുള്ള പാപിഷ്ഠയായ ഒരു സ്ത്രീ ജീവിച്ചിരുന്നു. അവളുടെ പാപകരമായ ജീവിതം ആ നാട്ടിലെങ്ങും കുപ്രസിദ്ധമായിത്തീൎന്നിരുന്നു. അവളിൽനിന്ന് ഏഴുപിശാചുക്കളെ ബഹിഷ്കരിച്ചതായി വേദപുസ്തകം സാക്ഷിക്കുന്നുണ്ട്. പ്രസ്തുത സ്ത്രീ ഒരു ദിവസം, നമ്മുടെ കൎത്താവു സമ്പന്നനും യഹൂദപ്രമാണിയുമായ ശെമ്ഓൻെറ വസതിയിൽ ഇരുന്ന് ഭക്ഷണം കഴിച്ചുകൊണ്ടിരുന്ന സന്ദർഭത്തിൽ ആ വീട്ടിൽ പ്രവേശിച്ച് മ്ശിഹാതമ്പുരാൻെറ പരിപാവനമായ പാദങ്ങൾ സാഷ്ടാംഗംവീണ് അവളുടെ പാപജീവിതത്തെപ്പററി ദുഃഖിച്ചു പ്രലപിക്കുകയും തൻമൂലം അവളുടെ കണ്ണുകളിൽനിന്നു പ്രവഹിച്ച അശ്രുധാരകൊണ്ട് തൻെറ പാദങ്ങളെ കഴുകുകയും അവയെ അവളുടെ തലമുടികൊണ്ട് തുടയ്ക്കുകയുംചെയ്തു. ആ സ്ത്രീയുടെ ഈദൃശമായ പ്രവൃത്തികണ്ട് ആർദ്രചിത്തനായ മ്ശിഹാതമ്പുരാൻ അവളുടെ കഴിഞ്ഞജീവിതത്തിലെ സകല പാപങ്ങൾക്കും മോചനം നൽകുകയുണ്ടായി. ഉത്തരക്ഷണത്തിൽതന്നെ അവൾ സാത്താൻെറ അടിമത്വത്തിൽനിന്നും നിത്യനാശത്തിൽനിന്നും വിമുക്തയായിത്തീൎന്നു. മാത്രവുമല്ല കഴിഞ്ഞ ജീവിതത്തിലെ പാപങ്ങളുടെമേൽ അവൾക്കുണ്ടായിരുന്ന അകൈതവമായ വെറുപ്പും മേലിൽ പാപം ചെയ്യുകയില്ലെന്നുള്ള ഉത്തമപ്രതിജ്ഞയുംമൂലം അവൾ രക്ഷകൻെറ പ്രേമഭാജനമായി തീരുകയും ചെയ്തു.

സ്വന്തം പാപങ്ങളിന്മേൽ അനുതപിച്ചുകൊണ്ടു തന്നെ സമീപിക്കുന്ന ഓരോ പാപിക്കും അവൻെറ പാപങ്ങൾക്കു വിമോചനം നൽകുന്നതിന് മ്ശിഹാതമ്പുരാൻ സ്ഥാപിച്ച കൂദാശയുടെ ശക്തി എത്രയൊ അതിശയനീയമായതാകുന്നു. ഒരുവൻ എത്രതന്നെ ഘോരതരങ്ങളായ പാപങ്ങളെ ചെയ്തിരുന്നാലും ശരി, അവൻ തക്കഒരുക്കത്തോടുകൂടി സ്വീകരിച്ചു കഴിയുമ്പോൾ അവൻെറ സകല പാപങ്ങളിൽനിന്നും ഏതൻമൂലം അവന് ല

ഭ്യമായേക്കാവുന്ന നിത്യശിക്ഷയിൽനിന്നും അവൻ വിമോചനം പ്രാപിക്കുമെന്നതിന് യാതൊരു സംശയവുമില്ല.

നമ്മുടെ രണ്ടാമത്തെ സ്വഭാവമെന്നോണം നമ്മിൽ സദാ കണ്ടുകൊണ്ടിരിക്കുന്ന പാപകരമായ പ്രവൃത്തികൾ തിരുത്തപ്പെട്ടപ്പോൾ ഒരുവന് ഉണ്ടാകാറുള്ളതിൽ കൂടുതലായ മനഃവേദനയൊ അല്ലെങ്കിൽ സങ്കടമൊ മററു യാതൊരു സംഗതിയിലും അവനു അനുഭവപ്പെടുന്നതല്ല. മനുഷ്യസഹജമായ നമ്മുടെ ബലഹീനതമൂലം തമ്മിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന കുററങ്ങളും കുറവുകളും പാപകരമായ പ്രവൃത്തികൾക്കും തഴക്കങ്ങൾക്കും നമ്മെ അടിപ്പെടുത്തുകയും ചെയ്യുന്നു. നാനാതരത്തിൽ നമ്മിൽ കാണപ്പെടുന്ന ദുസ്സഴക്കങ്ങളെ താലോലിക്കുകയും നമ്മുടെ കുററം കുറവുകളെ ആദരിക്കുകയും ചെയ്തുകൊണ്ട് അവയെപ്പററി എന്തെങ്കിലും ഒഴിവുകഴിവു പറയുകയും ചെയ്യുകയെന്നത് നമുക്കു സഹജമായ ഒരു കാര്യമാണല്ലൊ.

നമ്മുടെ ഈ ലോകജീവിതത്തിൽ നമ്മുടെ കഴിവുപോലെ അടുത്തടുത്ത് കുമ്പസാരമെന്ന കൂദാശ സ്വീകരിപ്പാൻ ആവശ്യമാകുന്നു. എന്തുകൊണ്ടെന്നാൽ നാം എത്രത്തോളം അടുത്തടുത്ത് പാപോച്ചാരണംചെയ്തു പാപവിമോചനം പ്രാപിക്കുമൊ അത്രത്തോളം നമ്മുടെ മനസ്സാക്ഷി പരിശുദ്ധവും നിർമ്മലവുമായിരിക്കും. മാത്രവുമല്ല പാപത്തിലേക്കുള്ള നമ്മുടെ ദുശ്ചാപ്പില്യകളുടെയും തണ്യതഴക്കങ്ങളുടെയും ശക്തി ഒന്നിനൊന്നിനു ക്ഷയിച്ചുപോകുന്നതിന് ഇടയായിത്തീരുകയും ചെയ്യുന്നതായിരിക്കും. ഏതൻമൂലം നാം ദൈവപ്രമാണങ്ങൾക്കനുസരണമായി ജീവിതം നയിക്കുകയും നമ്മുടെ കടമകളെല്ലാം തക്കവിധം നിർവഹിക്കുകയും ചെയ്തുകൊണ്ട് ഏററവും പരിപാവനമായ ഒരു ജീവിതം നയിക്കുന്നതിനുള്ള ഭാഗ്യം നമുക്ക് സിദ്ധിക്കുന്നതാണ്.

ആ സ്ഥിതിക്ക് നമ്മുടെ അനുദിനപ്രവൃത്തികൾ, ദൈവപ്രമാണങ്ങൾക്ക് അനുരൂപമായിട്ടുള്ളവയാണൊ അല്ലെങ്കിൽ പ്രതികൂലമായിട്ടുള്ളവയാണൊ എന്ന് വിധിക്കപ്പെടുന്നതിനുവേണ്ടി അവയെ നമ്മുടെ ജീവിതകാലത്തിൽ, പല സന്ദർഭങ്ങളിലും, മനസ്സാക്ഷികച്ചേരിയിലുള്ള ദൈവാനുഗ്രഹത്തിൻെറ സിംഹാസനത്തിൽ ആസനസ്ഥനായിരിക്കുന്ന പുരോഹിതൻെറ സമക്ഷം വെളിപ്പെടുത്തുന്നത് ഉത്തമമായിരിക്കും. ഈ വിധം നാംചെയ്യുകയാണെങ്കിൽ, പ്രസ്തുതകച്ചേരിയിൽവെച്ച് നമ്മുടെ പ്രവൃത്തികൾ

ഏതുതരത്തിലുള്ളവയെന്നു വിശദമായി നമുക്കു കാണാൻ കഴിയും. മാത്രവുമല്ല നിവ്വഹിക്കേണ്ട ചുമതലകൾ സംബന്ധിച്ച് നമുക്ക് യാതൊരുവക സംശയവും ഉണ്ടാകുന്നതല്ല.

പാപകരമായ ദുസ്സ്വഭാവങ്ങളെയും പ്രവൃത്തികളെയും തിരുത്തുന്നതിനു പററിയ മാഗ്ഗമായ മനസ്സാക്ഷികച്ചേരിയിൽ നിന്ന് പാപവിമോചനം ലഭിക്കത്തക്കവിധം അവയെ അവിടെ ഏററു പറയണമെന്നു നമ്മോടു ആജ്ഞാപിക്കുന്ന കാര്യത്തിൽ മ്ശിഹാതമ്പുരാൻെറ ദൈവികബോധജ്ഞാനം ഏററവും വിശദമായി കാണുന്നുണ്ട്. പ്രസ്തുത കച്ചേരിയിൽവെച്ച് പാപത്തിനടുത്ത ദുസ്സ്വഭാവങ്ങൾ അവയുടെ ആരംഭത്തിൽതന്നെ തിരുത്തപ്പെടുന്നു. ഈ കച്ചേരിയിലെ വിധികത്താക്കന്മാരായ പുരോഹിതന്മാക്ക്, നിയമാനുസരണമുള്ള അവിടത്തെ നടപടികൾമൂലം, പാപത്തിൻെറ മൂലകാരണങ്ങൾ ഏവയാണെന്ന് സ്പഷ്ടമായി അറിയുവാൻ കഴിയുന്നതാണ്. അവരുടെ സമക്ഷം പാപം ഏററുപറയുന്നവരുടെ കുററങ്ങളുടെ ഹേതുക്കളെ അവർ തക്കവിധം മനസ്സിലാക്കുന്നതുകൊണ്ട്, അവയ്ക്കു തക്ക പ്രതിവിധികൾ ചെയ്യുന്നതിനു അവക്കു കഴിയുന്നതാണ്.

ഒരുവൻെറ മനസ്സാക്ഷിയിൽ ഒളിഞ്ഞുകിടക്കുന്ന പാപകരമായ തഴക്കങ്ങളും പ്രവൃത്തികളും മൂലം ഉണ്ടായിട്ടുള്ള പാപമാകുന്ന രോഗത്തെ സൌഖ്യമാക്കുന്നതിന്, അവൻ ചെയ്തിരിക്കുന്ന പാപങ്ങളെ, പരമാത്ഥമായി കുമ്പസാരം കേൾക്കുന്ന പട്ടക്കാരനോട്ട് ഏററുപറയാതെ, യാതൊരു കഴിവുമില്ല. എന്നാൽ പല ആളുകളും പലപ്പോഴും അവരുടെ പാപകരമായ പ്രവൃത്തികളെയും തഴക്കങ്ങളേയും ഏററുപറയുന്ന കാര്യത്തിൽ ലജ്ജ പ്രദശിപ്പിക്കാറുണ്ടുവെന്നതും വാസ്തവംതന്നെ. ഇങ്ങനെയുള്ളവർ അവരുടെ പാപങ്ങൾക്ക് വിമോചനം ലഭിക്കുന്നതിനും ഏതൻമൂലം ദൈവപ്രസാദവരത്താൽ അലംകൃതരായി തീരുന്നതിനും ഹൃദയപരമാത്ഥതയോടുകൂടി കുമ്പസാരിച്ചേതീരു. എന്നാൽ തക്ക ഒരുക്കത്തോടും ഹൃദയപരമാത്ഥതയോടുംകൂടി സ്വന്ത പാപങ്ങളേയും ദുസ്സ്വഭാവങ്ങളേയും പുരോഹിതൻെറ പക്കൽ ഏററുപറയാത്തതുകൊണ്ടാണ്, പണ്ട് പരിശുദ്ധ ജീവിതം നയിച്ചിരുന്ന അനവധി ആളുകൾ ഇന്നു പരമ ദുഷ്ടന്മാരായി ലോകത്തിൽ കാണപ്പെടുന്നത്. പിന്നെയും ഒരു കാലത്ത് നിഷ്കളങ്കരും പരിശുദ്ധരുമായി ജീവിതം നയിച്ചശേഷം ഇന്ന് അത്തുരശാലകളിലും അ

സ്ഥിതികളിലും പുഴുത്ത് അട്ടിരിക്കുന്ന ശരീരത്തോടും ചീഞ്ഞു അഴുകി ദുർഗന്ധം വീശുന്ന തലച്ചോറോടുംകൂടി, അഭയം പ്രാപിച്ചിരിക്കുന്ന അനവധി യുവജനങ്ങൾ അവരവരുടെ ദുഷ്പ്രവൃത്തികളുടെയും പാപകരമായ തഴക്കങ്ങളുടെയുംഅടിമയായിരുന്നിട്ടും, അവയെ തിരുത്തുന്നതിനു പ്രാപ്തിയുള്ള ആളുകളോട് ആരോടും പറയാതെ, അവർ താന്താങ്ങളുടെ തണ്ട്യ സ്നേഹിതന്മാരോടു മാത്രം പറഞ്ഞറിയിക്കുന്നു. എന്നാൽ പാപവിമോചനത്തിനായി മ്ശിഹാതമ്പുരാൻ കുമ്പസാരമെന്ന കൂദാശയെ സ്ഥാപിച്ചിരിക്കുന്നുവെങ്കിലും ഒന്നുകിൽ അവർ പ്രസ്തുത കൂദാശയുടെ സ്വീകരണത്തെ പാടെ പരിത്യജിക്കുന്നു, അല്ലെങ്കിൽ അവർ ചെയ്യുന്നതെന്തെന്ന് അറിയാതെ പാപോച്ചാരണം ചെയ്യുന്നതു കേൾക്കുന്ന വൈദികനെ ആക്ഷേപിക്കുകയും നിന്ദിക്കുകയും ശപിക്കുകയും ചെയ്യുന്നതുനിമിത്തം ഒരുവിധത്തിൽ പറയുകയാണെങ്കിൽ കുമ്പസാരക്കൂടാകുന്ന മനസ്സാക്ഷികച്ചേരി അവർക്കുവേണ്ടി അടയ്ക്കപ്പെട്ടിരിക്കുന്നു. സ്വന്തം അഭിപ്രായങ്ങൾ മ്ശിഹായുടെ ദൈവികബോധജ്ഞാനത്തേക്കാൾ അവർ ഉത്തമമെന്ന് കരുതുകയും അനുതാപികളുടെ മനസ്സാക്ഷയെ ശരിയായവിധം നയിച്ചുകൊണ്ടു പോകുന്നതിനുള്ള ഏററവും പരിശുദ്ധവും അത്യാവശ്യപ്പെട്ടതുമായ മാർഗ്ഗങ്ങളെ തിരസ്കരിക്കുകയും ചെയ്തുകൊണ്ട് സാത്താന്റെ വഞ്ചനകളാൽ തട്ടിക്കപ്പെടുകയെന്നത് ഭയാനകമായ ഒരു കാര്യംതന്നെ.

തക്കതായിട്ടുള്ള നിർദ്ദേശങ്ങൾ നൽകി നമ്മെ നയിക്കുന്നതിനു പ്രാപ്തന്മാരായ ആളുകളോട് ദൈനംദിനമുള്ള നമ്മുടെ പ്രവൃത്തികളെ നാം അറിയിച്ച്, അവർ നൽകുന്ന നിർദ്ദേശങ്ങൾക്കും ഉപദേശങ്ങൾക്കും അനുരൂപമായി നമ്മുടെ ജീവിതരീതിയെ ക്രമീകരിക്കുമ്പോൾ, ഈ ലോകജീവിതത്തിൽ നമ്മെ അഭിമുഖീകരിക്കുന്ന നാനാപ്രകാരേണയുള്ള കാര്യങ്ങളിൽ നാം വിജയശ്രീ ലാളിതരായി തീരുമെന്നതിനു യാതൊരു തർക്കവുമില്ല. നല്ല പരിചയമുള്ള തൊഴിൽക്കാരൻ തന്റെ ജോലികാര്യങ്ങൾ സംബന്ധിച്ചു അയാളുടെ കാര്യസ്ഥനോടും, പരിഷ്കാരപ്രിയ യുവതി സമർത്ഥനായ തുന്നൽക്കാരനോടും ശൃംഗാരപ്രിയ, നവീനരീതിയിൽ ചിത്രപ്പണി ചെയ്യുന്നവനോടും അതതു ജോലികളെപ്പററി ആലോചന ചോദിക്കുക പതിവാണല്ലോ. അപ്രകാരംതന്നെ ശരീരാരോഗ്യത്തെ യാതൊരു കേടുപാടുംകൂടാതെ പുലർത്തിക്കം

ണ്ടു പോകേണ്ടതിന്ന നമുക്ക് അവശ്യാവശ്യമായ സംഗതിക
ളിൽ വൈദ്യശാസ്ത്രപണ്ഡിതന്മാരുടെ അഭിപ്രായങ്ങൾക്കനുസര
ണമായും നാം പ്രവൎത്തിച്ചുപോരുന്നുണ്ടു്. ഈവിധകാൎയ്യങ്ങൾ ഇ
ന്ന് നടന്നുകൊണ്ടിരിക്കുന്നതുതന്നെയാണ്. എന്നാൽ ഇവ ഒക്കെ
ക്കാൾ ഉപരിയായി ശ്രദ്ധ പതിച്ചു പ്രവൎത്തിക്കേണ്ട സൎവ്വപ്ര
ധാനമായ ഒരു സംഗതിയുണ്ടു്. അതു് നമ്മുടെ നിത്യരക്ഷയുടെ
കാൎയ്യമാണ്. ഈ കാൎയ്യത്തിൽ, ദൈവസ്ഥാപിതമായ മനസ്സാക്ഷി
കച്ചേരിയിൽനിന്ന്, നമുക്ക് അവശ്യപ്പെട്ട നിൎദ്ദേശങ്ങളും ഉപ
ദേശങ്ങളും ലഭിക്കുന്നതിന്ന്, നമ്മുടെ കുററങ്ങളെ വെളിപ്പെടു
ത്തുന്ന സംഗതിയിൽ നാം വൈമുഖ്യം പ്രദൎശിപ്പിക്കുകയെന്നതു്
കഷ്ടാൽ കഷ്ടതരംതന്നെ.

"എന്റെ മക്കളെ മതപരമായ സംഗതി സംബന്ധിച്ചി
ടത്തോളമുള്ള കാൎയ്യങ്ങളിൽ അവരവരുടെ ഹിതാനുസരണം പ്രവ
ൎത്തിക്കുന്നതിൽ ഞാൻ അനുവദിക്കും" എന്ന് ഒരിക്കൽ ശൃംഗാര
പ്രിയയായ ഒരു സ്ത്രീ പറയുകയുണ്ടായി. അവളുടെ വസ്ത്രത്തിന്റെ
നിറം ഏതുപ്രകാരത്തിലുള്ളതായിരിക്കണമെന്ന സംഗതിയെപ്പററി
സ്വയം തീരുമാനിക്കുന്നതിന്ന് പ്രാപ്തിയില്ലാത്തവളായ ആ സ്ത്രീ,
അവളുടെ കുട്ടികളെ, അവരവരുടെ ഹിതാനുസരണം ദൈവപ്ര
മാണങ്ങൾക്ക് അനുരൂപമായ വിധത്തിലുള്ള ജീവിതപദ്ധതിയെ
തിരഞ്ഞെടുക്കുന്നതിന്ന് അവൎക്ക് അനുമതി നൽകുവാൻ അവൾ
സന്തുഷ്ടചിത്തയായി. വൈദ്യന്റെ രഹസ്യമുറിയിൽവെച്ചു് ഏ
ററുപറയുവാൻ പാടില്ലാത്തതായിട്ടുള്ള ലജ്ജാവഹവും അവമാന
കരവും ശരീരസൌഖ്യത്തിന്ന് ഹാനികരവുമായിയാതൊരു പ്രവൃ
ത്തിയുമില്ല. എന്നാൽ ഈ കാലത്തുള്ള സാപ്രേന്മാരുടെയും സ്ത്രീ
ശേന്മാരുടെയും സന്മാൎഗ്ഗനിയമപ്രകാരം, ദൈവത്താൽ നിയമിത
നായ പുരോഹിതനോട്ട് ദൈവപ്രമാണങ്ങളെ ലംഘിക്കുന്നവയാ
യി നമ്മിലുള്ള പ്രവൃത്തികളെയും ദുസ്സ്വഴക്കങ്ങളേയും പറഞ്ഞറിയി
ക്കുകയെന്നതു്, സന്മാൎഗ്ഗവിരുദ്ധമാണുപോൽ.

അനുതാപിയായ ഒരുവന് ഏതു സന്ദൎഭത്തിലും ദൈവാ
നുഗ്രഹം ലഭിച്ചുകൊണ്ടിരിക്കുന്ന ഒരു സ്ഥലമാണ് മനസ്സാക്ഷിക
ച്ചേരി. അവിടെവെച്ചു്, അവൻ ഹൃദയപരമാൎത്ഥതയോടുകൂടി,
ഏററുപറയുന്ന സകലവിധ പാപങ്ങൾക്കും അവന് വിമോചനം
ലഭിക്കുകയും ഏതൻമൂലം അവന്റെ ആത്മീയരോഗങ്ങൾ പാ
ടെ നീങ്ങിപ്പോകുകയും കൃപാശക്തിയുള്ള ഇഷ്ടപ്രസാദവരത്താൽ

അവൻ അലംകൃതനാകുകയും ചെയ്യുന്നു. കൂടാതെയും മനുഷ്യന്, അവന്റെ ഐഹിക ജീവിതത്തിലെ സകല പ്രവൃത്തികളും ദൈവപ്രമാണങ്ങൾക്ക് അനുയോജ്യമായവിധം ക്രമപ്പെടുത്തുന്നതിന് ആവശ്യപ്പെടുന്ന അവസരോചിതമായ നിർദ്ദേശങ്ങളും ഉപദേശങ്ങളും നൽകപ്പെടുന്നതും അവിടെവച്ചുതന്നെ. ആകയാൽ പ്രസ്തുത കച്ചേരി, മനുഷ്യന്റെ സന്മാർഗ്ഗജീവിതത്തെ നിലനിർത്തിക്കൊണ്ടുപോകുന്ന ജീവനാഡിയായിട്ടാണ് പരിലസിക്കുന്നത്. എങ്കിലും ആയിരത്തി തൊള്ളായിരത്തി അമ്പതു സംവത്സരങ്ങൾക്കുമുമ്പ് ദുഃഖവെള്ളിയാഴ്ചദിവസം പീലാത്തോസിന്റെ അരമനയിൽവെച്ച് മ്ശിഹാതമ്പുരാൻ, തന്റെ ശത്രുക്കളാൽ അപഹസിക്കപ്പെടുകയും നിന്ദിക്കപ്പെടുകയും ചെയ്തതുപോലെതന്നെ, തന്നാൽ സ്ഥാപിതമായ ഈ കച്ചേരിയേയും അതിനെ ഹൃദയപൂർവ്വം വെറുക്കുന്ന, ദുർവൃത്തന്മാരായ ജനങ്ങൾ, അവമാനിക്കുകയും നിന്ദിക്കുകയും പരിത്യജിക്കുകയും ചെയ്തുപോരുന്നു.

---

## എട്ടാം അദ്ധ്യായം.

### കുമ്പസാരമെന്ന കൂദാശ

### ഘനാകർഷണത്തെ ജയിച്ച ആകാശക്കപ്പൽ.

ആകാശക്കപ്പലോട്ടം സംബന്ധിച്ചുള്ള പഠനത്തിൽ വളരെ വർഷങ്ങളോളം വ്യയം ചെയ്ത് അതിൽ വ്യുൽപ്പത്തി നേടിയിട്ടുള്ള ബുദ്ധിമാനും സമർത്ഥനുമായ ഒരു എൻജിനീയർ ഘനാകർഷണത്തിന്റെ ശക്തിയെ ജയിക്കത്തക്കവണ്ണം ഒരു പ്ലാൻ മനസ്സിൽ കരുതി അയാളുടെ ഏവ വിധമായ സങ്കല്പം യഥാർത്ഥത്തിൽ പ്രാവർത്തികമാക്കുകതന്നെ ചെയ്തു. അതു് എങ്ങനെയെന്നാൽ അയാളുടെ പുതിയ കണ്ടുപിടുത്തത്തെ ഒന്നു പരീക്ഷിക്കുന്നതിന് ഈ ഭൂമണ്ഡലത്തിന്റെ പരിധികടന്നു പോകുമ്പോൾ ശരീരികജീവനെ കാത്തുസൂക്ഷിക്കുന്നതിന് അവശ്യാവശ്യ ഒരുക്കങ്ങൾ

അയാൾ ചെയ്യേണ്ടതായി ഉണ്ടായിരുന്നു. അയാൾ രസതന്ത്രശാസ്ത്രത്തിൽ നല്ല പാണ്ഡിത്യം സമ്പാദിച്ചിരുന്നതുകൊണ്ട്, യാത്രക്കാർക്കം, ആ ആകാശക്കപ്പലിലെ ജോലിക്കാർക്കം ആവശ്യപ്പെട്ടവ സകലവും അതിൽ സംഭരിച്ചു കഴിഞ്ഞശേഷം ആകാശമണ്ഡലത്തിൽ അറിയപ്പെടാത്ത സ്ഥലത്തേക്ക യാത്രയായി.

ബ്രഹ്മാണ്ഡമായ ആ ആകാശക്കപ്പൽ വായുമണ്ഡലത്തിൽ കൂടി അതിവേഗം പറന്ന് ഭൂമിയുടെ ആകർഷണശക്തിയുടെ പരിധിവിട്ടപ്പോൾ അതിൻെറ യന്ത്രങ്ങൾ എല്ലാംതന്നെ അവയുടെ ജോലിയിൽനിന്ന് വിരമിച്ചു. അപ്പോൾ ആ ആകാശക്കപ്പൽ അതിലെ യാത്രക്കാരോടും ജോലിക്കാരോടുംകൂടി മന്ദം മന്ദമായി പറന്ന് യാതൊരു അപകടവും കൂടാതെ മിന്നിത്തിളങ്ങുന്ന ഒരു ആകാശമണ്ഡലത്തിൽ എത്തിച്ചേൎന്നു. മഹാനും സമൎത്ഥനുമായ നമ്മുടെ എൻജിനീയരുടെ അത്ഭുതാവഹമായ സങ്കല്പം വിജയകരമായവിധം പ്രവൃത്തിയിൽ വന്നുവെന്ന് കണ്ടപ്പോൾ ആ ബ്രഹ്മാണ്ഡവിമാനത്തിലുണ്ടായിരുന്ന യാത്രക്കാരും ജോലിക്കാരും അയാളുടെ അസാമാന്യവും അനിതരസാധാരണവുമായ ബുദ്ധിസാമൎത്ഥ്യത്തെ ഐകകണ്ഠ്യേന പ്രശംസിച്ചിരുന്നു.

നമ്മുടെ അധിവാസസ്ഥാനമായ ഈ ഭൂമിയെ ആവരണം ചെയ്യുന്ന വായുമണ്ഡലത്തിന് പുറത്തുള്ള പ്രസ്തുത അന്തരീക്ഷത്തിൽ, വസ്തുക്കൾക്ക് തന്നിൽതന്നെ യാതൊരു ശക്തിയും പണ്ടേ തന്നെ ഇല്ലെന്നും എന്നാൽ അവസ്ഥ് ഏതെങ്കിലും താല്ക്കാലികമായ ശക്തിയുണ്ടെന്നും കാണപ്പെടുന്നുണ്ടെങ്കിൽ അതു് അനന്തനും മാററത്തിന് അധീനനല്ലാത്തവനും സൎവ്വശക്തനും സൎവ്വബോധജ്ഞാനമുള്ളവനുമായ ഒരുവനിൽനിന്ന് ആണെന്നുമാണ് അവൎക്ക മനസ്സിലാക്കുവാൻ കഴിഞ്ഞതു്. അപ്രകാരം തന്നെ അവരുടെ ആത്മീയവശങ്ങൾ, സകലവസ്തുക്കളേയും ഭരിച്ചു നടത്തിക്കൊണ്ടുപോകുന്ന ആ അനന്തമായ ശക്തിയിലാണ് അടങ്ങിയിരിക്കുന്നതു് എന്നും അവരുടെ ഓൎമ്മ, ബുദ്ധി, മനസ്സ് എന്ന ഈ മൂന്ന വശങ്ങൾക്ക്, ശാരീരിക ജീവനിൽനിന്ന് വ്യത്യസ്തപ്പെട്ട, ഒരു പൌരുഷമുണ്ട് എന്നുംകൂടി അവർ ഗ്രഹിക്കുന്നതിനിടയായി.

ഏവംവിധമായ നവീനങ്ങളും അപരിചിതങ്ങളുമായ സങ്കല്പങ്ങളെപ്പററി ഗാഢമായി ചിന്തിച്ചുകൊണ്ടിരിക്കുമ്പോൾ ആ വിമാനത്തിലുണ്ടായിരുന്നവർ എല്ലാവരും ഗാഢനിദ്ര പ്രാപിക്കുകയുണ്ടായി. അവരുടെ സുഖനിദ്ര എത്രത്തോളം നീണ്ടുനില്ക്കുമെ

ന്, അവക്കുതന്നെ അറിയുവാൻ കഴിഞ്ഞിരുന്നില്ല. അവർ ഉറക്കത്തിൽനിന്ന് എഴുന്നേററപ്പോൾ വായുമണ്ഡലത്തിലുള്ള ഒരു ഗോളത്തിൽ അവർ സസുഖം നില്ക്കുന്നതായിട്ടാണ് കണ്ടത്. ഈ ഗോളത്തിൽനിന്ന് വളരെ അകലെ നിന്നിരുന്ന ഒരു ബ്രഹ്മാണ്ഡ ഗോളത്തിൽനിന്നു തുടരെ തുടരെ അഗ്നിഖണ്ഡങ്ങൾ അവർ നിന്നിരുന്ന ഗോളത്തിൽ വീണുകൊണ്ടിരിക്കുകയും അവയുടെ ആനന്ദപ്രദായകമായ വെളിച്ചവും ചൂടും അതിനെ പ്രകാശിപ്പിക്കുകയും ചെയ്തിരുന്നു. പ്രസ്തുത ആഗ്നേയഗോളത്തിൽനിന്ന് പുറപ്പെട്ട പ്രകാശത്തിൻെറയും ചൂടിൻെറയും സഹായത്താൽ അവരുടെ ജീവൻ നവീനമാക്കപ്പെടുകയും ഏതൻമൂലം അവർ പുതിയ സ്ഥലങ്ങളെ കണ്ടുപിടിക്കുന്നതിന് ആരംഭിക്കുകയുംചെയ്തു. അവരുടെ ജന്മസ്ഥലമായിരുന്ന ഭൂമിയെപ്പററിയുള്ള ഓൎമ്മ അവരിൽനിന്ന് പാടെ നീങ്ങിപ്പോയി.

അവർ വിശാലമായ ആ വായുമണ്ഡലത്തിലേക്ക് നോക്കിക്കൊണ്ടിരുന്നപ്പോൾ അവിടെനിന്ന് വളരെ അകലെ വിസ്തീൎണ്ണതയിൽ അതിരില്ലാത്തതായ ഒരു രാജ്യംകണ്ടു. അവർ വളരെ അകലെ ദശിച്ച ആ രാജ്യത്തിൻെറ മനോഹരത്വവും, വലിപ്പവും മാഹാത്മ്യവും അവക്ക് വെളിപ്പെടുത്തപ്പെടുകയുണ്ടായി. ആ രാജ്യത്തിലേക്കുള്ള പ്രവേശനദ്വാരത്തെ അവരിൽനിന്ന് വേർതിരിക്കുന്ന ആ വായുമണ്ഡലത്തിൽക്കൂടി സഞ്ചരിക്കുന്നതിന് ഘനസാധനങ്ങൾക്ക് ഒരിക്കലും സാധിക്കുകയില്ല. അവരുടെ വിമാനത്തിൽ സൂക്ഷിക്കപ്പെട്ടിരുന്ന ദൂരദശിനിയന്ത്രം എടുത്ത്, അവർ നിന്നിരുന്ന ഗോളത്തിലുണ്ടായിരുന്ന ഏററവും ഉയരമുള്ള പൎവ്വതത്തിൻെറ മുകളിൽ സ്ഥാപിച്ചു. അതിൻെറ സഹായത്തോടുകൂടി, അവരുടെ കണ്ണുകൾക്കുണ്ടായിരുന്ന കാഴ്ചയുടെ സാധാരണ പരിധിവിട്ടു അവരുടെ ദൃഷ്ടിപഥത്തിൽ പെടാതെ ഇരുന്നിരുന്ന രമണീയങ്ങളും വാചാമഗോചരങ്ങളുമായ നിരവധി സാധനങ്ങളെ അവർ വേണ്ടവിധം കാണുവാനിടയായി. അപ്പോൾ അവക്ക് ദൃശ്യമായ ആ രാജ്യത്തിൽ പ്രവേശനം ലഭിക്കണമെന്ന് അവർ അഗ്രഹിക്കുകയും അപ്രകാരം സംഭവിക്കുമെന്ന് അവർ പരിപൂൎണ്ണമായി ശരണപ്പെടുകയും ചെയ്തു. കടശി സകലവിധ ഐശ്വൎയ്യങ്ങളുടെയും വിളനിലമായ ആ രാജ്യത്തിൽ അവക്ക് പൗരാവകാശവും പ്രവേശനവും ലഭിക്കുന്നതിന് അവർ നിർവ്വഹിക്കേണ്ടവയായിട്ടുള്ള കാൎയ്യങ്ങൾ ഏവയെല്ലാമെന്ന് അവരെ തെൎയ്യപ്പെടുത്തുന്നതായ

ഒരു വിളംബരം ആ നാട്ടിലെങ്ങും അവിടത്തെ നാടുവാഴി പരസ്യം ചെയ്തു. മാത്രവുമല്ല, അദ്ദേഹം തൻെറ രാജ്യത്തിൻെറ കിരീടാവകാശിയായ തൻെറ ഏകപുത്രനെതന്നെ, അവരുടെപക്കലേക്ക് അയക്കുമെന്നും, അയാൾ കുറെ കാലത്തേക്കു സ്വപിതൃഭവനത്തിലെ സൗഭാഗ്യങ്ങൾ വെടിഞ്ഞ് അവരെപ്പോലെ ഒരു ആളായി തീരുമെന്നും അവരുടെ നാട്ടുഭാഷയിൽ അയാൾ അവരോട് സംസാരിക്കുമെന്നും തൻെറ പിതാവിൻെറ രാജ്യത്തിലെ പൌരൻ എന്ന മഹൽപദവിക്ക് വേണ്ടി ഏതുപ്രകാരത്തിൽ അവർ ഒരുങ്ങണമെന്ന് അവരെ തക്കവിധം പറഞ്ഞ് പഠിപ്പിക്കുമെന്നും പറയുന്നതു കേട്ടഉടനെ അവക്ക് വലിയ ആനന്ദവും ശരണവും ഉണ്ടായി.

ആ ഇളയ രാജാവിൻെറ ആഗമനം, അദ്ദേഹത്തിൻെറ ശക്തിയും മഹത്വവും വെളിപ്പെടുത്തികൊണ്ട്, പരസ്യമാക്കപ്പെട്ടു. ഏററവും പ്രസ്പഷ്ടമായ വിശ്വാസ രഹസ്യങ്ങൾ മൂലമായി പരിശുദ്ധ ത്രീത്വത്തിലെ മററുരണ്ടു ദൈവാളുകളുമായുള്ള ഐക്യതയെ താൻ വെളിപ്പെടുത്തിട്ടുമുണ്ട്. അയാളുടെ കല്പനകൾക്കു, ആകാശം, ഭൂമി, പാതാളം എന്ന ഈ സ്ഥലങ്ങളിലുള്ള സകല സത്വങ്ങളും കിഴ്‌വഴങ്ങിയിരിക്കുന്നു. തൻെറ പിതാവിൻെറ രാജ്യത്തിലെ മഹത്വം നിസ്തുലമായ ഒന്നാണെന്നും, തൻെറ പിതാവിൻെറ ഹിതം കണിശമായും വിശ്വസ്തതയോടുംകൂടി അനുസരിക്കേണ്ടതാണെന്നും അനുസരണത്തിൻെറ സ്വമനസ്സാലുള്ള പ്രവൃത്തികളിൽ അവരുടെ മനസ്സിനെ പിടിച്ചുനിത്തുന്ന, തൻെറ പിതാവിൻെറ നേക്കുള്ള യഥാർത്ഥമായ സ്നേഹവും കൂടപ്പിറപ്പുകളുടെ നേക്കുള്ള സ്നേഹവും ആണ് അതിൻെറ ശക്തികളെന്നും, നേരെമറിച്ച്, തൻെറ പിതാവിനെ സ്നേഹിക്കാതെയും തന്നിൽ വിശ്വസിക്കാതെയും ഇരിക്കുന്നതായാൽ, അവക്കു തന്നെ സേവിക്കുന്നതിനൊ, തൻെറ രാജ്യത്തിൽ പ്രവേശിക്കുന്നതിനൊ കഴിയുന്നതല്ലയെന്നും, അവരോടു പ്രസ്തുത ഇളയരാജാവു പറയുകയുണ്ടായി. കൂടാതെയും അയാളുടെ പിതാവിൻെറ അനന്തമായ കാരുണ്യത്താൽ ആ നവഗ്രഹത്തിൽ അവരുടെ ഓരോരുത്തരുടെയും ആസ്തിക്യത്തെ ഏതുപ്രകാരത്തിലാണ് കാത്തുസൂക്ഷിച്ചുകൊണ്ടുപോരുന്നതെന്നും അവരോടു അയാൾ തുടർന്ന് പറഞ്ഞറിയിക്കുകയും ചെയ്തു.

അനന്തരം ആ ഇളയരാജാവ്, അവരോട്, "ഇപ്പോൾ ഞാൻ എൻെറ പിതാവിൻെറ രാജ്യത്തിലെ പൌരാവകാശം പ്രാപിക്കുവാൻ അവശ്യാവശ്യമായ സകല കാര്യങ്ങളും വിവരമായിപറഞ്ഞു നിങ്ങളെ മനസ്സിലാക്കീട്ടുണ്ടല്ലൊ. ഇനി ഞാൻ നിങ്ങളിൽനിന്ന് പിരിഞ്ഞുപോകട്ടെയോ. എന്നാൽ എൻെറ ശിക്ഷണങ്ങളെ വിശ്വസ്തതയോടുകൂടി അനുസരിച്ചു ജീവിതം നയിക്കുന്നവർ, ആരൊ അവർ എൻെറ പിതാവിൻെറ രാജ്യത്തിൽ വരുമ്പോൾ, ഞാൻ അവരുടെ സഹോദരനും ഉത്തമ സ്നേഹിതനുമായിരിക്കുന്നതാണ്." എന്നു തുടന്ന് പറയുകയുണ്ടായി.

മേൽ വിവരിക്കപ്പെട്ട കഥ ഒരു യഥാർത്ഥസംഭവമല്ല, പ്രസ്തുത ഉപമമാത്രമാണ്. എങ്കിലും നമ്മുടെ ഐഹിക ജീവിതത്തിന് ഏററവും പററിയ ഒന്നാണ് എന്നതിന് യാതൊരു സംശയവുമില്ല. നമ്മുടെ അമ്മയുടെ ഉദരത്തിൽ നിന്ന് ഈ ലോകവെളിച്ചത്തിലേക്കുള്ള പ്രവേശനംമൂലമായി നാം ഈ ഭൂഗോളത്തിലെ നിവാസികളായി തീന്നിരിക്കുന്നു. ഈ പുസ്തകം എഴുതുന്ന ഞാനും ഇതു വായിക്കുന്ന നിങ്ങളും പ്രായത്തിൽ കൂടുതൽ കുറവുള്ളവരാണല്ലൊ. നമ്മുടെ ഇതുവരെ കഴിഞ്ഞ ജീവിതത്തെപ്പററി ചിന്തിക്കുന്നതിന് കുറെ സമയമെങ്കിലും വ്യയം ചെയ്യുന്നവർ വാസ്തവത്തിൽ നമ്മിൽ ആരെങ്കിലുമുണ്ടായിരിക്കുമോ? മറുകര കാണാൻ വഹിയാത്തതും ആലിട്ടാൽ നിലയില്ലാത്തവണ്ണം അത്ര ആഴമുള്ളതുമായ കടലിലെ തിരമാലകളുടെ മുകളിൽകിടന്ന് ഉരുണ്ടുമറിയുന്ന പൊങ്ങുതടിപോലെയാണ് നാം അധിവസിക്കുന്ന ഭൂഗോളം ഈ അന്തരീക്ഷത്തിൽ സ്ഥിതിചെയ്യുന്നത്. അതിബ്രഹ്മാണ്ഡമായ ഒരു ആഗ്നേയഗോളം ഉഷ്ണവും വെളിച്ചവും അതിന് നൽകിക്കൊണ്ടിരിക്കുന്നു. നേരെമറിച്ച് പ്രസ്തുത ഗോളത്തിൽനിന്നു നമ്മുടെ അധിവാസസ്ഥാനമായ ഭൂമിക്ക് ഇവയൊന്നും ലഭിക്കാതെ ഇരുന്നാൽ ചരങ്ങളൊ അചരങ്ങളൊ ആയ യാതൊന്നിനും അതിൽ ജീവിക്കാൻ കഴിവുണ്ടാകാതെ വന്നേനേ.

നമ്മുടെ ശരീരം പഞ്ചഭൂതങ്ങൾകൊണ്ടു ഉണ്ടാക്കപ്പെട്ടതാകകൊണ്ടു്, ഈ ചെറിയ ഗോളമായ ഭൂമിയുടെ ആകർഷണശക്തിയുടെ പരിധിവിട്ടു പുറത്തുപോകുന്നതിന്, അതിന് കഴിയുന്നതല്ല. നമ്മുടെ ദൃഷ്ടിക്ക് അനുഭവപ്പെടുന്ന ഈ പ്രപഞ്ചത്തിലേക്ക് നാം നോക്കുകയാണെങ്കിൽ, അവിടെ നാം കാണുന്ന കാഴ്ചയുടെ അഴകും, പ്രതാപവും കൊണ്ടു് നാം ആകൃഷ്ടരായിത്തീരുന്നു.

നമ്മുടെ നയനങ്ങൾക്ക് ദൂരെക്കാഴ്ച നൽകുന്ന ദൂരദർശിനിയന്ത്രത്തെ നമുക്കു ഏററവും ഉയരമുള്ള പർവ്വതത്തിൻെറ മുകളിൽ സ്ഥാപിക്കാം. ലക്ഷോപലക്ഷം നക്ഷത്രങ്ങളും ഗ്രഹങ്ങളും നമ്മുടെ വീക്ഷണത്തെ അഭിവാദ്യം ചെയ്യുകയും അനിർവാച്യമായ ഒരു പ്രതാപവും ഭരണരീതിയും അവ നമുക്ക് കാണിച്ചുതരുകയും ചെയ്യുന്നുണ്ട്. ഇവയിൽനിന്ന് നമ്മുടെ അസ്തിക്യത്തിന് അനുപേക്ഷണീയമായ, ദൈവത്തിൻെറ സ്നേഹത്തിലും പരിപാലനയിലും നിരന്തരമായി നാം ഭാഗഭാക്കുകളാകുന്നുണ്ട് എന്ന് നാം മനസ്സിലാക്കിക്കൊണ്ടാണ് ഇരിക്കുന്നത്.

ലോകത്തിൻെറ കർത്താവിൽ നിന്നുള്ള ഈ ദൌത്യം പ്രവാചകന്മാർ ശ്രവിക്കുകയും മനസ്സിലാക്കുകയും ചെയ്തു. പ്രസ്തുത ദൌത്യം സർവ്വവല്ലഭനായ ദൈവത്തിൻെറ ഹിതം എന്താണെന്ന് നമുക്ക് അറിയിച്ചുതരുന്നുണ്ട്. നമ്മുടെ ഐഹിക ജീവിതത്തിൽ ദൈവഹിതമനുസരിച്ച് നാം ജീവിതം നയിക്കുമ്പോൾ, നമുക്ക് സമാധാനവും ഭാഗ്യവും ഉണ്ടാകുമെന്നുള്ളതിന് യാതൊരു സംശയവുമില്ല. നേരെമറിച്ച് നാം ദൈവതിരുമനസ്സിന് എതിരായി പ്രവർത്തിക്കുമ്പോൾ നമ്മുടെ പാപകരപ്രവൃത്തികൾ നമ്മിൽ മനഃകലക്കവും അസമാധാനവും ഉണ്ടാക്കി നമ്മെ കിടുകിടാ വിറപ്പിക്കുകയും ചെയ്യുന്നു. ഏതൻമൂലം നമ്മുടെ ദൃഷ്ടി സദാ ദുഃഖത്താൽ ആവരണം ചെയ്യപ്പെടുകയും ചെയ്യുന്നതിന് ഇടയായി തീരുന്നു.

കാലത്തിൻെറ പൂർത്തിയിൽ ദൈവം തൻെറ ഏകജാതനെ ഈലോകത്തിലേക്ക് അയക്കുകയും അദ്ദേഹം മനുഷ്യസ്വഭാവമെടുത്ത് നമ്മെപ്പോലെ മനുഷ്യനായി പിറക്കുകയും നമ്മുടെ നാട്ടുഭാഷയിൽ നമ്മോട് സംസാരിക്കുകയും ഒരുകാര്യത്തിലും നാമും തിരുഅവതാരം ചെയ്ത ദൈവവും തമ്മിൽ വ്യത്യാസമൊന്നുംകൂടാതെ നമ്മോടൊരുമിച്ച് വസിക്കുകയും ചെയ്തു. അദ്ദേഹത്തിൻെറ ആഗമനത്തെ പ്രവാചകന്മാർ മുൻകൂട്ടി അറിയിക്കുകയുണ്ടായി. ദൈവപുത്രൻ ഈലോകത്തിൽ ജാതനായി എന്നുള്ള വിവരം അനിതരസാധാരണങ്ങളായ അത്ഭുത സംഭവങ്ങൾ മൂലം ലോകത്തിന് വിളംബരംചെയ്തു. താൻ സർവ്വവല്ലഭനായ ദൈവത്തിൻെറ പുത്രനാണെന്നുള്ളതു വിശ്വാസം നമ്മെ പഠിപ്പിക്കുകയും ചെയ്യുന്നു. പ്രകൃതിയുടെ പ്രമാണങ്ങൾതന്നെയും, താൻ ഈലോകത്തിൽ ജീവിച്ചിരുന്ന കാലത്ത്, തൻെറ കല്പനക്ക് കീഴ്വഴങ്ങിയി

രുന്നു. ക്രൂടാതെയും ജീവന്റെയും മരണത്തിന്റെയും പ്രമാണ ങ്ങളും തനിയ്ക്കു് അധീനപ്പെട്ടിരിക്കുന്നുവെന്നതും വ്യക്തമാണു് തന്നെ.

അവതീർണ്ണനായ മ്ശിഹാതമ്പുരാൻ, തനിക്ക് സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും ലഭിച്ചിരിക്കുന്നുവെന്നുള്ള സംഗതി തെളിയിച്ചു. അദ്ദേഹം സ്വർഗ്ഗത്തിൽനിന്ന് ഈലോകത്തിലേക്ക് ആഗതനായതു്, തന്റെ ആദ്ധ്യാത്മീയരാജ്യം സ്ഥാപിക്കുന്നതിനും ആദിപിതാവായ ആദത്തിന്റെ പാപംമൂലം അവരുടെ സന്താനങ്ങളായ നാം അർഹിക്കുന്ന ശിക്ഷയിൽ നിന്നും പാപത്തിന്റെ അടിമത്വത്തിൽനിന്നും നമ്മെ വീണ്ടെടുക്കുന്നതിനുംവേണ്ടിയാണ്. അദ്ദേഹത്തിന്റെ ഈലോകജീവിതത്തിൽ ഓരോ സന്ദർഭങ്ങളിൽ പ്രയോഗിച്ചിട്ടുള്ള അധികാരങ്ങൾ സകലവും, തന്റെ ആദ്ധ്യാത്മീയ രാജ്യത്തിന്റെ ഭരണം മുഴുവനും ആരെ ഏല്പിച്ചുവൊ, ആ ശ്ലൈഹികഗണത്തിനും അവരുടെ പിൻഗാമികൾക്കും നൽകുകയുണ്ടായി. ഏവംവിധമായ അധികാരം, മിശിഹാതമ്പുരാൻ ശ്ലീഹന്മാർക്കും, അവരുടെ പിൻഗാമികൾക്കും നൽകുവാൻ, തന്നെ പ്രേരിപ്പിച്ചമുഖാന്തിരം ലോകാവസാനം വരെ, ശ്ലീഹന്മാരാലും അവരുടെ പിൻഗാമികളാലും മെത്രാന്മാരാലും പട്ടക്കാരാലും നമ്മുടെ ആത്മാവുകളുടെ വിശുദ്ധീകരണത്തിനും നമ്മുടെ ആത്മീയജീവനെ പുലർത്തിക്കൊണ്ടു പോകുന്നതിനും ഉതകത്തക്കവണ്ണം അതു് പ്രയോഗിക്കപ്പെടുന്നതിനു വേണ്ടിയാകുന്നു.

മ്ശിഹാതമ്പുരാനെ ലോകം ഏതുപ്രകാരമാണ് സ്വീകരിച്ചതെന്ന് നമുക്ക എല്ലാവർക്കും ഏറക്കുറെ അറിയാവുന്ന ഒരു കാര്യമാണല്ലൊ. അപ്രകാരംതന്നെ, തന്റെ ആദ്ധ്യാത്മീയരാജ്യം ഈലോകത്തിൽ താൻ എങ്ങനെയാണ് സ്ഥാപിച്ചതെന്നും നമ്മുടെ മരണമില്ലാത്ത ആത്മാവിനെ താൻ എപ്രകാരം സ്നേഹിക്കുന്നു എന്നും അനുസരണമില്ലായ്കയെന്ന പാപം നമ്മിൽ ഉണ്ടായിരിക്കുന്ന കാലത്തോളം പ്രസ്തുത സ്നേഹത്തിന്റെ വർദ്ധനവ് എത്രകണ്ടു് അസാദ്ധ്യമെന്നും നമുക്ക അറിവുള്ള ഒരുകാര്യം തന്നെയാണ്. ക്രൂടാതെയും പാപമാകുന്ന ആത്മീയ വ്യാധിയെ സൌഖ്യമാക്കുന്നതിനു വേണ്ടി ദൈവസുതൻ കമ്പസാരമെന്ന ക്രൂദാശയെ സ്ഥാപിച്ചിരിക്കുന്നുവെന്നും നാം അറിഞ്ഞിരിക്കുന്നു. എന്നാൽ പ്രാപിക്കണമെന്ന് ഹൃദയപൂർവ്വം ആഗ്രഹിക്കുന്നവരായ നാം ഉപയുക്തമായ പുണ്യങ്ങളെ നമ്മിൽ ഉണ്ടാക്കി വർദ്ധിപ്പിക്കുവാൻ അതിനു

നാം പ്രാപ്തിയുള്ളവരായി തീരുവാൻവേണ്ടി, കുമ്പസാരമെന്ന ക്രൂദാശയെ തക്കവിധം ഉപയോഗിച്ചുകൊണ്ട് പാപവിമോചനം പ്രാപിക്കുന്നതിന് നാം യഥാശക്തി പരിശ്രമിക്കുന്നുണ്ടോ?

കടശി നമുക്ക് ഈലോകത്തിലെ നമ്മുടെ അവസ്ഥ എന്തെന്നും നമ്മുടെ ആത്മരക്ഷയെ അതിയായി ആഗ്രഹിക്കുകയും തൻെറ രാജ്യത്തിലെ പൌരാവകാശം ലഭിക്കുന്നതിനുള്ള ഭാഗ്യം നമുക്കു ഉണ്ടാകത്തക്കവിധം നമ്മെ ഒരുക്കുന്നതിനുവേണ്ടി, തൻെറ ഏകപുത്രനെ ഈലോകത്തിലേക്ക് അയക്കുകയും ചെയ്യുവനായ ആ സർവ്വവല്ലഭനായ ദൈവത്തിൻെറ അതിരുകടന്ന, നമ്മുടെനേർക്കുള്ള സ്നേഹത്തേയും നന്മയേയും സംബന്ധിച്ച് ഈ എട്ടാം അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്ന സത്യങ്ങളെപ്പററി ഗാഢമായി നമുക്കു വിചിന്തനം ചെയ്യാം. ഈവിധം നാം ചെയ്യുന്നതായാൽ കുമ്പസാരമെന്ന ക്രൂദാശയെ, നമുക്കു ആദ്ധ്യാത്മീയമായി പ്രയോജനം ഉണ്ടാകത്തക്കവണ്ണം, സ്വീകരിക്കുവാൻ ആ ചിന്ത നമുക്കു സഹായമായി തീരുന്നതായിരിക്കും.

## കുമ്പസാരമെന്ന ക്രൂദാശ നമ്മുടെ പുണ്യാഭിവൃദ്ധിക്കു ഏററവും ഉന്നതമായ മാർഗ്ഗമാണ്.

നിത്യജീവൻ പ്രാപിക്കണമെന്ന് നാം യഥാർത്ഥത്തിൽ ആഗ്രഹിക്കുന്നുവെങ്കിൽ ദൈവപ്രമാണങ്ങളെ കണിശമായി അനുസരിച്ചേ മതിയാവൂ. ഓരോ വ്യക്തിയുടെയും സമുദായത്തിൻെറയും ജീവനെ പീഡിപ്പിക്കുന്ന ആദ്ധ്യാത്മീയ തിന്മകളുടെയും അരിഷ്ടതകളുടെയും കാരണം ദൈവത്തിൻെറ പാവനമായ പ്രമാണങ്ങളെ ലംഘിക്കുന്നവയായ പ്രവൃത്തികളും തഴക്കങ്ങളുമാകുന്നു. ശരീരാരോഗ്യത്തിൻെറ നിയമങ്ങളെ ലംഘിച്ച് നമ്മുടെ ശരീരത്തിൻെറ ജീവന് കേടുവരുത്തത്തക്കവണ്ണം രോഗത്തെ ഉണ്ടാക്കുന്ന ഹേതുക്കൾ മനുഷ്യൻെറ ബാഹ്യപ്രവൃത്തികളും തഴക്കങ്ങളുമാകുന്നുവെന്ന് നാം വിചാരിക്കുമ്പോൾ മേൽപറയപ്പെട്ടിരിക്കുന്ന സത്യങ്ങളുടെ അർത്ഥം ഏറക്കുറെ നമുക്ക് മനസ്സിലാക്കാവുന്നതാണ്.

നമ്മുടെ ശരീരസൌഖ്യത്തെ കാത്തുസൂക്ഷിക്കുന്നതിന് ആരോഗ്യരക്ഷയുടെ നിയമങ്ങളെ ലംഘിക്കുന്ന പ്രവൃത്തികളെ പാടെ വിപാടനം ചെയ്യുന്നതിന് അവശ്യാവശ്യമായ മുൻകരുതലു

കൾ കാലേക്കൂട്ടി അവനവൻെറ ശക്തിക്കനുരൂപമായവിധം, ഉണർവും സൂക്ഷ്മവുമുള്ളവരായിരിക്കേണ്ടതു്, ഓരോ വ്യക്തിയുടെയും മാതാപിതാക്കന്മാരുടെയും വൈദ്യന്മാരുടെയും കർത്തവ്യമാകുന്നു. പ്രസ്തുത ജോലിയുടെ നിർവഹണത്തിൽ നാം ഉപേക്ഷ വിചാരിക്കുകയൊ അല്ലെങ്കിൽ ആരോഗ്യത്തിന് ഹാനികരങ്ങളായ പ്രവൃത്തികളും തഴക്കങ്ങളും നമ്മിൽനിന്ന് ഉൻമൂലനം ചെയ്യുന്നതിന് തക്കവയും ഫലപ്രദങ്ങളുമായ മാർഗ്ഗങ്ങളെ ആരാഞ്ഞു അറിയുന്നകാര്യത്തിൽ വൈമുഖ്യം പ്രദർശിപ്പിക്കുകയൊ ചെയ്യുന്നതു് ഒട്ടും തന്നെ ശരിയല്ല. മാത്രവുമല്ല ഈ കാര്യത്തിൽ നാം അനാസ്ഥ പ്രദർശിപ്പിക്കുകയാണെങ്കിൽ തൻമൂലം നാനാതരത്തിലുള്ള രോഗങ്ങൾക്കും സാംക്രമികവ്യാധികൾക്കും കൂടെ നാം വിധേയരായി നാം എല്ലാവരും മരണമടയുന്നതിന് ഇടയായിത്തീരുന്നതായിരിക്കും. അപ്രകാരംതന്നെ മനുഷ്യൻ ദൈവപ്രമാണങ്ങൾക്ക് അനുസൃതമായ ഒരു ജീവിതം ഈ ലോകത്തിൽ നയിച്ചാൽമാത്രമെ അവൻ ദൈവത്താൽ ഏതൊരു അന്ത്യത്തിൻെറ പ്രാപ്തിക്ക് സൃഷ്ടിക്കപ്പെട്ടിരിക്കുന്നുവൊ ആ അന്ത്യം പ്രാപിക്കുവാൻ സാദ്ധ്യമാവുകയൊള്ളൂ. ഈ വസ്തുതക്ക് യാതൊരുതരത്തിലുള്ള മാററമൊ, തെററൊ ഉണ്ടാകുവാൻ കഴിയുന്നതല്ല. മനുഷ്യർ തമ്മിൽ നടത്തിപ്പോരുന്ന വെറും ലൌകീക വസ്തുക്കളുടെ ഇടപാടുകളിൽ ഉണ്ടാകാറുള്ളതുപോലെയുള്ള അനുഭവമാണ് സന്മാർഗ്ഗ കാര്യങ്ങളിലും നേരിടാറുള്ളതു്.

മ്ശിഹാതമ്പുരാനാൽ സ്ഥാപിതമായ പഠനം കൂദാശകൾ എന്നിവയെല്ലാം ദൈവപ്രമാണങ്ങളെ തക്കവിധം അനുസരിക്കുന്നതിന് എളുപ്പവും പ്രോത്സാഹനവും നമുക്കുണ്ടാകുന്നതിന് നാം ഉപയോഗിക്കേണ്ട മാർഗ്ഗങ്ങളാണ്. മ്ശിഹാതമ്പുരാൻ തൻെറ ശ്ലീഹന്മാർക്ക് സകല ജാതി ജനങ്ങളെയും പഠിപ്പിക്കുന്നതിനും മാനസാന്തരപ്പെടുന്നവരെ ജ്ഞാനസ്നാനപ്പെടുത്തുന്നതിനും ആവശ്യാവശ്യമായ അധികാരങ്ങൾ നൽകിയതിനോടുകൂടിത്തന്നെ അവരെ തൻെറ വിശുദ്ധ കൂദാശകളുടെ ദാതാക്കൾകൂടെ ആക്കുകയും ചെയ്തു.

യാതൊരുവൻെറ പാപങ്ങൾ മോചിക്കുന്നതിനൊ അല്ലെങ്കിൽ പാപമോചനം നിഷേധിക്കുന്നതിനൊ, ശ്ലീഹന്മാർക്ക് ആദ്യമായി അവൻ ഏതെല്ലാം തരത്തിലുള്ള പാപങ്ങൾക്ക് അധീനനായിരിക്കുന്നുവെന്ന് അറിയുവാൻ ആവശ്യമുണ്ട്. കുമ്പസാരമെന്ന കൂദാശവഴിയായി മ്ശിഹാതമ്പുരാൻ ക്ലിപ്തമായ ഒരു

ജീവിതപദ്ധതിയെ സ്ഥാപിച്ചു. നാനാജാതിമതസ്ഥരെ പഠിപ്പിച്ച് ദൈവസ്ഥാപിതമായ സത്യവേദത്തിൽ ചേർത്ത് ദൈവരാജ്യം പ്രചരിപ്പിക്കുന്നതിന് നിയമിതരായ ശ്ലീഹന്മാർ, വിശ്വാസികളുടെ പാപോച്ചാരണം കേട്ടു ഓരോ സാഹചര്യമനുസരിച്ച് അവ മോചിക്കപ്പെടേണ്ടതൊ അല്ലയൊ എന്നതിനെപ്പറ്റി ഒരു തീരുമാനം ചെയ്യേണ്ടിയിരുന്നു.

മ്ശിഹാതമ്പുരാൻ സ്ഥാപിച്ച ക്രിസ്തീയജീവിതത്തിൻെറ ഈ നവപദ്ധതിയിൽ ശ്ലീഹന്മാർക്കും അവരുടെ പിൻഗാമികൾക്കും ഒരു സർവ്വപ്രധാനമായ ചുമതല ഉള്ളതായി നാം കാണുന്നുണ്ട്. അത് പാപോച്ചാരണത്തിനൊ, ദൈവപ്രമാണം കണിശമായി അനുസരിച്ചുകൊണ്ട് ഉത്തമ ക്രിസ്ത്യാനിയായി ജീവിതം നയിക്കുന്നതിനു അവശ്യാവശ്യമായ ഉപദേശങ്ങളും നിർദ്ദേശങ്ങളും സ്വീകരിക്കുന്നതിനൊ, അവരുടെ അടുക്കൽ വരുന്നവരുടെ ദൈനംദിനമുള്ള പ്രവൃത്തികളിന്മേൽ ഒരു തീരുമാനം ചെയ്യുക എന്നതാണ്. ഇങ്ങനെ ക്രിസ്തീയതത്വങ്ങൾക്കനുരൂപമായി ഓരോ വ്യക്തിയുടെയും ജീവിതം നിയന്ത്രിച്ചു ക്രമപ്പെടുത്തുകയും അതുമൂലം ക്രിസ്തീയപരിഷ്കാരം ലോകത്തിൽ സ്ഥാപിക്കപ്പെടുകയും ചെയ്യുന്ന കാര്യത്തിൽ ക്രിസ്തുമതം സർവ്വപ്രധാനവും അപരിത്യാജ്യവുമായ ഒരു ഘടകമായി പരിണമിച്ചു. വസ്തുവിൻെറയൊ പണത്തിൻെറയൊ ഇടപാടുകൾ സംബന്ധിച്ചുള്ള കാര്യങ്ങളിൽ സദാ ഏർപ്പെട്ടിരിക്കുന്നവർ ഈദൃശകാര്യങ്ങളിൽ അവക്ക് യാതൊരുവക നഷ്ടവും നേരിടാതെ ഇരിക്കുന്നതിനുവേണ്ടി ഒരു വക്കീലിനോട്, അല്ലെങ്കിൽ അവ സംബന്ധിച്ച് നല്ല അറിവും പരിചയവുമുള്ള ആളുകളോടു ആലോചിക്കുന്നതു നാം സാധാരണയായി കണ്ടുവരാറുണ്ടല്ലൊ. അപ്രകാരംതന്നെ നമ്മുടെ ശരീരസൌഖ്യം പുലർത്തിക്കൊണ്ടു പോകുന്നതിനു ആവശ്യപ്പെടുന്ന കാര്യങ്ങളിൽ നാം വൈദ്യന്മാരുടെ ഉപദേശങ്ങളെ സ്വീകരിച്ചുപോരിക പതിവാണ്. ഈദൃശനടപടിതന്നെയാണ് കുമ്പസാരമെന്ന ക്രമദാശയിലുള്ള മനസ്സാക്ഷിക്കച്ചേരിയിലും നമ്മുടെ ആദ്ധ്യാത്മിയ കാര്യങ്ങളിലും നടന്നുകൊണ്ടിരിക്കുന്നത്.

വക്കീലന്മാരും വൈദ്യന്മാരും, അവരവരുടെ തൊഴിലുകളെ, സ്തുത്യർഹമായ വിധം നടത്തുന്നതിനുവേണ്ടി അവയ്ക്കനുരൂപമായവിധത്തിലുള്ള പഠനങ്ങൾക്ക് വളരെ കൊല്ലങ്ങൾ വ്യയംചെയ്ത് കക്കശമായി നടത്തപ്പെടുന്ന പരീക്ഷകളിൽ വിജ

യികളായിത്തീന്നശേഷമാണ് ജോലിയിൽ പ്രവേശിക്കാവുള്ളത്. അപ്രകാരം തന്നെ ദൈവസ്ഥാപിതമായ സഭയിലെ പുരോഹിതന്മാരും, അവരുടെ ഭരണത്തിന് ഏല്പിക്കപ്പെട്ടിരിക്കുന്ന ജനങ്ങളെ ഉപദേശിച്ച് ദൈവപ്രമാണത്തിനു അനുരൂപമായവിധം നിത്യരക്ഷയുടെ പന്ഥാവിലൂടെ നയിച്ചുകൊണ്ടുപോകുവാൻ തക്ക പ്രാപ്തിയുള്ളവരായ ആദ്ധ്യാത്മിയ മാർഗ്ഗദർശികളായിതീരുവാൻവേണ്ടി സന്മാർഗ്ഗശാസ്ത്രം സംബന്ധിച്ചുള്ള വിഷയങ്ങളിൽ നല്ല ജ്ഞാനം സമ്പാദിച്ചിട്ടുള്ളവരും പ്രസ്തുത വിഷയം സംബന്ധിച്ചുള്ള പരീക്ഷയിൽ പ്രശസ്തമായവിധം വിജയം നേടിട്ടുള്ളവരുമാണ്.

പാപം എന്നുപറയുന്നതു ദൈവപ്രമാണങ്ങളുടെ ലംഘനമാണ്. ദൈവപ്രമാണങ്ങളുടെ ലംഘനംമൂലമാണു പാപം ഈ ഭൂലോകത്തിൽ കടന്നുകൂടുവാൻ ഇടയായത്. പ്രസ്തുത സംഗതിക്കു ധാരാളം തെളിവുകൾ വേദപുസ്തകത്തിൽനിന്നുതന്നെ നമുക്കു ലഭ്യമാകുന്നതാണ്. ആകയാൽ ദൈവദ്രോഹകരമായ പാപങ്ങളിൽ ഉൾപ്പെടാതെ ഇരിക്കുവാൻ തക്ക സദുപദേശങ്ങളെ നൽകി നമ്മെ സഹായിക്കുവാൻ പ്രാപ്തനായ ഒരു കുമ്പസാരക്കാരനെ തെരഞ്ഞെടുത്ത് അദ്ദേഹത്തിൻെറ നിർദ്ദേശാനുസരണം നമ്മുടെ ജീവിതപദ്ധതിയെ ക്രമപ്പെടുത്തുകയെന്നതു നമുക്ക് എത്രയോ ഉപകാരപ്രദമായിരിക്കും!

കുമ്പസാരമെന്ന കൂദാശയുടെ ശുശ്രൂഷമൂലം നമ്മുടെ ആത്മീയജീവനാകുന്ന ഇഷ്ടപ്രസാദത്തെ നമ്മിൽനിന്നു നശിപ്പിച്ചുകളയുന്ന പാപങ്ങൾക്കു മോചനം ലഭിക്കുന്നു. മാത്രവുമല്ല ദൈവപ്രമാണങ്ങൾക്കു എതിരായിട്ടുള്ള പ്രവൃത്തികൾ അവിടെ വച്ചു തിരുത്തപ്പെടുകയും ചെയ്യുന്നു. ദൈവപ്രമാണങ്ങളുടെ അനുഷ്ഠാനം നമ്മുടെ ജീവിതത്തെ, ദൈവത്തിനു പ്രിയംകരമാക്കിച്ചെയ്യുന്ന നമ്മുടെ ആത്മാവിനു പാപത്തിൻെറ അപായകരമായ ഫലത്തിനു എതിരായ രക്ഷാസ്ഥാനമായിത്തീരുകയും ചെയ്യും.

വി. യോഹന്നാൻെറ സുവിശേഷം പത്താം അദ്ധ്യായം നീതിബോധത്തോടും നിഷ്പക്ഷ മനസ്സോടുംകൂടി പാരായണം ചെയ്യുന്ന യാതൊരു മനുഷ്യനും, കത്തോലിക്കാ സഭാംഗങ്ങളായ പുരോഹിതന്മാർ കുമ്പസാരമെന്ന കൂദാശ വിശ്വാസികൾക്കു നൽകുന്ന സന്ദർഭത്തിൽ, തിരുസഭയുടെ ആരംഭംമുതൽ ഇന്നും ഉപയോഗിച്ചുകൊണ്ടിരിക്കുന്ന അവരുടെ പാപം മോചിക്കുന്നതി

നൊ അല്ലെങ്കിൽ അതിൻെറ മോചനം നിഷേധിക്കുന്നതിനൊ, ഉള്ള അധികാരം ശ്ലീഹന്മാൎക്കും അവരുടെ പിൻഗാമികളായ പുരോഹിതന്മാൎക്കും നൽകിട്ടില്ലായെന്നു പറയുവാൻ തുനിയുകയില്ല.

കുമ്പസാരക്കൂട് അസന്മാൎഗ്ഗീയമായ പ്രവൎത്തനങ്ങൾക്കു പ്രോത്സാഹനം നൽകുന്ന ഒരു സ്ഥലമാകുന്നുവെന്നുള്ള ശത്രുപക്ഷക്കാരുടെ അപവാദത്തിനുള്ള അടിസ്ഥാനം പ്രസ്തുത കൂദാശയെപ്പററി തക്ക ജ്ഞാനമില്ലാത്തതിനാൽ അതു് സംബന്ധിച്ചു അവരിലുള്ള അജ്ഞതയിലും അബദ്ധധാരണയിലുമാണു, നിക്ഷിപ്തമായിരിക്കുന്നതു്. ഏവംവിധമായ അപവാദം കുമ്പസാരമെന്ന കൂദാശ സംബന്ധിച്ചു ആദ്യമായി ഉത്ഭവിച്ചതു വിവാഹസംബന്ധമായ കാൎയ്യങ്ങളിൽ ഓരോ വ്യക്തിയുടെയും ഹിതാനുസാരം പ്രവൎത്തിക്കുന്നതിനുവേണ്ടി ദുശ്ശാഠ്യം പിടിച്ചു പ്രസ്തുത കൂദാശയെ വെറുത്തു തള്ളിയിരുന്ന ഹെൻറി എട്ടാമൻെറ അരമനവാസികളായ ഉദ്യോഗസ്ഥന്മാരുടെ ഹൃദയങ്ങളിൽ നിന്നായിരുന്നു. എന്തുകൊണ്ടെന്നാൽ ഹെൻറിയുടെയും അയാളുടെ സിൽബന്ധികളുടെയും വിവാഹം സംബന്ധിച്ചുള്ള നടപടികൾ മനസ്സാക്ഷിക്കച്ചേരിയിൽ അംഗീകരിക്കപ്പെട്ടിരുന്നില്ല.

ദൈവത്തിൻെറയും നമ്മുടെയും ശത്രുവായ സാത്താൻ കുമ്പസാരമെന്ന കൂദാശയുടെയും അതിൻെറ മനസ്സാക്ഷികച്ചേരിയുടെയും ബദ്ധവൈരിയാകുന്നു. അവൻ നിയമജ്ഞന്മാരെയും സാദ്രേന്മാരെയും ഫ്രീശന്മാരെയും പൌരജനത്തെതന്നെയും മിശിഹാതമ്പുരാനെ നിന്ദിക്കുന്നതിനും അപമാനിക്കുന്നതിനും കടശികൊല്ലുന്നതിനും പ്രേരിപ്പിക്കുകയുണ്ടായി. മാത്രവുമല്ല അന്നുമുതൽ ഇന്നുവരെയും ഓരോ കാലഘട്ടങ്ങളിലും തിരുസഭയുടെ എത്രയും പരിശുദ്ധമായ ഈ കൂദാശയെ വഷളാക്കുന്നതിനും അതിനെ ദ്വേഷിക്കുന്നതിനും അതിൻെറ സ്വീകരണത്തിൽനിന്നു വിശ്വാസികളെ വ്യതിചലിപ്പിക്കുന്നതിനുംവേണ്ടി ദുഷ്ടന്മാരായ മനുഷ്യരെ പ്രേരിപ്പിക്കുന്നതിനു സാത്താനു കഴിഞ്ഞുവന്നതും വാസ്തവംതന്നെ. ഇവയെല്ലാം സകല മനുഷ്യൎക്കും ബോദ്ധ്യമാകത്തക്കവിധമുള്ള ചരിത്രലക്ഷ്യങ്ങൾതന്നെയാണ്.

മേൽകാണിച്ചിരിക്കുന്ന സംഗതികളോടുകൂടി താഴെ പ്രസ്താവിക്കുവാൻ പോകുന്ന ചരിത്രലക്ഷ്യങ്ങൾകൂടി ചേൎക്കുന്നതു അസ്ഥാനത്താകയില്ലെന്നു കരുതുന്നു. ഈ കാൎയ്യത്തിലുള്ള എൻെറ ഉദ്ദേശം കുമ്പസാരക്കൂട്ടിനെ അനുതാപികൾ അഭയം പ്രാപിക്കു

ന്നു സംബന്ധിച്ച് യുക്തിവാദംചെയ്ത് അവരെ ആദരിക്കണമെന്നുള്ളതല്ല, പ്രസ്തുത കുമ്പസാരമെന്ന കൂദാശയുടെയും അതിൻെറ മനസ്സാക്ഷികച്ചേരിയുടെയും ദൈവികശക്തിയുടെ ഏററവും ഹൃദയസ്പൃക്കായതും സമാധാനദായകവുമായ തെളിവുകളെ ചരിത്രത്തിൽനിന്നും പ്രതിദിനസംഭവവികാസങ്ങളിൽനിന്നും എടുത്തുകാണിക്കണമെന്നുള്ളതാണ്.

തിരുസഭയുടെ ആരംഭംമുതൽ ഇന്നുവരെയുള്ള ചരിത്രത്തെ നാം കൂലംകഷം പരിശോധിച്ചുനോക്കുമ്പോൾ, ജീവിതവിശുദ്ധിയിൽ കീത്തികേട്ടവരായ ആയിരക്കണക്കിനു കത്തോലിക്കാമാതാക്കൾ കുമ്പസാരമെന്ന കൂദാശ സ്വീകരിക്കാൻ പതിവായി പോയിരുന്നതായി നമുക്കു കാണാം. അവരുടെ ബാല്യപ്രായത്തിലും യൌവനദശയിലും അവരുടെ വിവാഹത്തിനു മുൻപും വിവാഹാനന്തരവും അവരുടെ വാദ്ധക്യത്തിൽ മരണംവരെയും കുമ്പസാരമെന്ന കൂദാശ അടുത്തടുത്ത് സ്വീകരിച്ചിരുന്നുവെന്നു മാത്രമല്ലാ സ്വസന്താനങ്ങളെയും പ്രസ്തുത കൂദാശയുടെ സ്വീകരണത്തിനായി ദേവാലയത്തിലേക്കു പറഞ്ഞയച്ചിരുന്നുവെന്നുമാണു ചരിത്രങ്ങളിൽനിന്നു വിശദമാകുന്നത്. കൂടാതെയും, മരണശയ്യയിൽ കിടക്കുന്ന കത്തോലിക്കയായ ഒരു മാതാവ്, ബാഷ്പധാരയോടുകൂടി അവളുടെ കട്ടിലിൻെറ പുറവും മുട്ടുകുത്തി നിൽക്കുന്ന സ്വസന്താനങ്ങളെ നോക്കി, "എൻെറ മക്കളെ, നിങ്ങൾ അടുത്തടുത്ത് കുമ്പസാരിക്കുന്ന കാര്യത്തിൽ ഉപേക്ഷ വിചാരിക്കരുതെ" എന്നു ഗുണദോഷിക്കുന്നതു ഒട്ടുംതന്നെ അപൂർവ്വമല്ല. ഇതാണ് കത്തോലിക്കാസഭയുടെ ഉത്തമസന്താനങ്ങളായ മാതാക്കൾ അവരുടെ സന്താനങ്ങൾക്കു നൽകാറുള്ള അന്തിമോപദേശം. ഇപ്രകാരം അവർ പ്രവത്തിച്ചുപോരുവാനുള്ള കാരണം, കുമ്പസാരമെന്ന കൂദാശമൂലം അവക്ക് ലഭ്യമായിരിക്കുന്ന ഗുണഗണങ്ങൾ ഒന്നുമാത്രമാണ്.

# ഒൻപതാം അദ്ധ്യായം.

## കുമ്പസാരമെന്ന ക്രൂരദാശം.

## പ്രോട്ടസ്റ്റാൻറു മതസ്ഥയായ റൂത്ത്.

ഞാൻ ഈ ഒമ്പതാം അദ്ധ്യായത്തിന്റെ ആരംഭത്തിൽ പ്രസ്താവിക്കാൻ കരുതുന്നതു പ്രോട്ടസ്റ്റാൻറുമതാവലംബിയായ ഒരു ബാലികയുടെ ചരിത്രമാകുന്നു. ഇതിൽ പ്രസ്താവിക്കപ്പെടുന്ന സംഗതികൾ കുമ്പസാരമെന്ന ക്രൂരദാശയെപ്പററി ഈ അദ്ധ്യായത്തിൽ പറയുവാനിരിക്കുന്ന സംഗതികൾക്കു ഉതകത്തക്ക ഒരു ആമുഖമായിരിക്കുന്നതാകുന്നു. പ്രസ്തുത ബാലിക ബുദ്ധിമതിയായിരുന്നതുകൊണ്ടു സത്യത്തിന്മേലുള്ള അവളുടെ സ്നേഹം അവൾക്കു പുതിയതും സർവ്വപ്രധാനവുമായ ഒരു ജീവിത പദ്ധതിയെ തുറന്നുകൊടുക്കുകയുണ്ടായി. അവളുടെ പേർ റൂത്തു എന്നായിരുന്നു. അവൾക്കു പതിമ്മൂന്നുവയസ്സു പ്രായമെ ഉണ്ടായിരുന്നുള്ളു.

അവൾ വിദൂരപൂർവ്വദേശങ്ങളിലുള്ള ഒരു പട്ടണത്തിൽ ജീവിച്ചിരുന്ന ഒരു ബാങ്കുടമസ്ഥന്റെ മകളായിരുന്നു. അവൾക്കു രണ്ടു മൂത്ത സഹോദരന്മാരുണ്ടായിരുന്നു. റൂത്തിനു പതിനേഴ വയസ്സ് പ്രായമായിരുന്നപ്പോൾ അവളുടെ പിതാവിന്റെ ജോലി സംബന്ധമായി നടന്ന ഒരു സംഭവം, അവളുടെ ജീവിതത്തിൽ അതിശയനീയമായ ഒരു വ്യതിയാനം വരുത്തുന്നതിനു കാരണമായി അ സംഭവം സ്വതവെ അത്ര പ്രാധാന്യം അർഹിക്കുന്ന ഒന്നല്ലായിരുന്നു. എന്നാൽ സത്യം അറിയുന്നതിനുള്ള അവളുടെ അഭിവാഞ്ഛ, പ്രസ്തുത സംഭവത്തിൽനിന്നു അവൾക്കും അവളുടെ കുടുംബത്തിനും, മിത്രങ്ങൾക്കും അമൂല്യമായ ഫലം കരഗതമാകുന്നതിനു ഇടയാക്കി. അവളുടെ പിതാവിനു വിശാലമായ ഒരു യോഗശാലയുണ്ടായിരുന്നു. അതു കൂലടയായ ഒരു സ്ത്രീക്കു കുമ്പസാരത്തിന്റെ അസാന്മാർഗ്ഗികസ്വാധീനശക്തിയെപ്പററി പ്രസംഗിക്കുന്നതിനു കൂലിക്കുകൊടുക്കാമെന്നു അയാൾ സമ്മതിച്ചിരുന്നു. ഈ സ്ത്രീ ഗുരുതരമായ എന്തോ കുററം നിമിത്തം കന്യകാമഠത്തിൽനിന്നു ബഹിഷ്ക്കരിക്കപ്പെട്ടവളായിരുന്നു. റൂത്തിന്റെ പ്രോട്ടസ്റ്റും

ൻറു പാസ്റ്റർ ആ പട്ടണത്തിലുണ്ടായിരുന്ന മററു പാശ്ചാത്തി കളുടെ സഹകരണത്തോടുകൂടി പ്രസംഗത്തിനുവേണ്ട സകല സജ്ജീകരണങ്ങളും ചെയ്തു. എന്നാൽ റൂത്തും അവളുടെ അപ്പനും ഈ പ്രവർത്തനങ്ങളിൽ പങ്കെടുക്കാതെ നിഷ്പക്ഷത പാലിച്ചിരുന്നു.

ഈ ദുശമായ ഒരു പ്രസംഗപരിപാടി ബാങ്കുടമസ്ഥൻെറ കെട്ടിടത്തിൽ നടക്കുവാനിരിക്കുന്നുവെന്ന വിവരം പ്രദേശത്തെങ്ങും പരസ്യമായി. ഉടനെ അവിടത്തെ കത്തോലിക്കാപ്രവർത്തനസംഘം റൂത്തിൻെറ അപ്പനെ സമീപിച്ചു, അയാൾ ചെയ്തിരിക്കുന്ന ഉടമ്പടി ദുർബലപ്പെടുത്തി പിൻവലിക്കണമെന്നു അപേക്ഷിച്ചു. ഈ സംഘത്തിൻെറ അദ്ധ്യക്ഷൻ ആ പട്ടണത്തിലെ വക്കീലന്മാരിൽ പ്രമുഖനായ ഒരു മാന്യനായിരുന്നു. ബാങ്കുടമസ്ഥൻെറ കെട്ടിടത്തിൽ സമ്മേളിക്കുന്ന യോഗത്തിൽ നടക്കാനിരിക്കുന്ന പ്രസംഗത്തിൻെറ കാര്യസാരം, ഇതുസംബന്ധിച്ചു പ്രസിദ്ധീകൃതമായിരിക്കുന്ന ലഘുലേഖയുടെ അഭാസമായ രചനാരീതി പ്രസംഗഫലമായി പൊതുജനങ്ങളുടെ ഇടയിൽ ഉണ്ടായേക്കാവുന്ന അസ്വസ്ഥതകൾ, എന്നീ കാരണങ്ങൾ കാണിച്ചുകൊണ്ടു അയാൾ ചെയ്തിരിക്കുന്ന കരാർ അനുസരിച്ചു പ്രവർത്തിക്കാതിരിക്കുന്നതു നിയമവിരുദ്ധമല്ലെന്നു അയാളെ വേണ്ടപോലെ ധരിപ്പിച്ചു.

ഈ സമയത്ത് അടുത്ത മുറിയിൽ ഇരുന്നിരുന്ന റൂത്ത് ആ കമ്മററി പ്രസിഡൻറിൻെറ പ്രസ്താവനയെ ശ്രവിക്കുകയും കുമ്പസാരമെന്ന കൂദാശയെ അവഹേളിച്ചു പ്രോട്ടസ്റ്റൻറു മതസ്ഥർ പ്രസിദ്ധപ്പെടുത്തിയിരുന്ന ലഘുലേഖ പാരായണം ചെയ്യുകയും ചെയ്തിരുന്നു. പാപ സങ്കീർത്തനത്തിൻെറ അസന്മാർഗ്ഗികതയെ വിശദീകരിക്കുന്ന പ്രസ്തുത പ്രസംഗം ശ്രവിക്കുന്നതിനു് അവിടത്തെ പ്രോട്ടസ്റ്റാൻറുമതസ്ഥർ എല്ലാവരോടും ഉള്ള ഹൃദയാകർഷകമായ ഒരു അഭ്യർത്ഥനയായിരുന്നു അതു്. പതിനേഴാം നൂററാണ്ടിൽ ജീവിച്ചിരുന്ന കീർത്തിതനായ ഒരു പുണ്യവാൻ തുറന്ന കുമ്പസാരക്കൂട്ടിൽ ഇരുന്ന് കോമളയായ ഒരു യുവതിയുടെ പാപോച്ചാരണം കേൾക്കുന്നതായിട്ടാണ് അതിൽ ചിത്രീകരിച്ചിരുന്നതു്. അതു് ഏററവും അഭാസമായ രീതിയിലുള്ള ഒന്നുതന്നെയായിരുന്നു. എന്തുകൊണ്ടെന്നാൽ അവളുടെ കുമ്പസാരം കേട്ടിരുന്ന ആ പുണ്യപുരോഹിതൻെറ ദൃഷ്ടിയിൽ വിഷ

യാസക്തി സദാ സ്ഫുരിച്ചുകൊണ്ടിരുന്നതായിട്ടാണു് ആ പടം എഴുതപ്പെട്ടിരുന്നതു്. മാത്രവുമല്ല അതിൻെറ അടിഭാഗത്തു് രേഖപ്പെടുത്തപ്പെട്ടിരുന്ന വാക്യശകലങ്ങൾതന്നെയും പ്രസ്തുത ലഘുലേഖയുടെ കാൎയ്യസാരം കുറെക്കൂടെ വിശദമാക്കുന്ന ഒന്നായിരുന്നുവെന്നതും പ്രസ്താവാൎഹംതന്നെ.

രൂത്തിനു്, നിന്ദ്യമായികരുതപ്പെട്ടിരുന്ന ഒരു പ്രസ്ഥാനത്തോടു എതിൎത്തിരുന്ന അവളുടെ പാസ്റ്ററിനോടും അയാളുടെ സാഹചാരികളോടും വളരെ ബഹുമാനമാണു് ഉണ്ടായിരുന്നതു്. എന്നാൽ കത്തോലിക്കായുവജനസമാജത്തിൻെറ അഭ്യൎത്ഥനക്കു് വശംവദനായി അവളുടെ പിതാവു് പ്രവൎത്തിക്കുവാൻ അയാൾക്കുണ്ടായിരുന്ന ഉദ്ദേശമെന്തായിരുന്നുവെന്നു് അവൾക്കു അറിയുവാൻ കഴിഞ്ഞിരുന്നില്ല. ഏതൻമൂലം ഈദൃശമായ അയാളുടെ പ്രവൎത്തനം അവൾക്കു അതിദുസ്സഹമായ സംകടത്തിനു കാരണമായിത്തീൎന്നു. മാത്രമല്ല അയാൾ പ്രോട്ടസ്റ്റാൻറുസഭയുടെ അധികൃതരാൽ ഏററവും കഠിനമായി വിമൎശിക്കപ്പെടുകയുമുണ്ടായി.

അവളുടെ അപ്പൻ പ്രോട്ടസ്റ്റാൻറുപാസ്റ്ററിൻെറയും അയാളുടെ പാൎശ്വവൎത്തികളുടെയും, ഹിതത്തെയും ആഗ്രഹത്തെയും അവഗണിച്ചു കത്തോലിക്കായുവജനസമാജത്തിൻെറ പക്ഷത്തു ചേൎന്നു് അവൎക്കനുകൂലമായി പ്രവൎത്തിക്കുവാനുണ്ടായ കാരണം എന്തായിരിക്കുമെന്നു അറിയുവാൻ രൂത്തിനു വലിയ ജിജ്ഞാസയുണ്ടായിരുന്നു. ആകയാൽ ഈ കാൎയ്യം സംബന്ധിച്ചു അവൾ സ്വപിതാവിനോടു ചോദിച്ചപ്പോൾ, അയാളുടെ കെട്ടിടത്തിൽവെച്ചു പ്രസ്തുത പ്രസംഗം നടത്തുകയാണെങ്കിൽ അവിടെവെച്ചു വളരെ അനിഷ്ടസംഭവങ്ങൾ നടക്കുവാൻ പാടുള്ളതുകൊണ്ടാണു് താൻ അപ്രകാരം ചെയ്തതു് എന്നു അയാൾ മറുപടിപറഞ്ഞു. അവളുടെ അപ്പൻെറ ഈദൃശമായ മറുപടി അവൾക്കു് ഒട്ടുംതന്നെ പ്രീതികരമായിരുന്നില്ല. പക്ഷെ ഈ വിഷയംസംബന്ധിച്ചു് വീണ്ടും അവളുടെ അപ്പനോടു സംസാരിക്കുകയെ വിഹിതമല്ലായെന്നു് അവൾക്കു തോന്നുകനിമിത്തം രൂത്തു് മൌനം അവലംബിക്കുകയാണുണ്ടായതു്.

ദൈവം നമുക്കു നൽകിയിരിക്കുന്ന പത്തു പ്രമാണങ്ങളിൽ എട്ടാമത്തേതു് നമ്മെമുടക്കുന്നതു്, അപരൻെറ കീൎത്തിക്കോ ബഹുമാനത്തിനോ ഹാനികരമായ സംഭാഷണങ്ങളും അസത്യ

വുമാകുന്നു. ഈ പ്രമാണം ഒരുവൻ ലംഘിക്കുന്നതു്, അയാൾ, തന്റെ പ്രതിയോഗിയുടെ മാനത്തെ നഷ്ടപ്പെടുത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടി ജനതാമദ്ധ്യത്തിൽ അയാൾ സ്വപ്നത്തിൽ പോലും ചെയ്യിട്ടില്ലാത്ത കുററങ്ങൾ പറഞ്ഞുപരത്തുകയും, അല്ലെങ്കിൽ വ്യാജപ്രസ്താവനകൾ അടങ്ങിയ ലഘുലേഖകൾ പ്രസിദ്ധംചെയ്തു പ്രചരിപ്പിക്കുകയും ചെയ്തുകൊണ്ടാണ്. ഈ കാര്യത്തിനു് ഒരു ഉത്തമദൃഷ്ടാന്തമാണു്, കമ്പസാരമെന്ന കൂദാശയേയും അതിന്റെ മനസ്സാക്ഷികച്ചേരിയേയും ആക്ഷേപിച്ചുകൊണ്ടു പ്രസ്തുത കുലടയായ സ്ത്രീ പറയുവാൻ കരുതിയിരുന്ന പ്രസംഗം അതു് എട്ടാം പ്രമാണത്തിനു്, ഗൗരവാവഹമായ വിധം ലംഘനം വരുന്ന ഒരു പ്രവൃത്തിയുമാണെ് എന്നു് റൂത്തിന്റെ ബോധത്തിൽ കയറീട്ടുപോലുമുണ്ടായിരുന്നില്ല. ആകയാൽ അവളുടെ അപ്പൻ പ്രോട്ടസ്റ്റാൻറുപാസ്റ്ററുടെയും പാശ്-വത്തികളുടെയും അഗ്രഹാനുസരണം കെട്ടിടം കൂലിയ്ക്കുകൊടുക്കാൻ വിസമ്മതിച്ചതിന്റെ കാരണം തക്കവിധം മനസ്സിലാക്കാതെ, റൂത്തു്. അയാളുടെ പ്രസ്തുത പ്രവൃത്തിയെപ്പററി, അവളുടെ അമ്മയോടു് ദ്വേഷ്യം സംസാരിക്കയുണ്ടായി. അപ്പോൾ അവളുടെ അമ്മ, റൂത്തിനോടു് അപ്പന്റെ ഈദൃശപ്രവൃത്തി യാതൊരുപ്രകാരേണയും ആക്ഷേപാർഹമല്ലെന്നു് അവൾക്കു ഉറപ്പുനൽകി.

എന്നാൽ കാലാന്തരത്തിൽ മേൽവിവരിക്കപ്പെട്ട സംഭവം നമ്മുടെ റൂത്തുമാത്രമല്ലാതെ മററാരും ഓമ്മിച്ചിരുന്നില്ല. അവളുടെ പ്രസ്തുത പ്രവൃത്തി, നന്മചെയ്യുന്നതിനുള്ള ഒരു സഹകരണമായിട്ടാണു് അവൾക്കു തോന്നിയിരുന്നതു്. ഈ കാരണത്താൽ സ്വപിതാവിനെ ഹൃദയപൂവ്വം ദേഷിച്ചിരുന്നുവെന്നതും പ്രസ്താവാർഹംതന്നെ.

അനന്തരം ഏതാനും കൊല്ലങ്ങൾ കഴിഞ്ഞു് നമ്മുടെ കഥാനായികയായ റൂത്തു്, ഉന്നതവിദ്യാഭ്യാസത്തിനായി അവളുടെ ജന്മസ്ഥലമായ ആ പട്ടണത്തിലുണ്ടായിരുന്ന ഒരു കോളജിൽചേന്നു പാഠം നടത്തിക്കൊണ്ടിരുന്നപ്പോൾ, വിദേശീയരും കത്തോലിക്കരുമായ രണ്ടു യുവതികൾ ആ വിദ്യാലയത്തിൽ ചേക്കപ്പെടുകയുണ്ടായി. പ്രസ്തുത യുവതികളും റൂത്തും തമ്മിൽ ആത്മാത്ഥമായ സ്നേഹബന്ധത്തിൽ ഏപ്പെട്ടിരുന്നുവെങ്കിലും യാതൊരുതരത്തിലുള്ള പ്രത്യേകതയും അവരോടു അവൾ കാണിച്ചിരുന്നില്ല. എന്നാൽ കത്തോലിക്കാസഭാംഗങ്ങളായ പ്ര

സ്സൂത യുവതികളിരുവരും മാസത്തിൽ രണ്ടുപ്രാവശ്യം പാപോച്ചാരണംചെയ്തു വിശുദ്ധ കർബാന സ്വീകരിക്കുന്നതിന് ആ പട്ടണത്തിലുണ്ടായിരുന്ന കത്തോലിക്കരുടെ ദേവാലയത്തിൽ പതിവായി പോകുന്നുണ്ട എന്നു റൂത്ത് എങ്ങനെയൊ മനസ്സിലാക്കിയിരുന്നു. പ്രസ്തുത അവശ്യം പ്രമാണിച്ച് അവർ പള്ളിയിൽ പൊയ്ക്കൊണ്ടിരുന്നത് കോളജുവക കാറിൽ ആയിരുന്നുവെന്നതും വക്തവ്യംതന്നെ. റൂത്ത് ഇതുകണ്ടപ്പോൾ ചഞ്ചലമനസ്സയായി, അവിടത്തെ അധിപയോട്, ഈ യുവതികളെ ദേവാലയത്തിൽ കുമ്പസാരിപ്പാൻ പോകുവാൻ എന്തിനാണ് അനുവദിക്കുന്നത്? എന്നു ചോദിച്ചു. അപ്പോൾ ആ കലാശാലയുടെ അധിപ, അവളോടു സമ്പന്നന്മാരും മനഃപരിഷ്കാരമുള്ളവരുമായ അവരുടെ മാതാപിതാക്കന്മാർ മതപരമായ ഈദൃശകാര്യങ്ങളിൽ അവക്ക് പൂർണ്ണസ്വാതന്ത്ര്യം നൽകണമെന്ന്, തന്നോടു നിഷ്കർഷാപൂർവ്വം ആവശ്യപ്പെട്ടിരിക്കകൊണ്ടാണ്, ഈവിധം പ്രവൃത്തിച്ചത് എന്ന് മറുപടിപറഞ്ഞു. ഈ മറുപടി ശ്രവിച്ചപ്പോൾ, ആ കോളജിലെ അധിപയുടെ ഈദൃശപ്രവൃത്തി തിന്മയ്ക്കുള്ള ഒരു സഹകരണമാണെന്നാണ് റൂത്തിനു തോന്നിയത് ആകയാൽ അവൾ, "കുമ്പസാരക്കൂട്ടിലെ അസന്മാർഗ്ഗികത" എന്ന വിഷയത്തെ മേൽവിവരിക്കപ്പെട്ട കുലടയെക്കൊണ്ട്, പ്രസംഗിപ്പിക്കുന്നതിന്, തലേക്കൊല്ലം ബദ്ധശ്രദ്ധരായി തക്ക ഒരുക്കങ്ങൾ ചെയ്ത ആളുകളുമായി ആലോചിച്ചു. ഈ സന്ദർഭത്തിൽ അവളോടു ഇങ്ങനെ പറയുകയുണ്ടായി, "നിഷ്കളങ്കരും പരമാത്ഥികളും സമ്പന്നകളുമായ പ്രസ്തുത യുവതികളെപ്പോലെ ഉള്ള ആളുകൾ കുമ്പസാരത്തിൻെറ ഏററവും ഹീനമായ ഫലങ്ങളാൽ ക്ഷണത്തിൽ ആകഷിക്കപ്പെട്ടുപോകുമെന്നത് തക്കമററ ഒരു കാര്യമാണ്. ഏവംവിധമായ അബദ്ധങ്ങളിൽ വീഴുന്നതു സർവസാധാരണയായി റോമൻ കത്തോലിക്കർ മാത്രമാണ്. അവക്ക ഈദൃശമായ മൂഢാചാരങ്ങൾ മാത്രമെ ഉള്ളു."

നമ്മുടെ കഥാനായിക, "അഭ്യസ്തവിദ്യരും മാന്യകുടുംബത്തിൽ ജനിച്ചവരുമായ ഈ യുവതികൾ ഇനിയും റോമ്മാസഭയുടെ അംഗങ്ങളായി നിലനിന്നുപോരുകയും പതിവായി കുമ്പസാരിപ്പാൻ പോവുകയും ചെയ്യുന്നുണ്ടല്ലൊ." എന്ന് പുച്ഛരസത്തിൽ മനഃഗതം ചെയ്തിരുന്നു. ഈ സന്ദർഭത്തിൽപോലും അവളുടെ

പിതാവിൻെറ, മുകളിൽ പ്രസ്താവിച്ചിരിക്കുന്ന വർത്തനസംബന്ധിച്ച് ഒരു വർഷകാലമായി വിശദീകരിക്കപ്പെടാതെയിരുന്നിരുന്ന പ്രശ്നം കൂടുതൽ ദുർഗ്രഹമായിത്തീർന്നു.

റൂത്ത് ബി. എ. ബിരുദ് നേടിയ സന്ദർഭത്തിൽ, അവളുടെ നാട്ടുകാർ, അവളെ അനുമോദിക്കുന്നതിനുവേണ്ടി, ആഡംബരപൂർണ്ണമായ ഒരു സ്വീകരണം അവൾക്കു നൽകുകയുണ്ടായി. അപ്പോൾ അവളുടെ നാട്ടുകാർക്കു പൊതുവെയും അവളുടെ ബന്ധുമിത്രാദികൾക്ക് പ്രത്യേകിച്ചും ഉണ്ടായ സന്തോഷം എത്രകണ്ടു വലിയതെന്ന് വർണ്ണിക്കാൻ യാതൊരുതൂലികയ്ക്കും ശക്തിപോരാ. അവളെ ഒരു നോക്കു കാണുകയെന്നതു അവളുടെ സ്വദേശവാസികൾക്ക് ആനന്ദത്തെ പ്രദാനംചെയ്തിരുന്നു. അവൾ, സ്വസഹോദരീസഹോദരന്മാരാൽ സ്നേഹിക്കപ്പെടുകയും ബഹുമാനിക്കപ്പെടുകയും ചെയ്യുന്നു. മാത്രവുമല്ല, അവൾ സ്വമാതാപിതാക്കന്മാരുടെ നിസ്സീമമായ വാത്സല്യത്തിനു പാത്രീഭൂതയായിത്തീർന്നുവെന്നതും വക്തവ്യം തന്നെ. ഏവംവിധമായ സാഹചര്യത്തിൽ, അനിർവാച്യമായവിധം ചൊടിയും സാമർത്ഥ്യവുമുള്ളവളായിരുന്നതുകൊണ്ട് മററുള്ളവരെ സന്തുഷ്ടചിത്തരാക്കുന്ന കാര്യത്തിൽ അവൾ സന്തോഷമുള്ളവളായി കാണപ്പെട്ടു.

റൂത്ത് പ്രകൃതിയെ പഠിച്ചറിയുന്ന കാര്യത്തിൽ അത്യാസക്തിയുള്ളവളായിരുന്നു. സൂര്യാസ്തമയത്തിൻെറ മാഹാത്മ്യവും ഈ ബ്രഹ്മാണ്ഡമായ പ്രപഞ്ചത്തിൻെറ രമണീയകത്വവും അവളുടെ ഹൃദയത്തെ അത്ഭുതപൂരിതമാക്കി. ആരെയും ആകർഷിക്കുത്തക്ക സുഗന്ധസൌരഭ്യം സദാ വീശിക്കൊണ്ടിരിക്കുന്ന പുഷ്പങ്ങളും മനുഷ്യൻെറ ശാരീരികപോഷണത്തിനു ആവശ്യപ്പെട്ട ധാന്യങ്ങളെ വിളയിക്കുന്നതിന് വയലിൽ മുളച്ചു തഴച്ചു വളർന്നുകൊണ്ടിരിക്കുന്ന നെല്ലു, ഗോതമ്പു ആദിയായവയുമെല്ലാം സർവവല്ലഭനായ ദൈവത്തിൻെറ അറുതിയില്ലാത്ത നന്മയും പരിപാലനയും കാണിച്ചുകൊണ്ട് അവളുടെ ഹൃദയാന്തർഭാഗത്ത് സംസാരിച്ചുകൊണ്ടിരുന്നു.

ഏതൻമൂലം അവർ, "എൻെറ ഈ ലോകത്തിലെ ജീവിതോദ്ദേശം എന്ത്? ഈ പ്രശ്നത്തെ ഞാൻ വിശദീകരിക്കേണ്ടതല്ലേ?" എന്നിങ്ങനെ തന്നോടുതന്നെ ചോദിക്കുവാൻ തുടങ്ങി.

അപ്പോൾ കന്യകാമഠത്തിൽനിന്ന് ബഹിഷ്കൃതയായ കലാടയുടെ പ്രസംഗനിരോധനത്തിൻെറ അന്തരാത്മം ഒരു ദൃഷ്ട

പ്രശ്നമായി അവളുടെ ബോധത്തിൽ വരികയുണ്ടായി. ആകയാൽ അവൾ, "അതു എനിക്കു ഇന്നുവരെ വിശദീകരിക്കുവാൻ കഴിവുണ്ടായില്ലല്ലൊ. ആ സ്ഥിതിയ്ക്കു, എൻെറ ഭാവിജീവിതത്തിലെ വിജയവും സൌഭാഗ്യവും ആശ്രയിച്ചിരിക്കുന്ന പുതിയതും സർവ്വപ്രധാനവുമായ ഈ പ്രശ്നത്തെ വിശദീകരിക്കുക എനിക്കു എങ്ങനെ സാദ്ധ്യമാകും" എന്നു മനോഗതംചെയ്തു.

ഇങ്ങനെ അവൾ കാര്യങ്ങളെപ്പററി ചിന്തിച്ചുകൊണ്ടിരുന്ന സന്ദർഭത്തിൽ, അവളുടെ പ്രൊഫസ്സർ കോളേജുക്ലാസിൽ പ്രസ്താവിച്ചിട്ടുള്ള ഒരു കാര്യം റൂത്തിൻെറ സ്മൃതിപഥത്തിൽ എത്തുകയുണ്ടായി. യാതൊരു സംഗതിയുടെ സത്യാവസ്ഥ മനസ്സിലാക്കേണ്ടതു് അതു സംബന്ധിച്ചു കഴിയുന്നത്ര പര്യാന്വേഷണം ചെയ്തുകൊണ്ടു വേണമെന്നും നേരെമറിച്ചു ആ കാര്യത്തെപ്പററി മററുള്ളവർ പറയുന്ന അഭിപ്രായംകൊണ്ടുമാത്രം തൃപ്തിഅടയാതെ അതിൽ എന്തെങ്കിലും വാസ്തവമുണ്ടോയെന്നു അന്വേഷിച്ചറിയണമെന്നും ഈവിധം ചെയ്യാതെയിരിക്കുന്നവരാരോ അവർക്കു ഈലോകത്തിൽ ഉണ്ടാകുന്ന നാനാതരത്തിലുള്ള വ്യാമോഹങ്ങളിൽനിന്നു ഉൽഭൂതമാകുന്ന ഗുരുതരങ്ങളിൽനിന്നു രക്ഷപ്രാപിക്കുവാൻ സാധിക്കാതെ വരുമെന്നുമാണു അയാൾ പറഞ്ഞിട്ടുള്ള പ്രസ്തുത കാര്യം.

ഏവംവിധമായ ചിന്താപരമ്പരകളിൽനിന്നു അവൾ തിരുമാനിച്ചതു കുമ്പസാരമെന്ന ക്രൂദാശയെപ്പററി മററുള്ളവർ പറയുന്ന ആരോപണങ്ങൾ എത്രത്തോളം വാസ്തവമാണെന്നു കഴിയുന്നത്ര പര്യന്വേഷണംചെയ്തു മനസ്സിലാക്കേണമെന്നാണ്. ആകയാൽ "ഞാൻ കുമ്പസാരക്കൂട്ടിലെ അസാന്മാർഗ്ഗികത എന്ന പ്രശ്നത്തിൻെറ വസ്തുത എന്താണെന്നു് അതിനെ കൂലംകഷം പരിശോധനചെയ്തു മനസ്സിലാക്കും" എന്നു അവൾ മനോഗതം ചെയ്യുകയുണ്ടായി.

റൂത്തു് ഈദൃശമായ ഒരു തീരുമാനത്തിലെത്തിക്കഴിഞ്ഞിട്ടു ഏതാനും ദിവസങ്ങൾ കഴിഞ്ഞശേഷം, അവൾ ആദ്യമായി കത്തോലിക്കരുടെ വകയായ ഒരു ദേവാലയത്തിൽ പ്രവേശിച്ചു, അതു് ബ്രഹ്മാണ്ഡമായ ഒന്നായിരുന്നു ആ പള്ളിയിൽ ആറു കുമ്പസാരക്കൂട്ടുകൾ ഉണ്ടായിരുന്നു. പ്രസ്തുത കുമ്പസാരക്കൂട്ടുകൾക്കു് മൂന്നു മുറികൾവീതം ഉണ്ടായിരുന്നതായും, അവയിൽ നടുവിലത്തെ മുറിയുടെ വാതൽപ്പടിയിന്മേൽ, അതിലിരുന്നു, അനുതാപികളുടെ

പാപോച്ചാരണം കേൾക്കുന്ന പുരോഹിതൻെറ പേർ എഴുതപ്പെട്ടിരുന്നതായും അവൾ കണ്ടു. ആ ദേവാലയത്തിൽ, കുമ്പസാരമെന്ന കൂദാശ സ്വീകരിക്കുന്നതിന് പതിവായി ജനങ്ങൾ വന്നിരുന്നത് ശനിയാഴ്ച മദ്ധ്യാഹ്നത്തിലും സായാഹ്നത്തിലും ആയിരുന്നുവെന്ന് അവളുടെ അന്വേഷണത്തിൽനിന്ന് റൂത്തിന് മനസ്സിലാക്കുവാൻ കഴിഞ്ഞു. ജനങ്ങളുടെ കുമ്പസാരമെല്ലാം തീൎന്ന ശേഷം ഏകദേശം ഏഴരമണി കഴിഞ്ഞു മാത്രമായിരുന്നു അവിടെ ദൈവാലയ ശുശ്രൂഷകൾ നടത്തപ്പെട്ടിരുന്നതു് എന്നും അവൾക്കു ഗ്രഹിക്കുവാൻ ഇടയായി. ആകയാൽ അവൾ അവിടെ നടത്തപ്പെടുന്ന സകല ശുശ്രൂഷകളിലും ഭാഗഭാക്കാകണമെന്നുള്ള ആഗ്രഹത്തോടുകൂടി വീണ്ടും അടുത്ത ശനിയാഴ്ചയും അവിടെ സന്നിഹിതയായിരുന്നു. ആ ദേവാലയം തുലോം വലിയതും ആരെയും ആകൎഷിക്കത്തക്കവിധം ശില്പവേലകളാൽ അലംകൃതമായതുമായിരുന്നു. അവിടെ സ്ഥാപിക്കപ്പെട്ടിരുന്ന പാപോച്ചാരണവേദികളിൽ ഒന്നിൻെറ ഏററവും സമീപത്തു് ഒരു കപ്പേള സ്ഥിതിചെയ്തിരുന്നു. അവിടേയ്ക്കു റൂത്തിൻെറ ശ്രദ്ധ മുഴുവനും ആകൎഷിക്കപ്പെട്ടുപോയി.

നമ്മുടെ കഥാനായിക മററാളുകളോടൊപ്പം ആ കപ്പേളയുടെ മുൻപിൽച്ചെന്നു മുട്ടുകുത്തിനിന്നു. അതു് വ്യാകുലമാതാവിന് പ്രതിഷ്ഠിക്കപ്പെട്ടതായിരുന്നതുകൊണ്ടു്, അതിൻെറ പുരോഭാഗത്തു് "വ്യാകുലമാതാവു്" എന്നു വലിയ അക്ഷരത്തിൽ എഴുതപ്പെട്ടിരുന്നു. അതു് അവൾ വായിക്കുകയുണ്ടായി. അവിടെ വെയ്ക്കപ്പെട്ടിരുന്ന വ്യാകുലമാതാവിൻെറ പ്രതിമയ്ക്കു് ഒരു ഒത്ത ആളിൻെറ ഉയരമാണ് ഉണ്ടായിരുന്നതു്. മാത്രവുമല്ല അതു കൊത്തപ്പെട്ടിരുന്നതു തൻെറ സ്നേഹവിഷയവും ഏകസന്താനവുമായിരുന്ന ഈശോയുടെ മുറിവുകളാൽ ആവൃതമായ മൃതദേഹത്തെ തൻെറ മടിയിൽ വഹിച്ചുകൊണ്ടിരിക്കുന്ന ഛായയിലുമായിരുന്നു.

മ്ശിഹാതമ്പുരാൻെറ കുരിശാരോഹണത്തെപ്പററി മിക്ക അവസരങ്ങളിലും അവൾ പാരായണം ചെയ്യുക പതിവായിരുന്നു. പ്രസ്തുത പ്രതിമയുടെ കാഴ്ചയാൽ തന്നെ ഗാഗുൽത്താമലയിലെ ശോകപൂൎണ്ണവ്യവസായിയായ ആ നാടകം അപ്പോൾ സജീവമായി അവളുടെ ഹൃദയകവാടത്തിൽ കൊത്തപ്പെട്ടു. ദുഃഖസാഗരത്തിൽ അണ്ടുകിടന്നിരുന്ന ആ മാതാവു് തൻെറ സ്നേഹവിഷയമായ പുത്രൻെറ മൃതശരീരം താങ്ങിപ്പിടിച്ചുകൊണ്ടു് റൂത്തിൻെറ സ്ത്രീ

സഹജമായ ഹൃദയത്തോട് സങ്കടം പറയുവാൻ തുടങ്ങി. ഈ സന്ദർഭത്തിൽ പരിശുദ്ധ കന്യകമറിയം ഉണ്ണിഈശോയെ ദൈവാലയത്തിൽ കൊണ്ടുപോയി ദൈവത്തിനു കാഴ്ചസമർപ്പിച്ചതിന്റെയും അപ്പോൾ ശെമഓൻ ബാവാ ഈശോയുടെ കഷ്ടാനുഭവത്തെപ്പററിയുള്ള പ്രവചനത്തെയും ആ മഹാത്മാവു സ്വകരങ്ങളിൽ കുട്ടിയെ എടുത്തു് ദൈവത്തെ വാഴ്ത്തി സ്തുതിച്ചുകൊണ്ടു്, "ഓ! കർത്താവെ! നിന്റെ തിരുവചനപ്രകാരം അടിയനെ ദാസനെ സമാധാനത്തിൽ വിട്ടയക്കണമെ!" എന്നു പ്രാർത്ഥിക്കുകയും അനന്തരം ഈശോയുടെ മാതാവിനോട്, "നിന്റെ ഹൃദയത്തിൽ ഒരു വാൾ കുത്തിക്കടക്കും" എന്നു പ്രവചിക്കുകയും ചെയ്യുതിന്റെ ഓർമ്മ റൂത്തിന്റെ ബോധത്തിൽ ഉദിക്കുകയുണ്ടായി.

റൂത്ത് പ്രസ്തുത കപ്പേളയുടെ മുൻപിൽ മുട്ടുകുത്തി നിന്നിരുന്നപ്പോൾ അവളുടെ ബോധത്തിൽക്കൂടി കടന്നുപൊയ്ക്കൊണ്ടിരുന്ന ചിന്താപരമ്പരകൾ എത്രമാത്രമെന്നു് പറഞ്ഞറിയിക്കുവാൻ ഒരു നാവിനും ശക്തിപോരാ. ഏവംവിധമായ ചിന്തകളിൽ നിന്നു അവൾ വിമുക്തയായതു അവളുടെ സമീപത്തു് ഒരു ബാലികവന്നു മുട്ടുകുത്തിയപ്പോൾ മാത്രമാണു്.

റൂത്ത് അതിശയപാരവശ്യയാകത്തക്കവിധം ഒരുനൂറിൽ പരം ആളുകളോളം ആ പള്ളിയിൽ മുട്ടുകുത്തി നിന്നിരുന്ന സമയത്തു് പ്രവേശിക്കുകയുണ്ടായി. അപ്പോൾ അവർ അവിടെയുണ്ടായിരുന്ന ഒരു ഘടികാരം നോക്കിയപ്പോൾ ഏഴുമണികഴിഞ്ഞു അഞ്ചുമിനിട്ടായിട്ടുള്ളതായിട്ടാണു് കണ്ടതു്. ആകയാൽ ആ പള്ളിയിൽ നടത്തപ്പെടുന്ന സകല ശുശ്രൂഷകളിലും സംബന്ധിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി അതിന്റെ അനവാതിലിന്റെ സമീപത്തു എല്ലാററിലും പിറകിൽ കിടന്നിരുന്ന ഒരു ബഞ്ചിൽ സ്ഥലം പിടിച്ചു. ഏഴരമണി സമയമായപ്പോഴേക്കും രണ്ടു പുരോഹിതന്മാർ മദ്ബഹായിൽ ആഗതരായി അവിടെയുള്ള പ്രധാന പീഠത്തിന്റെ പടവികളിൽ മുട്ടുകുത്തി പ്രാർത്ഥിക്കുവാൻ ആരംഭിച്ചു. കുറെ കഴിഞ്ഞപ്പോൾ നാലുപേർ കൂടിവന്നു. അവരും ബലിപീഠത്തിന്റെ മുൻപിൽ മുട്ടുകുത്തി പ്രാർത്ഥിച്ചശേഷം, പള്ളിയുടെ ഹൈക്ക്ലായിൽ ഉണ്ടായിരുന്ന കുമ്പസാരക്കൂട്ടകളിൽ ആസനസ്ഥരായി! അവിടെ അനവധി ആളുകൾ പാപോച്ചാരണം ചെയ്യുവാൻ ഒരുങ്ങിനിന്നിരുന്നു. അവർ ഓരോരുത്തരും ഒന്നിനുപിറകെ ഒന്നായി, താന്താങ്ങളുടെ മുറവന്നിരുന്നപ്പോൾ മാത്രമെ കുമ്പ

സാരക്കൂടിനെ സമീപിച്ചിരുന്നൊള്ളൂ. അവരിൽ മിക്കപേരും കുമ്പസാരത്തിന് തുലോം കുറച്ചുസമയം മാത്രമെ ഉപയോഗിച്ചിരുന്നൊള്ളുവെങ്കിലും ചുരുക്കം ചില ആളുകൾ ദീർഘസമയം പാപോച്ചാരണത്തിന് വിനിയോഗിക്കാതെയും ഇരുന്നില്ല. ആ ദേവാലയത്തിൽ കൂടിയിരുന്ന ഓരോ വ്യക്തിയും കുമ്പസാരം കഴിച്ചശേഷം പ്രധാന പീഠത്തിൻെറ മുൻപിൽ പോയി കുറെസമയം മൌനമായി മുട്ടുകുത്തിനിന്ന്, അവിടെനിന്ന പുറപ്പെട്ട് സ്വഗൃഹങ്ങളിലേക്ക് മടങ്ങുകയും ചെയ്തു.

ഇവയെല്ലാം സശ്രദ്ധം വീക്ഷിച്ചുകൊണ്ടിരുന്ന റൂത്ത് ഇങ്ങനെ മനോഗതം ചെയ്തു. "ഈ വർത്തനരീതി എനിക്ക് പുതിയതും അപരിചിതവുമാണ്. എൻെറ ഹൃദയം അത്യധികം ഇളകിവശായിരിക്കുന്നു. ഞാൻ അതിസ്വാഭാവികമായ ഏതോ ഒരു ശക്തിയുടെ സമക്ഷം സന്നിഹിതയായിരിക്കുന്നതുപോലെ എനിക്കു തോന്നുന്നു. ഇവയൊക്കെയുടെയും അത്ഥം എന്തായിരിക്കും? ഞാൻ ഏകദേശം രണ്ടുമണിക്കൂർ സമയത്തോളം ഒരു സിംഹാസനത്തിൽ മുട്ടുകുത്തിനിന്നിരുന്ന സന്ദഭത്തിൽ വിവിധസ്ഥിതികളിലും പദവികളിലുമുള്ള അനേകംപേർ പാപോച്ചാരണം ചെയ്യുവാൻ പോകുന്നത് ഞാൻ കാണുകയുണ്ടായി. അവരിൽ ഒരു നല്ലസംഖ്യ, അവരുടെ ഉടുപാവനകൾകൊണ്ടും നടപടികൾകൊണ്ടും സമ്പന്നന്മാരും അഭ്യസ്തവിദ്യരുമാണെന്ന് എനിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞു. അവർ എല്ലാവരും വളരെ അഛാവണക്കങ്ങളോടുകൂടിയായിരുന്നു അവിടെ വ്യാപരിച്ചിരുന്നത്. എങ്കിലും വളരെ അപൂവ്വമായിമാത്രം സ്നേഹിതന്മാരൊ അല്ലെങ്കിൽ മുഖപരിചയമുള്ളവരൊ ആയ ആളുകൾ തമ്മിൽ കൂടിക്കാണുമ്പോൾ, നിശ്ശബ്ദത പാലിച്ചുകൊണ്ട് ആംഗ്യങ്ങൾമൂലം അഭിവാദ്യം ചെയ്തിരുന്നു."

റൂത്തിൻെറ സത്യത്തെ സംബന്ധിച്ചുള്ള പയ്യേഷണം അതിൻെറ അസ്ഥിവാരത്തോട് മിക്കവാറും സമീപിച്ചു കഴിഞ്ഞു. "കുമ്പസാരമെന്നത് അസന്മാഗ്ഗത്തെ പരിപോഷിപ്പിക്കുന്ന ഒരു പ്രസ്ഥാനമാണ്. അത് അപ്രകാരമാണെന്ന് ഞാൻ, എൻെറ ശൈശവത്തിൽതന്നെ, അഭ്യസിക്കപ്പെടുകയും ചെയ്തിരിക്കുന്നു. പ്രസ്തുത ശിക്ഷണത്തിൻെറ അടിസ്ഥാനം സ്ഥിതിചെയ്യുന്നത് എന്നെ യാതൊരു വിധത്തിലും വഞ്ചിക്കുകയില്ലാത്ത ആളുകളിലാണ്, അവർ തട്ടിക്കപ്പെട്ടുകയെന്നതും ആ വഞ്ചനയിൽ ഞാൻ അകപ്പെട്ടുകയെന്നതും സംഭവ്യമൊ?" എന്നിങ്ങനെ അവൾ വിചാരി

ച്ചുകൊണ്ടിരുന്നു. ഇങ്ങനെയുള്ള വിചാരഗതികളോടുകൂടി സത്യമെന്താണെന്ന് മനസ്സിലാക്കുവാൻ തീരുമാനിച്ചുകൊണ്ട് പാപപ്രാച്ചാരണം കഴിക്കുവാൻ എന്ന നാട്യത്തിൽ, കുമ്പസാരക്കൂട്ടിൻെറ സമീപത്തുചെന്ന് അവൾ, മററുള്ളവരുടെ കൂടെ മുട്ടുകുത്തിനിന്നു.

ഈ കാര്യം സംബന്ധിച്ച് റൂത്ത് പറയുന്നത് ശ്രദ്ധേയമാണ്. അവൾ ഇങ്ങനെ പറയുന്നു. "പാപപ്രാച്ചാരണവേദിയിൽ പ്രവേശിക്കുവാൻ ഞാൻ ഇരുപതുമിനിററ് നേരത്തോളം, താമസിക്കേണ്ടിവന്നു ഞാൻ കുമ്പസാരക്കൂട്ടിൻെറ സമീപത്ത് നിന്നിരുന്നപ്പോൾ, എനിക്കു ജീവിതകാലത്തിൽ ഒരിക്കൽപോലും അനുഭവപ്പെട്ടിട്ടില്ലാത്തവിധം ദുഷ്ടംരുചി എന്നെ അത്രഘോരതമമായി, അലട്ടികൊണ്ടിരുന്നു. അപ്പോൾ ഞാൻ വേദപുസ്തകത്തിൽനിന്ന് വായിച്ചറിഞ്ഞിട്ടുണ്ടായിരുന്ന ഒരു സംഭവം എൻെറ ഓർമ്മയിൽ വരുകയുണ്ടായി അത് ഇപ്രകാരമാണ്. മ്ശിഹാതമ്പുരാൻ വനത്തിൽവെച്ച് നാല്പതുദിവസങ്ങളോളം ഉപവാസം അനുഷ്ഠിച്ചുകഴിഞ്ഞപ്പോൾ അദ്ദേഹത്തിന് വിശപ്പുതോന്നി അപ്പോൾ കപടകുടിലനായ സാത്താൻ പ്രത്യക്ഷനായി, അദ്ദേഹത്തോട്, "നീ ദൈവപുത്രനാകുന്നുവെങ്കിൽ ഈ കല്ലുകൾ അപ്പമായിത്തീരുവാൻ കല്പിക്കുക" എന്നു പറയുകയുണ്ടായി. മ്ശിഹാതമ്പുരാൻ, സാത്താൻെറ വഞ്ചനാപൂരിതമായ ഈ വാക്കുകൾക്ക്, വഴിപ്പെട്ടില്ലായെന്നു അവൻ കണ്ടപ്പോൾ ചതിയന്മാരിൽ അഗ്രഗണ്യനായ സാത്താൻ, അദ്ദേഹത്തെ അവിടെയുണ്ടായിരുന്ന ഒരുവലിയഗോപുരത്തിൻെറ മുകളിൽകയററി നിറുത്തി, മ്ശിഹാതമ്പുരാനോട്, "നീ ദൈവപുത്രനാകുന്നുവെങ്കിൽ താഴേയ്ക്കു ചാടുക. അവൻ നിന്നെക്കുറിച്ച് തൻെറ ദൂതന്മാരോടു കല്പിച്ചു എന്നും നിൻെറ കാൽ കല്ലിന്മേൽ ഉതസ്സാതെ ഇരിക്കുവാൻ അവർ തങ്ങളുടെ കൈകളിൽ താങ്ങുമെന്നും എഴുതപ്പെട്ടിരിക്കുന്നു" ഇപ്പോൾ ഈശോ സാത്താൻെറ ചതിനിറഞ്ഞ വചനങ്ങൾക്ക് അനുരൂപമായി പ്രവർത്തിച്ചില്ല. അതുകയാൽ അവൻ മ്ശിഹാതമ്പുരാനെ ഏററവും ഉയരമുള്ള മലയിലേക്ക് കൂട്ടിക്കൊണ്ടുപോയി ലോകത്തിലെ സകലരാജ്യങ്ങളും അവയുടെ മഹത്വവും കാണിച്ച് അദ്ദേഹത്തോട്, "നീ വീണ് എന്നെ ആരാധിക്കുമെങ്കിൽ ഇവയെല്ലാം നിനക്കുതരാം" എന്നുപറഞ്ഞു. അപ്പോൾ ഈശോ, സാത്താനെ അട്ടിഓടിക്കുകയാണ് ഉണ്ടായത്. (മത്താ. അ. 4. വാ. 4. 9.) എന്ന് ഞാൻ വേദപുസ്തകത്തിൽ വായിച്ചതായിട്ടുള്ള

ഈ സംഭവം എൻെറ ഓൎമ്മയിൽവന്നു. മാത്രവുമല്ല, ചിററാന്ദ്യയിലുണ്ടായിരുന്ന ക്രിസ്ത്യാനികളിൽ ഏതാനുംപേർ തുലുക്കവേഷധാരികളായി മെക്കാപ്പട്ടണത്തിൽ ഒരുദിവസം പ്രവേശിച്ചപ്പോൾ അവർ യഥാൎത്ഥത്തിൽ തുലുക്കർ അല്ലായെന്നും വേഷപ്രച്ഛന്നർ മാത്രമാണെന്നും അവിടത്തെ നിവാസികളായിരുന്ന തുലുക്കർ മനസ്സിലാക്കിയതിനാൽ, അവർ വേഷംമാറി അവിടെ എത്തിയിരുന്ന സകലപേരേയും പിടിച്ചു അനിൎവ്വാച്യമായ പീഡനങ്ങൾക്കു വിധേയരാക്കി വധിച്ചതായി ഞാൻ ഒരിക്കൽ വായിച്ചറിഞ്ഞിട്ടുമുണ്ട്."

ഈദൃശ ചിന്താപരമ്പരകളിൽ ഞാൻ നിമഗ്നയായിരുന്ന സന്ദർഭത്തിൽ "നീ ഒരു ഒററുകാരിയാണ്" എന്ന് ആരോ എന്നോട് പറയുന്നതായി എനിക്കുതോന്നി. ഏതൻമൂലം അത്യന്തം ഭയാക്രാന്തയായിത്തീൎന്നു. എങ്കിലും എനിക്കു നേരിട്ട ഭയത്തെ വകവെക്കാതെ, "ഞാൻ ഇത്രയധികം ഭയപ്പെടേണ്ട ആവശ്യം തല്ക്കാലമൊന്നുമില്ല. ഈശോയെ വനത്തിൽവെച്ച് പരീക്ഷിക്കാൻവന്ന സാത്താനോട്, താൻ എന്തു പറഞ്ഞുവെന്നും എനിക്കറിയാം. ദൈവം ഇവിടെയുണ്ട്. അതുകൊണ്ട് എനിക്കു യാതൊന്നും ഭയപ്പെടേണ്ടതില്ല. ഇങ്ങനെ പലപ്രാവശ്യം ഞാൻ മനോഗതം ചെയ്തു. ഉത്തരക്ഷണത്തിൽ എൻെറ ഭയം മുഴുവനും എന്നിൽനിന്ന് പാടെ നീങ്ങിപ്പോകുകയും ദൈവികമായ ഒരു മനഃവിശ്വാസം എന്നിൽ അങ്കുരിക്കുകയും ചെയ്തു. അപ്പോൾ എൻെറ ആഗ്രഹമനുസരിച്ച് സത്യത്തെ നല്ലവണ്ണം പഠിച്ചറിയുന്നതിനുള്ള സൌഭാഗ്യം എനിക്കു ലഭിക്കുമെന്ന് നല്ല ഉറപ്പ് എൻെറ മനസ്സിൽതോന്നി."

അനന്തരം എൻെറ മുറവന്നപ്പോൾ, ഞാൻ കുമ്പസാരക്കൂട്ടിൽകയറിനിന്നു. ഞാൻ നിന്നിരുന്നസ്ഥലം വളരെ ഇടുങ്ങിയതായിരുന്നു. ഞാൻ അവിടെ മുട്ടുകുത്തിനിന്നിരുന്നപ്പോൾ എൻെറ നേരെ മുൻവശമായി ഒരു പതിനഞ്ച് ഇഞ്ച് വ്യാസമുള്ള ഒരുമൂടുപടം എൻെറയും പുരോഹിതൻെറയും മദ്ധ്യേ തൂക്കിയിടപ്പെട്ടിരുന്നു. അത് പട്ടക്കാരൻ നീക്കിയസമയത്ത് ഞാൻ കണ്ടത്, സമചതുരമുള്ളതും ധാരാളം സുഷിരങ്ങൾ ഉള്ളതുമായ ഒരു പിത്തളത്തകിടു പതിക്കപ്പെട്ടിരിക്കുന്ന രണ്ടു നിരപലകയായിരുന്നു. അത് ഞാൻ നിന്നിരുന്നതും പട്ടക്കാരൻ ഇരുന്നിരുന്നതുമായ സ്ഥലങ്ങളെ വേർതിരിച്ചിരുന്നു. മാത്രവുമല്ല, അതിൻെറ എതിർവശം ഒരു ചെറിയ മരക്കഷണംകൊണ്ടു മൂടപ്പെട്ടുമാണ് ഇരുന്നിരുന്നത്. ഒന്നു

രണ്ടു മിനിററു കഴിഞ്ഞപ്പോൾ പ്രസ്തുത പലകക്കഷണം നീക്കപ്പെട്ടുകയുണ്ടായി. അപ്പോൾ അവിടെ ഉപവിഷ്ടനായിരുന്ന പട്ടക്കാരൻെറ തല, പിത്തളത്തകിടിൻെറ ദ്വാരങ്ങളിൽക്കൂടി കാണാറായി. അദ്ദേഹം സ്വകരങ്ങൾ ഉയർത്തി, താണസ്വരത്തിൽ ഏതൊ ചിലവചനങ്ങൾ ഉച്ചരിച്ചുകൊണ്ടു് കുരിശുവരച്ചു എനിക്കു ആശീർവ്വാദം നൽകുകയുണ്ടായി. പക്ഷെ അതു് എന്താണെന്നു് എനിക്കു് മനസ്സിലാക്കുവാൻ കഴിഞ്ഞില്ല. അനന്തരം എന്താണു് ചെയ്യേണ്ടതു് എന്നു് മനസ്സിലാകാതെ, കുറെസമയത്തേക്കു് ഒന്നും പറയാതെ നിശ്ചലയായി അവിടെ നിലകൊണ്ടു. കുറെകഴിഞ്ഞു് പ്രസ്തുത പുരോഹിതൻ കുമ്പസാരക്കൂടിൻെറ നിരപലകയിൽ വെക്കപ്പെട്ടിരുന്ന പിത്തളത്തകിടിൻെറ ചെറിയ ദ്വാരങ്ങളിൽക്കൂടി എന്നെ നോക്കിക്കൊണ്ടു്, "നിൻെറ കഴിഞ്ഞ കുമ്പസാരം കഴിഞ്ഞിട്ടു എത്രദിവസമായി?" എന്നു് എന്നോടുചോദിച്ചു. അപ്പോൾ ഞാൻ പറഞ്ഞമറുപടി, ഇതു് എൻെറ ആദ്യകുമ്പസാരമാകുന്നുവെന്നാണു്. അപ്പോൾ അദ്ദേഹം എന്നോടു്, "എൻെറ മകളെ! നിനക്കു് എത്രവയസ്സുണ്ടു്" എന്നു് ചോദിച്ചു. എനിക്കു് ഇരുപത്തിരണ്ടുവയസ്സുപ്രായമുണ്ടു് എന്നാണു് അദ്ദേഹത്തോടു്, ഞാൻ മറുപടി പറഞ്ഞതു്. "നീ ഒരു കത്തോലിക്കയാണോ?" എന്നോടു ചോദിക്കയുണ്ടായി. അദ്ദേഹത്തിൻെറ ഈ ചോദ്യത്തിനു് ഞാൻ മറുപടി പറഞ്ഞതു്, ഞാൻ ഒരു കത്തോലിക്കയല്ലായെന്നായിരുന്നു. അനന്തരം അദ്ദേഹം എന്നോടു്, "നീ ഒരു അകത്തോലിക്ക"യാണെങ്കിൽ പാപോച്ചാരണം ചെയ്യുവാൻ വന്നതു് എന്തിനു്? എന്നോടു കടശി ചോദിച്ചു. അതിനു് ഞാൻ യാതൊരു മറുപടിയും പറഞ്ഞില്ല. ഇത്രയും സമയമായപ്പോഴെക്കും എന്നിലുണ്ടായിരുന്ന ഭയം മുഴുവനും പാടെ നീങ്ങിയെന്നേ പറയാനൊള്ളൂ.

പിന്നീടു് കുമ്പസാരം അസന്മാർഗ്ഗികമായ ഒരു പ്രസ്ഥാനമാണെന്നു് ഞാൻ ഏതു തരത്തിൽ അഭ്യസിപ്പിക്കപ്പെട്ടുവെന്നും അതു സംബന്ധിച്ചുള്ള തെററിദ്ധാരണയെ എന്നിൽനിന്നു് പാടെ നീക്കിക്കളയുവാൻ കൂദാശയോടുള്ള എൻെറ അനുഭാവം എന്നെ ഏതെല്ലാം തരത്തിൽ പ്രേരിപ്പിച്ചുവെന്നും എൻെറ വിദ്യാഭ്യാസകാലത്തു സത്യം എന്താണെന്നു് സശ്രദ്ധം പരിശോധന ചെയ്തു മനസ്സിലാക്കുവാൻ എൻെറ ഗുരുനാഥന്മാർ ഏതുതരത്തിൽ എന്നെ പഠിപ്പിച്ചുവെന്നും കുമ്പസാരം സംബന്ധിച്ചുള്ള അബദ്ധപ്രസ്താവനയുടെ അടിസ്ഥാനം ഏതൊരു മുഖാന്തിരത്തിന്മേൽ സ്ഥി

തിചെയ്യുന്നുവെന്ന് അറിയുവാൻ ഞാൻ ഏതെല്ലാം പ്രകാരത്തിൽ പരിശ്രമിച്ചുകൊണ്ടിരുന്നുവെന്നും അദ്ദേഹത്തോടു വിവരിച്ചു പറയുകയുണ്ടായി. മാത്രവുമല്ല, എനിക്കു വ്യാകുലമാതാവിന്റെ കപ്പേളയുടെ അടുക്കൽവെച്ച്, ഉണ്ടായ അനുഭവം എന്തെന്നും കുമ്പസാരമെന്ന കൂദാശയെപ്പററിയുള്ള ശിക്ഷണം സംബന്ധിച്ചുള്ള യാഥാർത്ഥ്യത്തെ നല്ലവണ്ണം മനസ്സിലാക്കുവാൻ ഞാൻ എത്ര കണ്ടു പരിശ്രമിച്ചിരുന്നുവെന്നുംകൂടെ അദ്ദേഹത്തെ തക്കവിധം പറഞ്ഞു ധരിപ്പിക്കുകയും ചെയ്തു. അപ്പോൾ അദ്ദേഹം, എനിക്ക് സൌകര്യമുള്ള ഒരുദിവസം ഞാൻ പള്ളിമേടയിൽ ചെല്ലുകയാണെങ്കിൽ, അവിടെ താമസിക്കുന്ന പുരോഹിതന്മാരിൽ ആരെങ്കിലും ഒരു ആൾ പ്രസ്തുത സംഗതി വിശദമായി പറഞ്ഞു എന്നെ മനസ്സിലാക്കുമെന്നും എന്നാൽ വിശ്വാസത്തിന്റെ ദാനം എനിക്കു ലഭിക്കുവാൻ ദിനംദിനം ഞാൻ ദൈവത്തോട് പ്രാർത്ഥിക്കണമെന്നും, എന്നോടു പറയുകയുണ്ടായി. കൂടാതെ സത്യംകണ്ടുപിടിക്കുവാൻ സർവ്വാത്മനാ പരിശ്രമിക്കണമെന്നും ഏതൽകാര്യസാദ്ധ്യത്തിനായി ഞാൻ ദുഃഖപൂരിതയായ ദൈവമാതാവിന്റെ മാദ്ധ്യസ്ഥത്തിൽ അഭയംതേടുകയാണെങ്കിൽ സത്യത്തിന്റെ അടിസ്ഥാനമായ മ്ശിഹാതമ്പുരാന്റെ അടുക്കലേക്കു എന്നെ കൂട്ടിക്കൊണ്ടു പോകുന്നതായിരിക്കുമെന്ന് എന്നോട് ഉപദേശിക്കുകയും ചെയ്തു. അനന്തരം അദ്ദേഹം എന്നോടു ഇങ്ങനെ പറഞ്ഞു, "നിന്റെ ആത്മാവ് ദൈവത്തിന്റെ കൂദാശയുടെ പ്രസാദവരം പ്രാപിക്കുന്നതിനുവേണ്ടി അതിയായി ആഗ്രഹിക്കുന്നു. ആകയാൽ നീ, ദൈവത്തിന്റെ ആരാധ്യമായ ഹിതമനുസരിച്ചു പ്രവർത്തിക്കുവാൻ ആവശ്യമായ പ്രസാദവരങ്ങളെ ദൈവം നിനക്കു നൽകുവാൻ തന്നോടു ഹൃദയപരമാർത്ഥതയോടുകൂടി പ്രാർത്ഥിക്കണം."

അനന്തരം അദ്ദേഹം എനിക്കു ആശിസ്സുതന്നു. അതിനു ഞാൻ അദ്ദേഹത്തോട് ഹൃദയപൂർവ്വം നന്ദിപറഞ്ഞുകൊണ്ടു എന്റെ വീട്ടിലേക്കു മടങ്ങിപ്പോയി.

അപ്പോൾ പത്തുമണി സമയമായിരുന്നു. ഞാൻ വീട്ടിൽ ചെന്നുചേർന്ന് എന്റെ അപ്പനമ്മമാർക്ക് സ്തുതിപറഞ്ഞശേഷം, എന്റെ വേലക്കാരിയോടുകൂടി നിദ്രചെയ്യുന്നതിനു എന്റെ മുറിയിലേക്കുപോകുകയും ചെയ്തു. അവൾ ഒരു കത്തോലിക്കയായിരുന്നു. അവളോടു ഞാൻ എന്റെ സകല രഹസ്യങ്ങളേയും പറയുകയുണ്ടായി. അവൾ എല്ലാം ഞായറാഴ്ചകളിലും മുടക്കംകൂടാതെ

ആറു മണിക്കു പള്ളിയിൽപോയി കുർബാനകണ്ടതിനുശേഷം ഞങ്ങൾ ഉണരുന്നതിനുമുൻപ് തിരിച്ചുവന്ന് അവളുടെ വേലകളെല്ലാം യാതൊരു വീഴ്ചയുംകൂടാതെ നിർവ്വഹിച്ചിരുന്നുവെന്ന് കേട്ടപ്പോൾ ഞാൻ അത്ഭുതപരതന്ത്രയായിത്തീർന്നു. എൻ്റെ ഏവംവിധമായ അതിശയത്തിനുള്ള കാരണം. അവൾ ആരുടെയും ദൃഷ്ടിയിൽപെടാതെ ദൈവത്തിനു ശുശ്രൂഷചെയ്യുന്നതിന്ന് അനുഷ്ഠിച്ച ത്യാഗമാണ്. പിറേറദിവസം അതിരാവിലെ ആറുമണിക്കുള്ള കുർബാനയിൽ സംബന്ധിക്കുന്നതിന് ഞാനും അവളോടുകൂടി പോയി.

ഞങ്ങൾ ദേവാലയത്തിൽ ചെന്നെത്തിയതു കുർബാനയ്ക്കു കയറുന്നതിനുള്ള സമയത്തിനു സ്വല്പംമുൻപുമാത്രമാണ്. ആ ദേവാലയാന്തർഭാഗം വിദ്യുച്ഛക്തികൊണ്ടുള്ള വെളിച്ചത്താൽ പട്ടാപ്പകൽപോലെ പ്രകാശിപ്പിക്കപ്പെട്ടിരുന്നു. മണിആറു അടിച്ചപ്പോൾ ഒരു പട്ടക്കാരൻ മദ്ബഹായിൽ പ്രവേശിച്ച് പൂജ ആരംഭിച്ചു. ആ കുർബാന കാണുന്നതിന് ഏകദേശം നൂറിൽപരം ആളുകൾ അവിടെ സന്നിഹിതരായിരുന്നു. അവരിൽ ഭൂരിപക്ഷംപേരും തലേദിവസം അവിടെതന്നെ വന്നു പാപോച്ചാരണം കഴിച്ചവരായിരുന്നുവെന്നുള്ളതും പ്രസ്താവ്യംതന്നെ. ആ ഞായറാഴ്ച തിരുസ്സഭയുടെ ശിക്ഷണത്തേയും അതിൻ്റെ ദിവ്യകൂദാശകളേയും സംബന്ധിച്ചു എനിയ്ക്കുണ്ടായ അഭിപ്രായം ഒരിക്കലും വിസ്മരിക്കാവതല്ല. വിശുദ്ധ കുർബാന ഉയർത്തിയ സമയത്ത് എനിക്കു അനുഭവപ്പെട്ടതായ ആ മഹനീയ കാഴ്ച തന്നെ എന്നെ ഹഠാദാകർഷിച്ചു. അപ്പോൾ എനിക്കു ആ ബലിയുടെ സൂചനം എന്താണെന്നു ഗ്രഹിക്കുവാൻ കഴിഞ്ഞില്ലായിരുന്നുവെങ്കിലും ഹൃദയാകർഷകവും ഭക്തിസംവർദ്ധകവുമായ തിരുവസ്ത്രങ്ങളെ അണിഞ്ഞുകൊണ്ട് അൾത്താരയിലേക്ക് നോക്കിക്കൊണ്ടുള്ള പട്ടക്കാരൻ്റെ നിലയും അദ്ദേഹം കുർബാനയിൽ "തിരുശ്ശരീരവും ചോരയും ഉയർത്തിയ സമയത്ത് ശുശ്രൂഷി കൊട്ടിയ മണിയുടെ ശ്രുതിമധുരമായ സ്വരവും വിശുദ്ധ കുർബാനയെ ആരാധിച്ചുകൊണ്ട് മുട്ടിന്മേൽനിന്ന ജനങ്ങളുടെ ഭക്തിദ്യോതകമായ മൌനവും ഭക്തിതീക്ഷ്ണതയും എൻ്റെ ആത്മാവിനെ ഇളക്കുകതന്നെ ചെയ്തിരുന്നു. അപ്പോൾ എനിക്കു തോന്നിയത് ഗാഗുൽത്താമലമുകളിൽ കുരിശുപീഠത്തിൽ ബലി ആയ മ്ശിഹായുടെ കുരിശിൻ്റെ ചുവട്ടിൽ ഞാൻ നില്ക്കുന്നതായിട്ടാണ്. ആ സമയത്തു എനിക്ക് വിശുദ്ധ കുർബാനയെന്ന

ബലിയും ഗാഗുൽത്തായിൽ കുരിശു പീഠത്തിൽ മിശിഹായാൽ അപ്പിക്കപ്പെട്ട ബലിയും തമ്മിലുള്ള സംബന്ധം എത്രത്തോളമുണ്ടെന്ന് മനസ്സിലാക്കാൻ ഇടയായി.

ഞാൻ എൻെറ വീട്ടിലേക്കു തിരിച്ചുപോകുമ്പോൾ പള്ളിയിൽ അനുഷ്ഠിക്കപ്പെട്ടതായി ഞാൻ കണ്ടതും, ദൈവസ്നേഹവും ഭക്തിയുമുള്ള ആളുകൾ സസുഖം കിടന്നുറങ്ങിക്കൊണ്ടിരുന്ന താൻ താങ്ങളുടെ ശരീരസൌഖ്യത്തെ ബലികഴിച്ചുകൊണ്ട് അവരവരുടെ വീടുകളിൽ അതിരാവിലെ എഴുന്നേററു സ്രഷ്ടാവായ ദൈവത്തിന് സ്വഹൃദയസ്നേഹത്തെ കാഴ്ചവെയ്ക്കുന്നതിനു ഓടിക്കൂടിയതും ആയ ആ കാഴ്ച ഞാൻ ഓർമ്മിച്ചു. ഏവംവിധമായ ഭക്തിയും സ്നേഹവും വിശ്വാസികളുടെ ഇടയിൽ കാത്തുസൂക്ഷിച്ചുകൊണ്ടുപോരുന്നതിന് ദൈവത്തിൻെറ സാന്നിദ്ധ്യം കൊണ്ടല്ലാതെ മററു വിധം സാധിക്കുന്നതല്ലെന്ന് എനിക്കുതോന്നി.

പ്രസ്തുത സംഗതികളായിരുന്നു റൂത്തു കർബാനകണ്ടശേഷം ദേവാലയത്തിൽനിന്നു സ്വഗൃഹത്തിലേക്കു മടങ്ങിപ്പോന്നിരുന്നപ്പോൾ മാർഗ്ഗമദ്ധ്യെ അവൾക്കുണ്ടായ വിചാരവും തീരുമാനവും. പണ്ട് ബത്ലേഹമിൽ ഒരു കാലിക്കൂട്ടിൽ ജാതനായ ഉണ്ണിമിശിഹായ്ക്കു സ്നേഹത്തിൻെറ കാഴ്ചകളെ അപ്പിക്കുവാൻ വന്ന ആട്ടിടയർക്ക് താൻ നൽകുവാൻ തിരുമനസ്സായ ദൈവികദാനങ്ങളിൽ യഥാൎത്ഥമായ ഒരുപങ്ക് അവൾക്കു ഉണ്ടായിരുന്നുവെന്ന് നിമ്മലവും ഭക്തിസംപുഷ്ടവുമായ അവളുടെ ഹൃദയത്തിൽ തോന്നുകയുണ്ടായി.

അവളുടെ വേലക്കാരിയും അവളും ഏഴുമണിയാകുന്നതിനു മുൻപ് സ്വഗൃഹത്തിൽ എത്തി അവരുടെ പ്രാതൽ കഴിക്കുകയുണ്ടായി. "അപ്പോൾ അത്ര രുചികരമായ ഒരു പ്രാതൽ ഇതിനുമുൻപ് ഒരിക്കലും കഴിച്ചിട്ടില്ലായെന്ന് എനിക്കുതോന്നി. എൻെറ ആത്മാവിൽ കവിഞ്ഞൊഴുകികൊണ്ടിരുന്ന ആ അദ്ധ്യാത്മിക സന്തോഷം എല്ലാവറേറയും മധുരമുള്ളതാക്കിതീൎത്തു. എൻെറ വേലക്കാരിയുടെ സ്വന്തം കടമകളെ നിവ്വഹിക്കുന്നതിലുള്ള അവളുടെ വിശ്വസ്തതകണ്ട് ഞാൻ അത്യന്തം അതിശയിച്ചിരുന്നുവെന്നു മാത്രമല്ല പിന്നീട് ദൈവവും ഞാനുമായിട്ടുണ്ടാകുവാനിരുന്നിരുന്ന ആ ഐക്യതയിൽ അവൾ സദാ അയിരുന്നതിനെപ്പററി ഞാൻ അവളെ അത്യധികമായി സ്നേഹിക്കയുണ്ടായി." എന്നു റൂത്ത് ഒരിക്കൽ പറയുകയുണ്ടായി.

റൂത്ത് സത്യത്തെ കൂലംകഷമായി അന്വേഷിക്കുകയും അതിനെ അവൾ അതിന്റെ അടിസ്ഥാനത്തോടുകൂടി കണ്ടെത്തുകയും ചെയ്തു. അതിനാൽ സത്യസഭയിലേക്കുള്ള അവളുടെ പരിവത്തനം കാലതാമസംവിനാ നടമാടുകയും ചെയ്തു. ഈ സംഗതി അവളുടെ മാതാപിതാക്കന്മാക്കും മററു ബന്ധുമിത്രാദികൾക്കും കഠിനമായ ദുഃഖത്തിനു ഇടയാക്കിയെന്നു മാത്രമല്ല സ്വസഹോദരന്മാർ അവളുടെ മതപരിവത്തനത്തിനു വളരെ പ്രതിബന്ധങ്ങൾ വരുത്തിക്കൂട്ടുകയും ചെയ്തു. എന്നാൽ റൂത്തിന്റെ പ്രകൃതിദത്തമായ സ്വഭാവഗുണവും നൻമനസ്സും ക്ഷമാശീലവും മൂലമായി അവളുടെ ബന്ധുമിത്രാദികളിൽ നിന്നുണ്ടായികൊണ്ടിരുന്ന നാനാതരത്തിലുള്ള തടസ്സങ്ങളും വിമശനങ്ങളുമെല്ലാം ജയിച്ചു കത്തോലിക്കാതിരുസ്സഭയെ ആശ്ലേഷിക്കുന്നതിനു ഇടയായി.

അനന്തരം അവളുടെ ഈലോകജീവിതത്തിലെ പ്രധാനപ്പെട്ട ജോലി എന്തെന്ന് വിശദമായി കാണുന്നതിനിടയായി. മടിയിലും സ്വാതന്ത്ര്യത്തിലും ജീവിതത്തെ നയിക്കുക എന്നതു് താൻ ദൈവത്താൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്ന അന്ത്യത്തിന്റെ പ്രാപ്തിക്കു് ഒരു വലിയ തടസ്സമായിട്ടാണ് അവൾക്കു തോന്നിയിരുന്നതു്. അവൾക്കു ശേഷിച്ചിരുന്ന ജീവിതത്തിന്റെ പ്രശ്നത്തെപ്പററി വളരെ ശ്രദ്ധാപൂർവ്വം ആലോചന നടത്തിയശേഷം തീരുമാനിച്ചതു് ഏതെങ്കിലും ആശുപത്രിയിൽ ചെന്നു് അവിടെ ഒരു "ആയയുടെ ജോലിയിൽ ഏപ്പെടണമെന്നായിരുന്നു. അവളുടെ തീരുമാനമനുസരിച്ചു് പ്രവത്തിക്കുന്ന സംഗതിയിൽ അവൾക്കു നേരിടുവാൻ പാടുള്ള തടസ്സങ്ങൾ എന്തെല്ലാമെന്നു് വേണ്ടവിധം മനസ്സിലാക്കി അവയൊക്കയിലും അവൾ ജയശാലിയായിത്തീരുന്നതിനും ആവശ്യപ്പെട്ട അനുമതികളെല്ലാം സ്വന്ത അപ്പനമ്മമാരിൽനിന്നു ലഭിക്കുന്നതിനും തന്റെ വേർപാടുമൂലം അപ്പനമ്മമാക്കും സഹോദരീസഹോദരന്മാക്കും ഉണ്ടാകുവാനിരിക്കുന്ന ദുഃഖത്തിൽ അവക്കും ആശ്വാസം നൽകുന്നതിനുംവേണ്ടി, മനുഷ്യരുടെ നേർക്കുള്ള സ്നേഹത്തെപ്രതി വിശുദ്ധ കുർബാനയിൽ എഴുന്നെള്ളിയിരിക്കുന്ന ഈശോയോട്, വ്യാകുലമാതാവിന്റെ മാദ്ധ്യസ്ഥംവഴിയായി പ്രാത്ഥിച്ചു.

അവൾ പ്രസ്തുത ജോലിയിൽ ഏപ്പെടുന്നതിനു മുൻപ് അപ്പനമ്മമാരുടെ അനുവാദം ചോദിക്കയുണ്ടായി. പക്ഷേ അതു കിട്ടുന്നതിനു കുറെ താമസം ഉണ്ടായി. അതിനാൽ തൽകാല്ലസം

ദ്ധ്യത്തിന് ആവശ്യപ്പെട്ട അനുമതിയുടെ ലബ്ധിയ്ക്കുവേണ്ടി അവൾ മുട്ടിപ്പായി തൻെറ കാരണവന്മാരോട് അപേക്ഷിക്കനിമിത്തം പിന്നീട്ട ആവശ്യപ്പെട്ട അനുവാദങ്ങൾ എല്ലാം അവൾക്ക അവർ നൽകി.

രൂത്തിൻെറ ഉദ്ദേശമനുസരിച്ച് സംഗതികളെല്ലാം ശരിപ്പെട്ടു. അനന്തരം അവൾ കന്യാസ്ത്രീകളാൽ നടത്തപ്പെട്ടുന്നതും, "ആയ"കളുടെ ജോലിക്ക പരിശീലനത്തിനു അർത്ഥികളെ എടുത്തു പഠിപ്പിക്കുന്ന ക്ലാസ്സുകളുള്ളതായ ആശുപത്രിയിൽ ചെന്നുചേരുകയും തൻമൂലം അവൾ തെരഞ്ഞെടുത്തിരിക്കുന്ന തൊഴിൽ അവളുടെ ശേഷിച്ചിരിക്കുന്ന ആ ദുഷ്ക്കാലത്തിനുപാറിയ ഒന്നായിതീരുകയും ചെയ്തു.

അതു് അവളുടെ അപ്പനമ്മമാരുടെയും സഹോദരി സഹോദരന്മാരുടേയും അഭിപ്രായത്തിൽ കവിഞ്ഞ ഒരു പ്രവൃത്തിയായിരുന്നു. എന്തുകൊണ്ടെന്നാൽ അവർ കരുതിയിരുന്നതു്, അവൾ സമ്പത്തിനേയും സ്വാതന്ത്ര്യജീവിതത്തേയും ആശുപത്രിയിലെ "ആയ" ജോലിയുടെ കഠിനമായ ബുദ്ധിമുട്ടിനെ ഉദ്ദേശിച്ചു പൂജിക്കയില്ലെന്നായിരുന്നു.

രൂത്തു് ഒരു പക്ഷെ ഇങ്ങനെ പറഞ്ഞേക്കാം, "എന്നെ സംബന്ധിച്ചിടത്തോളം സ്വാതന്ത്ര്യജീവിതവും മടിയും വാസ്തവത്തിൽ ഒരു അടിമത്വമാണ്, നിങ്ങളുടെ സ്നേഹിതന്മാർക്കവേണ്ടി എന്തും ചെയ്യുന്നതിനു് നിങ്ങൾ ഒരുക്കമുള്ളവരായി കാണപ്പെട്ടുന്നുണ്ട്. എന്നാൽ അവൻെറ ജീവിതം മുഴുവനും തനിക്കായിട്ടു വേണ്ടിമാത്രം വ്യയംചെയ്യുന്നതിൽ യഥാർത്ഥമായ യാതൊരുഭാഗ്യവുമില്ല. ദൈവത്തെ അറിയുന്നതിനും സ്നേഹിക്കുന്നതിനും തൻെറ ദൈവികമായ ക്രൂദാശകളുടെ ദൈവീകമായ ഫലപ്രാപ്തിയിൽ ഭാഗഭാക്കാകുന്നതിനും ഞാൻ പഠിച്ചറിഞ്ഞിരിക്കകൊണ്ടു തൻെറ ദിവ്യഹിതത്തിനു അനുരൂപമാകത്തക്കവിധം ചെയ്യപ്പെടുന്ന എൻെറ വേല ആത്മാവിനെ സംതൃപ്തികൊണ്ടും യഥാർത്ഥമായ ഭാഗ്യംകൊണ്ടു് എന്നെ നിറയ്ക്കുമെന്നതു് തർക്കമററ ഒരു കാര്യമാണ്."

രൂത്തിൻെറ വാക്കുകളിൽനിന്നുതന്നെ അവൾ പര്യന്വേഷണം ചെയ്തിരുന്ന സത്യത്തെപ്പററിയുള്ള അറിവു ഗാഢമായി അവളിൽ ഉണ്ടായിരുന്നുവെന്നു് സ്ഫുരിച്ചിരുന്നതുകൊണ്ട്, അവളുടെ ബന്ധുമിത്രാദികളുമായി നടത്തപ്പെട്ട ഒരു സംഭാഷണാവ

സരത്തിൽ, അവൾ തെരഞ്ഞെടുത്ത പുതിയ ജീവിതപദ്ധതിയിൽ അവൾക്കുള്ള സന്തോഷവും നൽമനസ്സും എത്രത്തോളമെന്ന് പ്രദർശിപ്പിക്കുനിമിത്തം അവളുടെ യഥാർത്ഥമായ ജീവിതോദ്ദേശമെന്തെന്ന് അവളുടെ ബന്ധുമിത്രാദികളെ ഗ്രഹിപ്പിച്ചു.

ഈ കാലഘട്ടത്തിനുള്ളിൽ രൂത്തിൻെറ വിശ്വസ്തയായ വേലക്കാരി, രൂത്ത് "ആയ"യുടെ ജോലിക്കുവേണ്ടി പരിശീലനത്തിനുപോയി പഠിച്ചുകൊണ്ടിരുന്ന ആ വിദ്യാമന്ദിരത്തിലെ സന്യാസികളുടെ സഭയുടെ മാതൃഗൃഹത്തിൽ, ഒരു നവസന്യാസിനിയായി ചേർന്നിരുന്നു. രൂത്തിൻെറ അപ്പനമ്മമാർ പ്രസ്തുത വേലക്കാരിയുടെ ഏവംവിധമായ പ്രവൃത്തിയിൽ അത്ഭുതപ്പെട്ടിരുന്നു. അവൾ രൂത്തിൻെറ മാദ്ധ്യസ്ഥംവഴിയായി അവരെ അവളുടെ സഭാവസ്ത്രധാരണത്തിൻെറ അവസരത്തിൽ അതിൽ നടത്തപ്പെടുന്ന ചടങ്ങുകളിൽ പങ്കുകൊള്ളുന്നതിന് ക്ഷണിക്കയുണ്ടായി.

തന്നെയുമല്ല അവൾ അവർ വരുന്നതിനു നിർബന്ധിക്കയുംചെയ്തു. പ്രസ്തുത യുവതി തൻെറ സഭാവസ്ത്രധാരണദിവസം രാവിലെ അവളുടെ കൂട്ടുകാരായ മററു യുവതികളോടൊരുമിച്ച് പ്രസ്തുത സഭയുടെ വസ്ത്രം സ്വീകരിക്കുന്നതിനു ഒരുങ്ങി ആ മഠത്തിൻെറ കപ്പേളയിൽ പ്രവേശിച്ചു അൾത്താരയുടെ മുമ്പാകെ മുട്ടുകുത്തിനിന്നു അവിടെ സന്നിഹിതനായിരുന്ന മെത്രാനോടു സഭാവസ്ത്രം ചോദിച്ചപ്പോൾ ഈ ചടങ്ങിൽ സംബന്ധിക്കുന്നതിനു വന്നിരുന്ന രൂത്തിൻെറ അപ്പനമ്മമാക്കു മതം ഒരു യാഥാർത്ഥ്യമാണെന്നു മനസ്സിലായി. അനന്തരം അവരും രൂത്തും മുൻപു അവരുടെ വേലക്കാരിയായിരുന്ന ആ യുവകന്യാസ്ത്രീയോടു സംസാരിച്ചുകൊണ്ടിരുന്നു. അവൾ രൂത്തിൻെറ അപേക്ഷയനുസരിച്ച് "വ്യാകുലമാതാവിൻെറ മറിയം" എന്ന നാമമാണ് ധരിച്ചത്.

ആ നവസന്യാസിനി മഠാധിപയുടെ ആജ്ഞയനുസരിച്ച്, രൂത്തിനേയും അവളുടെ മാതാപിതാക്കന്മാരേയും ആ സ്ഥാപനത്തിൻെറ എല്ലാഭാഗങ്ങളും കൂട്ടിക്കൊണ്ടുപോയി കാണിക്കയുണ്ടായി. അപ്പോൾ അവിടെ നിവസിച്ചിരുന്ന കന്യാസ്ത്രീകൾ വൃദ്ധന്മാരും അനാഥന്മാരുമായ അനവധി ആളുകൾക്ക് സശ്രദ്ധം വേണ്ടതക്കവിധം ശുശ്രൂഷകൾ ചെയ്തുകൊണ്ടിരുന്നതുകണ്ടു അതിശയപരതന്ത്രമായി അവരെ സംബന്ധിച്ച ഒരു നല്ല അഭിപ്രായം രൂത്തിൻെറ അപ്പനമ്മമാക്കു തോന്നുകയാണുണ്ടായത്. തൻനിമിത്തം അവർ മഠത്തിൽനിന്ന് അവരുടെ വീട്ടിലേക്കു പിൻതിരിയു

ന്നതിനു മുൻപ് റൂത്തിൻെറ പിതാവ് പ്രസ്തുത ആതുരശാലയുടെ പണി പൂൎത്തിയാക്കാതെ ഇട്ടിരുന്നഭാഗംകൂടി വേഗത്തിൽ പണിതു തീൎക്കുന്നതിനു് ആവശ്യമായിരുന്ന പതിനായിരം ഡോളർ കൂടി ലഭിക്കത്തക്കവണ്ണമുള്ള ഒരു ചെക്കു എഴുതി അവിടത്തെ മഠാധിപയെ ഏല്പിച്ചു.

അതിൻെറശേഷം കുറെകാലങ്ങൾ കഴിഞ്ഞു്, അതായതു് റൂത്തു് കത്തോലിക്കാ സഭാമാതാവിനെ ആശ്ലേഷിച്ചതിൻെറ അഞ്ചാംകൊല്ലം, അവളുടെ മാതാപിതാക്കന്മാരും അവരുടെ വേലക്കാരി ഉൾപ്പടെ ആ കപ്പേളയിൽവച്ചുതന്നെ കത്തോലിക്കാമതാവലംബികളാകയും അവിടെവച്ചു് ആദ്യമായി വിശുദ്ധ ദിവ്യകാരുണ്യം സ്വീകരിക്കയും ചെയ്തു.

റൂത്തു നഴ്സിങ്ങു പരീക്ഷ ജയിച്ചശേഷം അവളുടെ സ്വദേശത്തുതന്നെ ഒരു പ്രാദേശികരോഗസംരക്ഷണാലയം സ്ഥാപിച്ചു് അവൾ ആ മഹാ ക്രിസ്ത്രീയപ്രവൎത്തനത്തിൻെറയും മനുഷ്യകുലത്തിനു ചെയ്യപ്പെടുന്ന സാക്ഷാത്തായ ശുശ്രൂഷയുടേയും ആരംഭക്കാരിയായിത്തീരുകയും ചെയ്തു. ഏവംവിധമായ ജോലികൾ മൂലമായി അവൾ തൻെറ ജീവിതത്തിൻെറ അവസാനഘട്ടത്തെ സമീപിച്ചിരുന്നുവെങ്കിലും അവൾ നിരവധി, ആളുകൾക്കു വേണ്ടവിധം ശുശ്രൂഷകൾ ചെയ്തുകൊണ്ടിരുന്നിരുന്ന വളരെ ആളുകളുടെ മേൽനോട്ടക്കാരിയായി പരിണമിച്ചുവെന്നുള്ളതു് പ്രസ്താവ്യംതന്നെയാണു്.

മുകളിൽ പറയപ്പെട്ടിരിക്കുന്ന സംഗതികൾ റൂത്തിനെപ്പോലെതന്നെ നാമും കൂദാശകളുടെ ദൈവീകമായ ഫലപ്രാപ്തിയിൽ ഭാഗഭാക്കുകളാകുന്നതിനും നിത്യായുസ്സിൻെറ പ്രാപ്തിക്കുവേണ്ടി നാം ഒരുങ്ങുകയിൽ ദൈവത്തിൻെറ സ്നേഹത്തിൻെറ മാധുൎയ്യത്തെ മുൻകൂട്ടി നാം അനുഭവിക്കുന്നതിനു് ഇടയാകുന്നതിനുംവേണ്ടി നമ്മെപ്രതി ഘോരതമമായ പാടുപീഡകളും ഏററവും അവമാനകരമായ കുരിശുമരണവും അനുഭവിച്ച നമ്മുടെ കൎത്താവും രക്ഷകനുമായ മിശിഹാതമ്പുരാൻെറനേൎക്കു നമ്മിൽ പ്രതിസ്നേഹം അങ്കുരിപ്പിക്കേണ്ടതല്ലയോ?

റൂത്തും അവളുടെ മാതാപിതാക്കന്മാരും അവരുടെ ചെറുപ്പകാലങ്ങളിൽ സാത്താൻെറ വഞ്ചനയാലും അവൻെറ അസ്സൂ

യാപൂരിതമായ സ്തുതിയാലും വഞ്ചിതരായി ദൈവത്തിൻെറ ക്രുദാശകളുടെ ഫലപ്രാപ്തിയുടെ സ്വീകരണത്തിൽനിന്നു വളരെ വളരെ അകന്നാണു, ഇരുന്നിരുന്നത്. സ്പഷ്ടമേ തെററായ മതത്തിൻെറ പ്രചുരപ്രചാരമായ ശിക്ഷണത്താൽ അവരിൽനിന്നു വിശ്വാസം തീരെ ക്ഷയിച്ചുപോവുകയും തൻമൂലം ദൈവസ്ഥാപിതമായ മതത്തെ സംബന്ധിച്ചുള്ള അറിവു അവക്ക് ഇല്ലാതായിത്തീരുകയും ചെയ്തു. എന്നാൽ റൂത്തിൻെറ സത്യത്തിന്മേലുള്ള സ്നേഹവും ദൈവഹിതത്തെ നിവ്വഹിക്കുന്നതിനുള്ള അവളുടെ യഥാത്ഥമായ അഗ്രഹവും മൂലം മോക്ഷരാജ്യത്തിലേക്കു, മഹത്തായ ക്രിസ്ത്രീയ ശുശ്രൂഷവഴിയായി ഒരു മാർഗ്ഗം തുറക്കുന്നതിന്ന് അവൾക്കു സാധിച്ചു.

അവൾ തൻെറ കീഴിൽ ജോലിനോക്കിയിരുന്നവക്ക് സദാ ഒരുത്തമ മാതൃകയായി പരിലസിച്ചിരുന്നു. അവൾ മററുള്ളവരെ സൌഭാഗ്യപ്പെടുത്തുന്നതിനും അവരുടെ ജീവിതകാലത്തു അവർക്കു നേരിടാവുന്ന ദുഃഖാരിഷ്ടതകളെ ലഘൂകരിക്കുന്നതിനും അവളാൽ കഴിവതു ചെയ്യുന്നതിൽ സദാ സന്നദ്ധയായിരുന്നുവെന്നുള്ളതും പ്രസ്താവ്യംതന്നെ. അവളുടെ ദിവസംപ്രതിയുള്ള ജീവിതത്തിൽതന്നെയും ദൈവത്തിൻെറയും അയൽക്കാരൻേറയും നേക്കുള്ള സ്നേഹവും ദൈവത്തിൻെറ സനാതനമായ മഹത്വത്തിലേക്കു മനുഷ്യനെ അനയിക്കുന്ന സുനിശ്ചിതവും സൌഭാഗ്യപൂരിതവുമായ ആ ഏകവഴിയും അവൾ ദൃഷ്ടാന്തസഹിതം അവക്കു കാണിച്ചുകൊടുത്തു.

ദൈവസ്ഥാപിതമായ ക്രുദാശകളുടെ ദൈവീകമായ ഫലങ്ങളെ നാം അറിഞ്ഞിരുന്നിട്ട് നാം നമ്മുടെയും നമ്മുടെ അയൽക്കാരൻെറയും ആത്മരക്ഷയെ ഉദ്ദേശിച്ച് എന്താണു ചെയ്തുകൊണ്ടുവരുന്നത്! ആത്മരക്ഷയുടെ കാൎയ്യത്തിൽ വേണ്ടതു ചെയ്യുന്നതിന് കടമയുള്ളവരായ നാം ചെയ്യാതെ മന്ദന്മാരായി ജീവിതം നയിക്കുന്നത് എത്രയോ ശോചനീയമായ ഒരു കാൎയ്യമാണ്! മേൽവിവരിക്കപ്പെട്ട റൂത്തിൻെറ ജീവചരിത്രംതന്നെയും ഈ കാൎയ്യത്തിൽ നമുക്കുവേണ്ട പ്രോത്സാഹനം തരുമെന്നാണ് എൻെറ ബോദ്ധ്യം. ആകയാൽ മേൽ വിവരിക്കപ്പെട്ട സംഗതികൾ കമ്പസാരമെന്ന ക്രുദാശയെപ്പററിയുള്ള ഈ അദ്ധ്യായത്തിന് ഒരു പൂൎണ്ണവിരാമം ഇടുന്നതിന് ഒരു ഉപാധിയായിത്തീരുന്നതിന് ഇടയായിത്തീരട്ടെ!

കുമ്പസാരമെന്ന കൂദാശ സംബന്ധിച്ച് ഒൻപതാം അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്ന സംഗതികളുടെ ഒരു സംക്ഷേപവിവരണം.

അരൂപിയായ നമ്മുടെ ആത്മാവും മൃഗസ്വഭാവമുള്ള നമ്മുടെ ശരീരവുംകൂടി യോജിക്കുമ്പോളാണല്ലൊ നാം മനുഷ്യസത്വങ്ങളായിതീരുന്നതു്. സദാ നമ്മോടുകൂടിയിരിക്കുന്ന നമ്മുടെ അധമസ്വഭാവം നമ്മുടെ ശരീരത്തിൻെറ വളർച്ചക്കനുസരണമായവിധം വർദ്ധിച്ചും ശക്തിപ്പെട്ടുംകൊണ്ടു വരുകയും കടശി അതു നമ്മെ അതിൻെറ അടിമയാക്കിത്തീർക്കയും ചെയ്യുന്നു. ഏവംവിധമായ കീഴംശത്തിൻെറ ശക്തിയെ സ്വപ്രയത്നംമൂലം അമർത്തികൊണ്ടുപോകുന്നില്ലായെങ്കിൽ നമുക്കു പ്രായപൂർത്തി വരുമ്പോൾ നമ്മുടെ മേലംശത്തെ നമ്മുടെ അധമ സ്വഭാവം അതിനു കീഴ്പ്പെടുത്തി ദൈവപ്രമാണങ്ങളെ ലംഘിക്കുന്നവയായ പ്രവൃത്തികൾ ചെയ്യുന്നതിനു് നാം മനസ്സാകുന്നതിനു് നമ്മെ പ്രേരിപ്പിക്കുമെന്നതു് നിർവിവാദമായ ഒരു കാര്യമാണു്.

മനുഷ്യമനസ്സ് അവൻെറ ശാരീരിക ദുശ്ചാച്ചില്ലുകൾക്കു് അടിമയായിതീർന്നതാണു് നമ്മുടെ ആദിമാതാപിതാക്കന്മാരുടെ പാപത്തിലേക്കുള്ള അധഃപതനംമുതൽ ലോകരക്ഷകനായ മിശിഹാതമ്പുരാൻെറ ഈ ലോകത്തിലേക്കുള്ള ആഗമനംവരെ മനുഷ്യരുടെ ഇടയിൽ ഉണ്ടായിട്ടുള്ളതും ഇപ്പോഴും ഉണ്ടായിക്കൊണ്ടിരിക്കുന്നതുമായ അതിവിലപനീയങ്ങളായ സംഭവവികാസങ്ങൾ ഒക്കെയുടേയും കാരണം. ഏവംവിധമായ പാപത്തിൻെറ അടിമത്വത്തിൽനിന്നു മനുഷ്യാത്മാവിനെ രക്ഷിക്കുന്നതിനായിട്ടാണു് മിശിഹാതമ്പുരാൻ തൻെറ രാജ്യമാകുന്ന കത്തോലിക്കാതിരുസ്സഭയെ സ്ഥാപിച്ചതു്.

പ്രസ്തുത സഭയ്ക്കു് മ്ശിഹാ, അന്യമതസ്ഥരെ ഉപദേശിച്ചു മാനസ്സാന്തരപ്പെടുത്തി അതിൻെറ അംഗങ്ങളാക്കുന്നതിനുള്ള അധികാരം നൽകി. അദ്ദേഹം തൻെറ ആദ്ധ്യാത്മീയരാജ്യമാകുന്ന തിരുസ്സഭയിൽ ശ്ലീഹന്മാരെയും അവർവഴിയായി അവരുടെ പിൻഗാമികളേയും പുരോഹിതരായി അഭിഷേചിക്കയും അവരോടു ലോകത്തിലുള്ള സകല ജാതികളോടും സുവിശേഷപ്രസംഗം ചെയ്തു് മാനസ്സാന്തരപ്പെടുന്നവരെ ജ്ഞാനസ്നാനപ്പെടുത്തണമെന്നു് കല്പിക്കയുംചെയ്തു. കൂടാതെയും ഉത്ഭവദോഷത്തെ നീക്കുന്ന മാമ്മോദീസാ സ്വീകരിച്ചശേഷം വിശ്വാസികളുടെ ഇടയിൽ

ഉണ്ടാകുന്ന കർമ്മദോഷത്തിന് ഒരു പരിഹാരം ഉണ്ടാക്കുന്നതിന് കുമ്പസാരം എന്നക്രൂദാശയെ സ്ഥാപിച്ച് ശ്ലീഹന്മാക്കും അവരുടെ പിൻഗാമികൾക്കും പാപങ്ങളെ മോചിക്കുന്നതിനും, പാപമോചനത്തെ നിഷേധിക്കുന്നതിനുമുള്ള അധികാരവും അവക്ക് നൽകുകയുണ്ടായി. മററുക്രൂദാശകളെ മിശിഹാ സ്ഥാപിച്ചിരിക്കുന്നതു മനുഷ്യൻെറ, പാപകരമായ പ്രവൃത്തികൾക്കും തഴക്കങ്ങൾക്കും അടിമപ്പെടുന്ന അവൻെറ മനസ്സിനെ താനെതന്നെ പിടിച്ചമർത്തി ഭരിച്ചുകൊണ്ടു പോകുന്നതിന് ഒരു സഹായമാകത്തക്കവണ്ണം അവൻെറ ആത്മീയവശങ്ങളെ പുഷ്ടിപ്പെടുത്തുന്നതിനുവേണ്ടി സർവ്വപ്രധാനവും അത്യന്താപേക്ഷിതവുമായ ഒരു ഉപകരണമായിട്ടാണ്.

മിശിഹാ, തൻെറ ശ്ലീഹന്മാരെയും അവരുടെ പിൻഗാമികളായ മാർപ്പാപ്പാമാർ മെത്രാന്മാർ, പട്ടക്കാർ, ആദിയായവരെയും, അവക്കു പരിശുദ്ധാത്മാവിയെ നൽകികൊണ്ട്, വിശ്വാസത്തിൽ ഉറപ്പിക്കുകയും തന്നാൽ സ്ഥാപിതമായ വിശുദ്ധ ക്രൂദാശകളെ ഒരുത്തൻെറ ആവശ്യമനുസരിച്ച് വിശ്വാസികൾക്കു നൽകത്തക്കവണ്ണം അവരെ അധികാരപ്പെടുത്തുകയും ചെയ്തു ഈശോ, മരിച്ചവരിൽനിന്നുള്ള ഉത്ഥാനാനന്തരം സ്വർഗ്ഗത്തിലേക്കു ആരോഹണം ചെയ്യുന്നതിനുമുൻപ്, താൻ ലോകാവസാനംവരെ തിരുസ്സഭയോടുകൂടി ഉണ്ടായിരിക്കുമെന്നും തൻെറ സഭക്കെതിരായി നരകശക്തികൾ പ്രബലപ്പെടുകയില്ലായെന്നും വാഗ്ദാനം ചെയ്യുകയുണ്ടായി.

പരിശുദ്ധ ത്രീത്വത്തിലെ രണ്ടാമത്തെ ആളായ മിശിഹാതമ്പുരാൻ, നമ്മുടെ ആത്മാക്കളെ ഈ ഭൂമിയിലും സ്വർഗ്ഗത്തിലും ഭാഗ്യപ്പെടുത്തുന്നതിനും അവയെ സാത്താൻെറ അടിമത്വത്തിൽനിന്നും അധികാരത്തിൽനിന്നും രക്ഷിക്കുന്നതിനുംവേണ്ടി സ്ഥാപിച്ച ആദ്ധ്യാത്മികരാജ്യമായ തിരുസ്സഭ ഇതാകുന്നു. ഈ തിരുസ്സഭയുടെ ചട്ടവട്ടങ്ങളും പഠനങ്ങളും അനുസരിച്ചായിരിക്കുമോ നമ്മുടെ ജീവിതത്തെ നാം നയിച്ചുകൊണ്ടുപോകുന്നത്. തിരുസ്സഭയിലുള്ള ദൈവസ്ഥാപിതമായ ക്രൂദാശകളെ വേണ്ടുന്ന ഭക്തിവണക്കങ്ങളോടുകൂടിയാണോ നാം സാധാരണയായി സ്വീകരിച്ചുപോരാറുള്ളത്? മിശിഹായാൽ സ്ഥാപിതമായ തിരുസ്സഭയെ യാതൊരുത്തൻ പരിത്യജിക്കയോ അല്ലെങ്കിൽ അതിൻെറ പാവനമായ ശിക്ഷണങ്ങളെ വകവയ്ക്കാതിരിക്കയോ

ചെയ്യുന്നവെങ്കിൽ അവൻ യഥാർത്ഥത്തിൽ ഒരു ക്രിസ്ത്യാനിയല്ല. അവൻ മററുള്ളവരെ കാണിക്കാൻവേണ്ടി പള്ളിയിൽ പോവുകയും അല്ലെങ്കിൽ ബാഹ്യമായവിധം ഭക്തികൂടുതൽ അടയാളങ്ങളെ പ്രദർശിപ്പിച്ചിരുന്നാലും ശരി അവയൊന്നും അവനെ മിശിഹായുടെ അദ്ധ്യാത്മീയരാജ്യമാകുന്ന തിരുസ്സഭയിലെ അംഗമാക്കിതീർക്കുന്നതിന് പ്രാപ്തങ്ങളാകയില്ല. നാം യഥാർത്ഥ ക്രിസ്ത്യാനികളായിത്തീരണമെങ്കിൽ നമ്മുടെ മുഴുഹൃദയത്തോടുകൂടെ നമ്മുടെ ദൈവംതമ്പുരാനെ സ്നേഹിക്കയും നമ്മെപ്പോലെ നമ്മുടെ അയൽക്കാരനെ സ്നേഹിക്കയും ചെയ്യേണ്ടിയിരിക്കുന്നു.

ഈ ലോകജീവിതത്തിൽ നമ്മുടെ ഹൃദയം ദൈവത്തിൽനിന്ന് അകന്നു സൃഷ്ടിക്കപ്പെട്ട വസ്തുക്കളിൽ വ്യാപൃതമായിരിക്കയാണെങ്കിൽ നമുക്കു ദൈവപ്രമാണങ്ങളെ വേണ്ടവിധം കാത്തു ജീവിക്കുന്നതിനു സാദ്ധ്യമാകുന്നതല്ല. ദൈവപ്രമാണങ്ങളുടെ ലംഘനം നമ്മുടെ ആത്മാവിനെ സാത്താൻെറ ആധിപത്യത്തിലും പാപത്തിൻെറ അടിമത്വത്തിലും ആക്കിവയ്ക്കും. വേദശാസ്ത്രികളും സാപ്രേന്മാരും പ്രീശന്മാരും പ്രധാനാചാര്യന്മാരും മിശിഹാതമ്പുരാനെ കുരിശിൽ തൂക്കിക്കൊന്ന സമയത്ത് അവർ സാത്താന് അധീനരും പാപത്തിൻെറ അടിമകളും ആയിരുന്നു.

മേൽവിവരിക്കപ്പെട്ട അദ്ധ്യായങ്ങളിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്ന കുമ്പസാരമെന്ന കൂദാശയെപ്പററിയുള്ള സംഗതികളുടെ പൊതുവായിട്ടുള്ള ഒരു രത്നച്ചുരുക്കംകൂടിയാണു ഇതു. പ്രസ്തുത അദ്ധ്യായങ്ങളിൽ പറയപ്പെട്ടിരിക്കുന്ന സംഗതികൾ, തത്വശാസ്ത്രസംബന്ധമായ ഏതെങ്കിലും ഉപദേശങ്ങളിലൊ അല്ലെങ്കിൽ വ്യക്തിപരമായ ഏതെങ്കിലും അഭിപ്രായങ്ങളിലൊ അല്ല, അടിസ്ഥാനപ്പെടുത്തിയിരിക്കുന്നതു്. നമ്മുടെ ചിന്താവിഷയത്തിനു ഹേതുവായ സത്യങ്ങളുടെ കാരണഭൂതൻ പിതാവായ ദൈവത്തിൻെറ ഏകജാതനായ മിശിഹാതമ്പുരാൻതന്നെയാണ്. കുമ്പസാരമെന്ന കൂദാശയുടേയും അതിൻെറ മനസാക്ഷിക്കുച്ചേരിയുടേയും ശക്തിവഴിയായി ഓരോ വ്യക്തിയുടെ ജീവിതത്തിൽ പ്രാപിക്കാവുന്ന ഫലങ്ങൾ ക്രിസ്തീയപൗരുഷത്വത്തിൻെറ അസ്ഥിവാരവണിക്കു ഉപയുക്തമായിത്തീരുന്നുണ്ട്.

എൻെറ ചെറുപ്പകാലംമുതൽ ഈ കാലത്തിനോടിടക്കു മനസാക്ഷികച്ചേരിയുടെ സ്വാധീനശക്തി എൻെറ സ്വന്തം ജീവിതത്തിൽ തന്നെ ഉള്ളതായി കാണപ്പെട്ടിട്ടുണ്ട്. ഈ കച്ചേരിയുടെ വാതിലുകൾ എനിക്കു എതിരായി അടയ്ക്കപ്പെട്ടിരുന്നുവെങ്കിൽ എനിക്കു എന്തു സംഭവിച്ചേക്കുമെന്നുള്ള ഓർമ്മ കൊണ്ടു പലപ്പോഴും ഞെട്ടിപ്പോകാറുണ്ട്. ക്രൂടാതെ ശ്രദ്ധേയമായ അതിൻെറ ഗുണഗണങ്ങളേയും എൻെറ ശാരീരിക ദൗർബ്ബല്യങ്ങൾക്കു ശക്തിമത്തും ആകർഷണീയങ്ങളും സാങ്കേതികങ്ങളുമായ പാപകരങ്ങളായ പ്രവൃത്തികൾ സംബന്ധിച്ചുള്ള തീരുമാനങ്ങളേയും ഞാൻ അവഗണിച്ച് നടക്കുന്നുവെങ്കിൽ ഭാവിയിൽ എനിക്കു വരുവാനിരിക്കുന്നത് എന്നും ഓർത്തു ഞാൻ അത്യന്തം ഭയവിഹ്വലനായിത്തീരുകയാണു ചെയ്യുന്നത്. ഏവംവിധങ്ങളായ ഗുരുതരപ്രശ്നങ്ങളാണു മനുഷ്യരെ അവരുടെ യൌവ്വനംമുതൽ അന്ത്യശ്വാസംവിടുന്നതുവരെ എതിരിട്ടുകൊണ്ടിരിക്കുന്നത്.

മനുഷ്യൻെറ മരണമില്ലാത്ത ആത്മാവിൻെറ പാപംമൂലമായി നഷ്ടപ്പെട്ടുപോയ ആത്മികജീവൻ മനസ്സാക്ഷികച്ചേരിയിൽ വച്ചു നൽകപ്പെടുന്ന കുമ്പസാരമെന്ന ക്രൂദാശയുടെ ഫലം വഴിയായി അതിനെ പാപത്തിൻെറ അടിമത്വത്തിൽനിന്നു രക്ഷിച്ചുകൊണ്ട് അതിനു വീണ്ടും കൊടുക്കപ്പെട്ടുമെന്നുള്ള സംഗതി ഇത്രയധികം വർഷങ്ങളോളം മിശിഹാതമ്പുരാൻെറ പൌരോഹിത്വത്തിൻെറ കടമകളെ എൻെറ മനസ്സാക്ഷിപ്രകാരം തക്കവിധം നിർവ്വഹിക്കുകയും ഓരോ കൊല്ലത്തിലും പതിനായിരക്കണക്കിനു ആളുകൾക്ക് കുമ്പസാരമെന്ന ക്രൂദാശയെ നൽകിയതുകൊണ്ടും എനിക്കുതന്നെ അനുഭവപ്പെട്ടിട്ടുള്ളതാണ്.

പട്ടക്കാരൻ കുമ്പസാരക്കൂട്ടിൽ ഇരുന്നുകൊണ്ടു മിശിഹാതമ്പുരാനാൽ അയാൾക്കു നിശ്ചയിക്കപ്പെട്ടിരിക്കുന്ന സർവ്വപ്രധാനവും വളരെ ബുദ്ധിമുട്ടുള്ളതുമായ ആ ജോലി നിർവഹിക്കുന്നതിനുള്ള അവസരം നേരിടുമ്പോഴാണു അയാളുടെ ദൈവീകമായ വിളിക്കനുരൂപമായവിധം അയാൾ തൻെറ ജീവനെ ദൈവംതമ്പുരാനു തന്നെത്തന്നെ ബലി അർപ്പിക്കുന്നത്. കുമ്പസാരമെന്ന ക്രൂദാശയുടെ ശക്തിയാലെയും മനസ്സാക്ഷികച്ചേരിയിൽവച്ചു ഓരോ അനുതാപിയേയും ഉദ്ദേശിച്ചു ചെയ്യപ്പെടുന്ന തീഷ്ണതാപൂർവ്വമായ ജോലികൊണ്ടും അവർ സഹായിക്കു

പ്പെട്ടിട്ടില്ലായിരുന്നുവെങ്കിൽ മിശിഹായുടെ പൌരോഹിത്യത്തിനുവേണ്ടിയുള്ള ദൈവീകവിളക്ക ആവശ്യപ്പെട്ട ബലി നിര്വ്വീകരിക്കപ്പെടുകയില്ലായിരുന്നേനെ.

ദൈവസ്ഥാപിതമായ പട്ടത്വത്തിന്റെ മുഖ്യമായ ജോലി നിക്ഷിപ്തമായിരിക്കുന്നതു് കുമ്പസാരക്കൂട്ടുകളിലാണ്. ഈ ക്രൂദാശയുടെ അതിശയനീയമായ ശക്തിയെപ്പററിയുള്ള ഒരു ജ്ഞാനം അമ്ബവട്ടത്തിലുള്ള ശനി, ഞായർ എന്ന ഈ ദിവസങ്ങളിൽ കത്തോലിക്കാദേവാലയങ്ങൾ സന്ദർശിച്ചാൽ ഉണ്ടാകുന്നതാണ്. ആ ദിവസങ്ങളിൽ മതതീക്ഷ്ണതയുള്ളവരായി അനവധി കത്തോലിക്കർ പള്ളിയിൽവന്നു പാപോച്ചാരണത്തിനുതക്ക ഒരുക്കത്തോടുകൂടി കുമ്പസാരക്കൂട്ടിനെ സമീപിച്ചു കുമ്പസാരം കഴിച്ചു പോകുന്നതു നമുക്കു കാണാൻ കഴിയും. ഭക്തനായ കത്തോലിക്കൻ അവന്റെ പാപങ്ങളേയും വീഴ്ചകളേയും, തന്റെ ഭക്തിയിലും ദൈവത്തോടുള്ള വിശ്വസ്തതയിലും മരണത്തോളം നിലനിൽക്കുന്നതിനു ആവശ്യപ്പെട്ട ഉണർവുണ്ടാകുന്നതിനുവേണ്ടി, മനസ്സാക്ഷികച്ചേരിയിൽ ഏററുപറയുന്നു. എന്നാൽ ഒരു പാപി അവന്റെ പാപകൃത്യങ്ങളെ ദൈവത്തിന്റെ സ്ഥാനത്തിൽ കുമ്പസാരക്കൂട്ടിൽ ഉപവിഷ്ടനായിരിക്കുന്ന പട്ടക്കാരനോടു ഏററുപറഞ്ഞു കുമ്പസാരിക്കുന്നതു്, അവന്റെ കഴിഞ്ഞ ജീവിതത്തിൽ ചെയ്തിരിക്കുന്ന പാപകർമ്മങ്ങൾക്കു് പൊറുതികിട്ടുന്നതിനും അവയിന്മേലുള്ള അനുതാപത്താലും മേലിൽ പാപം ചെയ്യുകയില്ലെന്നുള്ള പ്രതിജ്ഞയാലും പാപജീവിതത്തെ പാടെ പരിത്യജിച്ചു് ഭക്തനായ ഒരു ക്രിസ്ത്യാനിയും ഉത്തമകത്തോലിക്കനും ആകുന്നതിനുവേണ്ടിയാണ്.

പ്രസ്തുത മുറതന്നെയാണു ശരീരത്തിന്റെ ആരോഗ്യത്തെ കാക്കുന്നതിനുവേണ്ടി വൈദ്യന്മാരും അനുസരിച്ചുപോരാറുള്ളതു്. നല്ല ശരീരസൌഖ്യമുള്ള ഒരു മനുഷ്യൻ അവന്റെ ആരോഗ്യത്തെ നഷ്ടപ്പെടുത്താതെ സംരക്ഷിച്ചുകൊണ്ടുപോകുന്നതിനു ആവശ്യപ്പെട്ട ഉപദേശങ്ങളെ യഥാകാലം വൈദ്യന്മാരിൽനിന്നു സ്വീകരിക്കുക സർവസാധാരണമാണ്. ഒരു രോഗി അവനു നഷ്ടിഭവിച്ച ആരോഗ്യത്തെ വീണ്ടും നേടുന്നതിനു അവന്റെ വൈദ്യനോടു ആലോചന ചോദിക്കുകയും അയാളുടെ നിർദ്ദേശങ്ങൾ അനുസരിച്ചു് അവന്റെ സൌഖ്യത്തിനു ഹാനികരമായി കരുതപ്പെടുന്ന സംഗതികളിൽ ഒക്കെയിലും ശ്രദ്ധപതിച്ചു്

അവയെ പരിത്യജിക്കുന്നതിൽ ഉത്സാഹമുള്ളവനായിരിക്കുകയും ചെയ്യും. നാം മനസ്സറിഞ്ഞുകൊണ്ടു ദൈവപ്രമാണങ്ങളെ ലംഘിക്കുമ്പോൾ, അപായകരമായ രോഗം നമ്മുടെ ദേഹദേഹികളെ വേർതിരിക്കുന്നതുപോലെതന്നെ പാപം നമ്മുടെ ആത്മീയജീവനായ ഇഷ്ടപ്രസാദത്തെ നമ്മുടെ ആത്മാവിൽനിന്ന് പാടെ നശിപ്പിച്ചുകളയുന്നു. ദൈവവും തന്നത്താൻ നിർമ്മിക്കപ്പെട്ട മരണമില്ലാത്ത ആത്മാവും തമ്മിൽ അറുതിയില്ലാത്ത വിധത്തിലുള്ളതും അതിസ്വാഭാവികമായിട്ടുള്ളതുമായ സ്നേഹപാശത്താൽ ബന്ധിക്കപ്പെട്ടിരിക്കുന്നു. ദൈവം എത്രകണ്ടു നമ്മെ അധികമായി സ്നേഹിക്കുന്നുവെന്നുള്ളത് താൻ നമ്മെ ഉദ്ദേശിച്ചുസഹിച്ച പീഡാനുഭവവും കുരിശുമരണവും വി. കുർബാന സ്ഥാപനത്താൽ നമുക്കു തന്നെത്തന്നെ ആത്മീയഭക്ഷണമായിതന്നുവെന്നുള്ളതും തന്റെ സ്നേഹത്തിന്റെ പ്രവൃത്തിമൂലമായി നമുക്കു ഗ്രഹിക്കാവുന്നതാണ്. തന്നെയുമല്ല തന്റെ ഈലോകത്തിലേക്കുള്ള ആഗമനോദ്ദേശം പാപികളെ പാപത്തിന്റെ അടിമത്വത്തിൽനിന്ന് രക്ഷിച്ച് അവരെ സ്വർഗ്ഗത്തിന്റെ അവകാശികളാക്കിത്തീർക്കയെന്നുള്ളത് വിശുദ്ധ പുസ്തകത്തിൽനിന്ന് നമുക്കു ഏറെക്കുറെ ഗ്രഹിക്കാവുന്നതാണ്. കൂടാതെയും ദൈവംതന്നെ വേദപുസ്തകം വഴിയായി നമ്മോടു താൻ പാപികളുടെ മരണം അഥവാ നിത്യനാശത്തെയല്ല, പിന്നെയൊ അവരുടെ നിത്യരക്ഷയാണ് ആഗ്രഹിക്കുന്നത് എന്നാണു അരുളിച്ചെയ്യുന്നത്. ഇവയിൽനിന്നും നമുക്കു ഗ്രഹിക്കാവുന്നത് പാപികളുടെ നേർക്കുള്ള തന്റെ സ്നേഹവും അനുഗ്രഹവും അപരിമിതമായിട്ടുള്ളതാണെന്നാണ്. പ്രസ്തുത സംഗതിയെ തെളിയിക്കുന്നവയായ ലക്ഷ്യങ്ങൾ ധാരാളം വേദപുസ്തകത്തിൽനിന്നുതന്നെ സുലഭങ്ങളാണ്. ഏവംവിധമായ സ്നേഹത്താൽ പ്രേരിതനായിട്ടാണു മാമ്മോദീസാ കുമ്പസാരം എന്ന ഈ രണ്ടു കൂദാശകളെ സ്ഥാപിച്ചത്. മാമ്മോദീസാവഴിയായി ഉത്ഭവദോഷത്തിൽനിന്നും പ്രവൃത്തിദോഷങ്ങളുണ്ടെങ്കിൽ അവയിൽനിന്നും നാം വിമുക്തരാകുന്നു. എന്നാൽ കുമ്പസാരമെന്ന കൂദാശ തിരുസ്സഭയിൽ ദൈവം ഏർപ്പെടുത്തിയിരിക്കുന്ന തിരുസ്സഭയുടെ അംഗങ്ങളായ ക്രിസ്ത്യാനികൾക്ക് അവർ മാമ്മോദീസാ മുങ്ങിയതിൽ പിന്നെ ചെയ്തിരിക്കുന്ന സകല പാപങ്ങൾക്കും അവർക്കു വിമോചനം സിദ്ധിക്കുന്നതിനുവേണ്ടിയാണ്. അതുകൊണ്ടു നമുക്ക് അതിന്റെ സ്വീകരണം സംബന്ധിച്ചു യാതൊരുവക സംശ

യമൊ അല്ലെങ്കിൽ തെററിദ്ധാരണയൊ ഉണ്ടാകേണ്ട ആവശ്യമില്ല.

കുമ്പസാരമെന്ന കൂദാശസംബന്ധിച്ചു മുകളിൽ പറയപ്പെട്ടിരിക്കുന്ന സംഗതികൾക്കു ഒരു പൂർണ്ണവിരാമം ഇടുന്നതിനു മുൻപ് പ്രിയവായനക്കാരെ! ദൈവത്തിൻെറ തീരുമാനങ്ങൾക്കും കാലേക്കൂട്ടി ചെയ്തിരിക്കുന്ന നിശ്ചയങ്ങൾക്കും യാതൊരുവക വ്യതിയാനമൊ ഒഴിവൊ ഉണ്ടാകുന്നതിനു താൻ അനുവദിക്കയില്ലെന്നുള്ള സംഗതികൂടി ഊന്നിപ്പറയുന്നതിനു എനിക്ക് അനുമതിനൽകുമെന്നാണ് എൻെറ വിശ്വാസം. നമ്മുടെ ശരീരവും ആത്മാവും, ആദ്ധ്യാത്മികവുമായ ജീവിതത്തെ നമ്മുടെ നിത്യരക്ഷയുടെ പ്രാപ്തിക്കനുരൂപമായവിധം, നയിച്ചുകൊണ്ടുപോകുന്നതിന് ഉള്ള, ഉപകരണങ്ങളായി ദൈവം, നമുക്കു നൽകിയിരിക്കുന്നു. തൻെറ പ്രമാണങ്ങൾമൂലമായി തൻെറ ദിവ്യഹിതം വെളിപ്പെടുത്തപ്പെട്ടിരിക്കുന്നുവെന്നുള്ള സംഗതി നമുക്ക് എല്ലാവർക്കും അറിയാവുന്നതാണല്ലൊ. ദൈവം, മററു സൃഷ്ടികളേക്കാൾ കൂടുതലായി തൻെറ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവരായ നമ്മെ സ്നേഹിക്കുകയും ഈ ലോകത്തിൽ തന്നെ അറിഞ്ഞു, സ്നേഹിച്ചു വിശ്വസ്തതയോടുകൂടി തൻെറ വിശുദ്ധപ്രമാണങ്ങളെ കാത്തുകൊണ്ട് തനിക്കു ശുശ്രൂഷചെയ്യത്തക്കവിധമുള്ള വിവേചനാശക്തിയും ബുദ്ധിവൈഭവവും നമുക്കു തരുകയും ചെയ്തിരിക്കുന്നു. ഏവംവിധമായ ദൈവീകദാനങ്ങളെ തക്കവിധം ഉപയോഗിച്ചുകൊണ്ട് സ്വർഗ്ഗത്തിലെ സൗഭാഗ്യത്തിലും മഹത്വത്തിലും ഭാഗഭാക്കുകളായി അവിടെ ദൈവത്തോടുകൂടി നിത്യകാലത്തോളം നിവസിക്കുന്നതിന് നാം പാത്രവാന്മാരായിത്തീരുന്നതിന്, നമുക്കു പരിശ്രമിക്കാം. ദൈവം നമ്മെ മററു സൃഷ്ടികളേക്കാൾ കൂടുതൽ ശ്രേഷ്ഠതയുള്ളവരായി നിർമ്മിച്ച് ഓർമ്മ, ബുദ്ധി, മനസ്സ് എന്ന ഈ മൂന്നു ആത്മീയവശങ്ങൾകൊണ്ട് നമ്മെ അലംകരിക്കയും സ്വാതന്ത്ര്യമനസ്സിനെ നമുക്കു നൽകുകയും ചെയ്തിരിക്കയാൽ സ്വമനസ്സാലെതന്നെ തൻെറ ഹിതാനുവർത്തികളാകണമെന്നാണ് തൻെറ ആഗ്രഹം. അതിനു വിരോധമായി പ്രവർത്തിക്കയെന്നതു് തൻെറ ദിവ്യ നന്മക്കും നീതിക്കും ഒട്ടും ചേരുന്നതല്ലായെന്നതാണ് അതിൻെറ കാരണം. എന്നാൽ തൻെറ മാധുര്യമുള്ള തിരുമനസ്സിന് കീഴ്വഴങ്ങുന്ന കാര്യത്തിൽ നാം പ്രദർശിപ്പിക്കുന്ന നല്ല മനസ്സും താല്പര്യവും തന്നെ അതി

ററാവിധം പ്രസാദിപ്പിക്കയും തനിക്ക് നമ്മുടെനേക്കുള്ള സ്നേഹത്തെ അറുതിയില്ലാത്തവണ്ണം വദ്ധിപ്പിക്കുന്നതിന് ഇടയാക്കയും ചെയ്യും.

ആകയാൽ നമുക്ക് വേദപുസ്തകത്തിന്റെ പഠനത്തിൽ ഈ ശക്തിമത്തായവിധം വെളിപ്പെട്ടുകാണുന്ന പ്രസ്തുത സത്യങ്ങളെ സദാ നമ്മുടെ ഹൃദയങ്ങളിൽ സംഗ്രഹിച്ചുകൊണ്ടിരിക്കുന്നതിന് ശ്രമിക്കാം. “മനുഷ്യന്റെ സമക്ഷം ജീവനും മരണവും നന്മയും തിന്മയും വെയ്ക്കപ്പെട്ടിരിക്കുന്നു. അവയിൽ അവൻ തെരഞ്ഞെടുക്കുന്നതു് ഏതൊ, അതു് അവനു നൽകപ്പെടും.”

ശുഭം.

Printed at the St. Joseph's Press
Mannanam,
1951.

ററവിധം

**KOTTAYAM PUBLIC LIBRARY**

**KOTTAYAM**

Cl. No. M.200 Acc. No. 14018.

This book should be returned on or before the date last stamped below.

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of 25 Ps. per day will be charged

M200 14018
DAN-M

ദാനിസിയോസച്ചൻ.
മനസാക്ഷികളെച്ചൂരി.

KOTTAYAM PUBLIC LIBRARY
Call No. M200 DAN-M Acc. No. 14018
Author ഡാനിയേൽ ഷോൺച്യൻ
Title മനസാക്ഷികച്ചേരി

Indic Digital Archive Foundation
gpura.org